തീക്കോയി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണം





ഗ്രാമവികസനരേഖ

കേരളം



ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

തീക്കോയി ഗ്രാമപഞ്ചായത്ത്

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ



**" എല്ലാവരുടേയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്.
എന്നാൽ
ആരുടേയും
ദുരയെ തൃപ്തി
പ്പെടുത്തുവാൻ
വിഭവങ്ങളില്ല
താനും".**

മഹാത്മാഗാന്ധി

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: കെ. ജെ. മാത്യു
കാക്കാനിയിൽ
അസി. എഡിറ്റർ: അഡ്വ. ജോർജുകുട്ടി
കടപ്പാക്കൽ

പത്രാധിപ സമിതി

അമ്മിണി തോമസ് പുല്ലാട്ട്
(പഞ്ചാ: പ്രസിഡൻറ്)
കെ. റ്റി. ജോസഫ് കുന്നത്ത്
കെ. റ്റി, ജോസഫ് കാരയ്ക്കാവയലിൽ
കെ. എം. ചാണ്ടി കവളമ്മാക്കൽ
കെ. ജി. രവീന്ദ്രൻ കടമറ്റത്തിൽ
എ. കെ, തോമസ് അഴകത്തേൽ
പി. ജെ. മാത്യു പുറപ്പന്താനത്ത്
എം.ഡി. അബ്രാഹം മുത്തനാട്ട്
കെ. സി. കുര്യൻ കൊച്ചുകരോട്ട്
പി.റ്റി. ദേവസ്യ പുതനപ്പക്കുന്നേൽ
എ.പി. കരുണാകരനുണ്ണി
എ. ഐ. ജോസഫ് എടാട്ട്
റ്റി. എം. ജോസഫ് തട്ടാംപറമ്പിൽ
വർഗീസ് സാമുവൽ
(കൃഷി ആഫീസർ തീക്കോയി)
ഡോ. സണ്ണി (വെറ്റിനറി സർജൻ)

പ്രിൻറിംഗ്
പ്രതിഭ, ഈരാറ്റുപേട്ട

തീക്കോയി ഗ്രാമ പഞ്ചായത്ത് ഭരണസമിതി

അമ്മിണി തോമസ്
(പ്രസിഡന്റ്)



എബ്രാഹം കുരുവിള
(വൈസ് പ്രസിഡന്റ്)

തെയ്യാമ്മ അഗസ്റ്റിൻ)
(ചെയർമാൻ,
സ്റ്റാന്റിംഗ് കമ്മറ്റി)



K. T. ജോസഫ്
(മെമ്പർ)

മേരി ദേവസ്യാ
(മെമ്പർ)



K. K. മോഹനൻ
(മെമ്പർ)



സണ്ണി
എബ്രാഹം
(മെമ്പർ)



T.D. രഘുനാഥൻ
(മെമ്പർ)

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. പഞ്ചായത്തിന്റെ ചരിത്രം
   - 3_1 ഭൂപ്രകൃതി
   - 3_2 ജനപ്രകൃതി
   - 3_3 ജലപ്രകൃതി
4. സാമൂഹിക സാമ്പത്തിക മേഖല
   - 4_1 കൃഷിയും ജലസേചനവും
   - 4_2 മൃഗസംരക്ഷണവും മൽസ്യബന്ധനവും
   - 4_3 വ്യവസായം
   - 4_4 വിദ്യാഭ്യാസം
   - 4_5 കുടിവെള്ളവും, പൊതുജനാരോഗ്യവും
   - 4_6 ഗതാഗതം, ഊർജ്ജം
   - 4_7 പാർപ്പിടവും, സാമൂഹ്യക്ഷേമവും
   - 4_8 സംസ്കാരം
   - 4_9 വനിത
   - 4_10 സഹകരണം
   - 4_11 പട്ടികജാതി_പട്ടികവർഗ്ഗക്ഷേമം
   - 4_12 വിഭവ സമാഹരണം
5. ടൂറിസം
6. ഉപസംഹാരം

ആമുഖം

സ്വാതന്ത്ര്യ പ്രാപ്തിക്കു ശേഷം നമ്മുടെ നാടിന്റെ പുരോഗതിക്കും, സ്വയം പര്യാപ്തയ്ക്കും വേണ്ടി രൂപം കൊടുത്തതാണ് പഞ്ചവത്സരപദ്ധതികൾ. എട്ടു പഞ്ചവത്സര പദ്ധതികളും പൂർത്തീകരിക്കപ്പെടുകയാണ്. അടിസ്ഥാനപരമായ പലനേട്ടങ്ങളും ഈ പദ്ധതികളിലൂടെ നമ്മുടെ രാജ്യം കൈവരിച്ചിട്ടുണ്ട്. എങ്കിലും പഞ്ചവത്സരപദ്ധതികളിലൂടെ ഉദ്ദേശിച്ച ഫലങ്ങൾ വേണ്ടവിധത്തിൽ ലഭിച്ചിട്ടില്ലെന്നും, പ്രത്യേകിച്ചും സമൂഹത്തിന്റെ താഴെ തലത്തിൽ കഴിയുന്നവർക്ക് കാര്യമായ പ്രയോജനം ഉണ്ടായിട്ടില്ലെന്നുമുള്ള ഒരു വിമർശനം പരക്കെ ഉണ്ടായിരുന്നു. സമ്പന്നർ കൂടുതൽ സമ്പന്നരായപ്പോൾ ദരിദ്രർ കൂടുതൽ ദാരിദ്ര്യത്തിലേയ്ക്കു പതിക്കുകയായിരുന്നു. വളർച്ചയുടെ നീതിപൂർവ്വമായ വിതരണം നടന്നില്ല. കഴിഞ്ഞകാല പദ്ധതി നടത്തിപ്പുകളിൽ ഉണ്ടായിട്ടുള്ള പാളിച്ചകളേയും കുറവുകളുടേയും വിശകലനം ചെയ്തപ്പോൾ ആസൂത്രണഘട്ടം തൊട്ടുതന്നെ ഇതിൽ വീഴ്ചകൾ ഉള്ളതായി വ്യക്തമാക്കപ്പെട്ടു. വിസ്തൃതമായ നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കിലുള്ള ഗ്രാമങ്ങളെയോ, അവയുടെ ഭൂമിശാസ്ത്രപരവും, ചരിത്രപരവുമായ പശ്ചാത്തലങ്ങളെയോ, അവിടെ അധിവസിക്കുന്ന ജനകോടികളേയോ പറ്റി ശരിയായി മനസിലാക്കാതെ തലസ്ഥാന നഗരികളിലിരുന്ന് കുറെ വിദഗ്ധൻമാരും, ഉദ്യോഗസ്ഥരും, നേതാക്കളും കൂടി പദ്ധതിക്ക് രൂപകല്പന ചെയ്യുകയായിരുന്നു. പദ്ധതികൾ എന്തെന്നും എന്തിനെന്നും സാധാരണ ജനങ്ങളെ അറിയിക്കുകയോ അവരെ അതിൽ പങ്കെടുപ്പിക്കുകയോ ചെയ്തില്ല. ഇവയൊന്നുമായി യാതൊരു ബന്ധവുമില്ലാത്ത കാണികളായി അവർ മാറപ്പെട്ടു തദ്ഫലമായി പദ്ധതി തുകകൾ പലേതലങ്ങളിലും ചോർത്തപ്പെട്ടു. അടുത്തവർഷം ഏപ്രിൽ മുതൽ നടപ്പിലാക്കേണ്ട ഒൻപതാം പദ്ധതി നടപ്പാക്കുമ്പോൾ ഈ ന്യൂനതകൾ എങ്ങനെ പരിഹരിക്കപ്പെടാമെന്ന് നമ്മുടെ സർക്കാരും. കേരള സംസ്ഥാന ആസൂത്രണ ബോർഡും ചിന്തിച്ചു. പദ്ധതി ആകമാനമായ ജനങ്ങൾക്കുവേണ്ടിയുള്ളതായിരിക്കണം. അവരുടെ ആവശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കണം. അവരേയും അതിൽ പങ്കാളികളാക്കണം. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കപ്പെടണം. ചോർച്ചകൾ തടയപ്പെടണം. അതിലേയ്ക്കു വേണ്ടി ഒൻപതാം പദ്ധതിയുടെ ആസൂത്രണത്തിന്റെ ചുമതല ജനങ്ങളെ തന്നെ ഏല്പിക്കാമെന്ന സാഹസികമെങ്കിലും, തികച്ചും ജനാധിപത്യപരവും അധികാരവികേന്ദ്രീകരണം യഥാർത്ഥ്യമാക്കുന്നതുമായ ഒരു തീരുമാനം നമ്മുടെ സർക്കാർ എടുത്തു. അങ്ങനെ ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിക്കപ്പെട്ടു.

9-ാം പഞ്ചവൽസര പദ്ധതിയുടെ അടങ്കലിന്റെ 35-40% തുകയ്ക്കു വരുന്ന വികസനപരിപാടികൾ താഴെത്തട്ടിൽ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്ന ലക്ഷ്യത്തോടുകൂടി ജനകീയ ആസൂത്രണം, ആസൂത്രണ ബോർഡ് വിഭാവനം ചെയ്തു. ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസൃതമായി പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിനും, പദ്ധതി പ്രവർത്തനങ്ങളിൽ അവർക്കുള്ള നിസ്സംഗത മാറി ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി നടപ്പാക്കലിന്റെ ആദ്യചർച്ചകൾ ഗ്രാമങ്ങളിൽ തന്നെ നടത്തുവാൻ തീരുമാനിച്ചു. അതിലേയ്ക്ക് വ്യാപകവും ഫലപ്രദവുമായ ബോധവൽക്കരണം നടത്തണമെന്ന് കമ്മീഷൻ തീരുമാനിക്കുകയും അതിനായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും ആളുകളെ തെരഞ്ഞെടുത്തു പരിശീലനം നൽകുകയും ചെയ്തു. ഇങ്ങനെ പരിശീലനം കിട്ടിയവർ പഞ്ചായത്തു വാർഡുതലത്തിൽ വിളിച്ചുചേർത്ത

പ്രത്യേക ഗ്രാമസഭകളിൽ ജനകീയാസൂത്രണത്തെപ്പറ്റി ബോധവൽക്കരണ ക്ലാസുകളും നടത്തി. വിവിധ വികസന മേഖലകളെ ആസ്പദമാക്കി ഗ്രാമസഭാംഗങ്ങളും ചർച്ചകളും നടത്തുകയും പ്രശ്നങ്ങളും അവതരിപ്പിക്കുകയും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുകയും ചെയ്തു. അതതു മേഖലകളിലെ പൊതു അവസ്ഥകളും, കുറെ സ്ഥിതിവിവരങ്ങളും നൽകി. ഇവയെല്ലാം ഓരോ ഗ്രൂപ്പിന്റെയും കൺവീനർമാർ രേഖപ്പെടുത്തി പൊതുസഭയിൽ അവതരിപ്പിച്ചു. തീക്കോയി ഗ്രമമപഞ്ചായത്തിലെ വാർഡുതല പ്രവർത്തനങ്ങൾക്കായി 15_9_96-ൽ തീക്കോയി ടെക്നിക്കൽ ഹൈസ്കൂളിൽവച്ചു നടത്തപ്പെട്ട ഏകദിന സെമിനാറിൽ 110 പേർ പങ്കെടുത്തു. ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ട പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്നും 6 പേർ പങ്കെടുത്തു.

19_11_96-ൽ തീക്കോയി പാരീഷ് ഹാളിൽവെച്ചു നടത്തപ്പെട്ട രണ്ടാംഘട്ട പഞ്ചായത്തുതല പരിശീലനത്തിൽ 100ൽ-ൽപരം ആളുകൾ സംബന്ധിച്ചിരുന്നു. ആ സെമിനാറിൽവെച്ച് ഗ്രാമസഭകൾ ചർച്ചചെയ്തു സമർപ്പിച്ച 12 വിഷയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിക്കുന്നതിനു വേണ്ടി 12 കൺവീനറൻമാരുടെ നേതൃത്വത്തിൽ ഓരോ കമ്മറ്റിയും തെരഞ്ഞെടുക്കപ്പെട്ടു. ആ കമ്മറ്റി സംഗ്രഹിച്ച് തയ്യാറാക്കിയ റിപ്പോർട്ടുകളാണ് ഇതോടൊപ്പം ചേർത്തിട്ടുള്ളത്. ജനകീയാസൂത്രണമെന്ന പുത്തൻ പ്രവർത്തന ശൈലിയിൽ വിശ്വാസമർപ്പിച്ച് പ്രതീക്ഷയോടെ മുന്നോട്ടു വന്നിരിക്കുന്ന ഈ ഗ്രാമവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും ആവശ്യങ്ങൾ നേടുവാനുമായി ആലസ്യമകറ്റി, ഉണർവ്വോടും, ഉൽസാഹത്തോടും, ഒത്തൊരുമയോടുംകൂടി നമുക്കു പ്രയത്നിക്കാം. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിക്കുവാനും, അതിജീവിക്കുവാനും നിയോഗിക്കപ്പെട്ട ഒരു സമൂഹമാണ് നാമെന്ന ഉന്നതമായ ബോധ്യത്തോടെ ഈ മഹായജ്ഞത്തിൽ നമുക്കും പങ്കുചേരാം.

തീക്കോയി ഗ്രാമപഞ്ചായത്ത്

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്		: തീക്കോയി ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ		: തീക്കോയി വില്ലേജ്, പൂഞ്ഞാർ വടക്കേക്കര വില്ലേജിന്റെ ഒരുഭാഗം, പൂഞ്ഞാർ നടുഭാഗം വില്ലേജിന്റെ ഒരു ചെറിയഭാഗം.
ബ്ലോക്ക് ഡിവിഷൻ		: തീക്കോയി
ബ്ലോക്ക് പഞ്ചായത്ത്		: ഈരാറ്റുപേട്ട
താലൂക്ക്		: മീനച്ചിൽ
അസംബ്ലി മണ്ഡലം		: പൂഞ്ഞാർ
വിസ്തീർണ്ണം		: 27.19 ച: കി: മീറ്റർ
അതിരുകൾ	കിഴക്ക്	: ഇടുക്കി ജില്ലയിൽപ്പെട്ട ഏലപ്പാറ പഞ്ചായത്തിലെ പുള്ളിക്കാനം മലയും വാഗമൺ പ്രദേശവും.
	പടിഞ്ഞാറ്	: ഈരാറ്റുപേട്ട പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളായ ആനിയിളപ്പ്, തേവരുപാറ എന്നീ സ്ഥലങ്ങൾ.
	വടക്ക്	: മൂന്നിലവു പഞ്ചായത്തിന്റെ തെക്കു ഭാഗമായ കുറിഞ്ഞിപ്പാമല, തലനാട് പഞ്ചായത്തിന്റെ ഒന്നാം വാർഡിൽപ്പെട്ട ചേരിപ്പാട് പ്രദേശങ്ങൾ
	തെക്ക്	: പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിൽപ്പെട്ട കുളത്തുങ്കൽ, പൂഞ്ഞാർ പഞ്ചായത്തിലെ കല്ലേക്കുളം ഭാഗങ്ങൾ
ജനസംഖ്യ (1991-ലെ സെൻസസ്)		: 10272
വാർഡുകൾ		: 8
പ്രസിഡൻറ്		: അമ്മിണി തോമസ് പുല്ലാട്ട്
വൈസ് പ്രസിഡൻറ്		: അബ്രാഹം കുരുവിള പുതനപ്രക്കുന്നേൽ

മുൻ പ്രസിഡൻറുമാർ

T. M. അഗസ്റ്റിൻ
താഴത്തുപറമ്പിൽ

A. F. ജോസഫ്
അറമത്ത്



P. T. ദേവസ്യ
പുതനപ്രകുന്നേൽ



Adv. V. J. ജോസ്
വലിയവീട്ടിൽ

K. T. ജോസഫ്
കുന്നത്ത്

തീക്കോയി പഞ്ചായത്തിന് സ്ഥലം സംഭാവന ചെയ്ത



P. S. സ്കറിയ, നെല്ലുവേലിൽ

III

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ ചരിത്രം

തീക്കോയി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെട്ടിരുന്ന ഗോക്കല്ല് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഏഴടി നീളവും അഞ്ചടി വീതിയുമുള്ള ശിലാപാളികളും കൊണ്ടു നിർമ്മിച്ചിരുന്ന ശവക്കല്ലറകളും സൂചിപ്പിക്കുന്നത് ശിലായുഗ കാലത്തുതന്നെ ഈ പ്രദേശത്ത് ആൾപാർപ്പ് ഉണ്ടായിരുന്നു എന്നാണ്. എന്നാൽ അവയുടെ പൗരാണികത്വം തെളിയിക്കുന്നതിനാവശ്യമായ ഗവേഷണങ്ങളോ, പഠനങ്ങളോ നടന്നിട്ടില്ല.

ഈ പ്രദേശത്തിന് തീക്കോയി എന്ന പേരുണ്ടാകാനുള്ള കാരണത്തെപ്പറ്റി പ്രധാനമായി രണ്ടു ഐതിഹ്യങ്ങളാണുള്ളത്. ഒന്ന്: ഈ ഭൂവിഭാഗം പൂഞ്ഞാർ രാജകുടുംബത്തിന്റെ കീഴിലുള്ളതായിരുന്നു. പൂഞ്ഞാർ രാജകുടുംബത്തെ പൂഞ്ഞാർ കോയിക്കൽ എന്നാണ് വിളിച്ചിരുന്നത്. ഈ പ്രദേശത്തെ കീഴ്കോയിക്കൽ എന്നുവിളിച്ചിരുന്നു. ഈ കീഴ്കോയിക്കൽ എന്നത് ലോപിച്ച് തീക്കോയി ആയത്രേ. മറ്റൊരഭിപ്രായം ഇങ്ങിനെയാണ് തീക്കോയിൽ റബർ തോട്ടം വെച്ചുപിടിപ്പിക്കുവാൻ വന്ന സായിപ്പൻമാർക്ക്. സിലോണിൽ ഉണ്ടായിരുന്ന റബർ എസ്റ്റേറ്റുകളും 'തീക്കോയ' എന്ന സ്ഥലത്തായിരുന്നു ഇവിടെ വന്നപ്പോഴും ഈ സ്ഥലത്തെയും തീക്കോയ എന്നപേരിൽ അവർ വിളിച്ചു. ആ പേരാണത്രെ തീക്കോയി ആയത്.

നമുക്ക് അറിവുള്ള ആദ്യകാല നിവാസികളും ഊരാളികളും, മലയരയൻമാർ, ഉള്ളാടൻമാർ തുടങ്ങിയവരായിരുന്നു. അവരുടെ ജീവിതരീതികളെക്കുറിച്ചോ, കൃഷണ രീതികളെക്കുറിച്ചോ വ്യക്തമായ അറിവുകളൊന്നും കിട്ടിയിട്ടില്ല. പഴയകാലത്തുണ്ടായിരുന്ന അമ്പലങ്ങളുടെ അവശിഷ്ടങ്ങളും തീക്കോയി ടൗണിനടുത്ത് അയലാറ്റുപറമ്പിൽ നിന്നും ആറിനക്കരെയുള്ള ചെങ്ങഴശ്ശേരിയിൽ പുരയിടത്തിൽ നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. ഈ പുരയിടത്തിൽ ഒരു കൊട്ടാരം ഉണ്ടായിരുന്നു എന്നും അതുകൊണ്ടാണ് സമീപത്തുള്ള പാറയ്ക്ക് കൊട്ടാരത്തും പാറ എന്ന പേരുണ്ടായതെന്നും പറയപ്പെടുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലണ്ടിലെ ഡാറാസ്മെയിൽ കമ്പനിക്കാർ റബർ തോട്ടം വെച്ചുപിടിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം അന്വേഷിച്ച് തീക്കോയിൽ വന്നെത്തി. 1908-ൽ അവർ ഇവിടെ റബർ കൃഷി ആരംഭിച്ചു. റബർ കൃഷിക്കുവേണ്ട ഉപകരണങ്ങളും സാധന സാമഗ്രികളും ഇവിടെ എത്തിക്കുന്നതിനുവേണ്ടി, ഈരാറ്റുപേട്ട എന്ന് ഇന്ന് അറിയപ്പെടുന്ന അരുവിത്തുറയിൽ നിന്നും തീക്കോയി എസ്റ്റേറ്റുവരെ അവർ ഒരു വഴിവെട്ടിത്തെളിച്ചു. തലച്ചുമടായിട്ടായിരുന്നു ചുമടുകളും എത്തിച്ചിരുന്നത്. അന്നത്തെ തൊഴിലാളികളും അധികവും തമിഴരായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ അവസാനം മദ്രാസിൽ (തമിഴ്നാട്) ഉണ്ടായ വയറിയ ക്ഷാമമാണത്രേ തമിഴരെ കൂട്ടമായി ഇവിടെ എത്തിച്ചത്. എസ്റ്റേറ്റിൽ പണിക്കെത്തിയ തമിഴരുടെ എണ്ണം 1500 നടുത്ത് ഉണ്ടായിരുന്നു എന്നും അവരിൽ ഒരു നല്ല ശതമാനം പേർ വസൂരി, മലമ്പനി എന്നീരോഗങ്ങളും ബാധിച്ച് അകാല മൃത്യു വരിച്ചു എന്നുമാണ് അറിയുന്നത്. ചികിൽസിക്കുവാനും, ശുശ്രൂഷിക്കുവാനും ആളുകളും ഇല്ലാതിരുന്നതിനാൽ ഭീകരമായ വിധം വസൂരി പിടിപെട്ടവരെ അവരുടെ ലയങ്ങളോടൊപ്പം തീയിട്ടുകത്തിച്ചതായും പഴമക്കാർ പറയുന്നുണ്ട്. 1939-ൽ ഈരാറ്റുപേട്ടയിൽ നിന്നും തീക്കോയി എസ്റ്റേറ്റിലേക്ക് കമ്പനിക്കാർ ഒരു റോഡ് വെട്ടിത്തുറന്നു. അന്ന് കാളവണ്ടികളും, പോത്തുവണ്ടികളുമായിരുന്നു വാഹനങ്ങൾ. സായിപ്പ് കുതിരപ്പുറത്തും സഞ്ചരിച്ചു. 1940-ൽ തീക്കോയിൽ ആദ്യമായി കമ്പനിക്കാരന്റെ വക ആസ്റ്റിൻകാർ വന്നെത്തി 1944-ൽ തീക്കോയി റബർ എസ്റ്റേറ്റ് ജോർജ് തോമസ് കൊട്ടുകാപ്പള്ളി വാങ്ങി.

20-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഉണ്ടായ രണ്ടു ലോകമഹായുദ്ധങ്ങളും നാടാകെ പട്ടിണിയും ദാരിദ്ര്യവും വരുത്തിവച്ചു. ജനങ്ങളും കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളുംതേടി പുറപ്പെട്ടു. ഈ കാലഘട്ടത്തിൽ തന്നെ പണത്തിന്റെ ആവശ്യംമൂലം പൂഞ്ഞാർ രാജകുടുംബം ജൻമിമാരിൽ നിന്നും തങ്ങൾക്കുവരേണ്ട നികുതി കുടിശിക പിരിവ് കർശനമാക്കി. നികുതി കുടിശികകൊടുക്കുവാൻ പ്രയാസപ്പെട്ട ജൻമികളും തങ്ങളുടെ ഭൂമിപാട്ടത്തിനും, തീരുവിലയ്ക്കുമായി ആവശ്യക്കാർക്ക് കൊടുത്തുതുടങ്ങി. തീക്കോയി പ്രദേശത്തേക്കുവരുവാൻ വഴിസൗകര്യവും ഭൂമി കിട്ടുവാനുള്ള എളുപ്പവും അയൽ പ്രദേശങ്ങളായ തലപ്പലം, അമ്പാറ, ഇടമറ്റം, ഭരണങ്ങാനം, ഇടപ്പാടി തുടങ്ങിയസ്ഥലങ്ങളിൽ നിന്നുള്ള കർഷകരെ ഇങ്ങോട്ടാകർഷിച്ചു. ഓരോ സ്ഥലത്തുനിന്നും വന്നവർ കൂട്ടായി സ്ഥലമെടുത്തു. ഓരോ കുടുംബക്കാരും തങ്ങളുടെ സാമ്പത്തിക കഴിവും ആവശ്യവുമനുസരിച്ച് സ്ഥലം വീതിച്ചെടുത്തു. പരസ്പരം സഹകരിച്ചു കൂട്ടായി തന്നെ പണിയുമെടുത്തു. കാടുകയം വെട്ടിത്തെളിച്ച് നെൽകൃഷി നടത്തി. വിത്തുവിതയ്ക്കുമ്പോഴും ഇരുപതും മുപ്പതും പേർ ഒരു ലൈനായി നിന്നുകിളച്ചു കോരുകയായിരുന്നു. പൂണ്ടൻ കിള എന്നപേരിൽ അറിയപ്പെടുന്ന ഈ കിളയ്ക്ക്, കിളക്കാരിൽ ഒരാൾ പാടിക്കൊടുക്കുകയും മറ്റുള്ളവർ ഏറ്റുപാടുകയുമായിരുന്നു പതിവ്. പാട്ടിന്റെ താളം മുറുകുമ്പോൾ തൂമ്പ കൊണ്ടുള്ള കിളയും വേഗതയിലാകും. വാഴ, കപ്പ, ചേന, ചേമ്പ് തുടങ്ങിയവയായിരുന്നു കുറ്റംപൂപ്പു കൃഷികൾ, തെങ്ങ്, കമുക്, കുരുമുളക്ചെടി, കശുമാവ് തുടങ്ങിയവയായിരുന്നു നട്ടുപിടിപ്പിച്ചിരുന്നത്. അവയെല്ലാം, പത്തും പതിനഞ്ചും കിലോമീറ്റർ അകലെ നിന്നും തലച്ചുമടായി കൊണ്ടുവരുകയായിരുന്നു. ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെയാണ് ഈ കുടിയേറ്റക്കാർ കഴിഞ്ഞിരുന്നത്. നാളിതുവരെ തീക്കോയി ഗ്രാമത്തിൽ ജാതിയുടെയോ, മതത്തിന്റെയോ പേരിൽ ഒരു ഭിന്നതയോ സംഘർഷമോ ഉണ്ടായിട്ടില്ല.

തീക്കോയിൽ ആദ്യമായി ഉണ്ടായ പള്ളി, ഇംഗ്ലണ്ടിൽ നിന്നുംവന്ന സി. എസ് ഐ. മിഷനറിമാരിൽ ഒരാളായ റവ: ഹെൻറി ബേക്കർ ജൂണിയർ എന്നയാൾ കുറ്റിപ്പാറയിൽ സ്ഥാപിച്ച പള്ളിയാണെന്നാണ് വിശ്വസിക്കപ്പെടുന്നത്. ഹെൻറി ബേക്കറുടെ ആസ്ഥാനം മേലുകാവിലായിരുന്നു. അവിടെ നിന്നും അദ്ദേഹം കുറ്റിപ്പാറ, കാരികാട് എന്നിവിടങ്ങളിൽ എത്തി ആദിവാസികളായ ആളുകളെ ക്രിസ്തീയ മതത്തിൽ ചേർക്കുകയും അവർക്ക് പ്രാർത്ഥനാലയങ്ങൾ നിർമ്മിക്കുകയും ചെയ്തു എന്നാണ് ചരിത്രം. കുറ്റിപ്പാറ പള്ളിയുടെ പുരാണികത 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി വരെ പോകുന്നു. ഈ ബേക്കർ സായിപ്പുതന്നെ 1869-ൽ പീരുമേട്ടിലുള്ള പള്ളിക്കുന്നിൽ പള്ളി സ്ഥാപിച്ചു, എന്ന് 1993-ൽ ആ പള്ളിയുടെ 125-ാം വാർഷിക സോവനീറിൽ പറഞ്ഞിട്ടുണ്ട് അപ്പോൾ ആ കാലത്ത് കുറ്റിപ്പാറ പള്ളി സ്ഥാപിച്ചിരിക്കണം. തീക്കോയിൽ കത്തോലിക്ക ക്രിസ്ത്യാനികൾ 1920-ൽ കാട്ടുകമ്പുകൾ കൊണ്ടുകെട്ടി പുല്ലുമേഞ്ഞ ഒരു പള്ളി ഉണ്ടാക്കിയത്രെ. 1925-ൽ അൽപംവലിയ ഒരു പള്ളിയും മുറിയുംകൂടി പണി ആരംഭിച്ച് 1926-ൽ അതുപൂർത്തിയാക്കി. ഇന്നത്തെ വലിയ പള്ളി 1946-ൽ പണിപൂർത്തിയാക്കി. ഇടവകക്കാരിൽ നിന്നും ഉൽപ്പന്നങ്ങൾ പിരിച്ചും കൂട്ടുപണി നടത്തിയുമാണ് പള്ളിപണിതത്. പഴയ അമ്പലവും, അമ്പലക്കുളവും മറ്റും ഉണ്ടെന്നു വിശ്വസിക്കുന്ന ആലപ്പാട്ട് എന്ന സ്ഥലത്ത് ഇന്നുള്ള ആച്ചൂക്കാവ് അമ്പലമായിരുന്നു ഹിന്ദുക്കളുടെ ആരാധനാകേന്ദ്രം. ആച്ചുക്കാവ് എന്ന പേരിനുകാരണം തന്നെ ഈ കാവ് ആണെന്നാണ് പറയുക.

പഴയകാലത്ത് നിലത്തെഴുത്താശാൻമാരായിരുന്നു കുട്ടികളെ എഴുത്തും വായനയും പഠിപ്പിച്ചിരുന്നത്. ഹിന്ദുക്കളായിരുന്നു ആശാൻമാരിൽഅധികവും. അവർതന്നെയായിരുന്നു ക്രിസ്ത്യൻ കുട്ടികളെനമസ്കാരവും,വേദപാഠവും പഠിപ്പിച്ചിരുന്നതും എന്നത് ഇന്ന് അതിശയമായിതോന്നാം. മതപരമായ വിശ്വാസങ്ങളുടെ പേരിൽ യാതൊരു ഭിന്നതയും ഇല്ലാതിരുന്ന മധുരമനോഹര നാളുകളായിരുന്നു അക്കാലം. 1925-ലാണ് തീക്കോയിൽ ആദ്യമായി ഒരു പ്രാഥമിക വിദ്യാലയം പള്ളിവകയായി ആരംഭിച്ചത്. 1929-ൽ അത് നാലാം ക്ലാസുവരെയുള്ള ഒരു വിദ്യാലയമായി. 1949-ൽ തീക്കോയി പള്ളിയുടെ ആഭിമുഖ്യത്തിൽ ഒരു ഇംഗ്ലീഷ് സ്കൂളും ഇവിടെ ആരംഭിച്ചു.

1930കളിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അലയടികൾ ഈ മലനാട്ടിലേയ്ക്കും ഉയരുകയുണ്ടായി. ബ്രിട്ടീഷുകാരുടെ മേൽക്കോയ്മയിൽ നിന്നും നാടിനെ മോചിപ്പിക്കുന്നതിനും, അടിമത്തം അവസാനിപ്പിച്ച് സ്വാതന്ത്ര്യം നേടുന്നതിനും വേണ്ടിയുള്ള പോരാട്ടത്തിൽ പഴയതല മുറയിലെ പല കാരണവന്മാരും പങ്കെടുത്തിരുന്നു. പ്രചരണയോഗങ്ങളിലും, സമരജാഥകളിലും അവർ പങ്കെടുത്തു. ദേശീയ പ്രസ്ഥാനത്തെപ്പറ്റിയുള്ള ലഘുലേഖകൾ പ്രചരിപ്പിച്ചു. അവരിൽ ഒരു വിഭാഗം പിന്നീട് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലേയ്ക്കും, മറ്റൊരു സജീവ വിഭാഗം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേയ്ക്കും വഴിമാറിപ്പോയി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു സജീവ പ്രവർത്തന കേന്ദ്രമായിരുന്ന പൂഞ്ഞാറിനോടുള്ള സാമീപ്യവും പുരോഗമനാശയങ്ങളോടുള്ള അഭിനിവേശവും ഇവിടത്തെ പൊതുപ്രവർത്തകരെ പലരെയും ഇടതുപക്ഷ പ്രസ്ഥാനത്തിലേയ്ക്കു അടുപ്പിച്ചു. മലബാർകൂടി ഉൾപ്പെടുന്ന ഒരു സംസ്ഥാനം എന്ന ആശയം പൊതുവെ ഉയരാതിരുന്ന ഒരുകാലത്ത് ഐക്യകേരളത്തിനുവേണ്ടിയുള്ള മുദ്രാവാക്യം ഉയർത്തിക്കൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ തീക്കോയി ടൗണിൽ ഒരു ഉശിരൻ ജാഥാ സംഘടിപ്പിക്കപ്പെട്ട 1944ൽ (1120 മേടമാസം) ജന്മമെടുത്ത തീക്കോയി പീപ്പിൾസ് ലൈബ്രറി & റീഡിംഗ് റൂം സ്വാതന്ത്ര്യ സമര സേനാനികളുടെ ഒരു പ്രവർത്തനകേന്ദ്രമായിരുന്നു. ശ്രീ. വി. എം. സേവ്യർ വെളുത്തേടത്തുപറമ്പിൽ, കുര്യാച്ചൻ താഴത്തുപറമ്പിൽ തുടങ്ങിയവർ മുന്നിട്ടു നിന്നു സമാരംഭിച്ച ഈ സ്ഥാപനത്തിൽ സ്ഥലവും കെട്ടിടവും നൽകിയത് ശ്രീ.ജോൺ സൺ വളളിക്കാപ്പനാണ്. എന്നാൽ ഈ സ്ഥാപനത്തെ വളർച്ചയുടെ പടവുകളിലൂടെ നയിച്ചത് ശ്രീ. റവ.വി.ചെറിയാൻ തോപ്പിൽ ആണ്. രണ്ടാഴ്ചയിലൊരിക്കൽ ചർച്ചാ ക്ലാസുകൾ, ഡിബേറ്റുകൾ, തുടങ്ങിയവയും സാഹിത്യമത്സരങ്ങൾ, കയ്യെഴുത്തു മാസിക എന്നിവയും നല്ല രീതിയിൽ നടത്തപ്പെട്ടു. യാഥാസ്ഥിതികവിഭാഗത്തിൽനിന്നും ശക്തമായ എതിർപ്പുകളും പ്രവർത്തകർക്കു നേരിടേണ്ടി വന്നിട്ടുണ്ട്. 1947-ാം കാലഘട്ടം ഈ വായനശാലയെ സംബന്ധിച്ചിടത്തോളം സജീവപ്രവർത്തനത്തിന്റെ ഒരു കാലഘട്ടമായിരുന്നു. ശ്രീ. സി. രാഘവൻ ചേലകാട്ടിന്റെ കയ്യെഴുത്തിൽ പുറത്തിറക്കിയ 'പുലരി' എന്ന കയ്യെഴുത്തു മാസികക്ക് സംസ്ഥാനതലത്തിൽ രണ്ടാം സമ്മാനം ലഭിക്കുകയുണ്ടായി. ശ്രീ.എ.കെ. തോമസ് അഴകത്തേലിന്റെ നേതൃത്വത്തിൽ തീക്കോയി പീപ്പിൾസ് ആർട്സ് ക്ലബ്ബ് (T·P·A·C.) രൂപീകരിച്ച് നാടകങ്ങളും, മറ്റു കലാപരിപാടികളും നടത്തിയിരുന്നു. തീക്കോയിൽ ആദ്യമായി ഒരു റേഡിയോ ഉണ്ടാവുന്നത് തീക്കോയി പീപ്പിൾസ് ലൈബ്രറിയിലാണ്. 1956-ൽ വഴിക്കടവിലുള്ള യുവകലാകാരന്മാരുടെ പരിശ്രമഫലമായി ഉണ്ടായിരിക്കുന്ന വഴിക്കടവ് യൂത്ത് ആർട്സ് & സ്പോർട്ട്സ് ക്ലബ്ബ് (V·Y·A·S) നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഒരു ലൈബ്രറിയും, വായനശാലയും കൂടി അവർ നടത്തിവരുന്നുണ്ട്.

പഴയകാലത്ത് വലിയവള്ളങ്ങൾ വരെ മീനച്ചിലാറ്റിലൂടെ തീക്കോയിലെത്തി തേങ്ങ, കൊപ്ര, കുരുമുളക് തുടങ്ങിയവ കൊണ്ടുപോയിരുന്നു. അക്കാലത്ത് കൊപ്രയുടെ മാർക്കറ്റ് ആലപ്പുഴയിലായിരുന്നു. അക്കാലത്ത് ആറ്റിൽ മിക്കവാറും നല്ലതോതിൽ വെള്ളം ഉണ്ടായിരുന്നു നാട്ടും പുറത്തുണ്ടായിരുന്ന വൻമരങ്ങൾ എല്ലാം തന്നെ വെട്ടിവിൽക്കുകയും, പാഴ്മരങ്ങൾ കരിക്കും മറ്റുമായി മുറിച്ചു മാറ്റപ്പെടുകയും, ആറ്റുതീരങ്ങളിലുള്ള മരങ്ങളും കുറ്റിക്കാടുകളും പോലും നശിപ്പിക്കപ്പെടുകയും ചെയ്തതിനെത്തുടർന്ന് വൻതോതിൽ മണ്ണൊലിപ്പുണ്ടായി. അശാസ്ത്രീയമായ കൃഷിയും, അമിതരാസവളപ്രയോഗവും ഒക്കെ മണ്ണിന്റെ ജലസംഭരണശേഷിയെ നഷ്ടപ്പെടുത്തി. ഇതിനു പുറമേ രോഗബാധയും ഉല്പന്ന വിലക്കുറവും മൂലം മുൻകാല കൃഷികൾ മാറി വ്യാപകമായ തോതിൽ റബർകൃഷി വന്നതും, 1958 ലെ വൻ ഉരുൾപ്പൊട്ടലിന്റെ ഫലമായി നമ്മുടെ ആറ്റിൽ ഉടനീളം ഉണ്ടായിരുന്ന വൻകയങ്ങൾ നികത്തപ്പെട്ടതും ആറ്റിലെ വെള്ളക്കുറവിനു കാരണമായി. ആറ്റിലെ മണൽ അശാസ്ത്രീയമായ രീതിയിൽ വാരിക്കൊണ്ടുപോകുന്നത് ആറ്റുവെള്ളം തങ്ങിനിൽക്കാനുള്ള അവസാനപഴുതും അടച്ചുകളയുന്നു. ഇന്നിപ്പോൾ മഴ നിന്നാൽ ആറ്റിലെ ജലവിതാനവും താണുപോകുന്ന സ്ഥിതിയാണുള്ളത്.

പണ്ട് തീക്കോയി എസ്റ്റേറ്റുകാർ വെട്ടിയ ഒരു റോഡാണ് ഉണ്ടായിരുന്നത്. ഇതിൽ നിന്നും ഒരുമാറ്റം ഉണ്ടായത് ശ്രീ. എ. ജെ. ജോൺ പൂഞ്ഞാർ M.L.A. യും തിരുക്കൊച്ചിയുടെ മന്ത്രിയുമായിരുന്ന കാലത്താണ്. തീക്കോയി വാഗമൺ റോഡ് പൂർത്തിയായതോടുകൂടി ദീർഘകാലമായി തദ്ദേശവാസികൾക്ക് ഗതാഗത രംഗത്തുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുകയും ഹൈറേഞ്ചുമായി ഗതാഗതബന്ധം സ്ഥാപിക്കപ്പെടുകയും ചെയ്തു. വൻപാറക്കെട്ടുകൾ നിറഞ്ഞ മലയിടുക്കുകളിലൂടെ നിർമ്മിക്കപ്പെട്ട ഈ റോഡുപണിക്കെത്തിയവരിൽ 17 പേർ അപകടമരണത്തിൽപെട്ടു. അവരുടെ സ്മരണയ്ക്കായി ഒരു സ്തംഭം തീക്കായി-തലനാടുകവലയിൽ സ്ഥാപിച്ചിട്ടുണ്ട്. 23-12-1961 ൽ ആദ്യത്തെ സ്പീക്കറായിരുന്ന ശ്രീ. ഡി. ദാമോദരൻ പോറ്റി ഉത്ഘാടനം ചെയ്ത ഈ ഹൈവേയിലൂടെയുള്ള യാത്ര അതിമനോഹരങ്ങളായ പ്രകൃതി ദൃശ്യങ്ങളും, അസാധാരണങ്ങളായ പുഷ്പസസ്യലതാദികളുംകൊണ്ട് ആയിരക്കണക്കിന് ടൂറിസ്റ്റുകളെ ഇവിടേയ്ക്ക് ആകർഷിക്കുന്നു.

തീക്കോയിൽ ആദ്യം ഒരു ബസ് സർവ്വീസ് ആരംഭിച്ചത് സ്വരാജ് മോട്ടോർ കമ്പനിയാണ്. പെട്രോളിന്റെ ദൗർലഭ്യവും വിലകൂടുതലും കാരണം കരിയിട്ട് കത്തിച്ചുണ്ടാകുന്ന ഗ്യാസുപയോഗിച്ചാണ് അന്ന് പലവണ്ടികളും ഓടിയിരുന്നത്. കുറച്ചുകാലമേ ആ സർവ്വീസ് ഉണ്ടായിരുന്നുള്ളു. പിന്നീട് ഗോമതി മോട്ടോർ കമ്പനിയും ചുരുങ്ങിയകാലം ബസ് സർവ്വീസ് നടത്തി. അക്കാലത്ത് ബസിൽ കയറി യാത്രചെയ്യുന്നവർ വിരളമായിരുന്നു. പിന്നീട് ശ്രീ. പി. എം. ദേവസ്യാ പുളിക്കൽ പൂഞ്ഞാർ-തിക്കോയി മോട്ടോർ സർവ്വീസ് (P.T.M.S.) എന്ന പേരിൽ 1952 ൽ ആരംഭിച്ച ബസ് സർവ്വീസ് ഇന്നും നിലനിൽക്കുന്നു. ഇന്നും നിരവധി ബസുകൾ ഈ വഴിയിലൂടെ ഓടിക്കൊണ്ടിരിക്കുന്നു. 1962 ൽ ഈരാറ്റുപേട്ട-വാഗമൺ ആയി P.T.M.S. കാർ ഒരു സർവ്വീസ് ആരംഭിച്ചു. 1968 ൽ ട്രാൻസ്പോർട്ട് സർവ്വീസും ആദ്യമായി വാഗമൺ റൂട്ടിലൂടെ ഓടിത്തുടങ്ങി.

ഭൂവിസ്തൃതിയിലും, ജനസംഖ്യയിലും, വരുമാനത്തിലും പെരുതെങ്കിലും ചരിത്രപ്രധാനമായ പല പ്രത്യേകതകളും അവകാശപ്പെടുവാനുള്ള ഒരു പഞ്ചായത്താണ് തീക്കോയി. സർക്കാരിന്റെ ബിൽഡിംഗ് ഗ്രാന്റോ ലോണോ കൂടാതെ പൊതുജന പങ്കാളിത്തത്തോടെ ഇത്രയും നല്ലരീതിയിൽ ഒരു പഞ്ചായത്താഫീസ് കെട്ടിടം കേരളത്തിൽ വേറെ എവിടെയെങ്കിലും നിർമ്മിച്ചിട്ടുണ്ടോ എന്ന സംശയമാണ്. അതിനും പുറമെ തീക്കോയി പള്ളിക്ക് സമീപം ആറിനുകുറുകെ പണിതുയർത്തിയിരിക്കുന്ന നടപ്പാലം തീക്കോയി ആയുർവേദാശുപത്രി, മൃഗാശുപത്രി, ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് വെട്ടിത്തെളിച്ചിരിക്കുന്ന റോഡുകൾ എന്നിവയെല്ലാം ഈ പഞ്ചായത്തിലെ ജനങ്ങളുടെ കൂട്ടായ അദ്ധ്വാനം കൊണ്ടും, തുടർച്ചയായ പരിശ്രമം കൊണ്ടുമാണ് എന്നുള്ളത് ചിന്തനീയമായ ഒരു വസ്തുതയാണ്, ഇക്കാര്യം നമ്മുടെ ഭാവിപ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശനവും പ്രചോദനവും അരുളുന്നുണ്ട്. നമ്മുടെ സമ്പദ് വ്യവസ്ഥയെ തകർച്ചയിലെത്താതെ താങ്ങിനിർത്തുന്ന ഉൽപ്പാദനക്ഷമത കൂടിയ റബർ ബഡ്ഡിംഗ് രീതി മീനച്ചിൽ താലൂക്കിൽ ആദ്യമായി പരീക്ഷിച്ചു നടപ്പാക്കിയത് ഇവിടത്തെ ഒരു സാധാരണ കർഷകനായിരുന്ന ശ്രീ. പി പി. മാത്യു പുതുപ്രക്കുന്നേൽ ആണ്. സ്വകാര്യ തേയില ഫാക്ടറിക്കാരുടെ ചൂഷണത്തിനു എന്നും വിധേയരായിരുന്ന ഇവിടത്തെ ചെറുകിട തേയില കർഷകർക്ക് തങ്ങളുടെ കൊളുന്തിന് ന്യായവില ലഭിക്കുന്നതിനുവേണ്ടി ടീ ബോർഡിന്റെയും, സംസ്ഥാന ഗവൺമെന്റിന്റേയും സഹായത്തോടെ സഹകരണ രംഗത്ത് ഒരു തേയില ഫാക്ടറി ആദ്യമായി സ്ഥാപിക്കപ്പെട്ടത് കേരളത്തിൽ തീക്കോയിലാണ് ഇക്കാര്യത്തിൽ യശഃശരീരരായ ശ്രീ. പി. എം. ജോസഫ് പുളിക്കൽ, ശ്രീ. എ. എഫ്. ജോസഫ് അറമത്ത് തുടങ്ങിയവർ അനുഷ്ഠിച്ച സേവനങ്ങൾ വിസ്മരിക്കുക വയ്യ.

ഈ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശമായ കുരിശുമലയിൽ, ഇംഗ്ലണ്ടിൽ നിന്നും വന്ന ഫാ: ബീഡ്ഗ്രിഫ്, ബൽജിയം കാരനായ ഫാ: ഫ്രാൻസീസ് എന്നിവർ സ്ഥാപിച്ച ആശ്രമവും തുടർ പ്രവർത്തനങ്ങളും ഈ നാടിന് വമ്പിച്ച പുരോഗതി കൈവരുത്തിയ ഒരു പ്രധാനഘടകമാണ്. ഉത്പ്പാദനക്ഷമത കൂടിയ ഇനം പശുക്കളെ വിദേശത്തു നിന്ന് വരെ ഇവിടെ കൊണ്ടുവരി

കയും കൃത്രിമ ബീജസങ്കലനം എന്ന പദ്ധതി നാട്ടിൽ നടപ്പാക്കുകയും ചെയ്യുകവഴി ഇവിടെ പശു വളർത്തൽ ആദായകരമായി നടത്തുന്നതിനു വേണ്ട പ്രചോദനം നല്കിയത് കുരിശുമല പശു വളർത്തൽ കേന്ദ്രമാണ്. പുറമെഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ആവശ്യത്തിനുള്ള കറൻറുൽപാ ദിപ്പിക്കുന്ന രീതിയും നടപ്പാക്കി. ഈ ആശ്രമം പ്രശസ്തമായ ഒരു ധ്യാനകേന്ദ്രംകൂടിയാണ്. കേഴ്വികേട്ട തീർത്ഥാടന കേന്ദ്രമായ കിഴക്കൻ കുരിശുമല ഇതിനടുത്താണ്.

വഴിക്കടവിൽ 1964-ൽ ഡോക്ടർ എലിസബത്ത് ബേക്കർ തുടങ്ങിയ മിത്രനികേതൻ ആശുപത്രി ഹൈറേഞ്ചു പ്രദേശത്തും സമീപ സ്ഥലങ്ങളിലുമുള്ള പാവപ്പെട്ട കൂലിപ്പണിക്കാർക്കു നൽകിയ സേവനം ഗണനീയമായിരുന്നു. 1968 ൽബേക്കർ കുടുംബം തിരുവനന്തപുരത്തേയ്ക്കു മാറിതാമസിച്ചപ്പോഴും ഈആശുപത്രിയുടെ ചുമതല ഇന്ന് ചേച്ചി എന്ന് പേരിൽ പരക്കെ അറിയപ്പെടുന്ന ഡോക്ടർ എച്ച്. സീനാ ഏറെറടുത്തു. കുടുംബാസൂത്രണ പരിപാടികളും നടപ്പാക്കിയിരുന്ന ഒരു ആശുപത്രി എന്ന നിലയിലും ഈ സ്ഥാപനം പ്രത്യേക പരിഗണന അർഹിക്കുന്നു.

സാക്ഷരതാ രംഗത്ത് വളരെ പ്രശസ്തമായ രീതിയിൽ പ്രവർത്തിക്കുകയും സമ്മാനങ്ങളും വരെ നേടുകയും ചെയ്ത ഒരു പഞ്ചായത്താണ് തീക്കോയി ഗ്രാമപഞ്ചായത്ത്. മന്ദബുദ്ധികളായ കുട്ടികൾക്കുവേണ്ടി ഏറെറം നല്ല രീതിയിൽ ക്രിസ്റെറ കോൺവെൻറുകാർ നടത്തുന്ന ദീപ്തി എന്ന പേരിലുള്ള സ്കൂളും ഈ പഞ്ചായത്തിലാണ്.

കേരള സംസ്ഥാനത്ത് ആദ്യമായി പഞ്ചായത്തു തെരഞ്ഞെടുപ്പു നടന്ന കാലഘട്ടത്തിൽ തീക്കോയിൽ പഞ്ചായത്തു തിരഞ്ഞെടുപ്പു നടന്നില്ല. മൂന്നിലവ്, തലനാട്, തീക്കോയി, ഈരാറുപേട്ട എന്നിവിടങ്ങളിൽ പഞ്ചായത്ത് ആസ്ഥാനത്തിൻെറ പേരിലും അതിർത്തികളുടെ പേരിലും ശക്തമായ എതിർപ്പുകളും പ്രക്ഷോഭങ്ങളും ഉണ്ടാവുകയും അതു പരിഹരിക്കപ്പെടാതിരിക്കുകയും ചെയ്തതിനാൽ ആദ്യ തെരഞ്ഞെടുപ്പിൽ നിന്നും ഈ പ്രദേശങ്ങളെ ഒഴിവാക്കി പിന്നീട് ഈ പ്രദേശങ്ങൾക്ക് പ്രത്യേകം പ്രത്യേകം പഞ്ചായത്തുകളും അനുവദിച്ചുകൊടുത്തു. തൽഫലമായി തീക്കോയി പഞ്ചായത്ത് ഭൂവിസ്തൃതിയിലും ജനസംഖ്യയിലും, ധനാഗമമാർഗ്ഗങ്ങളിലും പിന്നോക്കം പോയി. 1962-ൽ തീക്കോയി പഞ്ചായത്തിൻെറ ആദ്യത്തെ തെരഞ്ഞെടുപ്പ് നടന്നു. ഏഴുവാർഡുകളാണുണ്ടായിരുന്നത്. 3-ാം വാർഡ് ഒഴികെ മറെറല്ലാ വാർഡുകളിലും മൽസരം കൂടാതെ തെരഞ്ഞെടുപ്പ് ഐകകണ്ഠേന ആയിരുന്നു. 3-ാം വാർഡിൽ ശ്രീ. P. J. മാത്യു പുറപ്പന്താനവും, ശ്രീ. ഗോവിന്ദൻനായർ മണലേപ്പറമ്പിലുമായി നടന്ന മത്സരത്തിൽ ശ്രീ. പി. ജെ. മാത്യു വിജയിച്ചു.

ആദ്യത്തെ പഞ്ചായത്തു കമ്മറിയംഗങ്ങൾ താഴെപ്പറയുന്നവരായിരുന്നു:-

1 **പി.റ്റി. ദേവസ്യ പൊട്ടനാനിയിൽ**
2 **ഇട്ടിയവിരാ മുത്തനാട്ട്**
3 **പി. ജെ മാത്യു പുറപ്പന്താനത്ത്**
4 **എ.ജെ. കുര്യാക്കോസ്. അധികാരത്ത്**
5 **എ. എഫ് ജോസഫ് അറമത്ത്**
6 **ദിവാകരൻ നായർ പുതിയാത്ത്**
7 **റ്റി. എം. അഗസ്റ്റിൻ താഴത്തുപറമ്പിൽ**

വനിതാമെമ്പറായി **ശ്രീമതി തെയ്യാമ്മ വള്ളിക്കാപ്പിൽ** നോമിനേറ്റു ചെയ്യപ്പെട്ടു. തീക്കോയിലുള്ള കടപ്പാക്കൽ കടയിൽ പഞ്ചായത്താഫീസ് പ്രവർത്തനമാരംഭിച്ചു.

ഒരു വാർഡ് ഒഴികെ മറെറല്ലാവാർഡുകളിലും ഇലക്ഷൻ ഒഴിവാക്കിയതിൻെറ പേരിൽ സംസ്ഥാന ഗവൺമെൻറ് ഈ പഞ്ചായത്തിന് 5000 രൂപാ അവാർഡ് ആയി നൽകുകയുണ്ടായി. ശ്രീ. എം.സി. കുരുവിള, ശ്രീ. റ്റി. റ്റി ജോസഫ് എന്നിവർ സ്റ്റാഫിലും വന്നു. ആദ്യത്തെ പ്രസിഡൻറായി ശ്രീ. റ്റി. എം. അഗസ്റ്റിൻ തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ ശ്രീ. റ്റി.എം. അഗസ്റ്റിനും ശ്രീ. പി. ജെ മാത്യുവും ഒരു വർഷത്തിനു ശേഷം തങ്ങളുടെ സ്ഥാനം രാജിവെച്ചു. പകരമായി ശ്രീ, പി. റ്റി. ദേവസ്യ പുതനപ്രകുന്നേൽ ശ്രീ. എം. റ്റി. വർക്കി മനയാനിക്കൽ

എന്നിവർ തെരഞ്ഞടുക്കപ്പെട്ടു. പഞ്ചായത്തിന് ഒരു കെട്ടിടം പണിക്കുവേണ്ട സ്ഥലം ശ്രീ. പി.എസ്, സ്കറിയ നെല്ലുവേലിൽ സംഭാവന നല്കി. 1963 ഡിസംബർ 9-ാം തിയതി അന്നത്തെ ജില്ലാ പഞ്ചായത്തു ഡയറക്ടർ കെ. വേലായുധൻ കെട്ടിടം പണിക്കുള്ള ശിലാസ്ഥാപനം നടത്തി. ഗവൺമെൻറിൽ നിന്നുമുള്ള സഹായം കാത്തിരിക്കാതെ നാട്ടുകാർ ഒത്തുചേർന്ന് കൂട്ടപണികളം നടത്തിയും, വിഭവസമാഹരണം നടത്തിയും പഞ്ചായത്താഫീസ് കെട്ടിടം പണി പൂർത്തിയാക്കി. 1964 ജൂൺ മാസം 28-ാം തിയതി അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ. റ്റി. എ. തൊമ്മൻ പഞ്ചായത്താഫീസ് ഉൽഘാടനം ചെയ്തു. പഞ്ചായത്തുതിരഞ്ഞെടുപ്പുകളം അനിശ്ചിതമായി നീട്ടിക്കൊണ്ടുപോയതിനാൽ ആദ്യത്തെ ഭരണസമിതിയുടെ കാലാവധി 16 വർഷം വരെ നീണ്ടുപോയി. രണ്ടാമത്തെ തിരഞ്ഞെടുപ്പ് വന്നപ്പോളം വാർഡുകളുടെ എണ്ണം 8 ആക്കി വർദ്ധിപ്പിച്ചിരുന്നു. രണ്ടാമത്തെ ഭരണകാലത്ത് പ്രസിഡൻറായി ആദ്യത്തെ 3 വർഷക്കാലം ശ്രീ. പി.റ്റി. ദേവസ്യയും ബാക്കി രണ്ടുവർഷം ശ്രീ. വി.ജെ ജോസും ഭരണംനടത്തി. ഈ കാലഘട്ടത്തിൽ പഞ്ചായത്താഫീസിനോട് ചേർന്ന് സ്ഥലവും കെട്ടിടവും നൽകി ഒരു ആയുർവേദാശുപത്രിയും, മൃഗാശുപത്രിയും നിർമ്മിച്ചു. 1984-ൽ തീക്കോയിൽ ജൂണിയർ ടെക്കിനിക്കൽ ഹൈസ്കൂളം സ്ഥാപിതമായി. ഈ ഭരണസമിതിയുടെ കാലാവധി കഴിഞ്ഞപ്പോളം അന്നത്തെ ഗവൺമെൻറ് പഞ്ചായത്തുഭരണസമിതികളെ പിരിച്ചുവിട്ട് പഞ്ചായത്തു സ്പെഷ്യൽ ആഫീസറെ ഭരണചമുതല എൽപിച്ചു. ഈ ഉദ്യോഗസ്ഥ ഭരണം 3 വർഷങ്ങളോളം തുടർന്നു. പിന്നീട് 1988-ൽ തെരഞ്ഞെടുപ്പുനടന്നു ശ്രീ. കെ.റ്റി.ജോസഫ് കുന്നത്ത് പ്രസിഡൻറായി. 5 വർഷത്തിനു ശേഷം ഭരണസമിതിയുടെ കാലാവധി രണ്ടു വർഷത്തേയ്ക്കുകൂടി നീട്ടിക്കൊടുത്തു.

1995-ൽ പുതിയ പഞ്ചായത്തീരാജ് നിയമപ്രകാരമുള്ള തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു. താഴെപ്പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

1	**അമ്മിണി തോമസ്**	പ്രസിഡൻറ്
2	**അബ്രാഹം കുരുവിള**	വൈസ് പ്രസിഡൻറ്
3	**തെയ്യാമ്മ അഗസ്റ്റിൻ**	സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ
4	**കെ. കെ. മോഹനൻ**	പട്ടികജാതി സംവരണസീറ്റ്
5	**സണ്ണി എബ്രാഹം**	
6	**കെ. റ്റി. ജോസഫ്**	
7	**റ്റി. ഡി. രഘുനാഥൻ**	
8	**മേരി ദേവസ്യ**	

വനിതാ പഞ്ചായത്തായ തീക്കോയി പഞ്ചായത്തിൻെറ ആദ്യത്തെ വനിതാ പ്രസിഡൻറായി ശ്രീമതി. അമ്മിണി തോമസ് പുല്ലാട്ട് വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെട്ടു. ശ്രീ. അബ്രാഹം കുരുവിള വൈസ് പ്രസിഡൻറായും തിരഞ്ഞെടുക്കപ്പെട്ടു.

നാം ഇന്നു നേരിടുന്ന പ്രതിസന്ധികളം പലതാണ്. കൃഷിക്ക് കൂടുതൽ ഭൂമിലഭിക്കുവാനുള്ള സാധ്യത ഇല്ലെന്നുമാത്രമല്ല, നിലവിലുള്ള കൃഷിസ്ഥലങ്ങളിൽ തന്നെ ഒരു നല്ലഭാഗം കെട്ടിടങ്ങളം വെയ്ക്കുന്നതിനും മറ്റുമായിമാറ്റപ്പെടുന്നു. വ്യവസായ സ്ഥാപനങ്ങളം പേരിനു മാത്രം. വ്യവസായ സ്ഥാപനങ്ങളം ഉണ്ടാവാത്തതിൻെറ പ്രധാന കാരണം വിദ്യുച്ഛക്തി ലഭിക്കുന്നതിനുള്ള അനിശ്ചിതത്വവും, സ്ഥിരതയില്ലായ്മയുമാണ്. വോംട്ടേജ് കുറവും ഒരു വലിയ പ്രശ്നം തന്നെയാണ്. ഈരാറ്റുപേട്ടയിൽ വർഷങ്ങൾക്കുമുമ്പ് തുടക്കമിട്ട സബ് സ്റ്റേഷൻ പൂർത്തിയായാൽ മാത്രമെ ഒരളവുവരെയെങ്കിലും കറൻറിൻെറ കാര്യത്തിൽ പരിഹാരമുണ്ടാകുകയുള്ളു. നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും തന്നെ വേനൽക്കാലത്ത് കുടിവെള്ളം ഒരു പ്രധാനപ്രശ്നമായിരിക്കുന്നു. കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങളം കൈക്കൊണ്ടിട്ടില്ല. ഈ പഞ്ചായത്തിൽ 3

ജലവിതരണ സ്കീമുകൾ ഉണ്ടെങ്കിലും ഇവയുടെ നടത്തിപ്പിന് യഥാർത്ഥ ചുമതലക്കാർ ആരെന്ന് നാട്ടുകാർക്ക് ഇനിയും അറിഞ്ഞുകൂടാ. പഴകിദ്രവിച്ച പൈപ്പുകൾ മാറണം. യഥാസമയം പമ്പിംഗ് നടത്തണം. ചോർച്ചകളും കേടുപാടുകളും അതതുസമയങ്ങളിൽ തീർക്കണം ഇവിടത്തെ ഓരോ പൗരനും ബന്ധപ്പെട്ട ഏത് ആഫീസിൽ ചെന്നാലും കാര്യങ്ങൾ ചോദിച്ച് അറിയുവാനുള്ള അവകാശവും സൗകര്യവും ഉണ്ടാകണം. അവയെന്നും ബാലികേറാമലയായിക്കൂടാ.

എങ്ങിനെയാണ് ഇതിനൊക്കെ പരിഹാരമുണ്ടാവുക. അതിനുള്ള ഒരു നല്ല ചുവടുവെയ്പാണ് ജനകീയ ആസൂത്രണ പരിപാടി. നാം ഇവിടുത്തെ അധികാരവും അവകാശവും ഉള്ള പൗരൻമാരാണെന്ന അവബോധം അതുനമ്മിലുണ്ടാക്കി തുടങ്ങി. അഴിമതിയും, കെടുകാര്യസ്ഥതയും, അന്യതാബോധവും, മാറ്റിയെടുക്കാവുന്നതേയുള്ളു എന്ന വിശ്വാസം നമുക്കുണ്ടായിരിക്കുന്നു. മനുഷ്യൻ സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ടു ജീവിക്കുവാനുള്ള പുതിയ പ്രവണതയ്ക്ക് വിരാമമിട്ട്, കൂട്ടായ്മയിലും, ജനപങ്കാളിത്തത്തിലും നമ്മുടെ എല്ലാ ആവശ്യങ്ങളെയും നേടിയെടുക്കുവാനും, പ്രശ്നങ്ങളെ പരിഹരിക്കുവാനും, ആരോഗ്യകരമായി ജീവിച്ചുവളരുവാനും ഉള്ള സാഹചര്യങ്ങൾ ഇന്നുണ്ട്, നമ്മുടെ കഴിഞ്ഞകാല ചരിത്രം, സ്നേഹത്തിന്റെയും, സേവനത്തിന്റെയും, പരിശ്രമത്തിന്റെതുമായ ചരിത്രം, നമ്മുടെ മുമ്പിൽ ഒരു ദീപസ്തംഭംപോലെ ഉയർന്നു നിൽക്കുന്നു. ഇന്നത്തെയും ഭാവിയിലെയും ജനസമൂഹത്തിന്റെ ഭാസുരമായ ഒരു ജീവിതത്തിനുവേണ്ടി, അർപ്പണ ബോധത്തോടെ, കരളുറപ്പോടെ, ചുവടുകൾ ഉറപ്പിച്ചു നമുക്കു മുന്നേറാം. □

"സാമൂഹ്യ വികസനപദ്ധതി ഒരു പ്രദേശത്ത് ആരംഭിക്കുന്നതിനുമുമ്പ് അവിടുത്തെ ഏതാനും ആളുകളുടെ വാരിയെല്ലുകൾ ഞാൻ നിരീക്ഷിക്കും. മൂന്നു വർഷത്തിനുശേഷം ആ വാരിയെല്ലുകളിൽ അല്പം മാംസം ഉണ്ടായെങ്കിൽ ആ പദ്ധതി വിജയമെന്ന് ഞാൻ പറയും."

ജെ. സി. കുമരപ്പാ

3.

ഭൂപ്രകൃതി

കോട്ടയംജില്ലയുടെ കിഴക്കൻ പ്രദേശത്ത് ഇടുക്കി ജില്ലയോട് ചേർന്നു കിടക്കുന്ന തീക്കോയി പഞ്ചായത്തിന്റെ വിസ്തീർണ്ണം 27.19 ച.കിലോമീറ്ററാണ്. ഈ പഞ്ചായത്ത് പൂർണ്ണമായും മലനാട് മേഖലയിൽ വരുന്നു. പഞ്ചായത്തിന്റെ മുക്കാൽ ഭാഗവും മലകളും മലഞ്ചെരിവുകളുമാണ്. ഇടുക്കിജില്ലയോട് അടുത്തഭാഗങ്ങളിൽ ഒരു നല്ല ശതമാനവും, പുല്ലുമാത്രം വളരുന്ന പാറക്കൂട്ടങ്ങളാണ്. വഴിക്കടവ്, കാരിക്കാട്, വെള്ളികുളം ഭാഗങ്ങളും ഹൈറേഞ്ച് സ്വഭാവം പ്രകടമാക്കുന്നു.

പൊതുവെ ലാറ്ററൈറ്റ് മണ്ണാണ് കാണപ്പെടുന്നത്. പാറക്കൂട്ടങ്ങളോട് ചേർന്ന പ്രദേശങ്ങളിൽ മണ്ണിന് ആഴം കുറഞ്ഞു കാണപ്പെടുന്നു. വളക്കൂറുള്ള കറുത്ത മണ്ണും, താഴ്ന്ന പ്രദേശങ്ങളിൽ കല്ലു കലർന്ന ചെമ്മണ്ണുമാണുള്ളത്. വളക്കൂറുള്ള ഈ മണ്ണ്, ഏതു തരം കൃഷിക്കും അനുയോജ്യമാണ്. അതുകൊണ്ടുതന്നെ റബ്ബർ, തെങ്ങ്, കുരുമുളക്, ജാതി, ഗ്രാമ്പു, കാപ്പി തുടങ്ങിയ നാണ്യവിളകളും, ഇഞ്ചി, മഞ്ഞൾ, മരച്ചീനി തുടങ്ങിയ കിഴങ്ങു വർഗങ്ങളും, പച്ചക്കറികൾ തുടങ്ങിയവയുടെയെല്ലാം കൃഷി ഇവിടെ കാണപ്പെടുന്നു. ആകെ ഭൂമിയിൽ 3147.012 ഹെക്ടറിൽ കൃഷി നിലവിലുണ്ട്. 346.55 ഹെക്ടർ പുറമ്പോക്കുഭൂമിയും 108.48 ഹെക്ടർ കൃഷി യോഗ്യമായ തരിശുഭൂമിയുമാണ്.

കിഴക്കൻ മേഖലയിൽ കാണപ്പെടുന്ന പാറക്കൂട്ടങ്ങളിൽ ഗ്രാനൈറ്റ് നിക്ഷേപം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഏതാണ്ട് 3400 മി.മീറ്ററിനു മുകളിൽ മഴ ലഭിക്കുന്ന പ്രദേശമാണിത്. പഞ്ചായത്തിൽ മെയ്മാസം അവസാനത്തോടെയാരംഭിക്കുന്ന കാലവർഷം, ജൂൺ ജൂലയ് മാസങ്ങളിൽ ശക്തി പ്രാപിക്കുന്നു. സെപ്തംബർ പകുതിയോടെ കാലവർഷം ദുർബലമാകുന്നു. ഒക്ടോബർ നവംബർ മാസങ്ങളിൽ ശക്തമായ തുലാവർഷം പഞ്ചായത്തിനെ ജല സമ്പുഷ്ടമാക്കുന്നു.

പൊതുവെ പറഞ്ഞാൽ ജൂൺ മുതൽ നവംബർ വരെ മഴക്കാലവും ഡിസംബർ ജനുവരി മാസങ്ങളിൽ വരണ്ടകാറ്റും, മഞ്ഞും അനുഭവപ്പെടുന്ന ശൈത്യകാലവും, ഫെബ്രുവരി മുതൽ മാർച്ച് പകുതി വരെ താരതമ്യേന ചൂടു കൂടുതലുള്ള സുഖകരമായ കാലാവസ്ഥയും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കനത്ത വേനലും അനുഭവപ്പെടുന്നു.

ഈരാറ്റുപേട്ട കുട്ടിക്കാനം സ്റ്റേറ്റ് ഹൈവേയുടെ ഈ പഞ്ചായത്തിലുള്ള ദൂരം 21 കിലോമീറ്ററാണ്. നവംബർ മാസം മുതൽ, വെള്ളികുളം മുതൽ കിഴക്കോട്ടുള്ള മലഞ്ചെരുവുകളിൽ കാട്ടുചെടികളും, കാട്ട് ഓർക്കിഡുകളും, പ്രദേശത്തിനാകെ മനോഹാരിത പകരുന്നു. ഈ പ്രദേശത്തുള്ള മലഞ്ചെരുവുകളിൽ ഇല്ലി, ഈറ, ഒട്ടൽ മുതലായവ വ്യാപകമായി വളർന്നു വന്നിരുന്നു. മീനച്ചിൽ നദിയുടെ ആവാഹ പ്രദേശമായ ഈ പ്രദേശത്ത് ഒരു കാലത്ത് പാഴ്മരങ്ങളും ധാരാളമായി വളർന്നു നിന്നിരുന്നു.

നല്ല മണ്ണും അനുയോജ്യമായ കാലാവസ്ഥയും ഈ പ്രദേശത്ത് വൈവിധ്യമാർന്ന, വൃക്ഷജനസ്സുകളും വളരുന്നതിനു കാരണമായിട്ടുണ്ട്, വന പ്രദേശങ്ങളിൽ കാണപ്പെടുന്ന വീട്ടി, തേക്ക്, ഇരുൾ, കറവേങ്ങ, പാല, മരുത്, കരിമരുത്, കടമ്പ്, മുള്ളുവേങ്ങ തുടങ്ങി എല്ലാവിധത്തിലുള്ള വൃക്ഷജനങ്ങളും, നൂറുകണക്കിനു ഔഷധസസ്യങ്ങളും, ഇവിടെ നിലവിലുണ്ടായിരുന്നു. കൃഷി വ്യാപകമായതോടെ, ഇവയിൽ പലതും, ദീർഘവീക്ഷണമില്ലാതെ വെട്ടിനശിപ്പിക്കപ്പെട്ടു. എങ്കിലും, ഇവ ഇന്നും, പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കാണപ്പെടുന്നുണ്ട്.

മൂന്നു ദശാബ്ദങ്ങൾക്കു മുമ്പ് മലഞ്ചെരുവുകളിൽ വ്യാപകമായിരുന്ന മരച്ചീനികൃഷിയും തത്വദീക്ഷയില്ലാതെ നടത്തിയ പാഴ്മരങ്ങളുടെ കരിക്കലും മൂലം അതിഭീമമായ മണ്ണൊലിപ്പ് ഈ മേഖലയിൽ ഉണ്ടാക്കിയിട്ടുണ്ട്. കുത്തനെയുള്ള ചെരുവുകളിൽ ദീർഘവീക്ഷണമില്ലാതെയും മണ്ണുസംരക്ഷണ നടപടികൾ സ്വീകരിക്കാതെയുമുള്ള കൃഷിയും ഇതിനു കാരണമായിട്ടുണ്ട്.

ഈ പ്രദേശത്ത് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന, വെരുക്, തേവാംഗം പോലുള്ള അപൂർവ്വ ജന്തുസ്സുകളിൽപ്പെട്ടവയുൾപ്പെടെ അണ്ണാൻ, അരണ, ഓന്ത് മരപ്പട്ടി, കാട്ടുപാക്കാൻ, കുറുക്കൻ തുടങ്ങിയ മൃഗങ്ങളും, കാവി, ഇരട്ടവാലൻ, മൈന, തത്ത, പുള്ള്, മാടത്ത, പച്ചില കട്ടക്ക, ഓലേഞ്ഞാലി, മരംകൊത്തി, കരിയിലപ്പിടി, എറിയൻ, പരുന്ത് തുടങ്ങിയ ഇനം പക്ഷികളും കാണപ്പെടുന്നുണ്ട്.

ഗാന്ധിജി പറഞ്ഞു.

- ★ ഗ്രാമങ്ങളുടെ ഭരണം നടത്തേണ്ടത് പഞ്ചായത്ത് ആയിരിക്കണം.
- ★ ജനങ്ങൾ സ്വാശ്രയശീലനും സ്വയം പര്യാപ്തതയും ഉള്ളവരായിരിക്കണം.
- ★ ഓരോ ഗ്രാമവും ആവശ്യമുള്ള ഭക്ഷണവും, വസ്ത്രവും ഉണ്ടാക്കണം.
- ★ ഓരോ ഗ്രാമത്തിലും കളിസ്ഥലവും വിദ്യാലയവും കുടിനീർസൗകര്യവും ഉണ്ടായിരിക്കണം.
- ★ എല്ലാ സാമ്പത്തികപ്രശ്നങ്ങളും സഹകരണാടിസ്ഥാനത്തിലായിരിക്കണം.
- ★ ഭരണം വികേന്ദ്രീകരിക്കുമ്പോഴെ ജനാധിപത്യസ്വഭാവം ഉണ്ടാവുകയുള്ളു.

3 II

ജന പ്രകൃതി

1991-ലെ സെൻസസ് കണക്കനുസരിച്ച് തീക്കോയി പഞ്ചായത്തിന്റെ ജനസംഖ്യ 10272 ആണ്. അതിൽ പുരുഷന്മാർ 5127 സ്ത്രീകൾ 5145. 1000 പുരുഷന്മാർക്ക് 1003.5 സ്ത്രീകൾ. നമ്മുടെ സംസ്ഥാനത്തും നമ്മുടെ ജില്ലയിലും സ്ത്രീകളുടെ അനുപാതമാണ് കൂടുതൽ. 6 വയസുവരെ പ്രായമുള്ള കുട്ടികളുടെ എണ്ണം 1235 ആണ്. അതിൽ ആൺകുട്ടികൾ 589 പേരാണുള്ളതെങ്കിൽ പെൺകുട്ടികൾ 646 പേരാണ്. പട്ടികവർഗത്തിൽപ്പെട്ടവർ 358 പേരുള്ളതിൽ 169 പേർ പുരുഷന്മാരും 189 പേർ സ്ത്രീകളുമാണ്. S. C. വിഭാഗത്തിൽപ്പെട്ടവർ 408 പേർ ഉള്ളതിൽ പുരുഷന്മാർ 211 പേരും സ്ത്രീകൾ 197 പേരുമാണ്. 91-ലെ കണക്കനുസരിച്ച് സാക്ഷരരായ പുരുഷന്മാർ 3915 ഉം സ്ത്രീകൾ 3771 ഉം ആണ്. എന്നാൽ സാക്ഷരതയുടെ ഒന്നും രണ്ടും ഘട്ടം പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ നമ്മുടെ പഞ്ചായത്ത് 95% സാക്ഷരത നേടിക്കഴിഞ്ഞു. വിദ്യാഭ്യാസരംഗത്ത് ജില്ലയിൽ മുൻപന്തിയിൽതന്നെ നിൽക്കുന്ന ഒരു പഞ്ചായത്താണ് തീക്കോയി. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഇവിടെ ഒരു പ്രശ്നം തന്നെയാണ്. ഏതു തൊഴിലിലും ഏർപ്പെടുന്നതിനുള്ള ഒരു സന്നദ്ധത അഭ്യസ്തവിദ്യരിൽ കുറവായികാണുന്നു. അതുകൊണ്ട് കൂടുതൽ അദ്ധ്വാനം ആവശ്യമുള്ള പല തൊഴിൽ മേഖലകളും മറുദേശക്കാരായ തൊഴിലാളികൾ കയ്യടക്കുന്നു. മറ്റു കൃഷികൾ കുറയുകയും റബർകൃഷി വ്യാപകമാവുകയും ചെയ്തതോടെ കാർഷികരംഗത്തെ തൊഴിലവസരങ്ങൾ കുറഞ്ഞിരിക്കുന്നു. അതിനാൽ സ്ത്രീകൾക്ക് തൊഴിൽ ലഭ്യത കുറവായി.

ജാതി, മതാധിഷ്ഠിതമായ ഉച്ചനീചത്വങ്ങൾ ഇവിടെയില്ല. സാമൂഹ്യരംഗത്തും തുല്യതാബോധത്തോടെ ജനങ്ങൾ പെരുമാറുന്നു.

3 III

ജല പ്രകൃതി

വർഷത്തിൽ ശരാശരി 3398 മി. മീറ്റർ മഴ ലഭിക്കുന്ന ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്നത്. എന്നാൽ കുറച്ചുനാളുകളായി മഴയുടെ പെയ്ത്തിന് കുറെയെല്ലാം കാലമാറ്റം കാണുന്നുണ്ട്. മഴകുറവുള്ള കാലഘട്ടം ഫെബ്രുവരി, മാർച്ച് മാസങ്ങളാണ്. പഞ്ചായത്തിന്റെ ഏതാണ്ടു മധ്യഭാഗത്തുകൂടി തീക്കോയി ആറ് ഉത്ഭവിച്ച് ഒഴുകുന്നു. ഓരോ പ്രദേശത്തും ചെറിയ തോടുകൾ ഉണ്ട്. കുളങ്ങൾ പേരിനുമാത്രമെയുള്ളു. ഈ ഗ്രാമത്തിലെ വലരികളിലെയും, തോടുകളിലെയും, ആറിലെയും വെള്ളം മാലിന്യം കലരാത്ത തെളിനീരായിരുന്നു. എന്നാൽ ക്രീപ്പുമില്ലുകളിൽനിന്നും റബർ ഫാക്ടറികളിൽനിന്നുമുള്ള മാലിന്യങ്ങൾ ഈ വെള്ളത്തെ മാലിന്യമാക്കുന്നു. വേനൽക്കാലത്ത് ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ഇവിടെ അധികവും. അതിനാൽ കുടിവെള്ള ലഭ്യതക്കുവേണ്ടിയുള്ള പദ്ധതികൾ പൂർത്തീകരിക്കേണ്ട ആവശ്യം ഇവിടെ ഒന്നാം സ്ഥാനമർഹിക്കുന്നു. നഞ്ച്, തോട്ടാ തുടങ്ങിയവയുടെ പ്രയോഗം വഴി നമ്മുടെ വെള്ളത്തിനും, മത്സ്യസമ്പത്തിനും നാശം വരുത്തുന്നതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സാമൂഹിക സാമ്പത്തിക മേഖല



കൃഷിയും ജലസേചനവും

കോട്ടയം ജില്ലയിൽ ഈരാറ്റുപേട്ട ബ്ലോക്കിൽ ഉൾപ്പെട്ട മനോഹരമായ പ്രദേശമാണ് തീക്കോയി ഗ്രാമപഞ്ചായത്ത്. വൈരുദ്ധ്യമാർന്ന പ്രകൃതികൊണ്ടും, വൈവിധ്യമാർന്ന കൃഷി രീതികൾ കൊണ്ടും വളരെ സവിശേഷതകൾ നിറഞ്ഞ ഈ പ്രദേശം, സമുദ്രനിരപ്പിൽ നിന്നും 500 അടിമുതൽ 3000 അടിവരെ ഉയർന്ന സ്ഥലങ്ങളാൽ ചുറ്റപ്പെട്ടതാണ്. പഞ്ചായത്തിന്റെ കിഴക്കുഭാഗം പ്രസിദ്ധ വിനോദസഞ്ചാര കേന്ദ്രമായ വാഗമൺ മലനിരകളാൽ ചുറ്റപ്പെട്ടു കിടക്കുമ്പോൾ, പെറിയ മൊട്ടക്കുന്നുകളും ഭംഗിയേറിയ സമതലപ്രദേശങ്ങളും പടിഞ്ഞാറ് ഭാഗത്തിന് ആകർഷണീയത നൽകുന്നു. തെക്ക് ഭാഗം മനോഹരമായ മലമടക്കുകളും പല വിധമായ കൃഷിയിടങ്ങളാലും സമൃദ്ധമാകുന്നു. പഞ്ചായത്തിന്റെ വടക്കുഭാഗം മീനച്ചിലാറിന്റെ കൈവഴികളായ തീക്കോയി ആറിന്റെയും കളത്തുക്കടവ് ആറിന്റെയും സംഗമസ്ഥാനമാണ്.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളായ വഴിക്കടവ്, കാരികാട്, വെള്ളികുളം, കട്ടുപ്പാറ മുതലായ പ്രദേശങ്ങളിൽ കുരുമുളക്, ഏലം, ഗ്രാമ്പൂ, ജാതി, ഇഞ്ചി, മഞ്ഞൾ, കറുവ, സർവ്വസുഗന്ധി തുടങ്ങിയ സുഗന്ധവർഗ്ഗ വിളകൾ സമൃദ്ധമായി വളരുന്നു. കൂടാതെ നാണ്യവിളകളായ കാപ്പി, തേയില, കമുക്, തെങ്ങ്, കശുമാവ് എന്നിവയും പെറിയതോതിൽ റബർ കൃഷിയും കണ്ടുവരുന്നു. ഇതിനുപുറമെ ശീതകാല പച്ചക്കറികളായ കാബേജ് (മൊട്ടക്കൂസ്), ഉരുളക്കിഴങ്ങ്, തക്കാളി, കാരറ്റ്, ബീൻസ്, കോളിഫ്ളവർ എന്നിവ വളരെ നന്നായി വളരുന്ന പ്രദേശങ്ങളാണിത്. ജില്ലയിൽ ശീതകാല പച്ചക്കറികൾ വളരുന്ന ഏക പഞ്ചായത്ത് എന്ന നിലയിൽ തീക്കോയി ഗ്രാമപഞ്ചായത്ത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. പഞ്ചായത്തിലെ മാവടി പ്രദേശങ്ങൾ 'പുവന്നഗ്രാനൈറ്റ് പാറ'കളാൽ സമൃദ്ധമാണ്. കൂടാതെ നാണ്യവിളകളായ റബ്ബർ, തെങ്ങ്, കശുമാവ്, കമുക് എന്നിവയും ഇവിടെ സമൃദ്ധിയായി വളരുന്നു. വേലത്തുശ്ശേരി, കല്ലം ഭാഗങ്ങൾ നാണ്യവിളകളായ റബ്ബർ, കൊക്കൊ, തെങ്ങ്, കുരുമുളക് എന്നിവയാൽ സമൃദ്ധമാണ്. മംഗലം, മംഗളഗിരി എന്നിവിടങ്ങളിൽ റബ്ബർ, കുരുമുളക് എന്നിവ സമൃദ്ധിയായി വളരുന്നു. പഞ്ചായത്തിന്റെ സമതലപ്രദേശങ്ങളായ തീക്കോയി, വളവനാർകുഴി, ഞണ്ടുകല്ല് (ആറ്റിങ്ങൽപ്പാവ്), ആനയിളപ്പ്, തലയിണക്കര എന്നിവിടങ്ങളിൽ പ്രധാനമായും റബ്ബർ കൃഷിയാണെങ്കിലും നാണ്യവിളകളായ കൊക്കൊ, ഗ്രാമ്പൂ, കമുക്, കുരുമുളക് എന്നിവയാലും സമൃദ്ധമാണ്. ഇതിനെല്ലാം പുറമെ വറ്റാത്ത ധാരാളം കുളങ്ങളും ഉണ്ടായിരുന്ന പ്രദേശങ്ങളാണിവ.

വൈവിധ്യമാർന്ന പരമ്പരാഗത കൃഷികൾക്കുപുറമെ പ്രധാന വനവൃക്ഷങ്ങളായ ഈട്ടി, തേക്ക്, ആനി, പ്ലാവ്, മഹാഗണി, മുള്ളുപേങ്ങ, മരുത് തേന്മാവ് (കരിമരുത്), കമ്പകം, കുമ്പിൾ, വെൺതേക്ക് (വെള്ളിലാവ്), ഇരുൾ (ഇരുൾ), പയ്യാനി, ഇലവ്, പാലമരം തുടങ്ങിയവധാരാളമായി കണ്ടുവരുന്നു. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അപൂർവ്വവൃക്ഷങ്ങളായ, കാനകമുക്, ആഴത്തിൽ തെങ്ങ് എന്നിവും ഇവിടങ്ങളിൽ കണ്ടുവരുന്നു. ഈർപ്പം കൂടുതലുള്ള മലയിടുക്കുകളിൽ കാണുന്ന വൃക്ഷങ്ങളാണിവ. എടന (വഴന), ചുറ്റിന്ത്, കുളമാവ് എന്നീ വൃക്ഷങ്ങളും പലതരത്തിലുള്ള അപൂർവ്വ ഔഷധ സസ്യങ്ങളും പഞ്ചായത്തിൽ കണ്ടുവരുന്നു. പ്രമേഹം,പലതരം ഉഷ്ണരോഗങ്ങൾ എന്നിവക്ക് സിദ്ധൗഷധമായ കല്ലുവാഴ (മഴവാഴ)യും ഈ പഞ്ചായത്തിന്റെ പ്രത്യേകതകളാണ്.

വളരെ നന്നായി മഴലഭിക്കുന്നപ്രദേശങ്ങളാണിവിടം. പഞ്ചായത്തിന്റെ സമതലപ്രദേശങ്ങളെ അപേക്ഷിച്ച് മലയോര പ്രദേശങ്ങളിലാണ് താരതമ്യേന കൂടുതൽ മഴലഭിക്കുന്നത്. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും പ്രദേശത്തുലഭിക്കുന്ന മഴയുടെ ഏകദേശ രൂപം നമുക്ക് ലഭിക്കുന്നു.

1987_88	1988_89	1989_90	1990_91	1991_92	1992_93
25 മില്ലീ മീറ്റർ	30 മില്ലീ മീറ്റർ	29 മില്ലീ മീറ്റർ	32 മില്ലീ മീറ്റർ	26 മില്ലീ മീറ്റർ	33 മില്ലീ മീറ്റർ

അവലംബം: ലാൻഡ് റിസോഴ്സസ് ഓഫ് കേരള

മഴക്കാലങ്ങളിൽ അടിക്കടിയുണ്ടാകുന്ന ഉരുൾപൊട്ടൽ, വഴിക്കടവ്, കാരികാട്, വെള്ളിക്കുളം, കട്ടപ്പാറ പ്രദേശങ്ങളിലെ കാർഷിക മേഖലയെ സാരമായി ബാധിക്കുന്നു. വേനൽക്കാലങ്ങളിൽ രൂക്ഷമായ ഉണക്കും ജലക്ഷാമവും അനുഭവപ്പെട്ട് കാണുന്നു. ഡിസംബർ_ജനുവരി മാസങ്ങളിൽ രൂക്ഷമായി ആഞ്ഞടിക്കുന്ന വേനൽകാറ്റ് കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുന്നു. മണ്ണിലെ ജലാംശം നഷ്ടപ്പെടുന്നതോടൊപ്പം കാർഷികവിളകളുടെ പ്രകാശ സംശ്ലേഷണശേഷി നശിപ്പിച്ച് ഉല്പാദനം കുറയാൻ ഇത് ഇടയാക്കുന്നു. ഗണ്യമായ തോതിൽ മണ്ണൊലിപ്പിനും ഇത് ഇടയാക്കുന്നുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ മലയോരങ്ങളിൽ ഉണ്ടാകുന്ന കാട്ടുതീ ഫെബ്രുവരി_മാർച്ച് മാസങ്ങളിൽ കാർഷികമേഖലയിൽ വമ്പിച്ച നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. പ്രദേശത്തെ ജനസംഖ്യയിൽ ഭൂരിഭാഗവും ചെറുകിട കർഷകരാണെന്ന് മനസ്സിലാക്കാം.

ഭൂവിനിയോഗം

തീക്കോയി ഗ്രാമപഞ്ചായത്തിലെ കൃഷിസ്ഥലം, പൂഞ്ഞാർ സ്വരൂപത്തിൽനിന്നും, ജന്മിമാരിൽ നിന്നും കിളച്ചുപാതിക്കായി കർഷകന് ലഭിച്ചതായി ചരിത്രത്തിൽ നിന്ന് മനസിലാക്കാം. തീക്കോയി റബ്ബർതോട്ടത്തിന്റെ വക കുറെസ്ഥലം കർഷകർ കൈയ്യേറിയതായും കാണുന്നു തങ്ങൾക്ക് കിട്ടിയ സ്ഥലം, കർഷകർ കാടുവെട്ടിത്തെളിച്ച് നെല്ല്, കപ്പ, മുതിര തുടങ്ങിയ ഹ്രസ്വകാല വിളകൾ (കുറുംപൂപ്പ് കൃഷി) കൃഷിചെയ്തു. ഇപ്രകാരം വെട്ടിത്തെളിച്ച കാട് തീയിട്ട് ചുട്ടെരിച്ചതിനുശേഷമായിരുന്നു കർഷകർ കൃഷിയിറക്കിയിരുന്നത്.

തീക്കോയി പഞ്ചായത്തിന്റെ ആകെവിസ്തൃതി 27.19 ചതുരശ്രകിലോമീറ്ററാണ്. ഭൂരിഭാഗവും ചെറുകിടകർഷകരാണെങ്കിലും, വൻകിട, പരിമിത കർഷകരും ഉണ്ട്. പഞ്ചായത്തിലെ പൊതുവിലുള്ള ഭൂവിനിയോഗത്തിന്റെ കണക്ക് താഴെ പറയും പ്രകാരമാണ്.

1) പുരയിടം_3147.012 ഹെക്ടർ

2) നിലം _ ഇല്ല.

3) പുറമ്പോക്ക്_346.65 ഹെക്ടർ

4) കൃഷിയോഗ്യമായ തരിശുഭൂമി_108.48 ഹെക്ടർ.

ഓരോ കൃഷിയുടെയും വിളതിരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു. പ്രധാനവിളകളുടെ കാര്യം മാത്രമെ സൂചിപ്പിച്ചിട്ടുള്ളു.

ക്രമ നമ്പർ	വിളയുടെ പേര്	വിസ്തീ: ഹെക്ടർ	ശരാശരി ഉല്: പാദനം ഹെ:ന്	ഉല്പാദന ക്ഷമത
1	റബ്ബർ	250 ഹെ	500 കി. / ഹെ	800 കി / ഹെ
2	തെങ്ങ്	193 ഹെ	2500 Num / ഹെ	3000 കി Nu / ഹെ
3	കുരുമുളക്	110 ഹെ	200 കി. / ഹെ	250 കി / ഹെ
4	തേയില	74 ഹെ	1000 കി / ഹെ	1100 കി / ഹെ
5	കാപ്പി	185 ഹെ	300 കി / ഹെ	375 കി / ഹെ
6	കമുക്	36 ഹെ	10000	11000/ ഹെ
7	മരച്ചീനി	94 ഹെ	10000 കി / ഹെ	11000 കി /ഹെ
8	വാഴ	78 ഹെ	4000 കി / ഹെ	4500 കി / ,,
9	കശുമാവ്	5 ഹെ	300 കി / ഹെ	350 കി / ,,

അവലംബം: കൃഷിഭവൻ രേഖകൾ

ചുവന്ന നിറത്തോടുകൂടിയ വെട്ടുകൽമൺപ്രദേശങ്ങളാണിവിടെ ഭൂരിഭാഗവും. എങ്കിലും പഞ്ചായത്തിന്റെ കിഴക്കൻമേഖലകളിൽ ഫലഭൂയിഷ്ഠമായ കറുത്ത മണ്ണാണ്. എന്നാൽ വഴിക്കടവ്, കുരിശുമല ഭാഗങ്ങളിൽ താരതമ്യേന വളക്കൂറുകുറഞ്ഞ മണ്ണും, ചെങ്കല്ലും നിറഞ്ഞ ചുവന്ന മണ്ണാണ്. മനോഹരമായ പുൽമേടുകളും നിറഞ്ഞ പ്രദേശമാണിത്. വ്യാവസായികാടിസ്ഥാനത്തിൽ കാലിവളർത്തലിനുപറ്റിയ സ്ഥലമാണിത്. ശാസ്ത്രീയമായി ആസൂത്രണം ചെയ്ത ഒരു കന്നുകാലിഫാം ഇവിടെ പ്രവർത്തിച്ചുവരുന്നു. റബർ കൃഷിയുടെ ആവിർഭാവം പരമ്പരാഗത കാർഷിക മേഖലയെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാതെ വയ്യ. റബർ കൃഷിക്ക് അനുയോജ്യമല്ലാത്ത കൊക്കവളവ്, കാരികാട്, വെള്ളിക്കുളം പ്രദേശങ്ങളിൽ കാണുന്ന റബർ തോട്ടങ്ങൾ ഇതിനുദാഹരണമാണ് ഇവിടങ്ങളിൽ മറ്റുപ്രദേശങ്ങളിലെപ്പോലെ റബർകൃഷി ലാഭകരമല്ലതാനും. സമ്മിശ്ര കൃഷിസമ്പ്രദായം ഈ ഭാഗങ്ങളിൽ വ്യാപിച്ചുകാണുന്നത് ശുഭോദർക്കമായ ഒരുകാര്യമാണ്.

കമുകിൻ തോട്ടത്തിൽ കുരുമുളക്, ഗ്രാമ്പൂ ഇവ ഇടവിളയായി വളരുന്നു. കൂടാതെ മറ്റു ഹ്രസ്വകാലവിളകളായ മരിച്ചീനി, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയവയും വളരുന്നു. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മൂലം ഫലപ്രദമായ ജലസേചന മാർഗ്ഗങ്ങൾ സാദ്ധ്യമല്ലാത്തതിനാൽ പൂർണ്ണമായും മഴയെ ആശ്രയിച്ച് നടത്തുന്ന കൃഷിക്കാണ് പ്രാധാന്യം. മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി, മണ്ണും ജലവും സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ കർഷകരിൽ കണ്ടുവരുന്നു. എന്നാൽ ഈ ഭാഗത്ത് ഇനിയും, ഫലപ്രദമായ ഒരു കർഷക മുന്നേറ്റം നടത്തുവാൻ സാധിച്ചിട്ടില്ല. ഉൽപ്പാദനോപാധികളിൽ പ്രധാനപ്പെട്ട ഘടകങ്ങൾ എന്ന നിലയിൽ മണ്ണും, ജലവും കൂടുതൽ ഫലപ്രദമായി സംരക്ഷിക്കപ്പെടേണ്ടത് അത്യാവശ്യമാണ്, പഞ്ചായത്തിൽ ആകെയുള്ള കൃഷിയിടങ്ങളുടെ ഭൂവിനിയോഗരീതി തികച്ചും ശാസ്ത്രീയമാണെന്ന് പറഞ്ഞുകൂടാ.

നെൽക്കൃഷി

ജില്ലയിൽ നെൽകൃഷി തീരെയില്ലാത്ത പഞ്ചായത്തുകളിൽ ഒന്നാണ് തീക്കോയി ഗ്രാമ പഞ്ചായത്ത് എന്നാൽ ഈ പ്രദേശത്ത് പരമ്പരാഗതമായി നെൽകൃഷിചെയ്തിരുന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. നല്ല നെൽവയലുകളായിരുന്ന നെല്ലുവേലിപ്പാടം, പരവൻപറമ്പിൽ പാടം, പുതിയത്തുപാടം എന്നിവ കാലാന്തരത്തിൽ റബർകൃഷിക്ക് വഴിമാറികൊടുത്തു. ഇവിടെങ്ങളിൽ 'കൂട്ടുമുണ്ടകൻ' എന്നൊരു പരമ്പരാഗത കൃഷിരീതിതന്നെ നിലനിന്നിരുന്നു. മൂപ്പുകുറഞ്ഞ വിത്തിനവും, മൂപ്പുകൂടിയ വിത്തിനവും ഒരുമിച്ച് കൃഷിചെയ്യുന്നരീതിയാണിത്. ഇതിൽ മൂപ്പുകുറഞ്ഞ ഇനം ആദ്യ കൊയ്ത്തിനു പാകമാകുമ്പോൾ മൂപ്പുകൂടിയ ഇനം പകുതിവളർച്ച ആകുന്നു.

നെല്ല് കരകൃഷിയായും ചെയ്തിരുന്നു. ഇതിൽ 'മോടൻ' എന്നും വിരിപ്പ്' എന്നും രണ്ടുതരത്തിലുള്ള വിത്തുകളം ഉപയോഗിച്ചിരുന്നു. 'പടുവിഴിയൻ' (ചെറുതും വലുതും) മോടൻ, പാണ്ടിമോടൻ, കരികിലമോടൻ വെള്ളച്ചി എന്നിവ പ്രധാന മോടൻ ഇനങ്ങളായിരുന്നു. വിരിപ്പിനങ്ങളിൽ പ്രധാനപ്പെട്ടവ 'ആര്യൻ', ഈററപ്പെരുവാഴ, ചുവലപ്പെരുവാഴ, വെരികൻ, കല്ലൻ, കുറിഞ്ഞി, പൊട്ടൻകുറിഞ്ഞി, ചെമ്പാവ്, ജീരകചെമ്പാവ് എന്നിവയായിരുന്നു. എല്ലാ ഇനങ്ങളും ചുവന്ന നിറത്തോടുകൂടിയ തവിടോടുകൂടിയവ ആയിരുന്നു. ഇതിനുപുറമെ'കൊളപ്പാല' പെരികല മൂത്താനി' എന്നിവ കരകൃഷിക്ക് പറ്റിയ മറ്റു രണ്ടിനങ്ങളം ആയിരുന്നു. ഇതിൽ കൊളപ്പാല എന്ന മൂപ്പുകുറഞ്ഞയിനം മീനമാസത്തിൽ വിതച്ച് കർക്കിടകത്തിൽ കൊയ്യുന്നു. അങ്ങനെ വീട്ടിലെല്ലാവരുംചേർന്ന് വളരെ ആഹ്ളാദത്തോടെ 'പുത്തരി ഊണ്' ഉൽസവമായി നടത്തിയിരുന്നു. അടുത്തവിതക്ക് മൂമ്പായി അതേ സ്ഥലത്ത് പയർ, മുതിര എന്നീ കൃഷികളം ചെയ്തിരുന്നു. ഇപ്രകാരം നെൽകൃഷി ചെയ്യുമ്പോൾ പ്രത്യേകം 'കിളപ്പാട്ടുകളം' പോലും ഉണ്ടായിരുന്നു. വളരെ താളലയത്തോടുകൂടി കർഷകർ എല്ലാവരും ഒരുമിച്ച്ചേർന്നാണ് ഈ പാട്ടുകളം പാടിയിരുന്നത്. ഇപ്രകാരം കിളപ്പാട്ടുകളം പാടി കിളച്ച് നിലമൊരുക്കുന്നതിന് 'പൂണ്ടൻകിള' എന്നാണ് പറഞ്ഞിരുന്നത്, ഇന്നത്തെ കൂട്ടുകൃഷി സമ്പ്രദായത്തിന്റെ മാതൃകയിൽ 'മാററാരം' പണി സമ്പ്രദായമാണ് ആക്കാലങ്ങളിൽ നിലനിന്നിരുന്നത്. ഇങ്ങനെ നെല്ല് വിതയ്ക്കുമ്പോൾ തുവര, കുറുമ്പുല്ല് (പഞ്ഞപ്പുല്ല്) എന്നിവ ഇടവിളയായി കൃഷിചെയ്തിരുന്നു. അതായത് കൃഷിയിടങ്ങൾക്ക് യോജിച്ച വിത്തിനങ്ങളം പ്രത്യേകം തിരഞ്ഞെടുത്താണ് കർഷകർ ഇപ്രകാരം കൃഷിചെയ്തിരുന്നത്.

പരമ്പരാഗത ജൈവപ്രയോഗ രീതികളം നടപ്പിലാക്കുവാൻ കർഷകർ ശ്രമിച്ചിരുന്നു എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. മേൽപ്പറഞ്ഞ നെല്ലിനങ്ങളെല്ലാം നല്ല രോഗ-കീടപ്രതിരോധശേഷിയുള്ളവ ആയിരുന്നു. ഏല്ലായിനങ്ങളും പൊക്കം കൂടിയ ഇനങ്ങളായിരുന്നു, നെല്ലിന്റെ ചാഴിയായിരുന്നു ചെടികളെ ആക്രമിച്ചിരുന്ന പ്രധാന കീടം. ഈത്തിൽചക്ക കീറിവയ്ക്കുക, കറവേങ്ങയുടെ തൊലിവെട്ടി കമ്പിൽ നാട്ടിനിർത്തുക തുടങ്ങിയ പ്രതിരോധ മാർഗ്ഗങ്ങളം ചാഴിക്കെതിരെ കർഷകർ ചെയ്തിരുന്നതായി കാണാം എന്നാൽ കാലക്രമേണ നാണ്യവിളകളുടെ, പ്രത്യേകിച്ച് റബറിന്റെ മുന്നേറ്റം ഈ പ്രദേശത്തെ പരമ്പരാഗത നെൽകൃഷിയെ വിസ്മൃതിയിലാഴ്ത്തി. സാങ്കേതികവും, സാമ്പത്തികവുമായ മറ്റു ചില സാഹചര്യങ്ങളം ഇതിനു ആക്കം കൂട്ടി.

റബർ

വളരെക്കാലങ്ങൾക്കുമുമ്പുതന്നെ പഞ്ചായത്തിൽ റബർകൃഷി ഉണ്ടായിരുന്നതായി കാണാം. പഞ്ചായത്തിൽ കാണുന്ന തീക്കോയി റബർതോട്ടംതന്നെ അതിന് ഉത്തമ ഉദാഹരണമാണ്. പ്രദേശത്തെ ഭൂരിഭാഗം സ്ഥലങ്ങളും റബർകൃഷി കയ്യടക്കിയിരിക്കുകയാണ്. ആദ്യകാലങ്ങളിൽ വിത്തു മുളപ്പിച്ചു വളർത്തുന്ന ബീജമരങ്ങളാണ് നടാൻ ഉപയോഗിച്ചിരുന്നത്, എന്നാൽ ഉല്പാദനശേഷി വളരെകുറഞ്ഞ ഇനങ്ങളായിരുന്നു ഇവ, തുടർന്ന് തിരഞ്ഞെടുക്കപ്പെട്ട പോളിക്ലോണുകൾ പ്രചാരത്തിൽവന്നു. 'മലയൻ ക്ലോണൽ', 'പാൽക്കുളം' എന്നിവ ഉദാഹരണങ്ങളം. എന്നാൽ

ഇവയുടെ മേൽത്തരം വിത്തുകളും ശേഖരിക്കാൻ തമിഴ്നാട്ടിലെ മാർത്താണ്ഡം, കന്യാകുമാരി തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ പോകേണ്ടിവന്നു.

ഇന്ത്യൻ റബർഗവേഷണകേന്ദ്രത്തിന്റെ ആവിർഭാവത്തോടുകൂടി റബ്ബർകൃഷി രംഗത്ത് വളരെ ശാസ്ത്രീയവും, നൂതനവുമായ ഗവേഷണങ്ങളും നടക്കുകയുണ്ടായി. തൽഫലമായി അത്യുൽപ്പാദനശേഷിയിള്ള ബഡ്ഡിനങ്ങളും നിലവിൽ വന്നു ആദ്യകാലങ്ങളിൽ RRIM 600 GL-1, GT-1, T 3 R-1 തുടങ്ങിയ ഇനങ്ങളാണ് കൃഷിചെയ്തിരുന്നത്. എന്നാൽ ഏറ്റവും ഉൽപ്പാദനശേഷിയുള്ള ബഡ്ഡിനമായ RRII-105 ന്റെ ആവിർഭാവത്തോടുകൂടി, ഭൂരിഭാഗം കർഷകരും ആ ഇനം റബർ തൈകളും വ്യാപകമായി കൃഷിചെയ്യുവാൻ തുടങ്ങി. ഉൽപ്പാദനരംഗത്ത് ഗണ്യമായവർദ്ധനവ് കൈവരിക്കാൻ ഇതുമൂലം കർഷകർക്ക് സാധിച്ചിട്ടുണ്ട്. റബർ കൃഷിയുടെ അസൂയാവഹമായ മുന്നേറ്റത്തിനു സഹായിച്ചു എന്നുപറയാതെ തരമില്ല. ഇന്നുകാണുന്ന തരത്തിലുള്ള റബർകൃഷി പഞ്ചായത്തിൽ പ്രചരിക്കുവാൻ റബർബോർഡിന്റെ പ്രവർത്തനങ്ങളും കർഷകരിൽ നല്ല സ്വാധീനംചെലുത്തി. എല്ലാകർഷകരും റബർബോർഡിന്റെ സാങ്കേതിക നിർദ്ദേശങ്ങളും അനുസരിച്ചുള്ള ശാസ്ത്രീയ കൃഷിരീതികളാണ് അവലംബിച്ചുവരുന്നത്. എന്നാൽ റബർകൃഷിയുടെ ആവിർഭാവം മറ്റുപലവിളകളെയും പിന്നിലാക്കി എന്ന് പറയാതെവയ്യ. റബറിന്റെ ആഭ്യന്തര ഉൽപ്പാദനരംഗത്ത് മികച്ചനേട്ടം കൈവരിക്കാൻ കഴിഞ്ഞു, റബർ ബോർഡിന്റെ വ്യാപകമായ പ്രവർത്തനം കർഷകരുടെയിടയിൽ ഉണ്ടായതുമൂലം, റബർ കൃഷിയുടെ വ്യാപ്തി ക്രമാതീതമായി വർദ്ധിച്ചതായി കാണാം. പ്രദേശത്തെ വൃക്ഷസമ്പത്തുകളെ നശിപ്പിക്കുവാൻ ഒരളവുവരെ ഇത് കാരണമായി. തൻമൂലം ആനി, പ്ലാവ്, മുതലായ വൻവൃക്ഷങ്ങളും അവയുടെ കൃഷിയിടങ്ങളിൽ നിന്നും അപ്രത്യക്ഷമായി. മാത്രമല്ല ഭൂമിയുടെ ജലസമ്പത്തിനെ റബർകൃഷി സാരമായി ബാധിക്കുന്നതായി കാണുന്നു. ഇതിനെക്കുറിച്ച് വിശദമായ പഠനം ആവശ്യമാണ്.

പല മാരകരോഗങ്ങളും റബർ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു. പിങ്ക്രോഗം (ചീക്ക്), പട്ടമരപ്പ്, പാച്ച്കാൽകർ, അകാലിക ഇലപൊഴിച്ചിൽ ശിഖരം ഉണങ്ങൽ, വേരുചീയൽ പൊടിക്കുമിൾ എന്നിവയാണ് പ്രധാനരോഗങ്ങൾ. ഇതിൽ പൊടിക്കുമിൾരോഗം കിഴക്കൻ മേഖലകളിലാണ് കൂടുതലായി കണ്ടുവരുന്നത്. പ്രതിവിധിയായി ഗന്ധകപ്പൊടി അടിക്കുന്നു. മറ്റുരോഗങ്ങൾക്ക് പരമ്പരാഗതമായി തുരിശുലായനി തന്നെ ഉപയോഗിക്കുന്നു. പഞ്ചായത്തിന്റെ താഴ്ന്നപ്രദേശങ്ങളിൽ കർഷകർ 'മൈക്രോൺ' ഉപയോഗിച്ച് മരുന്നുതളി നടത്തുമ്പോൾ വൻകിടതോട്ടങ്ങളിൽ ഹെലികോപ്ടർ മുഖേനയാണ് മരുന്നുതളിക്കുന്നത്. ചെറുകിട കർഷകർ റോക്കർ സ്പെയർ ഉപയോഗിച്ച് മരുന്നുതളിനടത്തുന്നു.

തെങ്ങ്

പഞ്ചായത്തിലെ ആദ്യകാല വിളകളിൽ പ്രഥമസ്ഥാനം അലങ്കരിച്ചിരുന്നകൃഷിയാണ് തെങ്ങ്. നല്ലയിനം നാടൻ തെങ്ങുകളാണ് കർഷകർ കൃഷിക്കുപയോഗിച്ചിരുന്നത്. കൂടുതൽ ഉയരത്തിൽ വളരുന്നവയും, താരതമ്യേന രോഗപ്രതിരോധ ശക്തി കൂടിയ ഇനങ്ങളുമായിരുന്നു ഇവ. നല്ലയിനം സങ്കരവർഗ്ഗങ്ങളിൽപ്പെട്ട തെങ്ങിൻ തൈകളും, N.E.S. ബ്ലോക്ക്, കൃഷിവകുപ്പ് തുടങ്ങിയ ഗവൺമെന്റ് ഏജൻസികൾവഴി കർഷകർക്ക് ലഭിച്ചുതുടങ്ങിയതോടുകൂടി നാടൻ തെങ്ങിനങ്ങൾക്ക് കർഷകരുടെയിടയിൽ പ്രചാരം കുറഞ്ഞു. T×D, D×T തുടങ്ങിയവ ഉദാഹരണങ്ങളാണ്, എന്നാൽ കുലഒടിച്ചിൽ, രോഗകീടങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ശേഷിക്കുറവ്, ഒന്നിടവിട്ട വർഷങ്ങളിൽ കായ്ക്കുക എന്നീ ദോഷഫലങ്ങളും ഇവയിൽ കണ്ടുവരുന്നു. കൂടാതെ വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് സങ്കരയിനങ്ങൾ യോജിച്ചതല്ല. കൂമ്പുചീയൽ, വേരുചീയൽ, ചെന്നീരൊലിപ്പ്, കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങളും ചെമ്പൻ ചെല്ലി, കൊമ്പൻചെല്ലി തുടങ്ങിയ കീടങ്ങളുടെ ആക്രമണവും ഉൽപ്പാദനരംഗത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ മേഖലയിൽ ആവശ്യമായ തൊഴിലാളികളുടെ ദൗർലഭ്യം, റബർകൃഷിയുടെ കടന്നാക്രമണം ശാസ്ത്രീയമായ ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത എന്നീ കാരണങ്ങളും തെങ്ങുകൃഷിയെ ദോഷകരമായി ബാധിക്കുന്നു.

കുരുമുളക്കൊടി

ആദ്യകാലങ്ങളിൽ പഞ്ചായത്തിൽ തെങ്ങിനോടൊപ്പം പ്രാധാന്യത്തോടുകൂടി കൃഷിചെയ്തിരുന്ന നാണ്യവിളയാണ് കുരുമുളകുകൊടി. പഞ്ചായത്തിന്റെ കിഴക്കൻമേഖലകളിൽ കുരുമുളക് കൃഷിക്കനുയോജ്യമായ കാലാവസ്ഥയും മണ്ണും ആണ് എന്നത് ഈ കൃഷിക്ക് കൂടുതൽ പ്രാധാന്യംകൊടുക്കുന്നു. പ്രാരംഭകാലങ്ങളിൽ പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും വ്യാപകമായുണ്ടായിരുന്ന ഈ കൃഷി ഇപ്പോൾ പ്രധാനമായും കിഴക്കൻ പ്രദേശങ്ങളിലായി ഒതുങ്ങിയിരിക്കുകയാണ്. മറ്റുവിളകളെ അപേക്ഷിച്ച് കൃഷിച്ചെലവ് കുറവ് ഉൽപ്പാദനത്തിലുള്ള കാലദൈർഘ്യക്കുറവ്, ദീർഘകാലം കേടുകൂടാതെ സംഭരിച്ചുവെയ്ക്കുന്നതിനുള്ള കുരുമുളകിന്റെ പ്രത്യേകത, സ്ഥിരതയാർന്ന വിലനിലവാരം എന്നിവ 'കറുത്ത പൊന്നിനെ' ഇപ്പോഴും കർഷകർക്കിടയിൽ പ്രിയതരമാക്കിതീർത്തിരിക്കുന്നു.

പക്ഷേ മാരകരോഗങ്ങളായ ദ്രുതവാട്ടം, സാവധാനവാട്ടം എന്നിവ കൊടികൃഷിയെ ഏറ്റവും പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു, കൂടാതെ കീടങ്ങളായ പൊള്ളുവണ്ട്, ത്രിപ്സ്, ശല്ക്കപ്രാണികൾ, മീലിമൂട്ട എന്നിവയുടെ ആക്രമണങ്ങൾകൊണ്ടും ഗണ്യമായ തോതിൽ ഉൽപ്പാദനം കുറയുന്നു. പ്രധാനമായും ജൈവവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിയാണ് അനുവർത്തിച്ചുകാണുന്നത് നല്ലയിനം നാടൻ ഇനങ്ങളായ കരിമുണ്ട, ജീരകമുണ്ടി, തുലാമുണ്ടി, വെള്ളിമുണ്ടി, നീലമുണ്ടി, പെരുങ്കൊടി, നാരായക്കൊടി, കാണിയക്കാടൻ (വെളുത്ത കാണിയക്കാടൻ, കറുത്തകാണിയക്കാടൻ) എന്നിവയ്ക്കാണ് കർഷകരുടെയിടയിൽ പ്രിയം കൂടുതൽ. ഇതിൽ ഏറ്റവും പ്രിയം കരിമുണ്ടക്കാണ്. സങ്കരയിനമായ പന്നിയൂർ-1 ഉം ചെറിയ തോതിൽ കൃഷി ചെയ്യുന്നു.

കമുക്

തെങ്ങിനോടൊപ്പം പ്രധാനവിളയായി കമുക് കൃഷിചെയ്തിരുന്നതായി മനസ്സിലാക്കാം, ഒരു കാലത്ത് ജില്ലയിലെ തന്നെ പ്രധാന അടയ്ക്കാ വിപണനകേന്ദ്രങ്ങളിൽ ഒന്നായിരുന്നു തീക്കോയി പഞ്ചായത്ത്. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ നിന്നും വ്യാപാരികൾ തീക്കോയി ടൗണിൽ എത്തിയിരുന്നു. എന്നാൽ ഇപ്പോൾ അതുപോലുള്ള വിപണനകേന്ദ്രങ്ങൾ പഞ്ചായത്തിൽ സാധാരണമല്ല. നല്ല നാടൻ ഇനങ്ങളാണ് കൃഷിക്കുപയോഗിച്ചിരുന്നത്. നല്ലയിനങ്ങളായ 'ആര്യങ്കാവ്', കാസർകോടൻ, 'വൈക്കം' എന്നിവയ്ക്കാണ് ഇപ്പോൾ കർഷകരുടെയിടയിൽ പ്രിയം കൂടുതൽ. അത്യുൽപ്പാദനശേഷിയുള്ള വിദേശയിനമായ 'മംഗള' കമുകിൻ തൈകളും കൃഷിചെയ്തുവരുന്നു. എന്നാൽ മതിയായ ജലസേചന സൗകര്യം വേണം എന്നതിനാൽ പ്രിയം താരതമ്യേന കുറവാണ്. കമുക്കൃഷിയെ വളരെ ഗുരുതരമായി ബാധിക്കുന്ന ഒന്നാണ് 'മഹാളി' രോഗം, ഇതിന് പ്രതിവിധിയായി വർഷത്തിൽ രണ്ടുപ്രാവശ്യം തുരിശുലായനി തളിച്ചിരുന്നു ഈ മേഖലയിൽ ആവശ്യത്തിനു തൊഴിലാളികളെ ലഭിക്കാത്തതിനാൽ കർഷകർ രോഗപ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കാറില്ല. ഇതിനുപുറമെ ഉൽപ്പന്നങ്ങളുടെ വിലനിലവാരത്തകർച്ചയും കമുക് കർഷകരെ വിഷമവൃത്തത്തിലാക്കിയിട്ടുണ്ട്.

കശുമാവ്

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളായ കാരികാട്, വെള്ളികുളം, കട്ടുപ്പാറ, തുമ്പശ്ശേരി മുതലായ ഭാഗങ്ങളിൽ കൂടുതലായി കണ്ടുവരുന്നു. നല്ലയിനം നാടൻ തൈകൾ തന്നെയാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. സങ്കരയിനം തൈകൾ കർഷകരാരും തന്നെ ഉപയോഗിച്ചുകാണുന്നില്ല. അത്യുൽപ്പാദനശേഷിയുള്ള തൈകളുടെ ലഭ്യതക്കുറവാണ് പ്രധാന കാരണം, ശാസ്ത്രീയ കൃഷിരീതികളോ, വളപ്രയോഗമോ, മറ്റുകീടനാശിനി പ്രയോഗങ്ങളോ നടത്തിക്കാണുന്നില്ല, കൂമ്പുകരിച്ചിൽ എന്ന രോഗവും, തേയിലക്കൊതുക് എന്ന കീടത്തിന്റെ ആക്രമണവും, ഈ കൃഷിയെ പ്രതികൂലമായി ബാധിക്കുന്നു.

കാപ്പി

പഞ്ചായത്തിലെ പഴക്കമേറിയ നാണ്യവിളകളിലൊന്നാണ് കാപ്പി. ഈ പ്രദേശങ്ങളിൽ ജനവാസം ഉണ്ടായകാലം മുതൽതന്നെ കാപ്പിക്കൃഷിയുണ്ടായിരുന്നതായികാണാം. 'തിരുവിതാം കൂർ റോബസ്റ്റ' എന്ന നാടൻ ഇനമാണ് ആദ്യകാലങ്ങളിൽ കൃഷിചെയ്തിരുന്നത്. അറബിക്കാ, എക്സൽസ്യാ, സാൻഡ്രൂ, കാവേരി എന്നീയിനങ്ങളും കൃഷിചെയ്യുന്നു. പൂർണ്ണമായും കാലാവസ്ഥയെ മാത്രം ആശ്രയിച്ചുനടത്തുന്ന കൃഷിയായതിനാൽ കർഷകർ കാപ്പികൃഷിയെ വേണ്ടത്ര പ്രോൽസാഹിപ്പിച്ചുകാണുന്നില്ല. എന്നാൽ കാരികാട്, വെള്ളിക്കുളം പ്രദേശങ്ങൾ കൃഷിക്ക് അനുയോജ്യമായതിനാൽ പഞ്ചായത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ച്, ഇവിടെങ്ങളിൽ കൂടുതലായി കാപ്പികൃഷി കണ്ടുവരുന്നു.

തെയില

ഈ പ്രദേശത്തിന്റെ എല്ലാഭാഗങ്ങളിലും ആദ്യകാലങ്ങളിൽ തന്നെ തേയിലകൃഷി ചെയ്തിരുന്നു. ഈ മേഖലയിലെ ആദ്യത്തെ തേയിലത്തോട്ടം 'മാവടി' പ്രദേശത്താണ് നിലനിന്നിരുന്നത്. ഇത് 'മാവടിത്തോട്ടം' എന്ന പേരിൽ അറിയപ്പെട്ടു. പഞ്ചായത്തിൽ മൂന്ന് തേയിലഫാക്ടറികളും നിലനിന്നിരുന്നു. രണ്ടെണ്ണം സ്വകാര്യമേഖലയിലും, ഒരെണ്ണം സഹകരണമേഖലയിലും എന്നാൽ ഇപ്പോൾ സഹകരണമേഖലയിലുള്ള ഒരു ഫാക്ടറിമാത്രമെ പ്രവർത്തിക്കുന്നുള്ളു, ഇതും കട്ടെ സഹകരണമേഖലയിൽ ഭാരതത്തിൽ മൂന്നാമത്തേതും, കേരളത്തിൽ ഒന്നാമത്തേതും ആയിരുന്നു, എന്നാൽ ഇന്ന് പ്രധാനമായും കിഴക്കൻമേഖലകളിൽമാത്രം തേയിലകൃഷി കേന്ദ്രീകരിച്ചിരിക്കുന്നു. വളരെ ചുരുക്കമായി പ്രദേശത്തിന്റെ മറ്റുഭാഗങ്ങളിലും കണ്ടുവരുന്നു. പഞ്ചായത്തിലെ വഴിക്കടവ് പ്രദേശങ്ങളിൽ ഉപാസിയുടെ സാമ്പത്തിക സഹായത്തോടുകൂടി വളരെ ശാസ്ത്രീയാടിസ്ഥാനത്തിൽ ചെയ്തിരിക്കുന്ന മേൽത്തരം പ്രദർശന തേയിലത്തോട്ടങ്ങളും കാണുവാൻ സാധിക്കും. ആദ്യകാലങ്ങളിൽ തവാരണങ്ങളിൽ കുരുമുളപ്പിച്ച് തൈകളും ഉൽപ്പാദിപ്പിച്ചിരുന്നു. എന്നാൽ ഇന്ന് അത്യുൽപ്പാദനശേഷിയുള്ള 'കട്ടിംഗ്' തൈകളും ആണ് കൃഷിക്കുപയോഗിക്കുന്നത്. ശാസ്ത്രീയമായ വളപ്രയോഗവും, കീടനാശിനിപ്രയോഗവും കർഷകർ നടത്തിവരുന്നു. ആവശ്യത്തിനു തൊഴിലാളികളെ ലഭിക്കുന്നില്ല എന്നതാണ് തേയിലകൃഷി അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം. ഉൽപ്പന്നത്തിന്റെ വിലക്കുറവ്, മതിയായ വിപണനകേന്ദ്രങ്ങളുടെ അപര്യാപ്തത, തേയിലക്കൊതുകിന്റെ ആക്രമണം, ഇലപ്പൊള്ളൽരോഗം എന്നിവ തേയിലകൃഷിയുടെ മറ്റു പ്രശ്നങ്ങളാണ്.

ഏലം

പഞ്ചായത്തിന്റെ കിഴക്കൻമേഖലകളിൽ മാത്രം ചുരുക്കമായി കൃഷിചെയ്തുവരുന്നു. ശാസ്ത്രീയമായ സംരക്ഷണമുറകളോ, കൃഷിരീതികളോ അവലംബിച്ചുകാണുന്നില്ല, ജലസേചനസൗകര്യത്തിന്റെ അപര്യാപ്തതാണ് ഏറ്റവും വലിയപ്രശ്നം,

കൊക്കോ

പ്രദേശത്ത് കൃഷി ചെയ്തുവരുന്ന പ്രധാന ഇടവിളയാണ് കൊക്കോ. താരതമ്യേന ചിലവ് കുറവും വരുമാനം കൂടുതലുള്ളതുമായ കൃഷി എന്ന പ്രത്യേകത ഇതിനുണ്ട്, ശാസ്ത്രീയ കൃഷിരീതികളും ഇതിനവലംബിച്ചുകാണുന്നില്ല. തെങ്ങ്, കമുക് എന്നീ വിളകൾക്ക് ഇടവിളയായി കൃഷിചെയ്യുന്നു, കായ്പൊഴിച്ചിലാണ് കണ്ടുവരുന്ന പ്രധാനരോഗം, അണ്ണാൻ, എലി എന്നിവയുടെ ഉപദ്രവം മൂലം ഗണ്യമായ തോതിൽ വിളവുകുറയുന്നു. ചിലഭാഗങ്ങളിൽ ശിഖരം ഉണങ്ങിപ്പോകുന്നതായി കാണാം.

ജാതി-ഗ്രാമ്പു

പഞ്ചായത്തിന്റെ എല്ലാപ്രദേശങ്ങളിലും നാമമാത്രമായി കൃഷിചെയ്തുവരുന്നു. മാടന്താനി, നെടുങ്ങഴി, ആറ്റിങ്ങൽപ്ലാവ് എന്നിവിടങ്ങളിൽ ചുരുക്കം ചില കർഷകർ നല്ലരീതി

യിൽ ഇവ കൃഷിചെയ്തുവരുന്നു. വ്യാവസായികാടിസ്ഥാനത്തിൽ ഈ കൃഷികൾ വിജയിച്ചു കാണുന്നില്ല. ഉൽപ്പന്നങ്ങളുടെ വിലയിലുള്ള ഏറ്റക്കുറച്ചിൽ, തൊഴിലാളികളുടെ അഭാവം, ഉയർന്ന കൃഷിച്ചിലവ് ജലസേചനത്തിന്റെ അപര്യാപ്തത എന്നിവയാണ് ഇതിനു കാരണങ്ങൾ.

കിഴങ്ങുവർഗ്ഗങ്ങൾ

മരച്ചീനി (കപ്പ), ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, നനകിഴങ്ങ്, മധുരക്കിഴങ്ങ് (ചീനിക്കിഴങ്ങ്) എന്നിവയാണ് കണ്ടുവരുന്ന പ്രധാന കിഴങ്ങുവർഗ്ഗവിളകൾ. ഇവയിൽ മരച്ചീനിയാണ് പ്രധാനപ്പെട്ടത്. കർഷകരിൽ ഭൂരിഭാഗവും മരച്ചീനി കൃഷിചെയ്തിരുന്നു. ഭക്ഷ്യ ആവശ്യത്തിനുമാത്രമാണ് മരച്ചീനി കൃഷിചെയ്യുന്നത്. ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന മരച്ചീനി വാട്ടി ഉണങ്ങി സൂക്ഷിക്കുന്ന രീതിയാണ് തുടർന്നുപോരുന്നത്. 'സിലോൺ' കപ്പ എന്നപേരിൽ അറിയപ്പെടുന്ന നാടൻ ഇനം വളരെ രുചിയുള്ള ഒന്നാണ്. മുള്ളൻമൂടൻ, ആമ്പക്കാടൻ, ഊരാളിക്കപ്പ (ചുവന്ന ഊരാളി, കറുത്തഊരാളി) അയിരൂർവെള്ള, കാന്താരിപ്പടപ്പൻ എന്നിവയാണ് മികച്ചനാടൻ ഇനങ്ങൾ. കൂടാതെ അത്യുൽപ്പാദനശേഷിയുള്ള ശ്രീവിശാഖ്, ശ്രീസഹ്യ എന്നിവയും അങ്ങിങ്ങായി കൃഷിചെയ്യുന്നു.

എലികളുടെ ശല്യം പരമ്പരാഗത മരച്ചീനികൃഷിയെ വളരെ പ്രതികൂലമായി ബാധിക്കുന്നു. എലിനശീകരണത്തിന് പരമ്പരാഗതമാർഗ്ഗങ്ങളോടൊപ്പം ആധുനിക മാർഗ്ഗങ്ങളും കർഷകർ അവലംബിച്ചുകാണുന്നു. പരമ്പരാഗത മാർഗ്ഗങ്ങളിൽ എലിക്കെണികളുടെ ഉപയോഗം പ്രധാനമാണ്, ഇതിൽ 'അടിച്ചിൽ' പലകകളിച്ചുവയ്ക്കൽ, കണ്ടൻകൃതികയുടെ ഉപയോഗം, എലിവില്ലിന്റെ ഉപയോഗം, കൊഴകളിച്ചുവയ്ക്കുക എലിപ്പെട്ടിയുടെ ഉപയോഗം എന്നിവ ഉൾപ്പെടുന്നു. കൂടാതെ മഴക്കാലങ്ങളിൽ കൃഷിയിടങ്ങളിൽ കെട്ടിനിൽക്കുന്നവെള്ളം എലിമടപൊട്ടിച്ച് കയറിയും എലികളെ നിയന്ത്രിക്കുന്നു. കർഷകന്റെ ബദ്ധശത്രുവായ തുരപ്പനെലികളെ ഈ വിധത്തിൽ അകറ്റിനിർത്തുന്നു. ആധുനികമാർഗ്ഗങ്ങളിൽ പ്രധാനം രാസപദാർത്ഥങ്ങളുടെ ഉപയോഗമാണ്, കറുത്തനിറത്തിലുള്ള സിങ്ക്ഫോസ്ഫൈഡ് ആണ് ഇതിൽ പ്രധാനം. കൂടാതെ പലതരത്തിലുള്ള എലിക്കേക്കുകളും ഉപയോഗിക്കുന്നു, എന്നാൽ വാർഫാറിൻ, റോഡാഫാറിൻ പോലുള്ള രാസപദാർത്ഥങ്ങൾ കമ്പോളത്തിൽ ലഭ്യമല്ലാത്തതിനാൽ എലിനശീകരണപരിപാടികൾ സാധിക്കാതെ വന്നു. പഴയകാലങ്ങളെ അപേക്ഷിച്ച് കപ്പകൃഷിചെയ്യുന്ന കർഷകരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. തൊഴിലാളികളുടെ അഭാവം റബർകൃഷിയുടെ മുന്നേറ്റം, എലിശല്യം എന്നിവയാണ് പ്രധാനകാരണങ്ങൾ.

ചെറുകിട കിഴങ്ങുവർഗ്ഗങ്ങളിൽ ചേനയ്ക്കാണ് പ്രഥമസ്ഥാനം. നാട്ടിൽ ലഭ്യമായ നാടൻ ഇനങ്ങളാണ് സാധാരണയായി കൃഷിചെയ്യുന്നത്. കാച്ചിൽ ഇനങ്ങളിൽ നീലക്കാച്ചിൽ, നേത്തിൽ വളവൻ എന്നിവയാണ് മികച്ചയിനങ്ങൾ, ചേമ്പിനങ്ങളിൽ താമരക്കണ്ണൻ, കുഴിനിറയൻ, കൊട്ടച്ചേമ്പ്, ചീമച്ചേമ്പ് എന്നിവയാണ് പ്രധാനമായി കൃഷിചെയ്യുന്നത്. ഇതിൽ കൊട്ടച്ചേമ്പ് എന്നയിനം അത്യുൽപ്പാദനശേഷിയുള്ളതാണ്. ചെറുകിഴങ്ങ്, നനകിഴങ്ങ്, മധുരക്കിഴങ്ങ് എന്നിവ നാമമാത്രമായി മാത്രം കൃഷിചെയ്തുവരുന്നു. ഇതുപോലുള്ള ചെറുകിടകിഴങ്ങുവർഗ്ഗങ്ങൾ കൃഷിയിടങ്ങളിൽ നിന്നും പൊതുവെ അപ്രത്യക്ഷമാകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. കൂടാതെ കിഴങ്ങുവർഗ്ഗവിളകളുടെ പ്രത്യേകിച്ച് മരച്ചീനിയുടെ അശാസ്ത്രീയമായ കൃഷിരീതികൾ വളരെയധികം മണ്ണൊലിപ്പ് സാദ്ധ്യതകൾ ഉണ്ടാക്കുന്നതായി കണ്ടിട്ടുണ്ട്.

വാഴ

എല്ലാ കർഷകരും വാഴകൃഷിചെയ്യുന്നതായി കാണുന്നു, ഞാലിപൂവൻ, പാളയൻതോടൻ, കപ്പപൂവൻ, (ചുകപ്പുപച്ച), ചുണ്ടില്ലാക്കണ്ണൻ, ചാരക്കണ്ണൻ, കരിംകദളി എന്നിവയാണ് ലഭ്യമായ നാടൻ ഇനങ്ങൾ, കൂടാതെ പലരോഗങ്ങൾക്കും സിദ്ധൗഷധമായ കദളിവാഴയും നാമമാത്രമായി

കണ്ടുവരുന്നു. ഇതിനുപുറമേ നേന്ത്രൻ, മോറീസ്,റോബസ്റ്റാ, ദന്തപ്പച്ച, പനാംഗ്,ഗ്രോവിഷ് എന്നിവയും ലഭ്യമാണ്, കവിൻറൽവാഴ എന്നറിയപ്പെടുന്ന പ്രത്യേകതരം വാഴകളും കണ്ടുവരുന്നു ടിഷ്യൂകൾച്ചർമൂലം ഉൽപ്പാദിപ്പിക്കുന്ന വാഴതൈകൾക്ക് കർഷകരുടെയിടയിൽ വേണ്ടത്രപ്രചാരം ലഭിച്ചിട്ടില്ല, വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് നേന്ത്രൻ ഇനങ്ങളാണ് ഉപ യോഗിക്കുന്നത്. സാധാരണയായി മഞ്ഞപ്പുഴു, തണ്ടുതുരപ്പൻ പുഴു എന്നിവയുടെ ആക്രമണം വളരെ രൂക്ഷമായി കണ്ടുവരുന്നു, ഇതിൽ തണ്ടുതുരപ്പൽപുഴു പലപ്പോഴും കീടനാശിനികളെ അതിജീവിച്ച് നിയന്ത്രണാതീതമായി കാണപ്പെടുന്നു, കുറുനാമ്പ് രോഗവും വാഴയെ പ്രതികൂ ലമായി ബാധിക്കുന്നു. നേന്ത്രവാഴയ്ക്കുമാത്രമെ രാസവളങ്ങൾ പ്രയോഗിച്ചുകാണുന്നുള്ളു. മറ്റു വാഴകളിൽ പരമ്പരാഗത ജൈവവളപ്രയോഗമാണ് നടത്തുന്നത്.

പച്ചക്കറികൾ

പരമ്പരാഗതമായി കണ്ടുവന്നിരുന്ന പലപച്ചക്കറികളും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടി രിക്കുന്നു. അടതാപ്പ്, അരണപാവൽ' മത്ത, വഴുതന, ചുരയ്ക്ക, ചുണ്ട, കുമ്പളം, നിത്യവഴു തന, വെട്ടുകത്തി, മരപ്പയർ. ചതുരപ്പയർ, വള്ളിവഴുതന എന്നിവ ഉദാഹരണങ്ങളാണ്, തങ്ങ ളുടെ വീട്ടുവളപ്പിൽ സ്വന്തമായി പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്ന പ്രവണത കർഷകരുടെ ഇട യിൽ കുറഞ്ഞുവരുന്നതായി കാണുന്നു. വെണ്ട. പാവൽ. പടവലം, ചീര (ചുവന്നചീര, വെളു ത്തചീര) കോവൽ, മുരിങ്ങ, കറിവേപ്പ്. പയർ (പതിനെട്ടുമണിയൻ, കുരുത്തോല പയർ) എന്നി വയാണ് ഇപ്പോൾ വീട്ടുവളപ്പിൽ കണ്ടുവരുന്ന പച്ചക്കറി ഇനങ്ങൾ,

കൂടാതെ അച്ചാറുണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന പെറുനാരകം, നെല്ലി, കടുകുപ്പുളി, ഇലുമ്പിപുളി എന്നിവയ്ക്കുപുറമെ കടയാനിയും, കടപ്പുളിയും കണ്ടുവരുന്നു. ഇതിനുപുറ മെ പ്രത്യേകപരിചരണം കൂടാതെ പുരയിടങ്ങളിൽ വളരുന്ന നെയ്യുണ്ണി, വത്തൽചുണ്ട, ആനച്ചു ണ്ട എന്നിവയും കണ്ടുവരുന്നു. പരമ്പരാഗത ജൈവവളങ്ങൾ മാത്രം ഉപയോഗിച്ചാണ് പച്ചക്കറി കൾ കൃഷിചെയ്യുന്നത്.

ഔഷധസസ്യങ്ങൾ

പരമ്പരാഗത ഔഷധച്ചെടികൾ പഞ്ചായത്തിൻെറ എല്ലാഭാഗങ്ങളിലും കണ്ടുവരുന്നു. പ്ര ദേശത്തിൻെറ മലയോരമേഖലകൾ ഇത്തരം ഔഷധച്ചെടികളാൽ സമൃദ്ധമാണ്, കുമ്പിൾ, കൂവളം, പാതിരി, പലകപ്പയ്യാനി, കുടകപ്പാല, ആവി, പ്ലാശ്, അഹോരി, കൊടിത്തൂവ, വാതക്കൊടി, വിഷാൽ, അശോകം, നറുനീണ്ടി, ശതാവേരി, സർപ്പഗന്ധി, അമൽപ്പൊരി, അരത്ത, മലയിഞ്ചി കോലിഞ്ചി, കരിംകുറിഞ്ഞി, ഓരില, മൂവില, കൊടുവേലി (വെളുത്തത്, ചുവന്നത്, നീല) തുടങ്ങിയവ ബ്രഹ്മി, വയമ്പ്, ആടലോടകം, അമൃത്, താന്നി, കാളക്കൊഴുവ തുടങ്ങിയവ ഉദാ ഹരണങ്ങളാണ്, എന്നാൽ കർഷകർ ഇവയ്ക്ക് വേണ്ടത്ര പരിചരണമോ ശ്രദ്ധയോ കൊടുത്തു കാണുന്നില്ല. ഔഷധച്ചെടികൾ കൃഷിചെയ്യുന്നതിന് കർഷകർ പൊതുവെ താൽപരരല്ല എന്നു കാണാം.

വളം-വളപ്രയോഗം

പഞ്ചായത്തിൽ ആകെ ഏഴ് വളം ഡിപ്പോകൾ പ്രവർത്തിച്ചുവരുന്നു. അവ താഴെ പറയും പ്രകാരമാണ്.

1) സർവ്വീസ് സഹകരണബാങ്ക്-ഒന്ന്
2) റബർ ഉൽപ്പാദക സംഘങ്ങൾ-അഞ്ച്
3) സ്വകാര്യമേഖലയിൽ ഉള്ളത്-ഒന്ന്

ഇതിൽ റബർ ഉൽപ്പാദക സംഘങ്ങൾ റബർകൃഷിക്കുമാത്രം പ്രാധാന്യം നൽകുമ്പോൾ സർ വ്വീസ് സഹകരണ ബാങ്കും സ്വകാര്യമേഖലയും എല്ലാകർഷകർക്കും സേവനം നൽകുന്നു. കൂടാ

തെ താഴെപറയുന്ന വിവിധ പദ്ധതികളും അനുസരിച്ച് കൃഷിഭവൻവഴി കർഷകർക്ക് വളം ലഭ്യ മാകുന്നു,

1) സമഗ്ര നാളികേര വികസന പദ്ധതി
2) കുരുമുളക് കൃഷി വികസന പദ്ധതി
3) കുരുമുക് പുനരുത്ഥാന പദ്ധതി
4) സമഗ്ര കൊക്കോ വികസന പദ്ധതി
5) സമഗ്ര സുഗന്ധവിള വികസന പദ്ധതി

ശാസ്ത്രീയാടിസ്ഥാനത്തിൽ രാസവളപ്രയോഗം നടത്തുന്നതിനുള്ള പ്രവണത ഭൂരിഭാഗം കർഷകരിലും കാണുന്നില്ല. തന്മൂലം പ്രതീക്ഷിക്കുന്ന വിളവ് ലഭിക്കുന്നില്ല എന്നുമാത്ര മല്ല മണ്ണിന്റെ സ്വഭാവിക ഗുണങ്ങളും ഘടനയും നഷ്ടപ്പെടുന്നു. കർഷകന്റെ സാമ്പത്തിക നഷ്ടം വിളകളുടെ ഉൽപ്പാദന മാന്ദ്യം മണ്ണിന്റെ ജലാഗീകരണശേഷികുറയൽ എന്നിവ ഇതിന്റെ പരിണിതഫലങ്ങളായി കണ്ടുവരുന്നു. തന്മൂലം വിളകൾക്ക് വരൾച്ചയെ ചെറുക്കുന്നതിനുള്ള ശേഷി കുറയുന്നതായി കാണുന്നു.

പരമ്പരാഗത ജൈവവള പ്രയോഗത്തിലും കർഷകർ ശ്രദ്ധചെലുത്തുന്നുണ്ട്, ചാണകം, ചാരം, പച്ചിലവളം, കമ്പോസ്റ്റ് വളം. കോഴി, ആട്, മൃതലായവയുടെ കാഷ്ടം, എല്ലുപൊ ടി, പലവിധത്തിലുള്ള പിണ്ണാക്കുകളും എന്നിവയാണ് ലഭ്യമായ ജൈവവളങ്ങൾ. കമ്പോസ്റ്റ് വള നിർമ്മാണത്തിന് കർഷകരുടെയിടയിൽ പ്രചാരം ലഭിച്ചുതുടങ്ങിയിട്ടുണ്ട്. പാരമ്പര്യേതര ജൈവവളങ്ങളായ ജീവാണുവളങ്ങൾ, മണ്ണിര കമ്പോസ്റ്റ് എന്നിവ അൽപ്പാൽപ്പമായി കർഷക രുടെ ഇടയിൽ പ്രചരിച്ചുതുടങ്ങിയിട്ടുണ്ട്. രാസവളപ്രയോഗത്തിനുശേഷം ചപ്പുചവറുകൾ കൊണ്ട് മണ്ണിൽ പുതയിടുന്ന സമ്പ്രദായവും പ്രചരിച്ചുതുടങ്ങിയിരിക്കുന്നു. കഴിഞ്ഞ ഏതാ നും വർഷങ്ങളിൽ ഈ പഞ്ചായത്തിലുപയോഗിച്ച രാസവളങ്ങളുടെ കണക്ക് താഴെച്ചേർക്കുന്നു.

Sl. No.	ഉപയോഗിച്ച വളം	ഉപയോഗിച്ച അളവ് 1992_93 (Kg)	1993_94 (Kg)	വർഷം 1994_95 (Kg)	തിരിച്ച് 1995_96 (Kg)
1)	ഫാക്ടംഫോസ്	35670	50845	62786	65676
2)	യൂറിയ	15670	30992	33504	44556
3)	മസൂരിഫോസ്	18000	35800	44200	60900
4)	പൊട്ടാഷ്	22684	39480	30844	37076
5)	10:10:4	4100	20800	17000	20400
6)	8:8:16	2200	650	400	250
7)	10:5:20	2500	1100	1600	250
8)	10:10:10	5500	1650	24750	35000
9)	മഗ്നീഷ്യം സൾഫേറ്	418	343	210	606

കീടനാശിനികളും, കുമിൾ നാശിനികളും

പഞ്ചായത്തിലെ ഭൂരിഭാഗം കർഷകരും കീട കുമിൾ നാശിനികൾ ഉപയോഗിക്കുന്നതായും കാണുന്നു. എന്നാൽ ഇവ ഉപയോഗിക്കുന്നതിൽ ശാസ്ത്രീയമായ അവബോധം കർഷകരിൽ കണ്ടുവരുന്നില്ല. വാഴ, റബർ എന്നീ കൃഷികൾക്കാണ് കീട കുമിൾ നാശിനികൾ ഉപയോഗിച്ചു കാണുന്നത്. എന്നാൽ മരച്ചീനി പോലുള്ള കിഴങ്ങു വർഗ്ഗവിളകളിൽ സസ്യസംരക്ഷണ പരിപാടികൾ വ്യാപകമായി നടത്തി കണ്ടുന്നില്ല. സഹകരണ മേഖലയിൽ സർവ്വീസ് സഹകരണ ബാങ്കിനെ കൂടാതെ, സഹകാര്യ മേഖലയിലെ അംഗീകൃത വ്യാപാരികളും മുഖേനയും കർഷകർക്ക് സസ്യസംരക്ഷണ ഉപാധികൾ ലഭ്യമാകുന്നു. മണ്ണെണ്ണ, കഴമ്പ്, പുകയില കഷായം, വേപ്പിൻ കുരു കഷായം തുടങ്ങിയവയുടെ ഉപയോഗം കർഷകരിൽ വ്യാപകമല്ല കൂടാതെ ജൈവ കീടനാശിനികളുടെ ഉപയോഗം, ശത്രു കീടങ്ങളെ ഉപയോഗിച്ചുള്ള കീട നിയന്ത്രണം എന്നിവയും കർഷകർ അനുവർത്തിച്ചു കാണുന്നില്ല പച്ചക്കറി പോലുള്ള കൃഷികൾക്ക് തുളസിക്കെണിപോലുള്ള പാരമ്പര്യതര കീട നിയന്ത്രണ മാർഗ്ഗങ്ങളും അവലംബിച്ചു കാണുന്നില്ല ചുരുക്കത്തിൽ സംയോജിതകീടനിയന്ത്രണ മാർഗ്ഗങ്ങൾക്ക് കർഷകരുടെ ഇടയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ലാ എന്നു മനസ്സിലാക്കാം

കാർഷിക ഉപകരണങ്ങൾ

റബർ റോളർ, സസ്യസംരക്ഷണത്തിനുള്ള സ്പ്രെയറുകൾ, തെങ്ങ് കയറുന്നതിനുള്ള യന്ത്രം, മറ്റ് പണിയായുധങ്ങൾ, എന്നിവയാണ് പ്രദേശത്ത് ലഭ്യമായ കാർഷികഉപകരണങ്ങൾ. തെങ്ങ് കയറുന്ന യന്ത്രത്തോട് വേണ്ടത്ര താല്പര്യം കർഷകർ പ്രകടിപ്പിച്ചു കാണുന്നില്ല റബർ കർഷകരിൽ 40% പേർക്കും സ്വന്തമായി റബർ റോളറും 20% പേർക്കും സ്വന്തമായി സസ്യസംരക്ഷണ ഉപകരണങ്ങളും ഉണ്ട്. റബർ കർഷകർക്കാവശ്യമായ മൈക്രോൺ സ്പ്രെയറുകൾ സ്ഥലത്തെ റബർ ഉദ്പാദക സംഘങ്ങളിൽനിന്നും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ സഹകാര്യ മേഖലയിലും ഇത് ലഭ്യമാണ്.

കർഷക സംഘങ്ങൾ

1 റബർ ഉൽപാദക സംഘങ്ങൾ

റബർ കർഷകരുടെ ഇടയിൽ റബർ ഉൽപാദക സംഘങ്ങൾ വളരെ സജീവമായി പ്രവർത്തിച്ചു വരുന്നു. റബർ കർഷകർക്കാവശ്യമായ വളം, മറ്റുവസ്തുക്കൾ എന്നിവ ന്യായമായ വിലയ്ക്ക് ഉൽപാദക സംഘങ്ങൾ ലഭ്യമാക്കി കൊടുക്കുന്ന നിലവിൽ അഞ്ച് റബർ ഉൽപാദക സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു.

2 കുരുമുളക് വികസന സമിതി

കുരുമുളക് കർഷകരുടെ ക്ഷേമത്തിനായി നിലകൊള്ളുന്ന കർഷകസംരംഭമാണിത്. കുരുമുളക് കൃഷിക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങളും ഉൽപാദനോപാധികളും മറ്റുകാർഷികോപകരണങ്ങളും കൃഷിക്കാരിൽ എത്തിച്ചു കൊടുക്കുക എന്നതാണ് ലക്ഷ്യം. എങ്കിലും ഇതിന്റെ പ്രവർത്തനം സജീവമല്ല

3 കേര വികസനസമിതി

കേര കർഷരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കർഷക സംരംഭം ആണിത്. കേരകർഷകർക്കാവശ്യമായ ഗുണമേൻമയേറിയ തൈകൾ, മറ്റു ഉല്പാദനോപാധികളും കർഷകരിൽ എത്തിച്ചുകൊടുക്കുന്നു. കേര കൃഷി രംഗത്ത് ആവശ്യമായ മറ്റു കാർഷികോപകരണങ്ങളും കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിനും ശ്രദ്ധ പതിപ്പിക്കുന്നു.

4 കൂലി നിരക്ക്

ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകർ പാർക്കുന്ന ഭൂപ്രദേശമാണ് തീക്കോയി ഗ്രാമ പഞ്ചായത്ത്. വളരെകാലങ്ങൾക്കു മുൻപുതന്നെ കാർഷിക മേഖലയിൽ ശാസ്ത്രീയമായ കൂലി നിരക്കുകൾ ഇവിടെ നില നിന്നിരുന്നു. 1927-ൽ ഇവിടത്തെ പ്രധാന മേഖലകളിൽ നില നിന്നിരുന്ന കൂലിനിരക്കിന്റെ സ്ഥിതി വിവര കണക്കുകൾ ഉദാഹരണ മായി കൊടുക്കുന്നു.

ക്രമ നമ്പർ	പണിയുടെ വിവരം	കൂലിയുടെ വിവരം പുരുഷൻ	സ്ത്രീ	ആൺകുട്ടി	പെൺകുട്ടി
1	റബർകൃഷി	10.5 ചക്രം	8.75 ചക്രം	7 ചക്രം	7 ചക്രം
2	ആശാരിപ്പണി	16.75 ചക്രം	—	—	—
3	മേസ്തിരിപ്പണി	18 ചക്രം	—	—	—

പഞ്ചായത്തിൽ പ്രധാന കൃഷികൾക്ക് ഇപ്പോൾ നിലവിലുള്ള കൂലി നിരക്കിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	പണിയുടെ വിവരം	കൂലിയുടെ വിവരം പുരുഷൻ	സ്ത്രീ	
1	റബർ വെട്ട്	100 മരത്തിന് 25 രൂപ	100 മരത്തിന് 25 രൂപ	
2	റബറിന്റെ സസ്യസംരക്ഷണം	Rs 175-200/	Rs 175-200/	
3	റബർ മരം മുറിച്ചു കയറുന്നതിന്	Rs 250 300/	Rs 175-200/	—
4	തെങ്ങു കയറ്റം	തെങ്ങൊന്നിന് 3.4 രൂപ വരെ	—	—
5	തെങ്ങിന്റെ മണ്ടയൊരുക്കൽ	തെങ്ങൊന്നിന് 6 മുതൽ 8 രൂപ വരെ	—	—
6	വിളകൾക്ക് കള പറിക്കൽ ഉൾപ്പെടെയുള്ള മറ്റു കൃഷിപണികൾ	—	Rs 40-45/	—
7	മരച്ചീനി പറിച്ച് വാട്ടുന്നതിനു്	300/-	45/-	
8	റബർകുഴികുത്തുന്നതിന്	കുഴിയൊന്നിന് 8-10 രൂപവരെ	—	
9	റബർ കുഴി മൂടുന്നതിന്	100 മുതൽ 110 രൂപ വരെ		

കാർഷിക വായ്പ

തീക്കോയി സർവ്വീസ് സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, കാർഷിക വികസന ബാങ്ക്, മീനച്ചിൽ ഈസ്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവയാണ് ഈ പ്രദേശത്ത് ഉൾപ്പെടുന്ന പ്രധാന ധനകാര്യ സ്ഥാപനങ്ങളും ഏതാനും വർഷങ്ങളിൽ ഈ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കർഷകർക്ക് നല്കിയിരിക്കുന്ന കാർഷിക വായ്പകളുടെ സ്ഥിതി വിവരകണക്കുകളും താഴെ കൊടുക്കുന്നു.

1	1991—92	Rs	4133700
2	1992—93	Rs	4396650
3	1993—94	Rs	5026350
4	1994—95	Rs	6315150
5	1995—96	Rs	6367500

എന്നാൽ കർഷകർക്ക് വിതരണം ചെയ്ത വായ്പത്തുകയുടെ അനുപാതവുമായി താരതമ്യപ്പെടുത്തിയാൽ അതിനനുതക്ക വികസനം കാർഷികമേഖലയിൽ ഉണ്ടായിട്ടില്ല എന്നു കാണാം. കാർഷിക വായ്പകളും കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ജലസേചനം

വളരെ ശാസ്ത്രീയവും ആസൂത്രിതവുമായ ജലസേചന പരിപാടികളും ഭൂരിഭാഗം കർഷകരും അവലംബിച്ചു കാണുന്നില്ല.

വേനൽക്കാലത്ത് വറ്റാത്ത ജല സ്രോതസുകളുടെ അഭാവം പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും എന്നിവ ഇതിനു കാരണങ്ങളാണ്. എങ്കിലും "കണിക ജലസേചന രീതി" പോലുള്ള നൂതന മാർഗ്ഗങ്ങളും കർഷകരുടെ ഇടയിൽ പ്രചരിച്ചു വരുന്നുണ്ട് എന്നകാര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്. കണിക ജലസേചന രീതി ഉപയോഗിച്ച് നനയ്ക്കുന്ന നാല് മാതൃകാതോട്ടങ്ങളും പഞ്ചായത്തിൽ നിലവിലുണ്ട്. നിലവിലുള്ള ജല സ്രോതസുകളും ശാസ്ത്രീയമായി നിയോഗിക്കുന്നതിനുള്ള ആസൂത്രിത മുന്നേറ്റം കർഷകരുടെ ഇടയിൽ കണ്ണുന്നില്ല.

തോടുകളും കുളങ്ങളും

ചെറുതും വലുതുമായ ഇരുപത്തിനാലോളം തോടുകളും മീനച്ചിലാറിന്റെ പ്രധാന കൈവഴിയായ തീക്കോയി ആറും ഈ പ്രദേശത്തുകൂടി ഒഴുകുന്നു. താഴെ കാണുന്ന പട്ടികയിൽ നിന്നും ഈ പ്രദേശത്തെ തോടുകളും കുളങ്ങളും എന്നിവയെ കുറിച്ചുള്ള വിശദവിവരങ്ങളും നമുക്കുലഭിക്കുന്നു.

1	2	3	4	5
ക്രമ നമ്പർ	വാർഡ് നമ്പർ	അരുവിയുടെ പേര്	കടന്നുപോകുന്ന പ്രദേശങ്ങൾ	കുളങ്ങളുടെ വിവരം
1	വാർഡ് I	1 ചെറുവട്ടുകാട് തോട് 2 ഇഞ്ചപ്പാറ തോട് 3 കൊക്ക വളവ് തോട് 4 40–ഏക്കർ തോട് 5 പെന്നൊഴുകും തോട് 6 പുതിയിടത്ത് തോട്	കാരികാട്, മിഷൻ കര, വെള്ളികുളം എന്നീ പ്രദേശങ്ങൾ	1 വഴിക്കടവ് ചപ്പാത്തിനടുത്ത് വറ്റാത്തകുളം 2 വെള്ളികുളം സ്കൂളിനുസമീപം വറ്റാത്തകുളം 3 തുണത്തിക്കുന്നേൽ പുരയിടത്തിൽ വറ്റാത്തകുളം 4 മെയിൻറോഡിനു താഴെ മഠം പറമ്പിൽ വറ്റാത്ത ഓലി
2	വാർഡ് II	1 മലമേൽ തോട് 2 നെടുങ്ങഴി തോട്	നെടുങ്ങഴി, ഇഞ്ചപ്പാറ ഒറ്റ ഈട്ടി എന്നീ പ്രദേശങ്ങൾ	1 ഒറ്റഈട്ടി, മാരിയടിപുരയിടത്തിനടുത്തുള്ള വറ്റാത്ത ഓലി 2 പാലയ്ക്കൽ കുളം വറ്റാത്തത് 3 തുമ്പശേരി വരിക്കപ്ലാക്കൽ ഓലി വറ്റാത്തത് 4 നെടുങ്ങഴി അളവനാൽ ഓലി വറ്റാത്തത് 5 മലമേൽ മണ്ണാറാത്ത് പറമ്പിൽ വറ്റാത്ത കുളം
3	വാർഡ് III	1 വക്കനാൽ തോട് 2 തുമ്പശേരി തോട് 3 എവറസ്റ്റ് തോട്	തുമ്പശേരി, മാവടി, വേലത്തുശേരി, എവറസ്റ്റ് ഭാഗങ്ങൾ	1 മാവടി, കൊച്ചുവാലാനി പറമ്പിൽ ഉള്ള കുളം 2 30 ഏക്കറിൽ മുത്തനാട്ടു പറമ്പിലെ കുളം 3 വേലത്തുശേരി കൊട്ടാരം പറമ്പിലെ കുളം

				4 തുമ്പശ്ശേരി പെരുന്നിലം പറമ്പിലെ കുളം 5 എവറസ്റ്റ് വളവിലെ മുണ്ടാനി കുഴി 6 വേരുങ്കൽപറമ്പിലെ കുളം
4	വാർഡ് IV	ഒരപ്പുരയ്ക്കാട് തോട് മംഗലം തോട് ആലപ്പാട് തോട്	താഴത്തുകുട്ടുപാറ മംഗലം മംഗളഗിരി പ്രദേശങ്ങൾ	1 മംഗലം–താന്നിപ്പൊതി പുരയിടത്തിൽ കുളം 2 ചെറുവല്ലം പുരയിടത്തിലെ കുളം 3 ഒഴാക്കൽ പറമ്പിലെ കുളം 4 പൊരിയത്ത് പറമ്പിലെ കുളം 5 ആച്ചുകാവ് കണ്ടത്തിൻ കരപുരയിടത്തിലെ കുളം
5	വാർഡ് V	ചാത്തപ്പുഴതോട് നാരകത്തൊ ലി തോട് (വാകമറ്റം)	കല്ലം, ചാത്തപ്പുഴപ്ര ദേശങ്ങം വാകമറ്റം ഭാഗം	1 കുളത്തിങ്കൽ ഓലി 2 ചാത്തപ്പുഴ ഇടയാടി പറമ്പിലെ കുളം 3 പരവൻ പറമ്പിലെ കുളം
6	വാർഡ് VI	അറുകുലതോട് വെട്ടിപ്പറമ്പ് കോന്തനാനി തോട്	വെട്ടിപറമ്പ് അറു കുലപ്പലാം മുതലായ പ്രദേശങ്ങം	കുളങ്ങളില്ല

7	വാർഡ് VII	തീക്കോയി ആറ് പ്ലാത്തോട്ടം വലരി വെമ്പാരി തോട് തുരുവപ്പുഴ	ഞണ്ടുകല്ല് രണ്ടാറ്റുമുന്നി പ്രദേശങ്ങൾ	പരവൻപറമ്പിൽ പുരയിടത്തിലെ കുളം മുതിയത്തു പറമ്പിലെ കുളം കണ്ടത്തിൻകരകുളം മുക്കാല പറമ്പിലെ കുളം മഠം പറമ്പിലെ കുളം തുണ്ടത്തിൽ പറമ്പിൽ കുളം
8	വാർഡ് VIII	ഞണ്ടുകല്ല് തോട് വല്ലിയകല്ല് തോട് മരവിക്കല്ല് തോട്	ഞണ്ടുകല്ല് മരവികല്ല്	രാമരം ഓലി

മണ്ണുസംരക്ഷണം

പഞ്ചായത്തിൽ നിമ്നോന്നതമായ ഭൂപ്രദേശങ്ങളാകയാൽ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. പ്രദേശത്തിന്റെ കിഴക്കൻ മേഖലകളിൽ അടിക്കടി ഉണ്ടാകുന്ന ഉരുൾപൊട്ടൽ, ശക്തമായ മലവെള്ളപ്പാച്ചിൽ എന്നിവ മൂലം പ്രകൃതി ക്ഷോഭത്തിന് ഇരയാകുന്നു ഇവ ശക്തമായ മണ്ണൊലിപ്പിന് കാരണമാകുന്നു. അശാസ്ത്രീയമായ കൃഷിരീതികളും വളപ്രയോഗം എന്നിവ ഇതിന് ആക്കം കൂട്ടുന്നു. മണ്ണു സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് കർഷകർ തികച്ചും ബോധവാൻമാരാണ്. ഭൂരിഭാഗം കൃഷിയിടങ്ങളിലും തട്ടുകയ്യാലകളും നിർമ്മിച്ച് മണ്ണ് സംരക്ഷിച്ചിരിക്കുന്നതായി കാണാം. എന്നാൽ വർഷംതോറും ഉണ്ടാകുന്ന മണ്ണൊലിപ്പിന്റെ തോതുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് തുലോം കുറവാണ്. റബ്ബർ തോട്ടങ്ങളിൽ ആവരണ വിള കൃഷി ചെയ്യുന്നത് ഒരു പരിധിവരെ മണ്ണൊലിപ്പ് തടയുന്നു. രാമച്ചം പോലുള്ള മറ്റു വിളകളും കൃഷിചെയ്ത് മണ്ണൊലിപ്പ് തടയുന്ന രീതി പൊതുവെ കാണുന്നില്ല. കോണ്ടൂർ ബണ്ടിംഗ്, കോണ്ടൂർ ട്രെഞ്ചിംഗ് എന്നീ രീതികളും പൊതുവെ അവലംബിച്ചു കാണുന്നില്ല.

നഴ്സറികൾ

കൂടുതലും റബ്ബർ നേഴ്സറികളാണ് കണ്ടുവരുന്നത്. എന്നാൽ സ്പൈസസ് ബോർഡ് പോലുള്ള ഗവൺമെന്റ് ഏജൻസികളുടെ സഹായത്തോടു കൂടി പ്രവർത്തിക്കുന്ന നഴ്സറികളും, സ്വകാര്യമേഖലയിൽ കാണാൻ സാധിക്കും. സ്വകാര്യ നഴ്സറികളിലൂടെ വിതരണം ചെയ്യപ്പെടുന്ന നടീൽ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ഉണ്ടാകേണ്ടതാണ്.

കൃഷിഭവൻ

പഞ്ചായത്തിൽ 1987 മുതലാണ് കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചത്. നിലവിൽ കൃഷി ഓഫീസറെ കൂടാതെ രണ്ടു കൃഷി അസിസ്റ്റന്റുമാരും ജോലി നോക്കുന്നു. കാലാകാലങ്ങളിൽ കർഷകർക്കാവശ്യമായ ഉൽപാദനോപാധികളും സാങ്കേതിക വിദ്യകളും കർഷകരിൽ എത്തിച്ചുകൊടുക്കുക എന്നുള്ളതാണ് പ്രധാന ദൗത്യം. എന്നാൽ പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും കൃഷിഭവന്റെ പ്രവർത്തനം ഒരുപോലെ എത്തിച്ചേരുന്നില്ല എന്നുള്ളത് ഒരു ന്യൂനതയാണ്.

പ്രശ്നങ്ങൾ

പ്രതികൂലമായ കാലാവസ്ഥ അശാസ്ത്രീയമായ കൃഷിരീതികളും ,വളപ്രയോഗവും പരിചയസമ്പന്നരായ കർഷക തൊഴിലാളികളുടെ അപര്യാപ്തത എന്നിവയാണ കർഷകമേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. തികച്ചും മഴയെമാത്രം ആശ്രയിച്ചു നടത്തുന്ന കൃഷികളായതിനാൽ കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനം കർഷകമേഖലയെ സാരമായി ബാധിക്കുന്നു. അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ മണ്ണിന്റെ ഫലപുഷ്ടികുറയ്ക്കുന്നു എന്നു മാത്രമല്ല അനിയന്ത്രിതമായ മണ്ണൊലിപ്പിനും ഇടയാക്കുന്നു. കാർഷികോല്പന്നങ്ങളുടെ സ്ഥിരതയില്ലാത്ത വിലനിലവാരവും വിളകളെ ബാധിക്കുന്ന മാരകരോഗങ്ങളും കാർഷികോൽപാദന മേഖലയെ സാരമായി ബാധിക്കുന്നു. കൂടാതെ കാർഷിക വിളകളുടെ ഉൽപാദനക്ഷമത ഗണ്യമായി കുറയുന്നതിനും ഇത് ഇടയാകുന്നു.

1 ഔഷധ സസ്യങ്ങൾ

പരമ്പരാഗതമായി നമ്മുടെ പ്രദേശങ്ങളിൽ കണ്ടുവരുന്ന പല അമൂല്യ ഔഷധ സസ്യങ്ങളും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. വരും തലമുറയ്ക്കുവേണ്ടി അവയെ സംരക്ഷിക്കേണ്ടത് വളരെ അത്യാവശ്യമാണ്. കർഷകരുടെ വീട്ടുവളപ്പിൽ രണ്ടോ മൂന്നോ പോലുള്ള ഔഷധസസ്യങ്ങളും വളർത്തുവാൻ സാധിക്കും. ഇതിനായി വീട്ടമ്മമാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കാർഷിക ബോധവൽക്കരണ പരിപാടികളും നടത്തേണ്ടതാണ്. കൂടാതെ ഇടവിളയായി ഔഷധച്ചെടികളും വളർത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പഠനം നടത്തേണ്ടതാണ്. പ്രത്യേകിച്ചും നമ്മുടെ നാട്ടിലെ റബ്ബർ തോട്ടങ്ങളിൽ ഔഷധച്ചെടികളും ഇടവിളയായി കൃഷിചെയ്യുന്നതിനെക്കുറിച്ച് വിശദമായ പഠനം ആവശ്യമാണ്.

2 പച്ചക്കറി ഉൽപാദനം

നമുക്കാവശ്യമായ പച്ചക്കറികളും വീട്ടുവളപ്പിൽ സ്വന്തമായി ഉൽപാദിപ്പിക്കാം എന്നിരിക്കെ ഗാർഹികാവശ്യത്തിനുള്ള പച്ചക്കറികൾക്കായി കമ്പോളത്തെ ആശ്രയിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. വിഷലിപ്തമായ പച്ചക്കറികളുടെ നിരന്തരമായ ഉപയോഗം കർഷകന്റെ ആരോഗ്യത്തെയും സാമ്പത്തിക മേഖലയെയും സാരമായി ബാധിക്കുന്നു. ഇതിനെതിരെ പഞ്ചായത്തുതലത്തിൽ കർഷകർക്കായി ബോധവൽക്കരണ സെമിനാറുകളും നടത്തേണ്ടതാണ്. കൂടാതെ കർഷകർക്കാവശ്യമായ മേൽത്തരം പച്ചക്കറി വിത്തുകളും സാങ്കേതികോപദേശങ്ങളും കൃഷിവകുപ്പു പോലെയുള്ള ഗവൺമെന്റ് ഏജൻസികളെ സജീവമായി പങ്കെടുപ്പിച്ചുകൊണ്ട് നടപ്പാക്കേണ്ടതാണ്. വനിതകളെ, സ്ക്കൂൾ കുട്ടികളെ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഊർജിത പച്ചക്കറി വികസന പദ്ധതി ആവിഷ്ക്കരിക്കണം. മാത്രമല്ല നമ്മുടെ വീട്ടുവളപ്പിൽ പരമ്പരാഗതമായി കണ്ടുവന്നിരുന്നതും ഇപ്പോൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നതുമായ പച്ചക്കറിയിനങ്ങളും വീട്ടുവളപ്പിൽ നട്ടുവളർത്തുന്നതിനുള്ള ബോധവൽക്കരണ പദ്ധതികളും ആവിഷ്ക്കരിക്കേണ്ടതാണ്. പച്ചക്കറി കൃഷിയിൽ ജൈവ കീടനാശിനിപ്രയോഗങ്ങളെക്കുറിച്ച് കർഷകർക്ക് പരിശീലനം നൽകുകയും കർഷകരുടെയിടയിൽ പ്രചാരണം കൊടുക്കയും ചെയ്യേണ്ടതാണ്.

3 കീടനാശിനികളും വളപ്രയോഗവും

ശാസ്ത്രീയാടിസ്ഥാനത്തിലുള്ള കീടനാശിനിപ്രയോഗവും കർഷകരുടെയിടയിൽ വേണ്ടത്ര പ്രചരിച്ചു കാണുന്നില്ല. ഇതിനായി കർഷകരുടെയിടയിൽ ബോധവൽക്കരണ പരിപാടികളും നടത്തേണ്ടതാണ്. സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് പരിശീലന പരിപാടികളും സംഘടിപ്പിക്കണം. ജൈവകീടനാശിനികളുടെ ഉപയോഗം എതിർ പ്രാണികളെ ഉപയോഗിച്ചുള്ള കീടനിയന്ത്രണം എന്നീ പരിപാടികൾക്ക് കർഷകരുടെയിടയിൽ പ്രോൽസാഹനം നൽകണം.

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗങ്ങളും നടത്തുവാൻ കർഷകർക്ക് മാർഗനിർദ്ദേശങ്ങളും നൽകണം. ഇതിനായി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ മണ്ണുപരിശോധനാ ക്യാമ്പുകളും സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി സഞ്ചരിക്കുന്ന മണ്ണുപരിശോധനാകേന്ദ്രം, കൃഷിവകുപ്പ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. ജൈവവളത്തിനും ജീവാണുവളത്തിനും മുൻതൂക്കം നൽകിക്കൊണ്ടുള്ള വളപ്രയോഗ രീതികളും കർഷകരുടെയിടയിൽ പ്രചരിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണം. ഇതിനായി ഗ്രാമസഭകൾ സബ്സിഡി പോലെ തന്നെ ജൈവവളം നിർമ്മിച്ചുപയോഗിക്കുന്ന കർഷകർക്ക് സാമ്പത്തിക സഹായം നൽകേണ്ടതാണ്.

4 ജലസംരക്ഷണം

പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതി കണക്കിലെടുത്ത് നിലവിലുള്ള ജലാശയങ്ങളും പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി സാധ്യമായ സ്ഥലങ്ങളിലെല്ലാം കർഷകർക്ക് പ്രയോജനം ലഭിക്കുന്നതരത്തിൽ ധാരാളമായി തടയിണകളും നിർമ്മിക്കണം. പഞ്ചായത്തിൽ നിലവിലുള്ള വിവിധ സന്നദ്ധ സംഘടനകളുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്താം. കൂടാതെ നിലവിലുള്ള വാരാത്ത കുളങ്ങളും, ഓലികളും വിപുലീകരിക്കുക. ജീർണ്ണിച്ചു കിടക്കുന്ന പഴയ കുളങ്ങളും, ഓലികളും പുനരുദ്ധരിക്കുക തുടങ്ങിയ കർമ്മപരിപാടികൾക്ക് രൂപം നൽകേണ്ടതാണ്. സാധ്യമായ സ്ഥലങ്ങളിൽ "ചെറുകുളം പദ്ധതി" പോലുള്ള ആധുനിക മാർഗ്ഗങ്ങൾ നടപ്പിലാക്കാവുന്നതാണ്.

5 വിള ഇൻഷ്വറൻസ് പദ്ധതി

പഞ്ചായത്തിൽ വളരെ കുറച്ചു കർഷകർ മാത്രമേ നിലവിൽ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളൂ. എല്ലാ കർഷകരെയും ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ ബോധവൽക്കരണ പദ്ധതികൾക്ക് പഞ്ചായത്തു തലത്തിൽ രൂപം നൽകേണ്ടതാണ്. കൂടാതെ ഈ പദ്ധതിപ്രകാരം കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും യഥാസമയം നൽകുന്നതിനാവശ്യമായ നടപടികളും പഞ്ചായത്തുതലത്തിൽ ഉണ്ടാകണം.

6 കൃഷിഭവൻ

കൃഷിഭവന്റെ സേവനം പഞ്ചായത്തിൽ എല്ലാ കർഷകർക്കും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനായി സാങ്കേതിക ജ്ഞാനം ലഭിച്ച കൃഷി ഉദ്യോഗസ്ഥരെ കൂടുതൽ കർഷകസമ്പർക്ക പരിപാടികൾക്കായി നിയോഗിക്കണം. കർഷകർക്കാവശ്യമായ മേൽത്തരം ഉത്പാദനോപാധികൾ കാലോകാലങ്ങളിൽ തക്കസമയത്തു കർഷകർക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കണം.

7 മണ്ണുസംരക്ഷണം

ശാസ്ത്രീയമായ മണ്ണുസംരക്ഷണ പരിപാടികൾ പഞ്ചായത്തിൽ നടപ്പാക്കേണ്ടതാണ്. ഇതിനായി കർഷകരുടെയിടയിൽ അവബോധം വളരുന്നതിനാവശ്യമായ പരിപാടികൾ നടപ്പാക്കേണ്ടതാണ്. തട്ടുകെട്ടുകൾ നിർമ്മിച്ച് ഭൂമി സംരക്ഷിക്കുക, രാമച്ചം പോലുള്ള ആവരണവിളകൾ കൃഷിചെയ്യുക, തരിശായികിടക്കുന്ന പുൽമേടുകളിൽ ഈറ, ഒട്ടൽ, മുള തുടങ്ങി വ്യാവസായിക പ്രാധാന്യമുള്ള സസ്യങ്ങൾ വെച്ചുപിടിപ്പിക്കുക എന്നിവയാണ് പ്രധാന നിർദ്ദേശങ്ങൾ. ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കേണ്ടതാണ്. ആറുപുരമ്പോക്കുകൾ, റോഡുപുറമ്പോക്കുകൾ എന്നീ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അതാതു പ്രദേശത്തിന് യോജിച്ച പ്രാദേശിക ഇനങ്ങൾ മാത്രമേ ഇതിനുപയോഗിക്കുവാൻ പാടുള്ളൂ. മണ്ണിൽ പോഷകശോഷണം വരുത്തുകയും ജലാഗിരണശേഷി കൂടുതലുള്ളതുമായ യൂക്കാലിപ്റ്റസ്, മാഞ്ചിയം, അക്കേഷ്യ എന്നീ മരങ്ങൾ യാതൊരു കാരണവശാലും വെച്ചുപിടിപ്പിക്കുവാൻ പാടില്ല.

എലി നശീകരണം

ഫലപ്രദമായ എലിനശീകരണത്തിനായി പ്രാദേശികാടിസ്ഥാനത്തിൽ കർഷകരെ സംഘടിപ്പിച്ചുകൊണ്ടുള്ള എലിനശീകരണ യജ്ഞം നടത്തേണ്ടതാണ്. ഇതിനായി സംയോജിത എലി നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. കൂടാതെ കർഷകർക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകി പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.

ഇതു കൂടാതെ ഭക്ഷ്യധാന്യങ്ങളുടെ ഉൽപാദനത്തിനായി പ്രത്യേക കാർഷിക പരിപാടികൾക്ക് രൂപം നൽകുന്നതും നന്നായിരിക്കും. റബ്ബർ ആവർത്തന കൃഷി നടത്തുന്ന സ്ഥലങ്ങളിൽ ആദ്യത്തെ കൃഷിക്കുപയോഗിക്കുന്നതല്ലാത്ത പാഴ്പ്രദേശങ്ങളിൽ പരമ്പരാഗത കിഴങ്ങുവർഗ്ഗങ്ങളായ നൂറോൻ പോലുള്ള വിളകൾ പരീക്ഷിക്കാവുന്നതാണ്. രണ്ടു വർഷം ഇടവിളയായി കിഴങ്ങുവർഗ്ഗവിളകൾ നടത്തുന്നത് നല്ലതാണ്, കൂടാതെ കാലഹരണപ്പെട്ടുപോയ നെൽകൃഷി പോലുള്ള കൃഷികൾ പുനരുജ്ജീവിപ്പിക്കുവാൻ ശ്രമങ്ങൾ ഉണ്ടാവണം. റബ്ബർ ആവർത്തന കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ആദ്യത്തെ രണ്ടുവർഷക്കാലം നെല്ല് കരകൃഷിയായി ചെയ്യുന്നത് പരീക്ഷിക്കാവുന്നതാണ്. നമ്മുടെ പ്രദേശത്ത് അനുഭവപ്പെടുന്ന ഭക്ഷ്യാവശ്യക്ഷാമം ഒരളവുവരെ പരിഹരിക്കാം എന്നു മാത്രമല്ല വിസ്മൃതിയിലാണ്ട നെൽകൃഷിയെ പുനരുജ്ജീവിപ്പിക്കാനും ഇതുമൂലം സാധിക്കുന്നു കൂടാതെ റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി കൈതകൃഷി നടത്തുന്നതും പരീക്ഷണാർത്ഥത്തിൽ ചെയ്യാവുന്നതാണ്.

IV- 2

മൃഗസംരക്ഷണവും മൽസ്യബന്ധനവും

പശു, ആട്, പന്നി, പട്ടി, മുയൽ, പൂച്ച എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി എരുമകളെയും വളർത്തുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. കുറച്ചുവീട്ടുകളിൽ താറാവിനെയും വളർത്തുന്നുണ്ട്. വളരെ ചെറിയ തോതിൽ കാട, പാത്ത, ഗിനി എന്നീയിനം പക്ഷികളേയും വളർത്തുന്നുണ്ട്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണം ഏകദേശം താഴെപ്പറയുന്ന പ്രകാരമാണ്.

പശു	—	2100	ആട്	—	1249
പന്നി	—	902	എരുമ	—	26
പട്ടി	—	1177	പൂച്ച	—	695
ആന	—	1	കോഴി	—	15, 000
താറാവ്	—	75	വിത്തുകാളകൾ	—	12
മുയൽ	—	300			

പഞ്ചായത്തിലെ ഏകദേശം 50% വീട്ടുകളിലും പശുക്കളെ വളർത്തുന്നുണ്ട്. കോഴി വളർത്തൽ ഏകദേശം 60% വീട്ടുകളിലും, മുയൽ വളർത്തൽ ഏകദേശം 5% വീട്ടുകളിലും കണ്ടുവരുന്നു.

പഞ്ചായത്തിലെ മിക്കസ്ഥലങ്ങളിലും റബർ കൃഷി വ്യാപകമായതോടെ കാലി വളർത്തലിൽ കാര്യമായ കുറവ് ഉണ്ടായിട്ടുണ്ട്. എങ്കിലും പാൽ ഉല്പാദനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കരിശുമലആശ്രമം ഫാമിലേതുൾപ്പെടെ ഏകദേശം 3100ലിറ്റർ പാൽ പ്രതിദിനം ഉല്പാദിപ്പിക്കുന്നുണ്ട്. ഉല്പാദിപ്പിക്കുന്ന പാലിന്റെ വില്പനബുദ്ധിമുട്ട്, കാലിത്തീറ്റയുടെ വിലവർദ്ധന, വൈക്കോലിന്റെയും, തീറ്റപ്പുല്ലിന്റെയും ലഭ്യതക്കുറവ്, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

പഞ്ചായത്തിൽ ഒരുമൃഗാശുപത്രിയുള്ളത് തീക്കോയി ഗ്രാമപഞ്ചായത്ത് ആഫീസിനു അടുത്തായി സ്ഥിതി ചെയ്യുന്നു. മൃഗാശുപത്രിയുടെ പ്രയോജനം പഞ്ചായത്തിൽ എല്ലായിടത്തും തുല്യരൂപേണ ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ ഒന്ന്, രണ്ട്, മൂന്ന് എന്നീ വാർഡുകളിലുള്ളവർക്ക് തങ്ങളുടെ കാലികൾക്ക് രോഗം വന്നാൽ 8_10 കി. മീറ്റർ ദൂരെയുള്ള മൃഗാശുപത്രിയിൽ കൊണ്ടുവരുന്നതിന് പ്രയാസം അനുഭവപ്പെടുന്നു. ഇതുമൂലം സമയത്തിന് ചികിത്സ കിട്ടാതെ കാലികൾ ചത്തുപോകുന്ന സംഭവവും ഉണ്ടാകാറുണ്ട്.

കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗങ്ങൾ, വിരബാധകൾ, മുടന്തുപനി മുതലായവയാണ്. രോഗപ്രതിരോധത്തെ സംബന്ധിച്ചും, ചികിത്സയെ സംബന്ധിച്ചും ക്ഷീരകർഷകരിൽ നിലനില്ക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ച് ഭേദമാക്കുന്നതിന് തടസ്സമാകാറുണ്ട്.

തീക്കോയിപഞ്ചായത്തിൽ ഏകദേശം 25 ഗോബർഗ്യാസ് പ്ലാന്റുകൾ ഉണ്ട്. ഇതിൽ പലതും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വിപുലമായ

സാദ്ധ്യതകളും ഉണ്ടെങ്കിലും കർഷകരിലെ അജ്ഞതയും കാലിവളർത്തലിനുള്ള ബുദ്ധിമുട്ടും മൂലം കൂടുതൽ പ്ലാൻറുകളും സ്ഥാപിക്കാൻ ആളുകളും താത്പര്യം കാണിക്കുന്നില്ല. കന്നുകാലിവളർത്തൽ പ്രോത്സാഹിപ്പിച്ചുകൊണ്ട് കൂടുതൽ പ്ലാൻറുകളും മൃഗസംരക്ഷണ വകുപ്പ് മുഖേന ഇവിടെ ആരംഭിക്കാവുന്നതാണ്. ഗോബർ ഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണം വഴി ഒരു ചെറിയ കുടുംബത്തിന് ആവശ്യമായ ഇന്ധനവും വെളിച്ചവും ഉല്പാദിപ്പിക്കുകയും ഗോബർഗ്യാസ് പ്ലാൻറിൽ നിന്നും പുറത്തേയ്ക്കു തള്ളപ്പെടുന്ന വീര്യമേറിയ ജൈവവളം കൃഷിക്കും മറ്റും ഉപയോഗിക്കുകയും ചെയ്യാം.

മുൻകാലങ്ങളിൽമിക്കവീടുകളിലും കോഴിവളർത്തൽഉണ്ടായിരുന്നു. എന്നാൽ അടിക്കടി ഉണ്ടാകുന്ന കോഴിവസന്തമൂലം കോഴികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. കൂടാതെ മൃഗാശുപത്രിവഴി കർഷകർക്കുവിതരണം ചെയ്യുന്നതിനായി ആവശ്യത്തിന് കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല. ഇപ്പോഴും മിക്കവീടുകളിലും നല്ലയിനം കൂടുതൽ മുട്ടയിടുന്ന കോഴികളെയാണ് വളർത്തുന്നതെങ്കിലും പഞ്ചായത്തിന് ആവശ്യമായ മുട്ട ഉല്പാദിപ്പിക്കുവാൻ കഴിയുന്നില്ല, പഞ്ചായത്തിൽ പ്രതിദിനം ശരാശരി 5000 മുട്ട ഉല്പാദിപ്പിക്കുന്നുണ്ട്. പക്ഷെഉപയോഗം ഏകദേശം 7000 മുട്ടയ്ക്കു മുകളിൽ ആയതിനാൽ കോഴി വളർത്തൽ പഞ്ചായത്തിൽ പ്രോത്സാഹിപ്പിച്ചേണ്ടതുണ്ട് വളരെ അത്യാവശ്യമാണ്.

മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതുവഴി ഇറച്ചിയുടെ ആവശ്യം ഒരുപരിധിവരെ പരിഹരിക്കാവുന്നതാണ്. ഇപ്പോഴും നാമമാത്രമായ കർഷകൻ മാത്രമെ ഇതിലേയ്ക്കു തിരിഞ്ഞിട്ടുള്ളൂ.

ഇറച്ചിയുടെ ഉപയോഗം ഉത്പാദനത്തെക്കാളും വളരെ കൂടിയിരിക്കുന്ന ഒരു പഞ്ചായത്താണ് തീക്കോയി. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകളും അപൂർവ്വമാണ്. കൂടാതെ പന്നി, കോഴി, മൂരി, ആട് എന്നിവയുടെ ഇറച്ചിയും ഇവിടെ ഉപയോഗിക്കുന്നുണ്ട്.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പ്രധാന പ്രശ്നങ്ങൾ

1 ഉത്പാദന ചിലവനുസരിച്ച് പാലിന് വില ലഭിക്കാതിരിക്കുന്നത്.
2 തീറ്റപ്പുല്ലിൻറെ ലഭ്യതാക്കുറവും സമീകൃതാഹാരങ്ങളുടെ വില കൂടുതലും.
3 മൃഗ ചികിൽസ സൗകര്യങ്ങളുടെ അപര്യാപ്തത.
4 ഉത്പാദനം കൂടുതലുള്ളപ്പോൾ പാൽ വിപണനത്തിനുള്ള ബുദ്ധിമുട്ടുകൾ.
5 കോഴി വസന്ത രോഗവും, കോഴി വളർത്തലിനുള്ള താത്പര്യമില്ലായ്മയും.
6 ആവശ്യക്കാർക്ക് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
7 കാലി വളർത്തലിനും, ഇറച്ചിക്കോഴിവളർത്തലിനും യൂണിറ്റ് തുടങ്ങുന്നതിനും മറ്റും കൂടിയ തുകകൾ വായ്പലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
8 ശുചിത്വമുള്ള ഇറച്ചിക്കടകളുടെ അഭാവം.
9 അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളും പേപ്പട്ടി ശല്യവും

മൃഗസംരക്ഷണം - സാദ്ധ്യതകൾ

1 തീക്കോയി പഞ്ചായത്തു പ്രദേശത്ത് മൊത്തം പ്രവൃത്തിയുള്ള ക്ഷീര വ്യവസായ സഹകരണസംഘം രൂപീകരിക്കുക. ഓരോ വാർഡിലും ചുരുങ്ങിയതു് ഓരോ പാൽസംഭരണ കേന്ദ്രങ്ങളും തുടങ്ങുകയും ഉത്പാദിപ്പിക്കപ്പെടുന്ന പാൽ നിർബന്ധപൂർവ്വം സംഭരിക്കുകയും അതിനുശേഷം സംഭരണ കേന്ദ്രങ്ങൾവഴി ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും ചെയ്യുക. മിച്ചമുള്ള പാൽ ഉല്പന്നങ്ങളാക്കി മാറുവാനുള്ള സംവിധാനം ഉണ്ടാക്കുക. ക്ഷീരകർഷകർക്ക് ഉല്പാദന ചിലവനുസരിച്ച് പാലിന് വില ലഭ്യമാക്കുക.

2 സഹകരണ സംഘങ്ങൾ വഴി പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നല്ലയിനം കാലിതീറ്റനിർമ്മിച്ച് സൗജന്യനിരക്കിൽ വിതരണം ചെയ്യുകയും തീറ്റപ്പുൽകൃഷിക്ക് വിത്തും വളവും സൗജന്യമായി വിതരണം ചെയ്യുക. വിപുലമായ പുൽകൃഷിക്കു വേണ്ടി ബാങ്ക് വായ്പകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

3 മൃഗചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനു വേണ്ടി മൃഗാശുപത്രി ആധുനിക സൗകര്യങ്ങളോടു കൂടി പുതുക്കി പണിയുകയും ആശുപത്രിയിൽ ലാബോറട്ടറി സൗകര്യം ഏർപ്പെടുത്തുകയുംചെയ്യുക കൂടാതെ 1, 2, 3 വാർഡുകളിലെ കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി കോയിത്തറയിൽ ഒരു ICDP സബ്സെന്റർ ആരംഭിക്കും.

4 പഞ്ചായത്തിലെ എല്ലാ കറവമാടുകൾക്കും സൗജന്യ ഇൻഷുറൻസ് പദ്ധതിനടപ്പിലാക്കുക.

5 തീക്കോയി പഞ്ചായത്തിൽ വിതരണം നടത്തുന്നതിനു വേണ്ട കോഴിക്കുഞ്ഞുങ്ങളെ ഒരു ദിവസം മുതൽ 60 ദിവസംവരെവളർത്തുന്നതിനു ആവശ്യമായ എഗ്ഗർനേഴ്സറിസ്ഥാപിക്കുക

6 കോഴിവസന്തക്കെതിരെ കുത്തിവയ്പ്പുനതിനു അഭ്യസ്തവിദ്യരായ വനിതകൾക്ക് പരിശീലനം നല്കുക.

7 ആധുനിക സൗകര്യങ്ങളോടുകൂടിയ ഇറച്ചിക്കടകൾ പഞ്ചായത്തിൽ ആരംഭിക്കുക. ഇറച്ചിയുടെ പരിശോധന കർശനമാക്കുക. (ഉരുക്കളെ കൊല്ലുന്നതിനു മുൻപും കൊന്നതിനുശേഷവുമുള്ള പരിശോധന.)

8 ഇറച്ചിയുടെ കറവു പരിഹരിക്കുന്നതിനുമായി ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ സബ്-സിഡിയോടു കൂടി ആരംഭിക്കുക.

9 പന്നി വളർത്തൽ യൂണിറ്റും, പ്രജനന യൂണിറ്റും തുടങ്ങുന്നതിനു സബ്സിഡി നൽകുക. സർക്കാർ ഫാമുകളിൽ നിന്നു കുഞ്ഞുങ്ങളെ ലഭിക്കുവാൻ ബുദ്ധിമുട്ടുള്ളപ്പോൾ സ്വകാര്യ ഫാമുകളിൽനിന്നും പ്രജനനയൂണിറ്റുകളിൽനിന്നും പന്നിക്കുഞ്ഞുങ്ങളെവിതരണംചെയ്യുക.

10 മുയൽ വളർത്തൽ, താറാവുവളർത്തൽ എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക.

11 വഴിക്കടവു മേഖലയിൽ ഏതുമ വളർത്തലിൽ പ്രോത്സാഹനം നൽകുക.

12 അത്യുല്പാദന ശേഷിയുള്ള പശുക്കളെ വളർത്തുവാൻ മിനിഡയറി യൂണിറ്റ് പോലുള്ള പദ്ധതി ആവിഷ്കരിക്കുകയും കൂടിയ ധനസഹായം നൽകുകയും ചെയ്യുക.

13 തീക്കോയി പഞ്ചായത്ത് പേ-വിഷ വിമുക്തമാക്കുന്നതിനു താഴെപറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

a നായ്ക്കളുടെയും പൂച്ചകളുടെയും കണക്കെടുപ്പ്

b സൗജന്യ നിരക്കിലുള്ള കുത്തിവയ്പ്പുകൾ

c കുത്തിവയ്പ്പു നടത്തിയ മൃഗങ്ങൾക്ക് ലൈസൻസ് നൽകുക,

d കുത്തിവയ്പിക്കാത്ത മൃഗങ്ങളെയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെയും നിർബന്ധപൂർവ്വം നശിപ്പിക്കുക.

e കുത്തിവയ്പ്പിച്ച നായ്ക്കൾക്ക് പേ വിഷബാധയേറ്റാൽ ഉടൻ ചികിൽസിക്കുക.

f പേ വിഷ ബാധയെക്കുറിച്ച് ബോധവത്ക്കരണ നടപടികൾ സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുക.

14 പഞ്ചായത്തിൽ കൂടുതൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനു ധനസഹായവും പ്രോത്സാഹനവും നൽകുക.

15 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ ഗുണം എല്ലാ കർഷകർക്കും ലഭിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുക.

16 രോഗ പ്രതിരോധവും, ചികിൽസകളെയും സംബന്ധിച്ച അറിവില്ലായ്മ കർഷകരിൽ നിന്നും മാറ്റുന്നതിനു വേണ്ടിയും ശാസ്ത്രീയ മൃഗ പരിപാലനത്തിനു വേണ്ടിയും ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.

17 സ്കൂൾ പൗരശ്രീ ക്ലബ് 60 ദിവസം പ്രായമായ 3 മൊട്ടക്കോഴിക്കുഞ്ഞുങ്ങളെ തികച്ചും സൗജന്യമായി കുടികൾക്ക് വിതരണം ചെയ്യുന്നപരിപാടി പ്രോത്സാഹിപ്പിക്കുക.

18 വീട്ടുമുറ്റത്തെ കോഴിവളർത്തൽ യൂണിറ്റ് തുടങ്ങുവാൻ പ്രോത്സാഹനം നൽകുക.

19 പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ കുടുംബങ്ങൾക്ക് കിടാവ്, ആട്, കോഴി, പന്നി ഇവയെ സൗജന്യമായി നല്കുന്ന പദ്ധതി കൂടുതൽ വിപുലമായി നടപ്പാക്കുക.

20 ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി നല്ലയിനം ആടുകളെ സബ്സിഡി നിരക്കിൽ വിതരണം നടത്തുക

സേവന മേഖലകൾ

1 2-8-1976 ൽ ആരംഭിച്ച മൃഗാശുപത്രി ഇന്നും തുടങ്ങിയപ്പോഴും ഉണ്ടാക്കിയ പരിമിതമായ സൗകര്യത്തിലാണ് ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മഴക്കാലത്ത് കെട്ടിടം മുഴുവൻ ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. മൃഗാശുപത്രി അത്യാവശ്യമായി ആധുനികസൗകര്യങ്ങളോടുകൂടി പുതുക്കി പണിയേണ്ടതാണ്.

2 ആശുപത്രിക്ക് ലഭിക്കുന്ന വിലയേറിയ മരുന്നുകളും മറ്റും സൂക്ഷിക്കുന്നതിന് ഒരു ഫ്രിഡ്ജ് വാങ്ങേണ്ടതാണ്.

3 പശുക്കളെ നിർത്തി പരിശോധിക്കാനും കുത്തിവയ്ക്കുവാനും മറ്റും നല്ലനിലയിൽ ഉറപ്പുള്ള ഒരു തട്ടക്കൂടെ നിർമ്മിക്കുക.

4 മൃഗാശുപത്രിയിൽ അത്യാവശ്യം വേണ്ട മരുന്നുകളും മറ്റും പഞ്ചായത്തുവഴി ലഭ്യമാക്കുക.

5 മൃഗാശുപത്രി വഴി പ്രീമിയം ബുൾ സെമൻ പദ്ധതി നടപ്പാക്കുക.

6 മൃഗാശുപത്രിയിൽ ആവശ്യത്തിന് ജോലിക്കാരെ നിയമിക്കുക.

7 ആശുപത്രിയിൽ ഫോൺ സൗകര്യം ഏർപ്പെടുത്തുക.

8 മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ കാലാകാലങ്ങളിൽ വിപുലപ്പെടുത്തുന്നതിനു വേണ്ടി മൃഗസംരക്ഷണ വികസനസമിതികൾ രൂപീകരിക്കുക.

മത്സ്യ കൃഷി

ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മത്സ്യകൃഷിക്ക് അനുയോജ്യമല്ല. കരിങ്കുമല ആശ്രമം വക ഡാമിൽ നല്ലരീതിയിൽ മത്സ്യങ്ങളെ വളർത്തിയിരുന്നു. മറുകർഷകരുടെ ഇടയിലും നാമമാത്രമായി മത്സ്യകൃഷി കണ്ടുവരുന്നു. തിലോപ്പിയ, കാട്‌ലഗ്രാസ്, കാർപ്, മൂറിക, ചേറ്മീൻ, രോഹു എന്നിവയാണ് പ്രധാന മത്സ്യയിനങ്ങൾ. ഇതിൽ ഗ്രാസ്, കാർപ് എന്നയിനം സാധാരണക്കാർക്ക് എളുപ്പത്തിൽ വളർത്താൻ പറ്റിയവയാണ്. മരച്ചീനിയില, പപ്പായയില, പുല്ല് ഈന്തിന്റെ കുമ്പിൾ എന്നിവയാണ് ഇവയുടെ ഇഷ്ടാഹാരം. ഇതുപോലുള്ള മൽസ്യ കൃഷി ചെയ്യുന്നതിനുള്ള പ്രവണത കർഷകരുടെ ഇടയിലും പ്രചരിക്കുന്നതായി കാണാം. ഇങ്ങനെ ആരെങ്കിലും നമ്മുടെ ജലാശയങ്ങളിൽ പ്രകൃത്യാ കണ്ടിരുന്ന പല മൽസ്യങ്ങളും ഇന്ന് വംശനാശ ഭീഷണി നേരിടുകയാണ്. അടിക്കടി ഉണ്ടാകുന്ന ഉരുൾപൊട്ടൽ പോലുള്ള പ്രകൃതി ക്ഷോഭത്തിൽ ജലാശയങ്ങളും പലതും നികന്നു പോയതു, അനിയന്ത്രിതമായ വിഷം കലക്കൽ, തോട്ട പ്രയോഗം എന്നിവയും ഇതിനു കാരണങ്ങളാണ്. ജലാശയങ്ങളുടെ സമീപപ്രദേശത്ത് നിന്നും തണൽ മരങ്ങൾ വെട്ടി നശിപ്പിച്ചതും മൽസ്യ സമ്പത്ത് നശിക്കുന്നതിനിടയായി. എങ്കിലും ഇനങ്ങളായ വെള്ളത്തിൽ പൊവ്വാരി, കണഞ്ഞവൻ, വഴക്കാവരയൻ മുഷി, ആരവൻ, വരാൽ, പട്ടവൻ, മ്ളാഞ്ഞിൽ പാറലോടി, കൂരൽ, കുറുവ, വാള, പൂളോൻ, കല്ലേമുട്ടി, പരൽ മീൻ, കാരി, കൂരി, ചൊട്ടാ, വാള എന്നിവ അപൂർവ്വമായെങ്കിലും നമ്മുടെ ജലാശയങ്ങളിൽ കണ്ടുവരുന്നതു പ്രതീക്ഷയ്ക്ക് വക നൽകുന്നു. എന്നാൽ ഇതുപോലുള്ള പ്രാദേശിക മൽസ്യ സമ്പത്തുക്കളെ സൂക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലും ജനങ്ങൾ വേണ്ടത്ര ശുഷ്കാന്തി ഉള്ളവരല്ല എന്നതു പറയാം. പഞ്ചായത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഡാമുകളിലും നിലവിലുള്ള കുളങ്ങളിലും മൽസ്യ കൃഷി ആരംഭിക്കാവുന്നതാണ്.

അനുബന്ധം

മൃഗാശുപത്രിയിൽ സ്ഥിരമായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറെ നിയമിക്കണം. ആവശ്യത്തിനു സ്റ്റോട്ടർ ഹൗസുകൾ നിർമ്മിക്കേണ്ടതാണ്.

വ്യവസായ മേഖല

27.19 ചതുരശ്രകിലോമീറ്റർ വിസ്തൃതിയും 10272 മാത്രം ജനസംഖ്യയുമുള്ള പഞ്ചായത്തിലെ ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 378 മാത്രമാണ്. ഈ കണക്ക് സൂചിപ്പിക്കുന്നത്, പരിസരമലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ ഏറെ ബാധിക്കുവാൻ ഇടയില്ലാത്ത ഈ പഞ്ചായത്ത് ഏതുവ്യവസായത്തിനും അനുയോജ്യമാണെന്നാണ് നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന, (മെച്ചപ്പെട്ട) റോഡ് സംവിധാനം ഉണ്ടുതാനും. ഉന്നതവിദ്യാഭ്യാസവും സാങ്കേതികവിദ്യാഭ്യാസവും നേടി, തൊഴിൽ ലഭിക്കാതെ നിൽക്കുന്ന ധാരാളം ചെറുപ്പക്കാർ പഞ്ചായത്തിലുണ്ട്. മുതൽ മുടക്കുന്നതിനുശേഷിയുള്ളവർ പഞ്ചായത്തിൽ നിലവിലുണ്ട്. മറ്റുപലപ്രദേശങ്ങളെയുമപേക്ഷിച്ച് ജലലഭ്യതയും കൂടുതലാണ്.

ഈ അനുകൂലഘടകങ്ങളെല്ലാമുണ്ടെങ്കിലും, കാർഷികമേഖലയായ ഇവിടെ വ്യവസായങ്ങൾ കാര്യമായി ഇല്ലെന്നുതന്നെ പറയാം. പഞ്ചായത്തിലുള്ള നാമമാത്രമായ വ്യവസായ സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ഇനം	ഏതുമേഖല	എണ്ണം	തൊഴിലാളികൾ
1 തടിമില്ല്	സ്വകാര്യമേഖല	1	4
2 റബർബുഷ് ഫാക്ടറി	സ്വകാര്യമേഖല	1	4
3 ക്രീപ്പ്മില്ല്	സ്വകാര്യമേഖല	2	16
4 ഓയിൽമിൽ	സ്വകാര്യമേഖല	3	1
5 തേയിലഫാക്ടറി	സഹകരണം	1	4

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന, കേരളത്തിലെ ഒരേയൊരു തേയില ഫാക്ടറി ഇവിടെയാണ്. 1966 വർഷം പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം ഇന്നും നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. അസംസ്കൃത വസ്തുവായ തേയില ഇലയുടെ പഞ്ചായത്തിലെ ഉൽപ്പാദനം വളരെ കുറഞ്ഞിരിക്കുന്നു. വെള്ളികുളം മുതൽ വഴിക്കടവുവരെയുള്ള പ്രദേശങ്ങളിലെ അല്പമായെങ്കിലും കൃഷി ഉള്ളു. ഫലത്തിൽ ഫാക്ടറിയുടെ പ്രവർത്തനത്തിനാവശ്യമായ തേയില ഇല, സമീപജില്ലയായ ഇടുക്കിയിൽ നിന്നും വരേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ഇവിടെ, ഇതോടൊപ്പം സ്വകാര്യമേഖലയിൽ ഒരു തേയില ഫാക്ടറി കൂടി പ്രവർത്തിച്ചിരുന്നു. എന്നാൽ തേയിലകൃഷി കുറഞ്ഞതോടെ പ്രവർത്തനം നിലച്ചുപോയി.

വ്യവസായസംരംഭകരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയപ്രശ്നം ഉൽപ്പന്നങ്ങളുടെ വിപണനമാണ്. നിലവിലുള്ള ഏത് ഉൽപ്പന്നം നിർമ്മിച്ചാലും, വിപണിയിൽ നിലവിലുള്ള കുത്തക കമ്പനികളുടേയും ബഹുരാഷ്ട്ര കമ്പനികളുടേയും ഉൽപ്പന്നങ്ങളുമായി മൽസരിക്കേണ്ടി വരുന്നു. ചെറുകിട ഉൽപ്പന്നങ്ങൾ ഈ മൽസരത്തിൽ പുറംതള്ളപ്പെടുന്നു ഈസാഹചര്യത്തിൽ വിദേശ, കുത്തക ഉൽപ്പന്നങ്ങൾക്കെതിരെ സ്വദേശി എന്ന ചിന്താഗതി ഉപഭോക്താക്കളിലെത്തിച്ചുകൊണ്ട് മാത്രമേ, ചെറുകിടവ്യവസായങ്ങൾക്കു പിടിച്ചുനിൽക്കുവാൻ കഴിയൂ. കാർഷികമേഖലയെ അപേക്ഷിച്ച് 'റിസ്ക്' കൂടുതലായ വ്യവസായ മേഖലയിൽ മുതൽമുടക്കുവാൻ, സാമ്പത്തികശേഷിയുള്ളവർ പൊതുവെ തയ്യാറാവുന്നില്ല. റബ്ബർ തുടങ്ങിയ കാർഷിക മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ വിലസ്ഥിരമല്ലാത്തതും ചെറുകിട വ്യവസായങ്ങൾക്ക് ഭീഷണിയാവുന്നു.

മാർക്കറ്റിങ്ങ്, വായ്പാ ലഭ്യതയിലെ നൂലാമാലകൾ, വ്യവസായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, ഉയർന്ന കൂലിനിരക്ക്, വൈദ്യുതിയുടെ ദൗർലഭ്യം തുടങ്ങിയവയെല്ലാം വ്യവസായ സംരംഭകരെ, പിന്നോട്ടു മാറ്റുന്ന ഘടകങ്ങളാണ്.

എങ്കിലും താഴെപ്പറയുന്ന അനുകൂലഘടകങ്ങൾ നിലനിൽക്കുന്നു.

1) വിദ്യാഭ്യാസം കൊണ്ട് സമ്പുഷ്ടമാക്കപ്പെട്ട മനുഷ്യ വിഭവലഭ്യത.

2) ഈറ, മുള തുടങ്ങിയ അസംസ്കൃത വസ്തുക്കളുടെലഭ്യത, ഇവയുപയോഗിച്ച് കുട്ട, വട്ടി, പനമ്പ്, മുറം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. പഞ്ചായത്തിന്റെ കിഴക്കൻമേഖലകളും, ആറ്, തോട്, തീരങ്ങളും, ഇവയുടെ കൃഷിക്കായി വിനിയോഗിക്കുകകൂടി ചെയ്താൽ അസംസ്കൃത വസ്തുക്ഷാമം ഉണ്ടാവുകയില്ല.

3) വഴിക്കടവ്ഭാഗത്ത്, കുരിശുമല ആശ്രമംവക ഡയറിഫാംപോലെ ഡയറിഫാം സഹകാര്യ മേഖലയിലോ, സഹകരണ മേഖലയിലോ ആരംഭിക്കുകയും, അവയെ അടിസ്ഥാനമാക്കി ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

4) പഞ്ചായത്തിന്റെ ആകെ പാർപ്പുകുറഞ്ഞ ഒന്ന്, രണ്ട്, മൂന്ന്, വാർഡുകളിലെ പാറക്കൂട്ടങ്ങളിൽ ചിലവയിൽ ഗ്രാനൈറ്റ് നിക്ഷേപം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ വ്യവസായികടിസ്ഥാനത്തിലുള്ള ഘനന സാധ്യത പരിശോധിക്കപ്പെടണം.

5) മേൽപ്പറഞ്ഞ മേഖലയിൽ, ജനങ്ങളെ ബാധിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കാര്യമായിയുണ്ടാവില്ലാത്തതിനാൽ മൈനർ ക്രഷർ യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിയുന്നതാണ്.

6) കെട്ടിടനിർമ്മാണ രംഗത്തെ വളർച്ചയും, പ്രവണതകളും കാണിക്കുന്നത്, ഭവനനിർമ്മാണ സാമഗ്രികൾ (സിമൻറും കല്ലും ഉപയോഗിച്ച്) നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് സാദ്ധ്യതകൾ ഏറെയുണ്ടെന്നാണ്.

7) മലയോരമേഖലയായ, ഇവിടെകാണപ്പെടുന്ന ഔഷധ സസ്യങ്ങളെ അടിസ്ഥാനമാക്കി, ആയുർവ്വേദ, അലോപ്പതി ഔഷധനിർമ്മാണ യൂണിറ്റുകൾക്കും സാധ്യത കുറവല്ല.

8) പഞ്ചായത്തിലെ മാറുമലഅരുവിയിൽ നിന്നും, മലകളിലൂടെ ഒഴുകുന്ന മറ്റനേകം ചെറുതോടുകളിൽ നിന്നും, വൈദ്യുതി ഉണ്ടാക്കുന്നതിനുള്ള സാധ്യത ഏറെയാണ്. ഇതും, പഞ്ചായത്തിലെ വ്യവസായങ്ങൾക്കുള്ള സാഹചര്യങ്ങളേയും ബന്ധിപ്പിച്ചുകൊണ്ടാവണം വ്യവസായ രംഗത്തെ ആസൂത്രണം.

9) വനിതകൾക്ക് തൊഴിൽ ലഭിക്കുവാൻ സാദ്ധ്യതയുള്ള വസ്ത്രനിർമ്മാണം, കുറിപ്പൊടി, അച്ചാർ, സോപ്പ്, മെഴുകുതിരി, ഇലക്ട്രോണിക് വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

10) റബ്ബർകൃഷി വ്യാപകമായുള്ള ഇവിടെ തേനീച്ച കൃഷിയും, തേനൽപ്പന്നങ്ങളുടെ നിർമ്മാണവും പരിഗണിക്കാവുന്നതാണ്.

11) റബ്ബർ റീപ്ലാൻറുചെയ്യുന്ന തോട്ടങ്ങളിലും മറ്റു സ്ഥലങ്ങളിലും ഫലവർഗ കൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ട്, അവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ സ്ഥാപനവും സാദ്ധ്യമാണ്.

കൂടാതെ, റബ്ബർബാൻഡ്, ബലൂൺ, തീപ്പെട്ടി ഹാൻറി ക്രാഫ്റ്റ്, പലഹാര നിർമ്മാണം, മെഴുകുതിരി, റബ്ബർ ചെരുപ്പ്, കളിപ്പാട്ടം, ടയർ ഫാക്ടറി ഇതര റബ്ബറുൽപ്പന്നങ്ങൾ തുടങ്ങിയ വ്യവസായങ്ങളെ സംബന്ധിച്ച നിരദ്ദേശം ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

9-ാം പദ്ധതിക്കാലത്ത് വ്യവസായ രംഗത്ത് പഞ്ചായത്ത് നേടിയെടുക്കേണ്ട ലക്ഷ്യം പ്രഖ്യാപിച്ചുകൊണ്ട്, അതു നേടിയെടുക്കുന്നതിന് സഹകാര്യ-സഹകരണ മേഖലകളിൽ സംരംഭകരെ കണ്ടെത്തി പ്രോത്സാഹനം നൽകിയെങ്കിൽ മാത്രമേ വ്യവസായ വികസനം സാദ്ധ്യമാവൂ. സംരംഭകർക്കാവശ്യമായ സഹായങ്ങൾ-മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ സ്ഥാപനം ഉൾപ്പെടെ പഞ്ചായത്തിന് ചെയ്യുവാൻ കഴിയുകയും വേണം. ഒപ്പം, 9-ാം പദ്ധതിക്കാലത്ത് കേരത്തിലെ മിക്ക പഞ്ചായത്തുകളിലും രൂപം കൊണ്ടേക്കാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് ജില്ലാതലത്തിലോ, സംസ്ഥാനതലത്തിലോ, ഏകീകൃത സംവിധാനം ഉണ്ടാവുകയും ചെയ്യണം.

അനുബന്ധം -

റബർ തടികയ്യം ധാരാളമുള്ള ഈ പഞ്ചായത്തിൽ റബ്ബർ തടി സംസ്കരണ ശാല ആരംഭിക്കണം.

ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തുടങ്ങുന്നതിനുള്ള അനുകൂല സാഹചര്യം ഉണ്ട്.

വ്യവസായ രംഗത്തേക്കുവരാൻ താല്പര്യമുള്ളവർക്ക് സാമ്പത്തികവും സാങ്കേതിക വുമായ സഹായം ലഭിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം.

IV 4

വിദ്യാഭ്യാസം

20_ാം നൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ തീക്കോയി പഞ്ചായത്തു് പ്രദേശത്തു് വിദ്യാലയങ്ങളൊന്നുമുണ്ടായിരുന്നില്ല. അക്കാലത്തു് നിലത്തെഴുത്താശാൻമാരിൽ കൂടിയായിരുന്നു വിദ്യാഭ്യാസം ലഭിച്ചുകൊണ്ടിരുന്നതു്. അക്ഷരങ്ങളും, അക്കങ്ങളും, നീതിസാരങ്ങളും മറ്റു് സാരോക്തികളും നാരായം കൊണ്ടു് ഓലയിലെഴുതി ശിഷ്യൻമാർക്കു് നൽകിയിരുന്നു. വിസ്മരണീയമായികൊണ്ടിരുന്ന ഗുരുകുല വിദ്യാഭ്യാസവും കളരി വിദ്യാഭ്യാസവും ഉൾകൊണ്ട നമ്മുടെ പൂർവ്വികൻമാർ പുതിയ തലമുറയ്ക്കു് വിജ്ഞാന ജീവൻ നൽകിയതു് പില്ക്കാലത്തു് പ്രൈമറി സ്കൂളുകളും, ഹൈസ്കൂളുകളും, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും വിവിധസ്ഥലങ്ങളിൽ സ്ഥാപിച്ചുകൊണ്ടാണു്.

തീക്കോയിൽ കുടിയേറ്റക്കാർ ഒരു കത്തോലിക്കാ ദേവാലയം സ്ഥാപിച്ചു. പ്രസ്തുത ദേവാലയത്തിന്റെ മേൽനോട്ടത്തിൽ 1925_ൽ ഒരു ലോവർ പ്രൈമറിസ്കൂൾ തീക്കോയി പള്ളിവാതുക്കൽ സ്ഥാപിതമായി. ടി ലോവർ പ്രൈമറി സ്കൂൾ 1929_ൽ നാലുക്ലാസ്സുകളും ചേർന്നു് പൂർണ്ണമായി മലയോരപ്രദേശങ്ങളായ വെള്ളികുളം, വേലത്തുശ്ശേരി, മാവടി മുതലായ സ്ഥലങ്ങളിൽ നിന്നും വിദ്യാർത്ഥികൾക്കു് യാത്രാസൗകര്യങ്ങളൊന്നുമില്ലായിരുന്ന അക്കാലത്തു് പുലർച്ചേ തന്നെ തീക്കോയിലുള്ള എൽ. പി. സ്കൂളിലേയ്ക്കു് യാത്ര തിരിക്കണമായിരുന്നു. സ്കൂൾ വിട്ടതിനുശേഷം കുട്ടികൾ തങ്ങളുടെ ഭവനങ്ങളിലെത്തിയിരുന്നതും നേരം വളരെ വൈകിയാണു്. പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞു് ഉപരിപഠനത്തിനായി 8 10 കിലോമീറ്റർ നടന്നു് പൂഞ്ഞാറിലുള്ള S. M. V ഹൈസ്കൂളിലോ, പൂഞ്ഞാർ പള്ളിയോടുചേർന്നു് റവ. ഫാദർ T. C ജോസഫ് താഴത്തേൽ അവർകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്ന കെയിംബ്രിഡ്ജ് സ്കൂളിലോ എത്തേണ്ടതു് വളരെ ശ്രമകരമായ ഒരു പ്രവർത്തനമായിരുന്നുവെന്നു് അനുഭവസ്ഥർക്കു് നന്നായി അറിവുള്ള കാര്യമാണു്. വിദൂര സ്ഥലങ്ങളിലുള്ള മേൽപറഞ്ഞ വിദ്യാലയങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾ വളരെ വൈകി ഭവനങ്ങളിലെത്തിച്ചേരുന്നതു് മാതാപിതാക്കൾക്കു് കടുത്ത തലവേദനയായിരുന്നു.

പില്ക്കാലത്തു് 1949_ൽ തീക്കോയി ദേവാലയത്തോടനുബന്ധിച്ചു് മിഡിൽ സ്കൂൾ ആരംഭിച്ചു. തുടർന്നു് 1952_ൽ ഇപ്പോഴത്തെ ഹൈസ്കൂൾ കെട്ടിടം പണിയുകയും VIII_ാം സ്റ്റാൻഡേർഡ് ആരംഭിക്കുകയും ചെയ്തു. 1955_ൽ ഹൈസ്കൂൾ പൂർത്തിയാകുകയും S. S L. C ഒന്നാമത്തെ ബാച്ചിന്റെ പരീക്ഷ നടത്തുകയുമുണ്ടായി. ഇന്നു് തീക്കോയി സെന്റ്മേരിസ് ഹൈസ്കൂൾ ജില്ലയിലെ ഒന്നാം കിട സ്കൂളുകളിലൊന്നായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുത തീക്കോയി നിവാസികൾക്കു് അഭിമാനവും ആവേശവും നൽകുന്ന ഒരു ചരിത്ര സത്യമായി നിലനിൽക്കുന്നു. ജില്ലാ തലത്തിലും, സ്റ്റേറ്റ് തലത്തിലും വിവിധ കലാകായിക മത്സരങ്ങളിൽ നിരവധി തവണ ട്രോഫി നേടിയിട്ടുണ്ടെന്നുള്ളത് പ്രത്യേകം പ്രസ്താവയോഗ്യമാണു്. പെരിങ്ങുളം, തലനാട്, അട്ടിക്കം തുടങ്ങിയ സ്ഥലങ്ങളിൽ ഹൈസ്കൂളുകൾ ഉണ്ടാകുന്നതുവരെ തീക്കോയിലെ സ്കൂളുകളിലായിരുന്നു ടി പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ പഠിച്ചിരുന്നത്. ഈരാറ്റുപേട്ട, പൂഞ്ഞാർ, നടയ്ക്കൽ ഭാഗങ്ങളിൽ നിന്നും ഇന്നു് ധാരാളം കുട്ടികൾ ഇവിടെ വന്നു് പഠിക്കുന്നുണ്ടു്.

തീക്കോയി പഞ്ചായത്തിൽ ഏറ്റവും കിഴക്കരികിലുള്ള വെള്ളികുളത്തു് 1949 ൽ വെള്ളികുളം ദേവാലയത്തിന്റെമേൽ നോട്ടത്തിൽ ലോവർ പ്രൈമറിസ്കൂൾ ആരംഭിച്ചു ടി സ്കൂൾ 1962 ൽ അപ്പർ പ്രൈമറിസ്കൂളായും 1968_ൽ ഹൈസ്കൂളായും പടിപടിയായിഉയർന്നു. അങ്ങനെ വെള്ളികുളം സെന്റ് ആന്റണീസ് ഹൈസ്കൂൾ ഇന്നു് തീക്കോയി പഞ്ചായത്തിന്റെ മറ്റൊരു തിലകക്കുറിയായി പ്രശോഭിക്കുന്നു.

വേലത്തുശ്ശേരിയിലും, മംഗളഗിരിയിലും ഒരോ ലോവർ പ്രൈമറി സ്ക്കൂളുകളും പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്നുണ്ട്,

തീക്കോയി പഞ്ചായത്തിന്റെ വിദ്യാഭ്യാസരംഗത്ത് വിപ്ലവം തന്നെ സൃഷ്ടിച്ചു കൊണ്ട് ഒരു ടെക്നിക്കൽ ഹൈസ്കൂളും പ്രവർത്തനം ആരംഭിച്ചിട്ട് നാളുകളേറെ ആയില്ല. 100% വിജയം പലപ്പോഴും കൈവരിക്കുന്ന ടി ഹൈസ്കൂളും നാടിന്റെ അഭിമാനസ്രോതസായി മാറിയിരിക്കുകയാണ്. പട്ടികകളും ചുവടെ ചേർക്കുന്നു.

പട്ടിക I A	പട്ടിക II	പട്ടിക V B
പട്ടിക I B	പട്ടിക III	
പട്ടിക I C	പട്ടിക IV	
പട്ടിക I D	പട്ടിക V A	

തീക്കോയിയുടെ സാമൂഹ്യരാഷ്ട്രീയ, സാംസകാരിക വിദ്യാഭ്യാസരംഗങ്ങളിൽ വിപ്ലവം സൃഷ്ടിച്ചുകൊണ്ട് തീക്കോയി പീപ്പിൾസ് ലൈബ്രറി & റീഡിംഗ് റൂം 1940-കളിൽ സ്ഥാപിതമായി.

ശിശുവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ബാലവാടികളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. തീക്കോയി F.C കോൺവെന്റിന്റെ മേൽനോട്ടത്തിൽ സെന്റ് മേരീസ് നേഴ്സറിസ്കൂളും വേലത്തുശ്ശേരി F.C കോൺവെന്റ് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ സെന്റ് തോമസ് നേഴ്സറിസ്കൂളും മംഗളഗിരിയിലും, വെള്ളികുളം കർമ്മലസദോ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ സെന്റ് തോമസ് നഴ്സറിസ്കൂളും സെന്റ് ആന്റണീസ് നേഴ്സറിസ്കൂളും പ്രവർത്തിക്കുന്നുണ്ട്.

തീക്കോയി എസ്റ്റേറ്റിൽ 'ഗീതാ മഹിളാസമാജം' ബാലവാടിയും മ്ളാക്കുഴിയിൽ ഗവ. സഹായത്തോടുകൂടി മറ്റൊരു ബാലവാടിയും പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 1 A വിദ്യാർത്ഥികൾ അദ്ധ്യാപകർ

നമ്പർ.	സ്കൂൾ	മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	സെൻറ് ആൻറണീസ് H.S. വെള്ളികുളം L.P. U.P. H.S.	എയിഡഡ്	 113 144 90	 108 109 123	687	6	16	22
2	സെൻറ് മേരീസ് H.S. തീക്കോയി U.P. H.S.	എയിഡഡ്	 256 214	 220 221	911	11	22	33
3	T.H.S. തീക്കോയി H.S.	ഗവ:	106	1	107	16	4	20
4	സെ. മേരീസ് L.P.S. തീക്കോയി	എയിഡഡ്	219	182	401	—	10	10
5	സെ. തോമസ് L.P.S. വേലത്തുശ്ശേരി	എയിഡഡ്	53	51	104	—	4	4
6	സെ. തോമസ് L.P.S. മംഗളഗിരി	എയിഡഡ്	62	77	139	1	3	4

പട്ടിക 1 B

L.P. U.P. H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെവിദ്യാർത്ഥികൾ	L.P.			U.P.			H.S.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
2358	447	421	48.5%	400	329	45%	410	351	46%

പട്ടിക I (C)

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

ആകെ വിദ്യാർത്ഥികൾ	L. P. സ്കൂൾ		U. P. സ്കൂൾ			ഹൈസ്കൂൾ		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
868	81	9.3%	729	70	9.6%	761	43	5.6%

ആകെ 8.2 %

പട്ടിക I (D)

പഠനം നിർത്തിയവരുടെ കണക്ക്

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
2	5	7	42	27	69

ആകെ 3.2%

പട്ടിക II

ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ പഞ്ചായത്തിൽ	ഗവ: വിദ്യാലയത്തിലെ അദ്ധ്യാപകരുടെ കണക്ക്	ഗവ:അദ്ധ്യാപകരുടെ എണ്ണം %	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ:സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം	ശതമാനം
93	20	21.5%	2358	107	4.53%

പട്ടിക III

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	കായികോപകരണങ്ങൾ	റേഡിയോ	ടേപ്പ്റിക്കാർഡർ	ടെലിവിഷൻ	സിനിമാപ്രൊജക്ടർ	സ്കൂൾ ബോർഡ് ആവശ്യമുള്ളത്	മാതൃസംഘം സജീവം	സ്കൂൾ P.T.A. പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത് 4	—	3	—	1	5	3	0	0	—	6	6
ഇല്ലാത്തത് 2	—	3	—	പരിമിതം 2	1	3	6	6	—	—	1

പട്ടിക IV

ഭൗതിക സാഹചര്യങ്ങൾ

ക്രമനമ്പർ	സ്കൂൾ	ആകെവിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1	സെൻറ് ആൻറണീസ് H.S. വെള്ളിക്കുളം	687	22	15	3	ഇല്ല	ഇല്ല
2	സെൻറ് മേരീസ് H.S. തീക്കോയി	911	33	15	4	ഉണ്ട്	ഉണ്ട്
3	T.H.S. തീക്കോയി	107	20	2	ഇല്ല	ഇല്ല	ഉണ്ട്
4	സെ. മേരീസ് L.P.S. തീക്കോയി	401	10	15	4	ഉണ്ട്	ഉണ്ട്
5	സെ. തോമസ് L.P.S. വേലത്തുശ്ശേരി	104	4	4	1	ഉണ്ട്	ഉണ്ട്
6	സെ. തോമസ് L.P.S. മംഗളഗിരി	130	4	10	2	ഉണ്ട്	ഉണ്ട്

പട്ടിക V (A)

സ്കൂൾ	91—92	92—93	93—94	94—95	95—96
സെ. മേരീസ് H.S. തീക്കോയി	60%	61%	65%	80%	85%
സെ. ആൻറണീസ് H.S. വെള്ളികുളം	87%	87%	90%	84%	62.5%
T.H.S. തീക്കോയി	96.8%	100%	100%	93.31%	94%

പട്ടിക V B

ക്ലാസുകൾ	30% താഴെമാർക്കുലഭിച്ചവർ	30%—40 ഇടയ്ക്ക് മാർക്ക് ലഭിച്ചവർ	40%—50% ഇടയ്ക്ക് മാർക്ക് ലഭിച്ചവർ	50%—60% ഇടയ്ക്ക് മാർക്ക് ലഭിച്ചവർ	60% മുകളിൽ മാർക്ക് ലഭിച്ചവർ
III	52	50	42	35	48
IV	31	52	48	35	76
V	53	58	49	26	54
VI	51	55	62	36	39
VII	43	52	51	42	58
VIII	62	61	57	50	64
IX	54	72	78	39	32
X	26	42	54	47	27

അവലംബം സ്കൂൾ രേഖകൾ

മന്ദബുദ്ധികളായ കുട്ടികളുടെ മാനസികവികാസനത്തിനുവേണ്ടിയുള്ള (D.C.M.R) മന്ദബുദ്ധിവിദ്യാലയം തീക്കോയി F C. കോൺവെൻറ് സിസ്റ്റേഴ്സിന്റെ നിർലോഭ സഹായസഹകരണത്തിന്റെയും, ത്യാഗമനോഭാവത്തിന്റെയും മകുടോദാഹരണമാണ്.

1966-ൽ ഒന്നാം വാർഡിലെ ഒറയിട്ടിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജോൺ കെന്നഡിമെമ്മോറിയൽ ലൈബ്രറിയും മൂന്നാം വാർഡിലെ വേലത്തുശ്ശേരിയിൽ പ്രവർത്തിച്ചിരുന്ന A.J. ജോൺ മെമ്മോറിയൽ ലൈബ്രറിയും, ആനിയിളപ്പിലുണ്ടായിരുന്ന സന്തോഷ് ലൈബ്രറിയും, തീക്കോയി പഞ്ചായത്ത് ലൈബ്രറിയിൽ ലയിപ്പിക്കുകയുണ്ടായി. ഒന്നാം വാർഡിൽ വഴിക്കടവിലുള്ള യൂത്ത് ആർട്ട്സ് & സ്പോർട്സ് ക്ലബ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

തീക്കോയി ടൗണിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 'പ്രതിഭാ' പാരലൽ കോളേജിൽ വിവിധ കോഴ്സുകൾക്കുള്ള പരിശീലനം വിദ്യാർത്ഥികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു.

സാധ്യതകൾ

പ്രശസ്തമായ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന സ്ഥലത്തെ ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ലെന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാണ്. വളരെയേറെ വികസനസാധ്യതകളുള്ള ടി വിദ്യാലയം ഒരു പോളിടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി ഉയർത്തേണ്ടത് നാടിന്റെ നൻമയ്ക്കും, ഭാവിക്കും, അത്യന്താപേക്ഷിതമാണ്. സ്വന്തമായി സ്ഥലവും കെട്ടിടവും, കുടിവെള്ളസൗകര്യവും ഉണ്ടാകേണ്ടതുണ്ട്.

വെള്ളികുളം, തീക്കോയി ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് പ്ലസ് ടു ക്ലാസ്സുകൾ ആരംഭിക്കുന്നത് ഏറെ അഭികാമ്യമാണ്. ഇന്നത്തെ യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും, അനുവേപ്പെടുന്ന പ്രായോഗിക വൈഷമ്യങ്ങൾ ലഘൂകരിക്കുന്നതിന് വളരെ സഹായകമാണ്. നിലവിലുള്ള ലോവർ പ്രൈമറി സ്കൂളുകൾ (വേലത്തുശ്ശേരി, മംഗളഗിരി) അപ്ഗ്രേഡ് ചെയ്യുന്നത് അവിടെയുള്ള വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമാണ്. പ്രാഥമികാവശ്യങ്ങൾക്കുള്ള കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര, മുതലായവ ആവശ്യാനുസരണം നിർമ്മിക്കേണ്ടതാണ്. വെള്ളികുളം, വേലത്തുശ്ശേരി, മംഗളഗിരി, കല്ലേക്കുളം, ആനിയിളപ്പ്, ഞണ്ടുകല്ല് എന്നിവിടങ്ങളിൽ വായനശാലകൾ സ്ഥാപിക്കുന്നത് പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങളുടെ മാനസികോണർവിന് വളരെയേറെ പ്രയോജനകരമാണ്. നിലവിലുള്ള വായനശാലകൾ വിപുലീകരിക്കണം. 8-ാം വാർഡിൽ ഒരു നഴ്സറിസ്കൂൾ ആരംഭിക്കുന്നത് വളരെ നന്നായിരിക്കും. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ P.T.A. യുടെ സഹകരണത്തോടെ മെച്ചപ്പെടുത്താവുന്നതാണ്.

95% സാക്ഷരതയുള്ള തീക്കോയി പഞ്ചായത്തിൽ തൊഴിൽ വിദ്യാഭ്യാസത്തിനു മുന്തിയ പരിഗണന നൽകണം. ഒരു ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (I.T.I.) സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കും.

കമ്പ്യൂട്ടർ, ലാമ്പറട്ടറി ടെക്നീഷ്യൻ, റബർ ടെക്നോളജി തുടങ്ങിയ കോഴ്സുകൾ ഒഴിവുള്ളവർക്കു നോടനുബന്ധിച്ച് നടത്തുന്നത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ഒരു പരിധിവരെ സഹായകമായിരിക്കും.

തീക്കോയി പഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ III മുതൽ X വരെ സ്റ്റാൻഡേർഡുകളിലെ 30% ൽ താഴെ മാർക്കുലഭിച്ചിട്ടുള്ള 372 വിദ്യാർത്ഥികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിഗണനനൽകേണ്ടതാണ്.

ഞണ്ടുകല്ലിനു സമീപം VIII ാം വാർഡിൽ 1972 വരെ പ്രവർത്തിച്ചുകൊണ്ടിരുന്ന ടൈബൽ L.P സ്കൂൾകെട്ടിടം നാമാവശേഷമായി. ഇന്ന് തറമാത്രമേ അവശേഷിക്കുന്നുള്ളൂ. 50 സെൻറോളംവരുന്ന പ്രസ്തുതസ്ഥലത്ത് ഏതെങ്കിലും സാങ്കേതികവിദ്യാലയം തുടങ്ങുന്നത് നാട്ടുകാർക്ക് ഒരു നേട്ടമായിരിക്കും.

തീക്കോയി പഞ്ചായത്തിൽ നിന്നും ധാരാളം കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോകുന്നുണ്ട്. വിദ്യാർത്ഥികളുടെയിടയിൽ സാമ്പത്തികതരംതിരിവിനും, ഭിന്നസംസ്കാര രൂപീകരണത്തിനും ഇടവരുത്താവുന്നതാണ്.

തീക്കോയി F.C കോൺവെൻറിന്റെ നേതൃത്വത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന D.C.M.R. ന് കേന്ദ്രസംസ്ഥാന സർക്കാരുകളിൽ നിന്നോ മറേറതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ നിലവിൽ യാതൊരുസാമ്പത്തികസഹായമോ ലഭിക്കുന്നില്ല. ഈ സ്ഥാപനത്തിന് അർഹമായ സാമ്പത്തിക ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതാണ്.

അനുബന്ധം

II, V, VIII വാർഡുകളിൽ ഓരോ നഴ്സറി സ്കൂളുകളും ആരംഭിക്കുകയും മറ്റു സ്ഥലങ്ങളിൽനിലവിലുള്ള നഴ്സറിസ്കൂളുകളും അടിസ്ഥാനസൗകര്യങ്ങളും ഉണ്ടാക്കി വേണ്ടത്ര അദ്ധ്യാപകരെ നിയമിച്ചും നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യണം.

സ്കൂളുകളിൽ ഗവൺമെൻറ് നിർത്തലാക്കിക്കൊണ്ടിരിക്കുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ തസ്തികകളും പുനസ്ഥാപിച്ച് കുട്ടികളുടെ കലാകായികകഴിവുകളെ വികസിപ്പിക്കണം.

IV 5

കുടിവെള്ളവും, പൊതുജനാരോഗ്യവും

തീക്കോയി പഞ്ചായത്തിന്റെ എട്ട് വാർഡുകളിലും വേനക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. കറച്ച് ഏറെക്കുറച്ചിലുകളോടെ കാരിക്കാട്, വെള്ളികുളം, ഒറയിട്ടി, മലമേൽ, കല്ലേകുളം, തേവരുപാറ, അറുകോൺമല തുടങ്ങിയ പലപ്രദേശങ്ങളും വേനൽക്കാലത്ത് കുടിവെള്ളത്തിനുവേണ്ടി വളരെ കഷ്ടപ്പെടുന്നു. വാട്ടർ അതോറിറ്റിവക മൂന്ന് വാട്ടർ സപ്ലൈ സ്കീമുകളും ഈ പഞ്ചായത്തിനു നിലവിലുണ്ട്. എന്നാൽ പൈപ്പുകളും പൊട്ടിയും, നഷ്ടപ്പെട്ടും പോയതിനാൽ വെള്ളികുളംപദ്ധതി ഇപ്പോഴും പൂർണ്ണമായി പ്രവർത്തനക്ഷമമല്ല. നെല്ലുവേലിപ്പുറമ്പിലെ കഴൽക്കിണറിൽനിന്നും വെള്ളം പമ്പ് ചെയ്ത് അഞ്ചാം വാർഡിലെ രണ്ട് ടാങ്കുകളിലെത്തിച്ചശേഷം 5, 6, 7 വാർഡുകളിൽ പൊട്ടുന്ന ആനിയിളപ്പ്, ഞണ്ടുകല്ല്, തലേണക്കര എന്നിവിടങ്ങളിൽ എത്തിക്കുവാനുള്ള പദ്ധതി 1992-ൽ പൂർത്തിയായെങ്കിലും വിവിധ തരത്തിലുള്ള സാങ്കേതിക തകരാറുകളും, പൈപ്പുകളുടെ അപര്യാപ്തതയും, പമ്പിംഗിനുള്ള ജോലിക്കാരെ നിയമിക്കാത്തതുമൂലം ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. തീക്കോയി പള്ളിക്കുസമീപം ആറുതീരത്തുള്ള പമ്പുഹൗസിൽ നിന്നും അറുകോൺമല, കൊല്ലമ്പാറ തുടങ്ങിയ പ്രദേശങ്ങളിലെ ടാങ്കുകളിലേക്ക് വെള്ളംഅടിച്ച് 8-ാം വാർഡിന്റെ പലഭാഗങ്ങളിലെ ജലവിതരണം നടത്തുന്ന തീക്കോയി വാട്ടർസപ്ലൈ സ്കീമാണ് ആദ്യമായി നടപ്പാക്കിയപദ്ധതി. പഴക്കം ചെന്നതിനാൽ പൈപ്പുകളും തകരാറിലായതും കേടുവരുന്ന പൈപ്പുകൾ നന്നാക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളാതിരിക്കുകയും ചെയ്യുന്നതിനാലും, വേനൽക്കാലത്തു ജലദൗർലഭ്യം നേരിടുന്നതുകൊണ്ടും ഈ പദ്ധതി വേണ്ടവിധത്തിൽ പ്രയോജനപ്പെടുന്നില്ല.

ഈ പഞ്ചായത്തിൽ ഭൂരിപക്ഷം കുടുംബങ്ങളും കിണറിൽ നിന്നുള്ള വെള്ളമാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലാകെ 1500 കിണറുകളാണുള്ളത്. ഇവയിൽ 16 എണ്ണം പൊതുകിണറുകളാണ്. തീക്കോയി ആറ് അതിന്റെ കൈവഴികളായ തോടുകളുമാണ് പ്രധാന ജലശ്രോതസുകൾ. ഈ ആറിലേയ്ക്ക് ആറുതീരത്ത് സ്ഥാപിച്ചിരിക്കുന്ന രണ്ട് ക്രിപ്പ്മില്ലുകളിൽ നിന്നും എസ്റ്റേറ്റിലെ റബർഫാക്ടറിയിൽനിന്നും മലിനജലം ഒഴുക്കിവിടുന്നുണ്ട്. സെപ്റ്റിക് ടാങ്കുകൾ തീർത്തും വേസ്റ്റ് വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിച്ചും ജലമലിനീകരണം തടയണം. മലിനജലടാങ്കിൽ കൊതുകുകൾ മുട്ടയിട്ട് പെരുകുകയും, ഈച്ചകൾ വർദ്ധിക്കുകയും ചെയ്യുന്നു.

കുടിവെള്ളക്ഷാമ പരിഹാരമാർഗ്ഗങ്ങൾ

ഒന്നും രണ്ടും വാർഡുകളിൽ കുടിവെള്ളത്തിന് വളരെക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളാണ് കാരിക്കാട്, വെള്ളികുളം, ഒറയിട്ടി, നാടുനൊക്കി, കുട്ടപ്പാറ, മലമേൽ, ഇഞ്ചപ്പാറ തുടങ്ങിയവ. എന്നാൽ വഴിക്കടവിലുള്ള നല്ല തണ്ണിത്തോടിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്ന സാമാന്യം വിസ്തൃതമായ ചതുപ്പുനിലം താഴ്ത്തി ഒരു വലിയകുളം തീർക്കുവാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. ആ കുളങ്ങളിൽ നിന്നും വെള്ളം പമ്പു ചെയ്ത് സമീപത്തുള്ള കുന്നിൻമുകളിൽ ടാങ്കുനിർമ്മിച്ച് സംഭരിച്ചാൽ സമുദ്രനിരപ്പിൽനിന്നും രണ്ടായിരത്തിൽപരം അടി ഉയരമുള്ള താഴേക്ക് പൈപ്പുവഴി ഒന്നും, രണ്ടും വാർഡുകളിൽ മാത്രമല്ല മൂന്നാം വാർഡിലെ തെക്കൻ മലകളിലും വെള്ളമെത്തിക്കാം. ഇതിനെല്ലാം ആവശ്യമായതിലും അധികം വെള്ളം ഈ നിർദ്ദിഷ്ട കുളങ്ങളിൽ നിന്നും ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിനു പുറമേ കുരിശുമല ആശ്രമത്തിന്റെ സമീപപ്രദേശത്തുകൂടെ കുഴിച്ച് വെള്ളം സംഭരിക്കാവുന്നതാണ്. മലമേൽ സ്കീം വികസിപ്പിച്ച് മലമേൽ, മാവടി തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളമെത്തിക്കാം. അവിടെയുള്ള ഉറവകളും, ഓലികളും തുടങ്ങിയവയും ശരിക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

3-ാം വാർഡിൽ കുളത്തുങ്കൽ, മഞ്ഞപ്ര, മാവടി, വേലത്തുശ്ശേരി, മുപ്പതേക്കർ തുമ്പശ്ശേരി തുടങ്ങിയ സ്ഥലങ്ങളും ജലദൗർലഭ്യം നേരിടുന്നവയാണ്. മേൽ കൊടുത്തിരിക്കുന്ന പദ്ധതി പൂർത്തിയാക്കിയാൽ ഇതിൽ കുറെ ഭാഗത്തു പ്രയോജനപ്പെടും. നിലവിലുള്ള മലമേൽസ്കീം വിപുലീകരിക്കുന്നതുവഴി വാളിയാങ്കൽമല മഞ്ഞപ്രമല തുടങ്ങിയ പ്രദേശത്തിനു വെള്ളം ലഭ്യമാക്കാം. സാധ്യതയുള്ള ഇടങ്ങളിൽ കുഴൽ കിണറുകളും നിർമ്മിക്കാം.

4-ാം വാർഡിൽ വേനൽക്കാലത്തു മിക്കയിടങ്ങളിലും വെള്ളത്തിനു ദൗർദ്രമാണ്. കൂടംവെട്ടി, എരിയാറുപാറ, പുതുക്കാട് എന്നിവിടങ്ങളിൽ കുഴൽകിണറുകളും കുഴിച്ചു തീക്കോയി ആറ്റിലെഭഗവതിക്കയം ഭാഗത്തു അണകെട്ടി അരമുത്തുപാറയിൽ ടാങ്കുനിർമ്മിച്ചു പൈപ്പുലൈൻ ഇട്ടു സമീപസ്ഥലത്തു വെള്ളമെത്തിക്കുവാനുള്ളസ്കീം നടപ്പാക്കി ജലദൗർല്ലഭ്യം പരിഹരിക്കാം ഇതിനു പുറമേ ഓഴാക്കൽക്കുന്നിന്റെ സ്ഥലം, എടയ്ക്കാട്ടുപറമ്പ്, ഉണക്കാട്, ചെറുവല്ലംപറമ്പ് എന്നിവിടങ്ങളിൽ കുളംകുഴിച്ചു വെള്ളം സംഭരിക്കാമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടുന്നു. ഹരിജൻ കോളനിയിലെ കുളം മെച്ചപ്പെടുത്തി വെള്ളപ്പൊശക്കൽ ഓലി കുളമാക്കിയും ജലപ്രശ്നം നേരിടാം.

5-ാം വാർഡിൽ കുളത്തുങ്കൽ, കല്ലേക്കുളം, എവറസ്റ്റ് ഭാഗത്തേയ്ക്കു പൈപ്പ് ലൈൻ നീട്ടി വെള്ളം എത്തിക്കാം. കുളത്തുങ്കൽ ഭാഗത്തെ ഓലി വികസിപ്പിക്കണം. കല്ലംതൊട്ടിൽ തടയണകെട്ടിയും ഈ സ്ഥലങ്ങളിലേക്കു വെള്ളം എത്തിക്കാം. കണ്ണംപാളാക്കൽ പാറയുടെ ഭാഗത്തു ടാങ്കുകെട്ടി വെള്ളം എത്തിക്കണം. സൗകര്യപ്രദമായ സ്ഥലങ്ങളിൽ കുഴൽ കിണറുകളും നിർമ്മിക്കാം.

6-ാം വാർഡിൽ ചേരിമല, കല്ലേക്കുളം, വെട്ടിപ്പുറമ്പ് പ്രദേശങ്ങളിൽ കുഴൽകിണർ സ്ഥാപിക്കാം, ഉയർന്ന സ്ഥലത്തു ടാങ്കുകെട്ടി എല്ലായിടത്തും വെള്ളം എത്തിക്കുവാൻ സാധിക്കും.

7-ാം വാർഡിൽ വെള്ളത്തിനു ഏറ്റവുമധികം ക്ഷാമം നേരിടുന്നതു ആനിയിളപ്പ്, തേവരുപാറ, ഭാഗത്താണ്. ആയുർവേദാശുപത്രിയും, ടെക്നിക്കൽ ഹൈസ്കൂളും എല്ലാ കാലാവസ്ഥയിലും വെള്ളം കിട്ടാതെ കഷ്ടപ്പെടുകയാണ്. അറുകൊലതോടാണു ഇതിലെ ഒഴുകുന്നതു. വടക്കു അതിരിലൂടെ ആറും ഒഴുകുന്നു. ഞണ്ടുകല്ല് പാലത്തിനു സമീപമുള്ള കയത്തിനു താഴെയും തുവപ്പുഴയിലേയും, ദിപ്തീ സ്കൂളിനു ചേർന്നുള്ള ആറു കടവിലും തടയണകളും നിർമ്മിച്ചു വെള്ളം പമ്പുചെയ്യാൻ തേവരുപാറ ആയുർവ്വേദ ആശുപത്രി, ടെക്നിക്കൽ ഹൈസ്കൂൾ തുടങ്ങിയ ഉയർന്ന സ്ഥലത്തും 8-ാം വാർഡിലെ കൂടുതൽ ജല ദൗർലഭ്യമുള്ള നാഗപ്പാറ, അറുകോൺ മലമുകളും എന്നീ സ്ഥസങ്ങളിലും വെള്ളം എത്തിക്കാം.

8-ാം വാർഡിനെ സംബന്ധിച്ചു വെള്ളക്ഷാമം രൂക്ഷമായ ഒരു പ്രദേശമാണ്. 7-ാം വാർഡിലെ പ്രശ്ന പരിഹാരമായി പറഞ്ഞിരിക്കുന്ന തടയണകളുടെ പൂർത്തീകരണവും. നിലവിലുള്ള സ്കീമിന്റെ ശരിയായ പ്രവർത്തനം വഴി കുറെയെല്ലാം പരിഹാരം കാണാം. അതിനു പുറമെ 8-ാം വാർഡിന്റെ പടിഞ്ഞാറു ഭാഗത്തു തുടങ്ങി അനുയോജ്യമായ സ്ഥലങ്ങളിൽ കുഴൽ കിണറുകളും നിർമ്മിക്കാം.

മണ്ണിന്റെ ജലസംഭരണശേഷി നിലനിർത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗങ്ങളും സ്വീകരിക്കണം. നീർക്കുഴികളും നിർമ്മിച്ചും ആവരണവിളകളും പിടിപ്പിച്ചും ജലസംഭരണശേഷി വർദ്ധിപ്പിക്കാം. ചോലവനങ്ങളും പരിരക്ഷിച്ചും, പൂൽകൃഷി നടത്തിയും ആസന്ന ഭാവിയിൽ വിലയേറിയ ഒരു വസ്തുവായി മാറിയേക്കാവുന്ന ശുദ്ധജലത്തെ നിലനിർത്താം. പ്രത്യേകമായും കുറെക്കാലങ്ങളായി വ്യവസായാടിസ്ഥാനത്തിൽ നടത്തപ്പെടുന്ന മണൽ വാരൽ കർശനമായി നിയന്ത്രിക്കണം. ആറ്റിൽ ജലവിതാനം നിലനിർത്തുന്നതിൽ മണൽ തട്ടിനുള്ള പങ്കു നാം വിസ്മരിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നു. ടാപ്പുകളും അനധികൃതമായി ഉപയോഗിക്കുക വഴിദുർലഭമായ കാലത്തുപോലും പൈപ്പുവെള്ളം നഷ്ടപ്പെടുത്തുക ചില ഹോട്ടലുകാരുടേയും മറ്റും തഴക്കമാണ്. ജലം ഒരു ധനമായി കാണുവാനും ജലദുരുപയോഗം തടയുവാനും നമുക്കു പരിശ്രമിക്കാം.

ഈ പഞ്ചായത്തിന്റെ പ്രധാപ്പെട്ട ജലസ്രോതസ്സു മീനച്ചിലാറിന്റെ പ്രധാന കൈവഴിയായ തീക്കോയി ആറാണ്. വേനൽക്കാലത്തു ഈ ആറ്റിൽ അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുന്നതിനു ചെക്കുഡാമുകളും നിർമ്മിക്കുകയും മൂലമറ്റത്തുനിന്നും മലങ്കരഡാമിലേയ്ക്കു ഒഴുകുന്ന വെള്ളത്തിൽ ഒരു ഭാഗം തുരങ്കം വഴി തീക്കോയി ആറ്റിലേക്കു ഒഴുക്കിയാൽ തീക്കോയി മുതൽ കോട്ടയം വരെയുള്ള പ്രദേശങ്ങളിൽ ജലക്ഷാമത്തിൽ അതു ശാശ്വതമായ പരിഹാരമാകും.

തീക്കോയി ആറ്റിൽ ഞണ്ടുകല്ല്യോഗത്തുള്ള വെഞ്ചാരി, കോമാളി, തുമവപ്പുഴ എന്നീ കയങ്ങളിൽ ഏതെങ്കിലും ഒരു കയം ജലസ്രോതസായി എടുത്തുകൊണ്ട് ശുദ്ധജലവിതരണപദ്ധതി നടപ്പാക്കിയാൽ തീക്കോയി പഞ്ചായത്തിലെ 6, 7, 8 വാർഡുകളിലെ മുഴുവൻ പ്രദേശങ്ങൾക്കും തീക്കോയി ടൗൺ ഉൾപ്പെടെ 5-ാം വാർഡിലെ ഭൂരിഭാഗം പ്രദേശങ്ങൾക്കും 4-ാം വാർഡിലെ കുറെ പ്രദേശങ്ങളിലും ആവശ്യമായ ജലവിതരണം നടത്താൻ കഴിയും.

ആരോഗ്യം

തീക്കോയി പഞ്ചായത്തിൽ 3058 വീടുകളിലായി 10272 പേർ അധിവസിക്കുന്നുണ്ട്. പൊതുവേ ആരോഗ്യ പ്രശ്നങ്ങൾ ഇവിടെ കുറവാണ്. ഈ പഞ്ചായത്തിലെ ജനനമരണ നിരക്കുകൾ സംസ്ഥാന തലത്തിലുള്ള നിരക്കുമായി ഏതാണ്ട് ഒത്തുപോകുന്നു. ഇവിടെ മാതൃ മരണങ്ങളും, ശിശുമരണങ്ങളും കുറവാണ്. ശരാശരി ആയുർദൈർഘ്യം എഴുപത്തു വയസ്സാണെന്നു കണക്കാക്കിയിരിക്കുന്നു.

ചികിത്സാ സൗകര്യങ്ങൾ

1950 വരെയുള്ള കാലങ്ങളിൽ നമ്മുടെ പ്രദേശത്ത് പാരമ്പര്യ വൈദ്യന്മാരായിരുന്നു. കണിയാർ എന്ന വിഭാഗക്കാർ വീടുകളിൽ എത്തി രോഗിയെ പരിശോധിച്ച് മരുന്നുകൾ നൽകുന്ന ഒരു സമ്പ്രദായം ഉണ്ടായിരുന്നു. ആ രീതികാലക്രമേണനിന്നുപോയി. എന്നാലും ആയുർവ്വേദമരുന്നുകളും എണ്ണകളും, കഴമ്പുകളും, ലേഹ്യങ്ങളും എന്നിവ ഉണ്ടാക്കി കടകളിൽ ഇട്ട് അവരുടെ അടുത്ത തലമുറക്കാർ ചികിത്സ നടത്തുന്നുണ്ട്. അലോപ്പതി ചികിത്സാരീതിയുടെ കടന്നുകയറ്റം മറ്റു ചികിത്സാ രീതികളെ പിൻതള്ളിയിട്ടുണ്ടെങ്കിലും ആയുർവ്വേദ ചികിത്സയിലുള്ള വിശ്വാസവും മതിപ്പും ജനങ്ങളിൽ ഇന്നും നിലനിൽക്കുന്നു. ഇവിടെ പ്രൈമറി ഹെൽത്ത് സെൻറർ പ്രവർത്തിക്കുന്നില്ല. രണ്ട് സഹകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നു. വഴിക്കടവിലുള്ള മിത്രനികേതൻ ആശുപത്രിയും, തീക്കോയിലുള്ള പൂർണ്ണിമാ മെഡിക്കൽ സെൻറും, പിന്നീട് പുത്തൻപുരയ്ക്കൽ ഡിസ്പെൻസറി എന്ന ആയുർവ്വേദവൈദ്യശാലയും, വേലത്തുശ്ശേരിയിലുള്ള ആയുർവ്വേദശാലയും നിലവിലുണ്ട്. രണ്ട് ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. പിന്നീട് പഞ്ചായത്തു കോമ്പൗണ്ടിൽത്തന്നെ സർക്കാർ ആയുർവ്വേദാശുപത്രിയും പ്രവർത്തിക്കുന്നു. സ്ഥാപനകാലം മുതൽ തന്നെ പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനമാണ് ഈ ആശുപത്രികളിൽ ലഭിച്ചിട്ടുള്ളത്. ഈരാറ്റുപേട്ട ബ്ലോക്ക് അതിർത്തിയിലും പുറത്തുനിന്നും ധാരാളം രോഗികൾ ഇവിടെയെത്തി ചികിത്സ നടത്തുന്നു. തിരുമ്മ്, പിഴിച്ചിൽ തുടങ്ങിയവയും ഇവിടെ നടത്തപ്പെടുന്നു. 10 കിടക്കകളാണ് ഇപ്പോൾ ഉള്ളത്. പ്രതിദിനം 100ൽ പരം രോഗികൾ ഇവിടെ എത്തുന്നു. എന്നാൽ വളരെയധികം പരാധീനതകൾ ഈ സ്ഥാപനംനേരിടുകയാണ്. ശുദ്ധജലം വേണ്ടത്രകിട്ടുവാനോ സംഭരിക്കുവാനോ ഉള്ളസൗകര്യങ്ങൾഇവിടെഇല്ല. മരുന്നുകൾ കൂട്ടുവാനുള്ള ഒരുമുറിയോ മരുന്നുകൾ തണുപ്പടിക്കാതെ സൂക്ഷിക്കുവാനുള്ളസൗകര്യം പോലുമോ ഇല്ല. രോഗികൾക്ക് വേണ്ടത്ര കക്കൂസ് സൗകര്യം ഇല്ല ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ഉണ്ടാകണം. പുതുതായിപണിആരംഭിച്ച കെട്ടിടം വേഗംപൂർത്തിയാക്കണം. ഇത് 20 ബഡുകളുള്ള ഒരു താലൂക്ക് ആശുപത്രിയാക്കണം. കൂടുതൽ ഡോക്ടർമാരെ നിയമിക്കണം. മർമ്മ ചികിത്സക്കും, വിഷ ചികിത്സയും ഉള്ള ഡോക്ടർമാർ കൂടി വേണം. ആശുപത്രിക്ക് ഒരു കുഴൽക്കിണർ നിർമ്മിച്ച് ജലദൗർലഭ്യം പരിഹരിക്കണം. തീക്കോയി പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.

1964-ൽ വഴിക്കടവ് എന്ന അവികസിത പ്രദേശത്ത് ആരംഭിച്ചതാണ് മിത്രനികേതൻ ആശുപത്രി. ഡോ. എലിസബത്ത് ബെക്കാറാണ് സ്ഥാപകഡോക്ടർ. ആപ്രദേശത്തെ പാവപ്പെട്ട തൊഴിലാളികൾക്കും, ചെറുകിടകർഷകർക്കും ഒരനുഗ്രഹമാണ് ഈ സ്ഥാപനം. ഇപ്പോഴത്തെ ഡോക്ടർ എച്ച്. സീന എന്ന സിസ്റ്ററാണ്. സാധാരണ ജനങ്ങളുമായി വളരെയധികം ബന്ധപ്പെടുന്ന പ്രകൃതി. 60 ബഡുകളുള്ള ഈ ആശുപത്രിയിൽ രണ്ട് ഡോക്ടർമാരും 18 സ്റ്റാഫും ഉണ്ട്.

തീക്കോയി ടൗണിൽ നടത്തപ്പെടുന്ന ഒരാശുപത്രിയാണ് പൂർണ്ണിമാ മെഡിക്കൽ സെൻറർ. ഡോക്ടർ പ്രസന്നയുടെ നേതൃത്വത്തിൽ നടത്തുന്ന ഈ ആശുപത്രിയിൽ സ്റ്റാഫിൽ നാലുപേരുണ്ട് കിഴക്കുള്ള മിത്രനികേതൻ ആശുപത്രി ഒഴിച്ച് തീക്കോയി പ്രദേശത്തുള്ള ഒരു അലോപ്പൊതി ആശുപത്രിയാണിതു്. മറ്റു ഡിസ്പൻസറികളിൽ ഓരോ ഡോക്ടർമാർ ചികിത്സ നടത്തുന്നു. പുത്തൻപുര ഡിസ്പൻസറിയിൽ ഒരു സ്റ്റാഫും ഉണ്ട്.

നിലവിൽ 2 കുടുംബക്ഷേമകേന്ദ്രമുണ്ട്. കല്യത്തു് കെട്ടിടം ഉണ്ടെങ്കിൽ ഒറ്റയീട്ടിയിൽ കെട്ടിടം ഇല്ല. വെള്ളികുളം സെൻറിൽ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഈ സെൻറുകളിൽ ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം.

എല്ലാവിധ സൗകര്യങ്ങളോടു കൂടിയ ഒരു അലോപ്പതി ആശുപത്രി P H C സർക്കാർ ഉടമയിൽ ആരംഭിക്കണം. ഇവിടെ ഈച്ച, കൊതുകു് നിയന്ത്രണത്തിനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കണം. എല്ലാവീടുകൾക്കും കക്കൂസു് നിർമ്മിച്ചു് നൽകണം. കോളനികളിൽ കക്കൂസു്, കുടിവെള്ളം, വെളിച്ചം എന്നിവ എത്തിക്കണം തീക്കോയിപള്ളിഭാഗം, തൊങ്കൽ എന്നിവടങ്ങളിൽ പൊതു കക്കൂസു് നിർമ്മിക്കണം. ചപ്പുചവറുകൾ നിക്ഷേപിക്കാൻ ഡസ്റ്റ്ബിൻ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിക്കണം. അടിച്ചു വാരുന്നതിനു് ആളുകളെ നിയോഗിക്കണം. അറവുശാലകൾ ശാസ്ത്രീയമായി നിർമ്മിക്കണം. നിയമവിധേയമായി അവ നടത്തപ്പെടണം. സ്ലോട്ടർഡുകൾ ഹൗസു് നിർമ്മിക്കണം. ലൈസൻസു് കൊടുക്കുമ്പോൾ നിയമവ്യവസ്ഥകൾ കൃത്യമായി പാലിക്കുമെന്നു് ഉറപ്പുവരുത്തണം. വിലുക്കപ്പെടുന്ന മാംസം നല്ല രീതിയിലുള്ളതായിരിക്കാനുള്ള ക്രമീകരണങ്ങൾ നടത്തിയിരിക്കണം. തീക്കോയി പള്ളിവാതുക്കലുള്ള അറവുശാലകൾ പൊതുജനാരോഗ്യത്തിനു് വിഘാതമായ രീതിയിലാണു് നിലകൊള്ളുന്നതു്. പള്ളി, പള്ളിക്കടം, വെയിറിംഗ്ഷെഡ്, വ്യാപാരസ്ഥാപനങ്ങൾ മദ്ധ്യത്തിൽ റോഡരികു് ചേർന്നു് നടത്തപ്പെടുന്ന ഈ അറവുശാലകളിലെ അസ്ഥികളും രക്തവുമെല്ലാം റോഡിലൂടെ ഒഴുകിയെത്തുന്നു. ഹോട്ടലുകൾ വൃത്തിയായും ആരോഗ്യകരമായും നടത്തുവാൻ വേണ്ട നിർദ്ദേശം കൊടുക്കുകയും ഇടക്കിടെ പരിശോധന നടത്തുകയും വേണം.

ഒരു പൊതുശ്മശാനം സ്ഥാപിക്കണം മദ്യപാനം, പകവലി തുടങ്ങിയ അനാരോഗ്യകരമായ ശീലങ്ങളിൽ നിന്നു് പിന്തിരിയുവാൻ ആവശ്യമായ ബോധവത്ക്കരണം ഉണ്ടാകണം. കഞ്ചാവു് വില്പന നടത്തുന്ന കടയുടമകളുടെ പേരിൽ കർക്കശമായ നിയമനടപടികൾ എടുക്കുന്നതാണെന്നു് മുന്നറിയിപ്പു് നൽകുകയും തദനുസരണം പ്രവർത്തിക്കുകയും വേണം. ലഹരിയുള്ളതോ തരം താണതോ ആയ മധുര പലഹാരങ്ങൾ, മിഠായികൾ ഇവ സ്കൂളുകൾക്കു സമീപം വിറ്റഴിക്കപ്പെടുന്നുണ്ടോ എന്നു് പരിശോധിക്കണം. ഈ നൂറ്റാണ്ടിലെ മാരകമായ എയ്ഡ്സു് രോഗത്തിനെതിരെ മുൻകരുതലെടുക്കുവാനുള്ള ബോധവത്ക്കരണം നടത്തണം. ഹെൽത്തു് വർക്കിനെ നിയമിക്കണം, അങ്ങനെ നമ്മുടെ ഗ്രാമം ആരോഗ്യപൂർണ്ണമാകാനുള്ള പരിശ്രമം നമുക്കു് നടത്താം.

ആയുർവേദാശുപത്രി ചോർന്നൊലിച്ചു കിടക്കുന്നതിനാൽ മെയിൻറൻസു നടത്തി അടിയന്തിരമായി പ്രവരത്തനക്ഷമമാക്കണം. ഈ പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം. ഹെൽത്തു വർക്കേഴ്സു് പൊതുജനാരോഗ്യത്തെക്കുറിച്ചു് ജനങ്ങൾക്കു് ബോധവൽക്കരണം നടത്തണം. ലഹരി ചേർത്ത പാനീയങ്ങൾ വിൽക്കുന്നതു് നിരോധിക്കുക.

ഗതാഗതം

തീക്കോയി എസ്റ്റേറ്റിന്റെ ആവശ്യത്തിലേയ്ക്കായി ആരംഭകാലത്ത് സഞ്ചാരയോഗ്യമായ റോഡുനിർമ്മാണം ആരംഭിച്ചു. ഒന്നാം ലോകമഹായുദ്ധ ശേഷം അനുഭവപ്പെട്ട ഭക്ഷ്യക്ഷാമം സമീപപ്രദേശങ്ങളിലെ ജനങ്ങളെ മലമ്പ്രദേശങ്ങളും നിറഞ്ഞ ഈ പഞ്ചായത്തിൽ കൃഷിയാവശ്യത്തിന് എത്തിപ്പെടുവാൻ പ്രേരിപ്പിച്ചു. തോടുകളും പുഴകളും, മലകളും നിറഞ്ഞ ഈ പ്രദേശത്ത് സ്ഥിരവാസം ദുരിതപൂർണ്ണമായിരുന്നതിനാൽ കേവലം നടപ്പാതകളും മാത്രമാണ് ഉണ്ടായിരുന്നത്. രണ്ടാം ലോകമഹായുദ്ധം വരുത്തിവച്ച രൂക്ഷമായ ഭക്ഷ്യപ്രശ്നങ്ങളും വിപുലമായ കൃഷിയ്ക്കും ഇത് അധികരിച്ച ജനവാസത്തിനും പ്രേരകമായി. എങ്കിലും ഭൂമിശാസ്ത്രപരമായ ദുഃസ്ഥിതി നല്ല പാതകളുടെ നിർമ്മാണത്തിന് തടസ്സംനിന്നു.

തീക്കോയി പഞ്ചായത്ത് രൂപീകൃതമാകുമ്പോഴും ഉണ്ടായിരുന്ന പ്രധാനറോഡ് ഈരാറ്റുപേട്ട പീരുമേട് റോഡാണ്. വളരെ ചെറിയ വിഭവശേഷിയുള്ള ഈ മലയോര പഞ്ചായത്തിന്റെയും ജനങ്ങളുടെയും തീവ്രശ്രമഫലമായി ഇന്ന് സഞ്ചാരയോഗ്യമല്ലെങ്കിലും എല്ലാ മലകളിലും നാമമാത്രമായ റോഡുകളുണ്ട്. ഇപ്പോഴും നിലവിലുള്ള 8 മീറ്റർ റോഡുകളുടെയും 4 മീറ്റർ റോഡുകളുടെയും പട്ടിക ചുവടെ ചേർക്കുന്നു.

സ്റ്റേറ്റ് ഹൈവേ

ഈരാറ്റുപേട്ട-പീരുമേട് സ്റ്റേറ്റ് ഹൈവേ ഈ പഞ്ചായത്തിന്റെ മദ്ധ്യത്തിൽ കൂടി കടന്നുപോകുന്നു. 21 കി. മീ. ഈ പഞ്ചായത്തിൽ വരുന്ന റോഡിൽ കൂടി ദിനം പ്രതി 1000-ൽപരം വാഹനങ്ങളും വന്നു പോകുന്നു. ഈരാറ്റുപേട്ട മുതലുള്ള പത്തോളം അപകട വളവുകളും സത്വരമായി മാറേണ്ടതാണ്. പഞ്ചായത്തുപടി മുതൽ മുതൽ സഹകരണബാങ്ക് വരെയുള്ള റോഡ് സ്കൂൾ സമയങ്ങളിലും മറ്റും അനുഭവപ്പെടുന്ന അപകടസ്ഥിതി പരിഹരിക്കുന്നതിന് P W D യുടെ നിലവിലുള്ള വീതിയിൽ തീർക്കണം. പല സ്ഥലങ്ങളിലും ഓടകളും കെട്ടുകളും കുറവായതിനാൽ റോഡ് നശിച്ചു കൊണ്ടിരിക്കുന്നു. വളവുകളിലും വിദ്യാലയ സ്ഥാപനങ്ങളുടെ സമീപങ്ങളിലും അടിയന്തിരമായി സിഗ്നൽ ബോർഡുകളും സ്ഥാപിക്കണം.

P. W. D. റോഡ്

തീക്കോയി-മരവിക്കല്ല്-അയ്യമ്പാറ റോഡ് 5½ കി.മീ നീളം വരുന്നതിന്റെ 3 കി.മീ. ടെണ്ടർ ചെയ്തു പണി നടന്നുകൊണ്ടിരിക്കുന്നു. ബാക്കി വരുന്ന 2½ കി. മീ. എസ് റ്റിമേറ്റ് തയ്യാറാക്കി ഉടനെതന്നെ ടെണ്ടർ ചെയ്യേണ്ടതുണ്ട്.

ഫെയർസ്റ്റേജ്

തീക്കോയി പഞ്ചായത്തിലെ ഫെയർസ്റ്റേജുകളിൽ ഏറ്റെക്കുമക്കേടുകളും നിൽനിൽക്കുന്നു. ഉദാഹരണമായി ഈരാറ്റുപേട്ട-തീക്കോയിസ്തംഭം ഫെയർസ്റ്റേജ് 1.80 രൂപ തീർച്ചയായും ആനിയിളപ്പ്-സ്തംഭം 1.25 രൂപയായും നിശ്ചയിക്കേണ്ടതാണ്.

ടാക്സി സ്റ്റാൻറ്

ഏകദേശം 50 ടാക്സി വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഇല്ലാത്തതിനാൽ തീക്കോയി ടൗണിൽ ഗതാഗതക്കുരുക്ക് നിത്യവും സംഭവിക്കുന്നു. തീക്കോയി പഞ്ചായത്തിൽ 523210മീ. റോഡ് ഉള്ളതിൽ 33450മീ. മണ്ണു റോഡും 11150മീ. ടാർ റോഡും 7700 മീ. മണ്ണും പണിതീരേണ്ടതുമാണ്.

റോഡുകളുടെ അവസ്ഥ

ടാർ ചെയ്ത മിക്ക റോഡുകളും റീടാർ ചെയ്യേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ നിന്നും സമയാസമയങ്ങളിൽ അറ്റകുറ്റപ്പണികളും നടത്താൻ കഴിയാത്തതിനാൽ മിക്ക റോഡുകളും അവഗണിക്കപ്പെട്ട നിലയിലാണ്. റോഡുകളും മലയോരങ്ങളിലാണ്. യഥായോഗ്യം ഓടകളും കലുങ്കുകളും ഇല്ലാത്തതിനാൽ നീരൊഴുക്ക് മൂലം റോഡുകളും തോടുകളായി തീർന്നിരിക്കുന്നു. പല റോഡുകളിലും വാഹനഗതാഗതം നിലച്ചിരിക്കുന്നു. റോഡ് സൈഡുകളിൽ തടി, കല്ല് മുതലായവ നിക്ഷേപിക്കുന്നതു മൂലവും പൊതുനിരത്തിലേയ്ക്ക് സ്വകാര്യ റോഡുകളും ബന്ധിപ്പിക്കുമ്പോഴും, സ്ലാബിടാതെ ഓട അടച്ചുള്ള വഴി നിർമ്മാണവും മൂലം, ഓടകളും നശിക്കുന്നതിനും തൻമൂലം റോഡ് യാത്രായോഗ്യമല്ലാതാകുന്നതിനും കാരണമാകുന്നു. കാൽ നടയാത്രപോലും ദുരിതപൂർണ്ണമാണ്. റോഡുവക്കിലെ പുരയിടങ്ങളിലെ വെള്ളമൊഴുക്ക് റോഡുകളിലേയ്ക്ക് തിരിച്ചു വിട്ടു കൊണ്ടിരിക്കുന്നതിനാൽ റോഡുകളും നശിച്ചുകൊണ്ടിരിക്കുന്നു.

നമ്മുടെ റോഡുകളുടെ സുരക്ഷിതത്വത്തിന് ഓരോ റോഡുകളുടെയും, ഉപഭോക്താക്കളെ പഞ്ചായത്തുതലത്തിൽ വിളിച്ചു കൂട്ടി വികസന സമിതികളും രൂപീകരിച്ച് റോഡുകളുടെ സംരക്ഷണം അതായത് സമിതികളെ ഏല്പിക്കേണ്ടതാണ്. റോഡുകളും വൃത്തിയായും, സുരക്ഷിതമായും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ശ്രമങ്ങളും നടത്തേണ്ടതാണ്. പുതിയ റോഡുകളുടെ നിർമ്മാണത്തിൽ ജനകീയ പങ്കാളിത്തവും പഞ്ചായത്ത് സഹകരണവും ഏകോപിപ്പിച്ച് നിർവ്വഹിക്കേണ്ടതാണ്.

ധാരാളം പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിലുള്ള ആളുകളുടെ വാസസ്ഥലങ്ങളായ കുളത്തുങ്കൽ, മലമേൽ, കാരികാട്, മുപ്പതേക്കർ, കട്ടപ്പാറ, മീഷ്യൻകര എന്നിവിടങ്ങളിൽ റോഡുസൗകര്യം ഏർപ്പെടുത്തുന്നതിൽ പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നും ശ്രദ്ധപതിപ്പിച്ചിട്ടില്ല. ഇക്കാര്യത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വകുപ്പുകളുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

പുതിയതായി നിർദ്ദേശിക്കപ്പെട്ട റോഡുകൾ

വാർഡ് I

1 ഇഞ്ചപ്പാറ - മൂന്നാംമൈൽ
2 കല്ലില്ലാക്കവല-അടിവാരം
3 കാരികാട്-കൊക്കവളവ്
4 കാരികാട് - 17 ഏക്കർ
5 വഴിക്കടവ്-നാടുനോക്കി, വഴിമലമേൽ
6 കല്ലില്ലാക്കവല-ഇളംകാട്

വാർഡ് II

7 മാവടി-മാടത്താനി-മലമേൽ
8 തുമ്പശ്ശേരിൽ കുളത്തിനാൽ പറമ്പിൽ കൂടി നെടുങ്ങനാൽ ഭാഗം വരെ
9 ഇഞ്ചപ്പാറ-മൂന്നാംമൈൽ

വാർഡ് III

10 വേലത്തുശ്ശേരി ആണ്ടാംചേരി - തുമ്പശ്ശേരി
11 മാവടി-മഞ്ഞപ്ര
12 എവറസ്റ്റ്-കുളത്തുങ്കൽ
13 വേലത്തുശ്ശേരി-കുളത്തുങ്കൽ

വാർഡ് IV

14 മംഗളഗിരി-മാർമല
15 മംഗളഗിരി-തോമസ്കാട്
16 കട്ടപ്പാറ-മീഷ്യൻപള്ളി
17 വെള്ളപ്പുശ-ഒരപ്പുരക്കാട്

വാർഡ് V

18 ഹൈസ്കൂൾ-വാഗമറ്റംവഴികല്ലേക്കുളം
19 കൊട്ടയ്ക്കാതടം-എവറസ്റ്റ്
20 തീക്കോയി-വാഗമറ്റം-കല്ലേക്കുളം

വാർഡ് VI

21 ചേരിമല-കല്ലേക്കുളം-ചേരിമല-പൂഞ്ഞാർ റോഡുകളും ബന്ധിപ്പിക്കുക.
22 നടയ്ക്കൽനിന്ന് പൂഞ്ഞാറിലേയ്ക്ക് കോളനി റോഡ് തുറക്കുക.
23 വെട്ടിപ്പറമ്പ്-നടയ്ക്കൽ (മുല്ലൂപ്പാറ വഴി)
24 ചേരിമല-കൂറ്റാലിപ്പാറ
25 ചേരിമല-കല്ലേക്കുളം മുകൾഭാഗം
26 വെട്ടിപ്പറമ്പ് റോഡ് തടിക്കൽ പുരയിടത്തിൽകൂടി ചേരിമല റോഡുകളുമായി ബന്ധിപ്പിക്കുക.

വാർഡ് VII

27 അറുകുലപ്പാലം-വള്ളുവനാർകുഴി ഞണ്ടുകല്ല്

28 വള്ളുവനാർകുഴി-തേവരുപാറ

29 ഞണ്ടുകല്ല്റോഡും തേവരുപാററോഡും ഓലായത്തിൽ പുരയിടംവഴി ബന്ധിപ്പിക്കുക.

30 അറുകുലപ്പാലം -ബൈപ്പാസ് റോഡ്

വാർഡ് VIII

31 കടുക്കാസിറ്റി-ഞണ്ടുകല്ല് റോഡ്

32 പള്ളിപ്പാലം-അരുവിപ്പാറവഴി തലനാട് റോഡ്

33 ടാങ്ക് റോഡ് കൊല്ലംപാറയിൽ നിന്ന് ചേരിപ്പാട് റോഡിലേയ്ക്ക്

നടപ്പാലംവേണ്ട സ്ഥലങ്ങൾ

1 വള്ളിക്കാപ്പിൽ പറമ്പിൽനിന്ന് നെടുങ്ങനാൽ പറമ്പിലേയ്ക്ക് (മാവടിഭാഗം)

2 മണിമലപറമ്പിൽനിന്നും വട്ടോത്ത് പറമ്പിലുള്ള വഴിയിൽ (നെടുങ്ങഴിഭാഗം)

3 തുമ്പശ്ശേരി-ഒറയീട്ടി റോഡിൽ കലുങ്ക്, പാലം

4 വേലത്തുശ്ശേരി C.P.C. റോഡിൽ കലുങ്ക്,

5 കല്ലം-വേലത്തുശ്ശേരി റോഡിൽ ചിത്രകുന്നേൽ ഭാഗത്ത് കലുങ്ക്

6 ആച്ചൂക്കാവ്-മേസ്തിരിപ്പടി റോഡിൽ ഒഴാക്കൽക്കടവിൽ കലുങ്ക്.

7 തീക്കോയി-തലനാട് പഞ്ചായത്തുകളെ ബന്ധിപ്പിച്ച് മേസ്തിരിപ്പടി പാലം.

8 ചാമപ്പാറ തൂക്കുപാലം നടപ്പാലമാക്കുക

9 ഒറഈട്ടി-മുപ്പതേക്കർ-മംഗലം റോഡിൽ കലുങ്കുകളും ചപ്പാത്തുകളും നിർമ്മിക്കുക.

10 ഒരപ്പുരക്കാട് എരിയാറുപാറ വഴിയിൽ നടപ്പാതയാക്കുക.

11 ആലപ്പാട്ട്-മുപ്പതേക്കർ നടപ്പാത നിർമ്മിക്കുക.

12 എരിയാറുപാറ തടിപ്പാലം പുതുക്കിപണിയുക.

13 മംഗളഗിരി കലുങ്ക് പൊളിച്ച് പണിയുക.

14 തീക്കോയി പഞ്ചായത്ത് IV-ാം വാർഡിൽനിന്ന് തലനാട് പഞ്ചായത്ത് VIII-ാം വാർഡിലേക്ക് വെള്ളാനിഭാഗത്ത് നടപ്പാലം നിർമ്മിക്കുക.

15 തീക്കോയി-കല്ലേക്കുളം-മഞ്ഞപ്ര കോളനി റോഡ് പൂർത്തീകരിച്ച് ബസ് ഗതാഗതം തുടങ്ങുക.

16 ചേരിമല റോഡിൽനിന്ന് മ്ലാക്കുഴി റോഡിലേയ്ക്ക് നടകെട്ടുക.

17 ചേരിമല റോഡിൽ 4 കലുങ്കുകൾ നിർമ്മിക്കുക.

18 തേവരുപാറ ഭാഗത്ത് ഇടവഴി വീതികൂട്ടുക.

19 ആനിയിളപ്പ് ഭാഗത്തുനിന്ന് മുളന്താനം ഈസായുടെ പുരയിടം വഴിയുള്ള വഴിയിൽ നടപ്പാലം നിർമ്മിക്കുക.

20 വള്ളുവനാർ കുഴി ഭാഗത്ത് രണ്ട് നടപ്പാലം നിർമ്മിക്കുക.

21 ഓലായത്തിൻ ഭാഗത്ത് നടപ്പാലം നിർമ്മിക്കുക.

22 വരകുപാറ ടാങ്ക് റോഡിൽ കലുങ്ക് നിർമ്മിക്കുക. (കൊല്ലിയിൽ ഭാഗത്ത്)

23 ചേരിപ്പാട് റോഡിൽ 8 കലുങ്കുകൾ നിർമ്മിക്കുക.

24 നാകപാറ റോഡിൽ 7 കലുങ്കുകൾ നിർമ്മിക്കുക

25 കാരികാട് വെള്ളികുളം റോഡിൽ ചെറുശ്ശേരി പുരയിടത്തിലും താന്നിയ്ക്കൽ ചാക്കോയുടെ പുരയിടങ്ങളിലും ഓരോ കലുങ്ക് തീർക്കുക.

നിർദ്ദേശങ്ങൾ

1 റോഡ് സൈഡിൽ കല്ലും തടികളും ഇറക്കിയിടുന്നതിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 പഞ്ചായത്തിലെ മുഴുവൻ റോഡുകളും ടാർ ചെയ്യേണ്ടതാണ്.

3 ആവശ്യമായ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

ഊർജ്ജം

വൈദ്യുതി

തീക്കോയി പഞ്ചായത്ത് രൂപീകൃതമാവുമ്പോഴും ഇവിടെ വൈദ്യുതി എത്തിയിരുന്നില്ല. സഹകരണമേഖലയിലെ തേയില ഫാക്ടറിയുടെ പ്രവർത്തനത്തിനു വേണ്ടിയാണ് ഇവിടെ ആദ്യമായി വൈദ്യുതി എത്തിച്ചത്.

ഇപ്പോൾ 5250 മീറ്ററോളം ത്രീഫേസ് ലൈനും 6500 മീറ്ററോളം സിംഗിൾഫേസ് ലൈനും ഈ പഞ്ചായത്തിലുണ്ട്.

11 കെ. വി. L. T. ലൈനുകളിലെ നിരവധി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാത്തതുമൂലം അപകട ഭീഷണി നിലവിലുണ്ട്.

ട്രാൻസ്ഫോർമറുകൾ

ഉള്ള സ്ഥലങ്ങൾ

1	ആനിയിളപ്പ്	2	കുളത്തുങ്കൽ
3	അറമത്ത് ജംഗ്ഷൻ	4	പള്ളിവാതിൽ
5	ബാങ്ക്പടി	6	ക്രീപ്പ്മിൽ
7	കല്ലം	8	വേലത്തുശ്ശേരി
9	വഴിക്കടവ് ആശ്രമം.		

കൂടാതെ അഞ്ചാംമൈൽ, വെള്ളികുളം, കാരികാട് ടോപ്പ് എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഇത്രയും ട്രാൻസ്ഫോർമറുകൾ ഉണ്ടെങ്കിലും മതിയായ വോൾട്ടേജ് ലഭിക്കുന്നില്ല. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ എത്രയും വേഗം മെച്ചപ്പെടുത്തേണ്ടതാണ്.

ലൈൻ വലിക്കുൾ പൊതുജന സഹകരണത്തോടെ അടിയന്തിരമായി വെട്ടിമാറ്റേണ്ടതാണ്.

സ്ട്രീറ്റ് ലൈറ്റുകൾ

50 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും കത്തുന്നവ അംഗുലീ പരിമിതമാണ്.

ഗൃഹവൈദ്യുതീകരണം

1200 വീടുകൾ വൈദ്യുതീകരിച്ചവയാണ്. മിക്ക സമയങ്ങളിലും വൈദ്യുതി ഇല്ലാത്തതിനാലും വോൾട്ടേജ് ഇല്ലാത്തതിനാലും വൈദ്യുതീകരണം അലങ്കാരം മാത്രമായിരിക്കുകയാണ്. 1858 വീടുകളും വൈദ്യുതീകരിക്കാത്തവയാണ്. ഈ വീടുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടേതാകയാൽ സൗജന്യവൈദ്യുതീകരണം അത്യന്താപേക്ഷിതമാണ്. കോൺട്രിബ്യൂഷൻ സിസ്റ്റം നിലവിലിരിക്കുന്നത് സാധുക്കൾക്ക് കണക്ഷൻ ലഭിക്കുവാൻ ബുദ്ധിമുട്ടുളവാക്കുന്നു.

വോൾട്ടേജ് ക്ഷാമം

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്.

1	കല്ലേക്കുളം	2	ഞണ്ടുകല്ല്
3	മംഗളഗിരി	4	അറുകുലപ്പാലം

വൈദ്യുതീകരിക്കേണ്ട സ്ഥലങ്ങൾ

താഴ്ന്ന വരുമാനക്കാർ കൂട്ടമായി താമസിക്കുന്ന കൊല്ലംപാറ, ആനിയിളപ്പ്, വള്ളുവനാർകുഴി, തലയിണക്കര, ആറാറിങ്ങൽപ്പാവ് കല്ലം, കോട്ടുകുന്നേൽ കോളനി, കൊടംവെട്ടി കോളനി, ആലപ്പാട് ഭാഗം എന്നീ സ്ഥലങ്ങളെ കുടിൽ ജ്യോതി പദ്ധതിയിൽപ്പെടുത്തി പോസ്റ്റുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കേണ്ടതാണ്.

മുപ്പത്തേക്കർ ഗിരിജൻ കോളനി വൈദ്യുതീകരണം, മലമേൽകോളനി വൈദ്യുതീകരണം പൂർത്തിയാക്കണം. ഒറ്റയീട്ടി, കട്ടുപ്പാറ താഴത്തുകട്ടുപ്പാറ, തുമ്പശ്ശേരി, നെടുങ്ങഴി മലമേൽ മുകൾഭാഗം എന്നീ പ്രദേശങ്ങളുടെ വൈദ്യുതീകരണം ത്വരിതപ്പെടുത്തേണ്ടതാണ് സമീപപ്രദേശങ്ങളിൽ വൈദ്യുതി ഉണ്ടായിട്ടും

കല്ലംകവല, എവറസ്റ്റ്, മഞ്ഞപ്ര, വേരുങ്കൽ ഭാഗം, കല്ലേക്കുളം, മുതുപേഴും ഭാഗം, കുളത്തുങ്കൽ, ചേരിമല, കൂറിലപ്പാറ എന്നീ പ്രദേശങ്ങളും വൈദ്യുതീകരിക്കണം. മാവടി ത്രീഫേസ് ലൈനുമാക്കേണ്ടതാണ്.

സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

	റോഡുകളും	എണ്ണം
1	തീക്കോയി-മരവിക്കല്ല്	15
2	തീക്കോയി-ചേരിപ്പാട്	10
3	വരകുപാറ-മരവിക്കല്ല്	5
4	ടാങ്ക് റോഡ്	4
5	ഞണ്ടുകല്ല്-തീക്കോയി	15
6	ഞണ്ടുകല്ല്-മക്കുവള്ളി	10
7	മ്ലാക്കുഴി റോഡ്	15
8	തീക്കോയി-കല്ലേക്കുളം-കുളത്തുങ്കൽ	8
9	മംഗളഗിരി-പുതുക്കാട്	15
10	മേസ്തിരിപ്പടി പാലം	2
11	മംഗളഗിരി-കുടംവെട്ടി	10
12	ചേരിമല	15
13	ആനിയിളപ്പ്-വെട്ടിപ്പറമ്പ്	17
	ആകെ	

ട്യൂബുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

	സ്ഥലങ്ങൾ	എണ്ണം
1	ആനിയിളപ്പ്	1
2	അറുകുലപ്പാലം	1
3	അറമത്തുജംഗ്ഷൻ	1
4	പഞ്ചായത്തുപടി	1
5	ഞണ്ടുകല്ല്	2
6	പള്ളിവാതിൽ	2
7	പള്ളിവാതിൽ പാലം	2
8	ബാങ്ക്പടി	1
9	തീക്കോയി ടൗൺ	6
10	ചാത്തപ്പുഴ	1
11	കല്ലം-കല്ലംകോളനി	2
12	വേലത്തുശ്ശേരി	2
13	മാവടി	2
14	തുമ്പശ്ശേരി	1
15	അഞ്ചാംമൈൽ	1
16	ഇഞ്ചപ്പാറ	1
17	ഒറഞ്ഞൂട്ടി	1
18	വെള്ളികുളം	2
19	കാരികാട് ടോപ്പ്	1
20	വഴിക്കടവ് ആശുപത്രി	1
21	മേസ്തിരിപ്പടി	
22	മംഗളഗിരി	

വൈദ്യുതി ഉത്പാദനം

മാർമല വൈദ്യുതി നിർമ്മാണപദ്ധതി നടപ്പിലാക്കുക. കാരികാട്. കുരിശുമല, വഴിക്കടവ്. എന്നിവിടങ്ങളിൽ കാറ്റിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ ഇവ ഊർജ്ജോൽപാദനസാദ്ധ്യതകളാണ്.

കൃഷിയാവശ്യത്തിന് വളരെയധികം വൈദ്യുതി ഉപയോഗിക്കപ്പെടുന്നതിനാൽ സോളാർ പാനലുകളുടെ സബ്സിഡിയോടെയുള്ള വിതരണം സഹായകരമാണ്.

നാമമാത്രമായി പ്രചാരത്തിലുള്ള ബയോഗ്യാസ് പദ്ധതി കൂടുതൽ സബ്സിഡിയോടെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഇന്ധനം

ഈ പഞ്ചായത്തിലെ പ്രധാനകാർഷിക ഇന്ധനം വൈദ്യുതിയാണ്. ഇതിന്റെ ഉപയോഗം കാര്യക്ഷമമല്ല.

ഗാർഹിക ഇന്ധനം

വിറക്

പ്രധാനമായ ഗാർഹിക ഇന്ധനം ഇപ്പോഴും വിറകാണ്. മുൻകാലങ്ങളിൽ വിറക് മാത്രം ഉപയോഗിച്ചിരുന്നുവെങ്കിൽ ഇപ്പോൾ അതിന് ക്ഷാമം നേരിട്ടു തുടങ്ങിയിരിക്കുന്നു. മറ്റ് ഇന്ധനം ഉപയോഗിക്കുന്നതിൽ മുഖ്യസ്ഥാനം മണ്ണെണ്ണയ്ക്കാണ്. ഇത് ഉപഭോക്താക്കൾക്ക് ആവശ്യത്തിന് ലഭ്യമല്ല പാചകവാതകം ഉപയോഗിക്കുന്നവർ നേരിടുന്നത് രൂക്ഷമായ വിതരണപ്രശ്നങ്ങളാണ് ലാഭകരമായ രീതിയിൽ ബയോഗ്യാസ് പദ്ധതി നിലവിലില്ലാത്തതിനാൽ വളരെ സാധ്യതയുള്ള ഈ മേഖല ചൂഷണം ചെയ്യപ്പെടാതെ പോകുന്നു. വൈദ്യുതി ഉള്ള സമയം തുച്ഛ

മായതിനാൽ അതിനെ ആശ്രയിക്കുവാൻ നി വൃത്തിയില്ല. മുഖ്യകൃഷി കാർഷികവിള കളായതിനാൽ വിറകിനുവേണ്ടി മരങ്ങൾ വച്ചുപിടിപ്പിക്കുവാൻ നിർവ്വാഹമില്ല. തൻ മൂലം മറ്റ് ഇന്ധനങ്ങളുടെ ലഭ്യത സുഗമ മാക്കുകയല്ലാതെ ഇന്ധനക്ഷാമത്തെ നേരി ടുവാൻ സാദ്ധ്യതയില്ല. ദരിദ്രരായ ജനവി ഭാഗങ്ങൾക്ക് ചിലവുകുറഞ്ഞ സുരക്ഷി തത്വത്തോടു കൂടിയ അടുപ്പുകളും മറ്റുപക രണങ്ങളും സൗജന്യമായി വിതരണം ചെയ്യേ ണ്ടതാണ്. തെങ്ങ് കൃഷിയുടെ നാശം ഫല പ്രദമായി തടയപ്പെട്ടിട്ടില്ലാത്തത് ദരിദ്രവിഭാ ഗങ്ങളുടെ ഇന്ധനക്ഷാമം രൂക്ഷമാക്കി ക്കൊണ്ടിരിക്കുകയാണ്.

ഗതാഗതം-ഊർജ്ജം

അനുബന്ധം

II-ാം വാർഡിൽ താഴത്തുകുട്ടുപ്പാറ, കോടിപാറ പറമ്പിൽ നിന്നും പ്രാക്കൂട്ടത്തിൽ പുരയിടത്തിലൂടെ നടപ്പാത നിർമ്മിച്ച് സ ഞ്ചാരയോഗ്യമാക്കണം. ഒറയീട്ടി-കട്ടുപ്പാറ റോഡ് റീ ടാർ ചെയ്യണം. താഴത്തുകട്ടുപ്പാറ മംഗലം റോഡ് മംഗളഗിരിയിലേയ്ക്ക് തുറ ക്കണം.

III-ാം വാർഡിൽ എസ്റ്റേറ്റിൽ നിന്നും വേരുങ്കൽ ഭാഗത്തേക്കു പുതിയ റോ ഡു നിർമ്മിച്ച് ടാർ ചെയ്യണം.

കല്ലം-വേലത്തുശ്ശേരി റോഡ് 2000 മീറ്റർ കൂടി ടാർ ചെയ്ത് വേലത്തുശ്ശേരി മുപ്പതേക്കർ റോഡുമായി ബന്ധിപ്പിക്കണം.

VI-ാം വാർഡിൽ തീക്കോയി, മ്ലാക്കുഴി, കല്ലേക്കുളം റോഡുമായി യോജിപ്പിക്കുക. കൂടാതെ 5 മീറ്റർ വീതിയുള്ള റോഡ് 8 മീ. ആക്കി ടാറു ചെയ്യണം.

തീക്കോയി പഞ്ചായത്തിൽ ഒരു ഇലക് ട്രിസിറ്റി സെക്ഷൻ ഓഫീസ് സ്ഥാപി ക്കണം.

വൈദ്യുതി ലൈനുള്ള എല്ലാ റോഡുക ളിലും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടു ള്ള സ്ഥലങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കണം.

റേഷൻകടകൾവഴി ഇപ്പോൾ ലഭിച്ചുകൊ ണ്ടിരിക്കുന്ന മണ്ണെണ്ണ കൂപ്പൺ വർദ്ധിപ്പിക്കണം

വാർഡുതിരിച്ചുള്ള റോഡുകളുടെ വിവരം

വാർഡ്	വീതി (മീറ്റർ)	നീളം (മീറ്റർ)	മണ്ണുവേല തീർത്തത്	ടാർ ചെയ്തത്	മണ്ണുപണി തീർക്കേണ്ടത്	റിമാർക്ക്
I						
	8	4750	3150	500	1100	
	4	4400	3000	1400	—	
	ആകെ	9150	6150	1900	1100	
II						
	8	1500	700	800	—	
	4	5500	2800	—	2700	
	ആകെ	7000	3500	800	2700	
III						
	8	3000	3000	—	—	
	4	3300	2200	1100	—	
	ആകെ	6300	5200	1100	—	
IV						
	8	5000	1500	1500	2000	റീടാർ ചെയ്യണം.
	4	3300	3300	—	—	
	ആകെ	8300	4800	1500	2000	

വാർഡുതിരിച്ചുള്ള റോഡുകളുടെ വിവരം

വാർഡ്	വീതി (മീറ്റർ)	നീളം (മീറ്റർ)	മണ്ണുവേല തീർത്തത്	ടാർ ചെയ്തത്	മണ്ണുപണി തീർക്കേണ്ടത്	റിമാർക്ക്
V						
	8	3000	2750	250	—	
	4	1500	750	—	750	
	ആകെ	4500	3500	250	750	
VI						
	8	6250	4750	1500	—	റീ ടാർ ചെയ്യണം
		1400	1000	400	—	
	ആകെ	7650	5750	1900	—	
VII						
	8	2500	2000	2500	—	
	4	2000	—	—	—	
	ആകെ	4500	2000	2500	—	
VIII						
	8	3250	900	1200	1150	റീ ടാർ ചെയ്യണം
	4	2650	2650	—	—	
	ആകെ	5900	3550	1200	1150	

വാർഡ്	നമ്പർ	4 മീ. വീതിയുള്ള റോഡുകൾ	നീളം (മീറ്റർ)	പണി തീർത്ത മണ്ണു റോഡ്	ടാർ റോഡ്	മണ്ണു പണി തീർക്കേണ്ടത്	റിമാർക്ക്
I	1	ഒറ്റഈട്ടി–നെടുങ്ങഴി	2000	2000	—	—	
	2	വഴിക്കടവ് കല്ലില്ലാക്കവല	1000	—	1000	—	
	3	വെള്ളിക്കുളം L.P.S.	400	—	400	—	
	3a	കാരിക്കാട് പതിനേഴ് ഏക്കർ	1000	1000	—	—	
II	4	ഒറ്റയീട്ടി–തുമ്പശ്ശേരി	2000	2000	—	—	
	5	താഴത്തുകുട്ടുപ്പാറ - മംഗലം	3500	800	—	2700	
III	6	വേലത്തുശ്ശേരി - മുപ്പതേക്കർ	1300	800	200	300	
	7	കല്ലം–വേലത്തുശ്ശേരി	2000	1400	600	—	
	7a	തുമ്പശ്ശേരി -ഒറ്റഈട്ടി					പാലം ഉൾപ്പെടെ
IV	8	ചാത്തപ്പുഴ–കുമ്പളംപാറ	1000	1000	—	—	
	9	ചൂണ്ടി–മേസ്തിരിപ്പടി	500	500	—	—	ഒഴാക്കൽകടവ്
	10	മുപ്പതേക്കർ–ഒരപ്പുരക്കാട്	800	800	—	—	പാലം
	11	മേസ്തിരിപ്പടി–മംഗളഗിരി	1000	1000	—	—	ഉൾപ്പെടെ
V	12	ബാങ്ക്പടി–വാഗമറ്റം–കല്ലേക്കുളം	1500	750	500	750	
VI	13	തീക്കോയി–മ്ലാക്കുഴി–കല്ലേക്കുളം	1500	1000	500	—	
	14	തീക്കോയി–ചേരുമല	1000	1000	—	—	
	15	തീക്കോയി–വെട്ടിപ്പുറമ്പ്–നടയ്ക്കൽ	1000	1000	—	—	
VII	16	ഞണ്ടുകല്ല്–മക്കുവള്ളി	1500	1500	—	—	
	17	തീക്കോയി–D C.M.R.	500	500	—	—	
VIII	18	തീക്കോയി- നാഗപാറ	1250	1250	—	—	
	17	ഞണ്ടുകല്ല്–കുറിഞ്ഞിപ്ലാവ്	400	400	—	—	
	18	വരകുപാറ–ടാങ്ക് റോഡ്	1000	1000	—	—	
		ആകെ	26150	19600	3500	3750	

വാർഡ്	നമ്പർ	8 മീ. വീതിയുള്ള റോഡുകൾ	ആകെ നീളം	മണ്ണു റോഡ് (മീറ്റർ)	ടാർ റോഡ് മീറ്റർ	മെറ്റൽ റോഡ് മീറ്റർ	വീതി കൂട്ടേണ്ടത്	റിമാർക്ക്
I	1	വെള്ളിക്കുളം . കാരിക്കാട്	1500	1000	500	—	—	
	2	ഒറ്റഈട്ടി–അട്ടിക്കളം	1750	1750	—	—	—	
	3	ടോപ്പ്-മിഷ്യൻകര	1500	400	—	—	1100	
II	4	ഒറ്റയീട്ടി–കട്ടുപ്പാറ	1500	700	800	—	—	
III	5	തീക്കോയി–കുളത്തുങ്കൽ–മഞ്ഞപ്ര	3000	3000	—	—	—	
IV	6	ചാത്തപ്പുഴ–മംഗളഗിരി	3000	500	1500	—	1000	ബസ്
	7	കുടംവെട്ടി–മംഗലം	2000	1000	—	—	1000	സർവ്വീസ്
V	8	തീക്കോയി–കുളത്തുങ്കൽ–മഞ്ഞപ്ര	3000	2750	250	—	—	
VI	9	തീക്കോയി–കുളത്തുങ്കൽ–മഞ്ഞപ്ര	3000	3000	—	—	—	
	10	ചേരുമല–കല്ലേക്കുളം	1750	1750	—	—	—	
	11	ആനിയിളപ്പ്–പൂഞ്ഞാർ	1500	—	1500	—	—	റീടാർചെയ്യണം
VII	12	ഞണ്ടുകല്ല്–തേവരുപാറ	1000	—	1000	—	—	റീടാർചെയ്യണം
	13	തീക്കോയി–കളത്തൂക്കടവ്	1500	—	1500	—	—	റീടാർചെയ്യണം
VIII	14	തീക്കോയി–കളത്തൂക്കടവ്	1500	—	1000	—	500	
	15	തീക്കോയി–ചേരിപ്പാട്	1750	900	200	—	650	
		ആകെ	29250	16750	8250	—	4250	

പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് വാസയോഗ്യമായ ഭവനം. നമ്മുടെ പഞ്ചായത്തിൽ ആകെ (3058) കുടുംബങ്ങളും ഉണ്ട് 1634 കുടുംബങ്ങളും മിനിമം സൗകര്യത്തോടുകൂടി ഓടിട്ട വീടുകളിൽ താമസിക്കുന്നവരാണ്. വാസയോഗ്യമായ വീടില്ലാത്ത കുടുംബങ്ങളും 1051-ആണ്. കോൺക്രീറ്റ് വീടുകളും 341 എണ്ണമാണ്.

നമ്മുടെ പൂർവ്വികർ ഭവനങ്ങളും നിർമ്മിച്ചിരുന്നത് കുടുംബത്തിലുള്ള അംഗങ്ങളുടെ എണ്ണം അനുസരിച്ചായിരുന്നു. ധനാഢ്യകുടുംബക്കാർ ഭക്ഷ്യസാധനങ്ങളും സൂക്ഷിക്കാൻ പറ്റിയ പത്തായവും നിലവറയുമുള്ള അറയും നിരയുമായ വീടുകളും. കൽഭിത്തിയും മേൽക്കൂടുള്ള വീടുകളും നിർമ്മിച്ചിരുന്ന ഈ വീടുകളും ഓലമേഞ്ഞതോ, ഓടിട്ടതോ ആയിരുന്ന സാധാരണ ആളുകളും ചുടുമൺകട്ടകൊണ്ടും കല്ലുകൊണ്ട് ഭിത്തിയും, കുമ്മായവും, ശർക്കരയും, മണലും കൂട്ടിയ മിശ്രിതങ്ങളും തേച്ചതും തേക്കാത്തതുമായ വീടുകളും നിർമ്മിച്ചിരുന്നു. അപ തെങ്ങിന്റെയോ, പനയുടെയോ ഓലകൊണ്ട് മേഞ്ഞതും പാവപ്പെട്ട കുടുംബങ്ങളും കാട്ടുകമ്പുകളും കൊണ്ട് തൂണുകളും മേൽക്കൂടും തീർത്ത് ഓലയോ പുല്ലോകൊണ്ട് മേഞ്ഞ വീടുകളും തീർത്തിരുന്നു. ഈ പഞ്ചായത്തിന്റെ 1, 2, 3, 4, വാർഡുകളിൽ താമസിച്ചിരുന്ന ആദിവാസി വർഗ്ഗത്തിൽപ്പെട്ട ആളുകളും ഈറ്റയിലകൊണ്ട് മേഞ്ഞതും പനമ്പും, ഓലയും കൊണ്ട് മറച്ചും തറയിൽ ചാണകം മെഴുകിയതും പനമ്പ് വിരിച്ചതുമായ വീടുകളും നിർമ്മിച്ചിരുന്നു. ധനാഢ്യരുടേതല്ലാത്ത മുഴുവൻ ഭവനങ്ങളുടേയും തറ ചാണകം കൊണ്ട് മെഴുകിയതായിരുന്നു. ഇങ്ങനെ നിർമ്മിക്കുന്ന വീടുകളുടെ അടുക്കളഭാഗം കിഴക്കിനഭിമുഖമായിരിക്കും.

ധാരാളം സൂര്യപ്രകാശം വീട്ടിൽ ലഭിക്കുന്നതുകൊണ്ട് പകൽ സമയത്ത് വെളിച്ചത്തിന്റെ ആവശ്യമില്ലായിരുന്നു. ഈ വീടുകളിൽ താമസിക്കുന്ന ആളുകൾക്ക് ആരോഗ്യവും ഉന്മേഷവും കൂടുതലുണ്ടായിരുന്നു.

ഏകദേശം നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് പുരമേയുന്നതിന് ഓട് സർവ്വസാധാരണമായി ഉപയോഗിക്കാൻ തുടങ്ങി. ഈ കാലഘട്ടത്തിൽ വീടുകളുടെ തറ നിർമ്മാണം 24, 29, 32, 42, കോൽ കണക്കായിരുന്നു. 2.5 അടി 1 കോൽ എന്ന കണക്കായിരുന്നു. ഇക്കാലങ്ങളിൽ പരമ്പരാഗത വിദഗ്ദ്ധ തൊഴിലാളികളും ധാരാളമുണ്ടായിരുന്നു. അനുദിനം വീടുകളുടെ ആവശ്യം വർദ്ധിക്കുകയും കൂടുതൽ വിദഗ്ദ്ധതൊഴിലാളികളും ആവശ്യമാവുകയും ചെയ്തപ്പോൾ അയൽ സംസ്ഥാനത്തുനിന്നും തൊഴിലാളികളും കൂട്ടത്തോടെ ഇവിടെ വേക്കേറ്റുകയും ഇവിടെയുണ്ടായിരുന്ന പരമ്പരാഗത നിർമ്മാണതൊഴിലാളികളായ കല്ലാശാരി, മരയാശാരി എന്നീ വിഭാഗക്കാർ മറ്റു തൊഴിലുകൾ തേടി പോവുകയും ഗൾഫുരാജ്യങ്ങളിൽ പോയി കൂടുതൽ പണം സമ്പാദിക്കാൻ അവസരം ഉണ്ടായപ്പോൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവർ മടങ്ങിപ്പോവുകയും ഇവിടെ വിദഗ്ദ തൊഴിലാളിക്ഷാമം നേരിടുകയും ചെയ്തു. നിർമ്മാണ തൊഴിൽ മേഖലയ്ക്ക് സർക്കാർ വേണ്ടത്ര പ്രചാരം നൽകാത്തതുകൊണ്ട് ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നതിന് വിദഗ്ദ തൊഴിലാളികളെ ലഭിക്കാതെ വരുന്നു.

ഈ പഞ്ചായത്തിലെ നാലാം വാർഡ് എസ്റ്റേറ്റ് മേഖലയായതുകൊണ്ട് തോട്ടം തൊഴിലാളികളായ തമിഴ്നാട്ടുകാർക്കും കേരളത്തിന്റെ വടക്കൻ ജില്ലയിൽ നിന്നും കുടിയേറിയവർക്കും താമസിക്കാൻ പൊതുവേ ലയം എന്ന

വിളിക്കുന്ന ഹൗസ്പ്ലോട്ടുകളും കല്ലും കുമ്മായവും കൂട്ടി നിർമ്മിച്ചിരുന്നു. കൽഭിത്തിയും ഓട് മേയുന്ന മേൽക്കൂരയും ചാണകം മെഴുകുന്ന തറയോടുകൂടിയുള്ളവയായിരുന്നു. ഇന്നും തൊഴിലാളികളും താമസിക്കുന്നത് ഈ ലയങ്ങളിലാണ്.

പ്രകൃതിജന്യവസ്തുക്കളുടെ അമിതചൂഷണം മൂലം ഭവന നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറഞ്ഞു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കോൺക്രീറ്റ് കെട്ടിടനിർമ്മാണം അധികരിച്ചു. മേൽക്കൂട് കോൺക്രീറ്റ് ചെയ്യാൻ സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകൾ ആസ്ബെറോസ് ഷീറ്റ് ഉപയോഗിക്കുന്നു. ജനപ്പെരുപ്പം മൂലം കൂടുതൽ ഭവനങ്ങൾ നിർമ്മിക്കേണ്ട സാഹചര്യം സംജാതമാവുകയും വേണ്ടത്ര ഭൂമി ലഭ്യമല്ലാതാവുകയും ചെയ്തപ്പോൾ അതിന്റെ പ്രത്യാഘാതമായി അമിത വിലവർദ്ധനയുണ്ടാവുകയും കൂടുതൽ ഭൂരഹിതർ ഉണ്ടാവുകയും വാസയോഗ്യമായ ഭവനങ്ങൾ വേണ്ടത്ര ലഭിക്കാതിരിക്കുകയും ചെയ്തു.

എന്നാൽ ഇന്ന് സർക്കാർ ഭവന നിർമ്മാണത്തിന് പല നൂതനപദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ച ഭവനവായ്പാപദ്ധതികൾ സബ്സിഡിയോടുകൂടി നൽകിവരുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭവനപദ്ധതി ഇന്ദിരാ ആവാസ് യോജന എന്ന പദ്ധതിയും രൂപംകൊടുത്തിരിക്കുന്നു. മൈത്രി ഭവന പദ്ധതിയും ഇപ്പോഴത്തെ സർക്കാർ രൂപം കൊടുത്തിരിക്കുന്നു. സന്നദ്ധ സംഘടനകളും ഭവനനിർമ്മാണത്തിന് സാമ്പത്തികമായി സഹായിക്കുന്നു. R. L. E. G. P., N. R. E. P., I. A. Y., J. R Y., M. W. S., രാജീവ് ദശലക്ഷ പാർപ്പിടപദ്ധതി എന്നിങ്ങനെയുള്ള പദ്ധതികളും ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ ഭവനപദ്ധതിക്കു വേണ്ടി ലോൺ കൊടുക്കുന്നത് ഹൗസിംഗ് സൊസൈറ്റി ഈരാറ്റുപേട്ട, ഭൂപണയബാങ്ക് ഈരാറ്റുപേട്ട, ഹൗസിംഗ് ബോർഡ് പാലാ, എന്നീ സ്ഥാപനങ്ങളാണ്. രജിസ്റ്റർചെയ്ത തോട്ടത്തിലെ തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി റബ്ബർബോർഡ് 7500/രൂപാ സൗജന്യമായി നൽകുന്നു. സേവ് എ ഫാമിലി പ്ലാൻ ഓഫ് ഇന്ത്യ പോലുള്ള സൊസൈറ്റികളും ധനസഹായം നൽകുന്നുണ്ട്.

ഏറ്റവും ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നത് ലാറി ബേക്കർ സായിപ്പിന്റെ Cost Forel ആണ്. 15000/രൂപയ്ക്ക് വീട് നിർമ്മിച്ചു കൊടുക്കും. ചിലവുകുറഞ്ഞ വീടുകൾ നിർമ്മിതികേന്ദ്രം ആവിഷ്കരിച്ചിട്ടുണ്ട്. വരാന്ത, 2 കിടപ്പുമുറി, അടുക്കള, കക്കൂസ് ഇവയോടുകൂടിയ വീടുകൾ സാധാരണക്കാരന് മതിയാകും. എളുപ്പത്തിൽ നിർമ്മിക്കാൻ ഹോളോബ്രിക്സ് കട്ടകളും സിമൻറും കമ്പിയും ഉപയോഗിച്ചുള്ള കട്ടകളും ഓട് വച്ച് വാർക്കുന്ന രീതികളും നിലവിലുണ്ട്. കമ്പി വല വളച്ചുവച്ച് 1 ഇഞ്ച് കനത്തിൽ സിമൻറും മണലും കൂടി തേച്ചു പിടിപ്പിച്ച് ചിലവുകുറഞ്ഞ മേൽക്കൂര നിർമ്മാണം നിർവഹിക്കാം. അങ്ങനെ എല്ലാവർക്കും വീടുകൾ സ്ഥാപിക്കുവാൻ സാധിക്കണമെങ്കിൽ നമ്മുടെ പഞ്ചായത്തിൽ പട്ടയം ഇല്ലാത്ത ധാരാളം ആളുകൾ ഉണ്ട്. ആറുപുറമ്പോക്കിലും മറ്റും താമസിക്കുന്നവർക്ക് എത്രയുംപെട്ടന്ന് പട്ടയം നൽകിയാൽ എല്ലാവർക്കും വീട് ഈ പഞ്ചായത്തിൽ പൂർണ്ണമാകും. കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് തടി ദൗർലഭ്യം തടഞ്ഞാൽ പഴയകാലങ്ങളിലെപ്പോലെ ഭവനങ്ങൾ പണിയാൻ സാധിക്കും. അമിത ചൂടിനെയും തണുപ്പിനെയും തടഞ്ഞുനിർത്തുന്ന നിരപ്പുരകളും ഓട് മേഞ്ഞ കൽഭിത്തിവീടുകളും നൽകുന്ന സുരക്ഷിതത്വവും സുഖവും ലഭിക്കുന്നതിനുള്ള ബോധവത്കരണം ജനങ്ങളിൽ എത്തിക്കാൻ സാധിച്ചാൽ നമ്മുടെ പഞ്ചായത്ത് ആരോഗ്യകരമായി മുന്നിട്ട് നിൽക്കുന്ന പഞ്ചായത്തായിത്തീരും.

വിലനിലവാരം

വർഷം	ഓട്	സിമൻറ്	കമ്പി	മണൽ	ഒരുപാട്ട മെറ്റൽ	ഇഷ്ടിക
	Rs Ps					
74-75	50	50 00	1 50		2 00	00 14
87-88		70 00	13 00			
89-90		100 00				
92-94		150 00				00 85
95	3 20	180 00				1 80
96	3 50	190 00	16 50			2 40

തൊഴിലാളികളുടെ വേതന നിരക്ക്

വർഷം	വിദഗ്ദ തൊഴിലാളി	അവിദഗ്ദ തൊഴിലാളി
1965	5.00	1.50
72,73	8 00	5.00
75,76	10.00	7.00
92,93	80.00	65.00
93	90.00	75.00
94	100,110	70,80
95,96	160.00	125.00

നിർദ്ദേശങ്ങൾ :-

1. ഗ്രാമപഞ്ചായത്തുമുഖേന ഗതാഗതസൗകര്യമുള്ള ഹൗസ്പ്ലോട്ടുകൾ നിശ്ചിത തുക യ്ക്ക് വിതരണം ചെയ്യുക.

2. കൈവശ ഭൂമിയുള്ള ഭവന രഹിതർക്ക് വായ്പ ലഭ്യമാക്കുക. ഹൗസിംഗ്ബോർഡിന്റെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ ത്വരിതപ്പെടുത്തുക.

3. ദുർബല വിഭാഗത്തിൽപ്പെട്ട ഭവന രഹിതർക്ക് പുതിയ പദ്ധതികൾ ആരംഭിക്കണം.

4. പട്ടയം ഇല്ലാത്ത കൈവശ ഭൂമിയ്ക്ക് പട്ടയം നൽകുക.

5. നിശ്ചിത തുകയിൽ കൂടുതൽ പണം ചിലവാക്കുന്ന വീടുകളുടെ നികുതി വർദ്ധിപ്പിക്കുക.

6. ഗിരിജൻ കോളനികളിൽ താമസിക്കുന്നവർക്ക് കൂടുതൽ ഭവനവായ്പാ പദ്ധതികൾ ഏർപ്പെടുത്തുക. നിർമ്മാണോപാധികൾ എത്തിക്കുന്നതിന് ഗതാഗതയോഗ്യമായ റോഡുകൾ നിർമ്മിക്കുക.

7. താഴ്ന്ന വരുമാനക്കാർക്ക് സഹകരണബാങ്കുകൾ മുഖേന വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

8. ഇന്ദിരാ ആവാസ്യോജന, രാജീവ് ദശലക്ഷപാർപ്പിടപദ്ധതി, മൈത്രി ഭവന നിർമ്മാണ പദ്ധതി മുതലായവയുടെ ചുമതല ഗ്രാമപഞ്ചായത്തിനെ ഏൽപ്പിച്ച് വായ്പാ പദ്ധതികൾ എളുപ്പത്തിൽ ലഭ്യമാക്കുക.

9. ഗതാഗതസൗകര്യം കുറവുള്ള സ്ഥലത്ത് വായ്പാ തുക കൂട്ടി കൊടുക്കുക.

10. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ റേഷനിംഗ് സമ്പ്രദായത്തിലൂടെ ആക്കുക.

11. ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ ചെലവു കുറഞ്ഞ നിർമ്മാണവിദഗ്ദ്ധരെ നിയമിക്കുക.

12. നിർമ്മാണതൊഴിൽ പരിശീലന കേന്ദ്രം പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കണം.

13. പരമ്പരാഗത ഭവനങ്ങളുടെ നശീകരണം തടയുക.

14. വീടുകളുടെ അറ്റകുറ്റപണികൾക്ക്വായ്പ ലഭ്യമാക്കുക.

സാമൂഹ ക്ഷേമം

ദരിദ്രജന വിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ക്ഷേമകാര്യവിഭാഗമാണ് ഇത്. പ്രധാനമായും താലൂക്ക്, വില്ലേജ്, ബ്ലോക്ക് എന്നിവയുടെ കീഴിൽ പ്രവർത്തിക്കുന്നു. തീക്കോയി പഞ്ചായത്ത് പൂർണ്ണമായും V. E. O. യുടെ കീഴിലാണ്.

I. R. D. P.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണിത്.

D W C R A:-സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്നതൊഴിൽ സംരംഭമാണ്. നമ്മുടെ ഈ പഞ്ചായത്തിൽ 2-ാം വാർഡിൽപ്പെട്ട മലമേൽ ഡയറി യൂണിറ്റ് ആരംഭിച്ചിരിക്കുന്നു.

വാർദ്ധക്യകാല പെൻഷൻ:-

65 വയസുകഴിഞ്ഞ സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന ആളുകൾക്കുള്ള പദ്ധതിയാണ്. 20 ആളുകൾക്ക് ഇപ്പോൾ ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്.

ട്രൈസം :-

18 മുതൽ 35 വയസുവരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. 24-പേർക്ക് പരിശീലനം കൊടുത്തു.

ടൂർകിറ്റ് :-

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി.

C. R. S. P. :-

I. R. D. P. ലിസ്റ്റിൽപ്പെട്ടവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതി. ഇത് കുറച്ചു പേർക്കുമാത്രം ലഭിക്കുന്നതാണ്.

വിധവാപെൻഷൻ :-

താഴ്ന്ന വരുമാനമുള്ള പ്രായപൂർത്തിയാകാത്ത ആൺമക്കളും ഉള്ള വിധവകൾക്ക് നൽകുന്ന പദ്ധതി. 22 പേർക്ക് ഈ ആനുകൂല്യങ്ങൾ നൽകിവരുന്നു. വിധവയുടെ പെൺമക്കളെ വിവാഹം കഴിച്ചയയ്ക്കുന്നതിന് 2000/-രൂപ ധനസഹായം ലഭിക്കുന്നു.

വികലാംഗപെൻഷൻ :-

40%-ന് മുകളിൽ വികലാംഗത്വമുള്ളവർക്ക് ലഭിക്കുന്ന പദ്ധതി.

കർഷകതൊഴിലാളി പെൻഷൻ :-

കർഷകതൊഴിലാളിയ്ക്ക് 60 വയസ്സു കഴിയുമ്പോൾ നൽകുന്നതാണിത്. കർഷകതൊഴിലാളി ക്ഷേമനിധിയിൽ 400-ൽ പരം അംഗങ്ങൾ ചേർന്നു പണമടച്ചു വരുന്നു.

തൊഴിലില്ലായ്മ വേതനം :-

S. S. L. C. പാസായ മാറു തൊഴിലുകൾ ഇല്ലാത്ത സ്ത്രീപുരുഷന്മാർക്ക് എംപ്ലോയ്മെൻറിൻെറ കീഴിൽ നൽകുന്ന വേതനമാണ്.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി :-

ഈ പദ്ധതി നിലവിലുണ്ടെങ്കിലും നന്നായി പ്രവർത്തിക്കുന്നില്ല.

കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളിക്ഷേമനിധി:-

തയ്യൽ, ബാർബർ, കൊല്ലൻ, മരംകയറ്റക്കാർ, ബീഡിതൊഴിലാളികൾ, വാച്ച്, റേഡിയോ, സൈക്കിൾ റിപ്പയർ, തേങ്ങാവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർ, എന്നിവർ, ഈ പദ്ധതിയിൻ കീഴിൽ വരുന്നു.

നിർദ്ദേശങ്ങൾ :-

1. അർഹരായവർക്ക് ലഭിക്കുന്നതിനും അനർഹരായവരെ ഒഴിവാക്കുന്നതിനും. ഈ പദ്ധതികളെല്ലാം ഗ്രാമ ബ്ലോക്കു പഞ്ചായത്തുകളെ ഏൽപ്പിക്കുക.

2. പദ്ധതികളെ കുറിച്ച് ജനങ്ങൾക്ക് ബോധവത്കരണം നടത്തുക.

3. ഈ പഞ്ചായത്തിൽ 4 മഹിളാസമാജങ്ങളും 2 ബാലവാടികളും പ്രവർത്തിക്കുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായിപ്രവർത്തിക്കുന്നു.

ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പഞ്ചായത്തധീനതയിലുള്ള സ്ഥലത്ത് കെട്ടിടങ്ങൾ വച്ചു കൊടുക്കണം. എല്ലാ മഹിളാസമാജങ്ങളോടും അനുബന്ധിച്ച Feeding Center തുടങ്ങണം, തീക്കോയി ഗ്രാമ പഞ്ചായത്തിൽ 5 റേഷൻകടകൾ പ്രവർത്തിക്കുന്നു. വഴിക്കടവിൽ സസ്പെൻറ് ചെയ്യപ്പെട്ട കട പുനരാരംഭിക്കേണ്ടതാണ്. സിവിൽ സപ്ലൈയുടെ മാവേലിസ്റ്റോർ ഗ്രാമ പഞ്ചായത്തിൻെറ കീഴിൽ തുടങ്ങിയാൽ എല്ലാ ആളുകൾക്കും ന്യായമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ സാധിക്കും.

അനുബന്ധം-

വിവിധ പെൻഷൻ തുകകൾ വർദ്ധിപ്പിക്കുന്നതിനും, അവ ലഭിക്കുന്നതിനുള്ള നിയമങ്ങൾ ലഘൂകരിക്കുന്നതിനും ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഗ്രാമപഞ്ചായത്ത് ശിപാർശ ചെയ്യണം.

കൊമേഴ്സ്യൽ ബാങ്കുകളുടെ അതേനടപടി ക്രമത്തിൽ സഹകരണബാങ്കുകളും IRDP വായ്പകൾ നൽകുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ഗ്രാമപഞ്ചായത്തു വഴി ധന സഹായം നൽകുക.

വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ വായ്പ തുക വർദ്ധിപ്പിക്കുക.

IV 8

സംസ്കാരം

മല നിരകളും, പാറക്കൂട്ടങ്ങളും, കാട്ടരുവികളും അവിടെ പരിഷ്കാരത്തിന്റെ മാലിന്യങ്ങളും ലേശംപോലും ഇല്ലാതെ ജീവിച്ചിരുന്ന ഗിരിവർഗങ്ങളും, ഈ പ്രദേശത്തു നിന്നും ഉത്ഭവിച്ച് ഒഴുകിയെത്തുന്ന മീനച്ചിലാറ് തൊട്ട തലോടുന്ന താഴ്വാരങ്ങളും, അവിടെ ജീവിച്ചിരുന്ന കൃഷിക്കാരും, അവരുടെ കൃഷിയിടങ്ങളും, ഈ പഞ്ചായത്തിന് പൈതൃകമായി പലതും സംഭാവന ചെയ്തിട്ടുണ്ട്. ഇവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് നാടകങ്ങളും നാടൻ പാട്ടുകളും ആയിരുന്നു. ചരിത്ര നാടകങ്ങളും പുരാണ നാടകങ്ങളും ആയിരുന്നു നാടകങ്ങളിൽ പ്രധാനപ്പെട്ടത്. ക്രിസ്തീയ ചരിത്രങ്ങളെ അടിസ്ഥാനമാക്കി ചവിട്ടുനാടകങ്ങളും ഇവർ അവതരിപ്പിച്ചിരുന്നു. സദാരം, ഭാമാ വിജയം, പാരിജാതം, രാമായണം, ജനോവ എന്നീ നാടകങ്ങളും ഇവയിൽ പ്രസിദ്ധങ്ങളാണ്. കൂടാതെ വയലുകളിൽ കൊയ്ത്തുപാട്ടും, ഞാറുനടീൽപാട്ടും, പൂണ്ടക്കിളപാട്ടും ഉണ്ടായിരുന്നു. അതെല്ലാം തന്നെ നാടൻ പാട്ടുകളും ആയിരുന്നു. ഗിരി വർഗക്കാരുടെയിടയിലുള്ള ഒരു പ്രധാനപ്പെട്ട കളിയായിരുന്ന കോൽക്കളി പിൽക്കാലത്ത് കോൽക്കളിയുടെ സ്ഥാനം മുസ്ലീമുകളുടെ ഇടയിലേയ്ക്ക് വ്യാപിച്ചു. ഇന്നും ഇവരുടെ വിശേഷദിനങ്ങളിൽ കോൽക്കളി അവതരിപ്പിക്കുകയും ആസ്വദിക്കുകയും ചെയ്തു പോരുന്നുണ്ട്.

ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം മതങ്ങളാണ് ഇവിടെ പ്രധാനമായും ഉണ്ടായിരുന്നത്. ഗിരിവർഗക്കാരുടെ ഇടയിലുള്ള രണ്ടു ജാതികളാണ് ഊരാളികളും, ഉള്ളാടരും. ഇവർ ഹിന്ദുമതത്തിൽ വിശ്വസിച്ചിരുന്നു. ഇന്നും ഇവരുടെ പിൻതലമുറക്കാർ ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വസിക്കുന്നുണ്ട്. (മുൻകാലങ്ങളിൽ സ്ത്രീകളുടെ വസ്ത്രധാരണ രീതികൊണ്ട് അവർ ഏതു മത വിഭാഗത്തിൽ പെട്ടവരാണെന്നു തിരിച്ചറിയുവാൻ സാധിക്കുമായിരുന്നു. എന്നാൽ ഇന്ന് ജാതി മത ഭേദമില്ലാത്ത ഒരു വേഷവിധാന സംവിധാനത്തിൽ നമ്മുടെ വനിതകളും എത്തി നിൽക്കുകയാണ്.)

ഉത്സവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാൾ

ഹിന്ദുക്കളുടെ പ്രധാനപ്പെട്ട ഉത്സവമാണ് മീനപ്പൂര മഹോത്സവം. പ്രശസ്തമായ ആച്ചുക്കാവ് അമ്പലത്തിൽ S. N. D. P. യൂണിയന്റെ ആഭിമുഖ്യത്തിൽ മീനപ്പൂര മഹോത്സവം എല്ലാ വർഷവും നടത്തിവരുന്നു. ഈ മഹോത്സവത്തോടനുബന്ധിച്ചു നടത്തിവരുന്ന കലാ സംസ്കാരിക പരിപാടികളും കാണാനും. ഉത്സവം ആഘോഷിക്കുവാനും വിദൂര സ്ഥലങ്ങളിൽ നിന്നുപോലും ആയിരക്കണക്കിന് ഭക്തജനങ്ങളും എത്താറുണ്ട്. ഇതിനു പുറമേ ശ്രീനാരായണഗുരു ജയന്തിയും ആഘോഷപൂർവ്വം നടത്തിവരുന്നു. കൂടാതെ എല്ലാ ഹിന്ദുക്കളും വിഷു അത്യാഹ്ലാദത്തോടെ ആഘോഷിക്കാറുണ്ട്.

കട്ടുപ്പാറ, കാരികാട് എന്നീ സ്ഥലങ്ങളിൽ C. S. I. വിഭാഗത്തിൽപ്പെട്ടവരുടെ പള്ളികളിൽ അവരുടെ ആരാധനാക്രമങ്ങളും കൃത്യമായും നടത്തിപ്പോരുന്നു. തീക്കോയിലെ പ്രശസ്തമായ ST. Mary's ദേവാലയത്തിൽ വർഷം തോറും ഫെബ്രുവരി മാസത്തിൽ ആഘോഷമായ തിരുന്നാളും നടത്തി വരുന്നു. ഇതുകൂടാതെ വെള്ളികുളം, വേലത്തുശേരി, മംഗളഗിരി തുടങ്ങിയ സ്ഥലങ്ങളിലെ പള്ളികളിൽ അവിടത്തെ പ്രധാനപ്പെട്ട തിരുന്നാളുകളും ആഘോഷപൂർവ്വം നടത്തിവരുന്നു. ഈ തിരുന്നാളുകളോടെല്ലാം അനുബന്ധിച്ച് കലാ പരിപാടികളും, പ്രദക്ഷിണങ്ങളും നടത്താറുണ്ട്. ഇവയിൽ ആയിരക്കണക്കിനാളുകളും സംബന്ധിക്കാറുണ്ട്. ഈ ആഘോഷങ്ങൾക്കു പുറമേ x'mas ഉം ഈസ്റ്ററും ഇവിടത്തെ ക്രിസ്ത്യാനികളും ഭക്തി പൂർവ്വം കൊണ്ടാടുന്നു. ഈസ്റ്ററിനോടനുബന്ധിച്ചുള്ള വിശേഷ ദിവസങ്ങളിൽ ഈ പഞ്ചായത്തിന്റെ അതിർത്തിയിലുള്ള പ്രസിദ്ധമായ കിഴക്കൻ കുരിശുമലയിലേയ്ക്ക് ആയിരക്കണക്കിന് ഭക്തജനങ്ങളും തീർത്ഥാടനം നടത്താറുണ്ട്.

തീക്കോയി ടൗണിൽ മുസ്ലീമുകളുടെ ഒരു പ്രാർത്ഥനാലയം ഉണ്ട്. മുസ്ലീമുകളുടെ ആഘോഷ പൂർവ്വം കൊണ്ടാടുന്ന പെരുന്നാളുകളാണ് റംസാനും ബക്രീദും. ഇവരുടെ ഈ പുണ്യദിനങ്ങളിൽ റാലിയും മറ്റു സാംസ്കാരിക പരിപാടികളും അവതരിപ്പിക്കാറുണ്ട്. മതപരമായി ഈ ആഘോഷങ്ങളിൽ ജാതി മത ഭേദമെന്യേ എല്ലാ ആളുകളും പങ്കെടുക്കുന്നു.

തികച്ചും വ്യത്യസ്തമായി തീക്കോയി പഞ്ചായത്തിൽ ഉൾപ്പെട്ടിട്ടുള്ള Teekoy Estate ലെ തമിഴർ അവരുടെ ഉത്സവമായ "അമ്മൻകുടം" അത്യാഘോഷപൂർവ്വം കൊണ്ടാടുന്നു. ഈ ആഘോഷത്തിൽ പങ്കെടുക്കുവാൻ തമിഴ്നാട്ടിൽ നിന്നും വളരെയധികം ആളുകളും എത്താറുണ്ട്. ഈ ഉത്സവത്തോടനുബന്ധിച്ച് കലാ സാംസ്കാരിക പരിപാടികളും അവതരിപ്പിക്കാറുണ്ട്. ഇവയിൽ പ്രധാനപ്പെട്ടത് കുറത്തിയാട്ടം, തുമ്പിതുള്ളൽ മുതലായവയാണ്.

കലാ സാംസ്കാരിക സ്ഥാപനങ്ങൾ

സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് നിരവധി ആളുകളും സജീവ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ യോഗങ്ങളിൽ സംബന്ധിക്കുകയും അവിടെ നിന്ന് ലഘു ലേഖകളും മറ്റു നിർദ്ദേശങ്ങളും നാട്ടിലെത്തിക്കുകയും അവ വിശദീകരിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ആണ് ചെയ്തിരുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് "തീക്കോയി പീപ്പിൾസ് ലൈബ്രറി ആൻഡ് റീഡിംഗ് റൂം" നൽകിയ സംഭാവന വളരെ വിലപ്പെട്ടതായിരുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിൽ പ്രമുഖൻ ശ്രീ. V. M. സേവ്യർ വെളുത്തേടത്തുപറമ്പിൽ അവറുകളാണ്. ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളെപ്പറ്റിയും, സ്വാതന്ത്ര്യ പ്രാപ്തിയെപ്പറ്റിയും ഉള്ള ചൂടേറിയ ചർച്ചകളും, സംവാദങ്ങളും മാസത്തിലൊരിക്കലെങ്കിലും ഈ വായനശാലയിൽ വെച്ച് നടത്തപ്പെട്ടിരുന്നു. Library-യുടെ ആഭിമുഖ്യത്തിൽ "പുലരി" എന്ന പേരിൽ ഉന്നത നിലവാരം പുലർത്തിയിരുന്ന ഒരു കൈയ്യെഴുത്തു മാസികയും പ്രസിദ്ധീകരിച്ചിരുന്നു. ശ്രീ. C. രാഘവന്റെ കൈയ്യെഴുത്തിൽ പ്രസിദ്ധീകരിച്ച "പുലരി" യ്ക്ക് സംസ്ഥാന തല മത്സരത്തിൽ രണ്ടാം സ്ഥാനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആരംഭകാലത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ പ്രവർത്തിച്ചിരുന്നവരിൽ പലരും സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് അംഗങ്ങളുമായി ബന്ധപ്പെട്ട് മുന്നോട്ടുപോയി. വായന ശാലയ്ക്ക് സ്ഥലം സംഭാവന ചെയ്ത ശ്രീ. ജോൺസൺ വള്ളിക്കാപ്പന്റെ നേതൃത്വത്തിൽ കുറെപ്പേർ സോഷ്യലിസ്റ്റു പാർട്ടിയിലും Teekoy വായനശാലയെ വളർച്ചയുടെ പടവുകളിലേയ്ക്ക് നയിച്ച ശ്രീ. T. V. ചെറിയാൻ തോപ്പിൽ ശ്രീ ലൂക്കോ നമ്പുടാകം തുടങ്ങിയവരുടെ നേതൃത്വത്തിൽ ശക്തമായ ഒരു വിഭാഗം കമ്മ്യൂണിസ്റ്റുപാർട്ടിയിലും ചേർന്ന് പ്രവർത്തനം നടത്തി. 1956-ൽ തീക്കോയി വായന ശാലയിലാണ് ഈ പ്രദേശത്ത് ആദ്യമായി ഒരു റേഡിയോ സ്ഥാപിക്കുന്നത്. വായനശാലയുടെ സജീവ പ്രവർത്തകനായ ശ്രീ. A. K. തോമസിന്റെ നേതൃത്വത്തിൽ T. P. A. C. എന്ന പേരിൽ ഒരു പുരോഗമന കലാ സാഹിത്യസമിതി രൂപീകരിച്ച് നാടകം ഉൾപ്പെടെയുള്ള വിവിധ കലാപരിപാടികളും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

തീക്കോയി പഞ്ചായത്തിൽ, പ്രകൃതിരമണീയവും വിനോദസഞ്ചാരികളുടെ ആകർഷ കേന്ദ്രവുമായ വഴിക്കടവിൽ യൂത്ത് ആർട്ട്സ് ആൻഡ് സ്പോർട്സ് ക്ലബ് എന്ന പേരിൽ ഒരു കലാസാംസ്കാരിക സ്ഥാപനം പ്രവർത്തിക്കുന്നു. 500-ൽ പരം പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഈ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ട്. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന Sports Club-ഉം ഇവിടെയുണ്ട്. ഈ പഞ്ചായത്തിന്റെ 3-ാം വാർഡായ വേലത്തുശേരിയിലും 6-ാം വാർഡായ വെട്ടിപ്പാമ്പിലും ഓരോ ക്ലബുകളും പ്രവർത്തിക്കുന്നുണ്ട്. തീക്കോയി ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്ന 7-ാം വാർഡിൽ ഒരു സാംസ്കാരിക നിലയവും പ്രവർത്തനരഹിതമായ ഗ്രന്ഥശാലയും ഈ വാർഡിലെ ജനങ്ങളുടെ അറിവിനും, വിനോദത്തിനുമായി ഒരു T. V.യും സ്ഥാപിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ ആദ്യകാല Library യായ 'The People's Library' 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്നു. ഇവിടെ 8000/ൽ പരം പുസ്തകങ്ങളും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉണ്ട്. വിനോദത്തിനായി ചെസ്, കാരംസ് തുടങ്ങിയ കളികളും ഉണ്ട്. കേബിൾ കണക്ഷനോടുകൂടിയ ഒരു T. V. Set ഉം പ്രവർത്തിച്ചുവരുന്നു. ആദ്യകാലത്ത് കണ്ടുവന്നിരുന്ന പുരോഗതിയില്ല

കടുത്ത മാന്ദ്യം സംഭവിച്ചിട്ടുണ്ടെങ്കിലും മാറിമാറി വരുന്ന ഭരണസമിതികളുടെ പ്രവർത്തനം മൂലമുള്ള വളർച്ച ഈ വായനശാലയിൽ അനുദിനം നമുക്ക് കാണുവാൻ കഴിയും.

ഇവയ്ക്കെല്ലാം പുറമേ പ്രശസ്തനായ ജലതരംഗ വിദ്വാൻ ശ്രീ. തോമസ് തീക്കോയി യുടെ ശിക്ഷണത്തിൽ തീക്കോയി St. Mary's School-ലെ വിദ്യാർത്ഥികളും അവരുടെ കലാ വാസനകളും വളർത്തിയെടുക്കുന്നുണ്ട്.

ആദ്യകാലങ്ങളിൽ ഒരു സിനിമാശാല പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ അത് കാലഹ രണപ്പെട്ടുപോയി.

കായികരംഗം

തീക്കോയി പഞ്ചായത്തിലെ നിവാസികളുടെ കായിക പുരോഗതിക്കു വേണ്ടി ഒരു സ്റ്റേ ഡിയം Teekoy St. Mary's ഹൈസ്ക്കൂളിനോടനുബന്ധിച്ചുണ്ട്. ഈ സ്റ്റേഡിയത്തിൽ ധാരാളം കായിക പ്രേമികൾ നിരന്തരമായി പരിശീലനം സിദ്ധിച്ചു വരുന്നുണ്ട്. "St. Mary's വോളിബോൾ ടീം" എന്ന പേരിൽ വളരെ മികവുറ്റ ഒരു വോളിബോൾ ടീം ഇവിടെ ഉണ്ടായി രുന്നുവെങ്കിലും ഇപ്പോൾ അത് നിലവിലില്ല. ഈ സ്ക്കൂളിനോടനുബന്ധിച്ചുള്ള വോളി ബോൾ ഗ്രൗണ്ടിലും ബാസ്ക്കറ്റ്ബോൾ ഗ്രൗണ്ടിലും ഇവിടുത്തെ വിദ്യാർത്ഥികൾക്ക് പരിശീ ലനം ലഭിക്കുന്നുണ്ട്. ഇതുപോലെതന്നെ വെള്ളികുളം St. Antony's School-നോടനുബന്ധിച്ച് ഗ്രൗണ്ടിലും വിദ്യാർത്ഥികൾ പരിശീലനം നടത്തിവരുന്നു, മുൻപു പ്രതിപാദിച്ചിരുന്ന വഴിക്കടവി ലുള്ള Sports Clubആ വാർഡിലുള്ള ജനങ്ങളുടെ കായിക വികസനത്തിനായി വളരെയധികം യത്നിക്കുന്നുണ്ട്. കായിക രംഗത്ത് ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും ഈ പഞ്ചായത്തിലെ പല വ്യക്തികളും പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്. നീന്തലിൽ അനിത പി. ജോസ് പുറപ്പന്താനം ജില്ലാ തലത്തിൽ 2-ാം സ്ഥാനവും Shotput-ൽ ജോജോ പുന്നത്താനം സംസ്ഥാന തലവിജയവും കൈവരിച്ചിട്ടുണ്ട്. Weight Lifting -ൽസണ്ണി താഴത്തുപറമ്പിൽ യൂണി വേഴ്സിറ്റി തലത്തിൽവിജയം കൈവരിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ ജിജി കുമ്മണ്ണൂപറമ്പി ലിന് ഹോക്കിയിൽ പല സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുവാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്.

പത്രമാസികകളുടെ പ്രചാരണം

അര നൂറ്റാണ്ടുമുൻപ് പത്രങ്ങൾ വരുത്തുന്ന ആളുകളുടെ എണ്ണം വളരെ വിരളമായി രുന്നു. എന്നാൽ ഇന്ന് ഏതാണ്ട് ആയിരത്തോളം പത്രങ്ങളും അതിനോടടുത്ത വാരികാ മാസി കകളും ഇവിടെ വിതരണം ചെയ്യപ്പെടുന്നു. മലയാള മനോരമ, മാതൃഭൂമി, ദീപിക, കേരളാ കൗമുദി, ദേശാഭിമാനി, മംഗളം തുടങ്ങിയ മലയാള ദിനപ്പത്രങ്ങളും Indian Express, The Hindu തുങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും വിതരണം ചെയ്യപ്പെടുന്നു. മലയാള മനോരമ, രാഷ്ട്ര ദീപിക, കേരളശബ്ദം, മംഗളം മുതലായ വാരികകളും ദൈവാരികകളായ വനിതയും സ്ത്രീധനം, ഗൃഹലക്ഷ്മി തുടങ്ങിയ മാസികകളും കുട്ടികൾക്കായുള്ള ബാലരമ, പൂമ്പാറ കളിക്കുട്ടുക്ക. Comics ബുക്കുകൾ, തുടങ്ങിയവയും കൃഷി മാസികയായ കർഷകനും, മറ്റ് ഇംഗ്ലീഷ് വാരികകളും ഈ പഞ്ചായത്തിലെ ജനങ്ങളുടെ വായനാശീലവും അറിവും വർ ദ്ധിപ്പിക്കുന്നു. ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന കരിയർ ദീപികയും ബിസിനസു കാർക്കുള്ള ബിസിനസ് ദീപികയും ഇവിടെ പ്രചാരമുള്ളവയാണ്. അഡ്വ. ജോർജുകുട്ടി കടപ്ലാക്കലിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന "ഹരിത" യാണ് ഈ പഞ്ചായത്തി ലെ ഏക പ്രാദേശിക പ്രസിദ്ധീകരണം. അടിക്കടിയുള്ള വിലവർദ്ധനവുകാരണം ഈ പഞ്ചാ യത്തിലെ പല കുടുംബങ്ങൾക്കും സ്വന്തമായി പത്രം വരുത്തുവാൻ കഴിയുന്നില്ലായെങ്കിൽപ്പോ ലും വായനശാലകൾ വഴിയും, കടകൾ വഴിയും പത്രങ്ങൾ വായിക്കുന്ന ഒരു പ്രവണത ഇവി ടുത്തെ ജനങ്ങളിൽ കണ്ടുവരുന്നുണ്ട്.

ഇലക്ട്രോണിക് മാദ്ധ്യമം

1956-ൽ തീക്കോയി വായന ശാലയിലാണ് ഈ പ്രദേശത്ത് ആദ്യമായി ഒരു റേഡിയോ സ്ഥാപിച്ചത്. എന്നാൽ ഇന്ന് മുഴുവൻ വീടുകളിലും റേഡിയോ എത്തിച്ചേർന്നിട്ടുണ്ട്. തന്മൂലം ഇവിടത്തെ ജനങ്ങളും ആനുകാലിക പ്രശ്നങ്ങളും അനുദിന വാർത്തകളും അറിയുവാനുള്ള വ്യഗ്രത കാണിക്കുന്നുണ്ട്. റേഡിയോയുടെ ഈ കനത്ത വ്യാപനം ഈ പഞ്ചായത്തിലെ ജനങ്ങളുടെ കലാ സാംസ്കാരിക പ്രവർത്തനങ്ങളെ പരിപോഷിപ്പിച്ചിട്ടുണ്ട്. കൃത്യമായ കണക്കുകൾ ലഭ്യമല്ല എങ്കിൽ പോലും ഏതാണ്ട് 10% ജനങ്ങളിലേയ്ക്കും ഇന്ന് T.V. എത്തിച്ചേർന്നിട്ടുണ്ട്. തീക്കോയി കേന്ദ്രമാക്കിയുള്ള കേബിൾ T. V. ഏതാണ്ട് 100 ലധികം പേർക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. ഇതുകൂടാതെ Dish antina-യ്ക്കും വളരെയധികം പ്രചാരം ലഭിച്ചുവരുന്നുണ്ട്. കേബിൾ T.V. യുടെ ആഗമനത്തോടുകൂടി വിദേശവാർത്തകളും, വിദേശ സംസ്കാരങ്ങളും ഇവിടത്തെ ജനങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. തീക്കോയി സംസ്കാരിക നിലയത്തിലും Peoples Library-യിലും സ്ഥാപിച്ചിട്ടുള്ള T. V. ഇവിടത്തെ ജനങ്ങൾക്ക് ആമാധ്യമത്തിന്റെ കുറവ് ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നുണ്ട്. 1980-കളുടെ ആരംഭത്തോടുകൂടി തീക്കോയിൽ ഒരു ടെലിഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കപ്പെട്ടു. ഉദ്ദേശം 250 കണക്ഷനുകളുള്ള ഈ എക്സ്ചേഞ്ച് വികസനത്തിന്റെ പാതയിലേയ്ക്ക് നീങ്ങികൊണ്ടിരിക്കുകയാണ്. തീക്കോയി കേന്ദ്രീകരിച്ച് 2 Public Telephone booth-കളും പ്രവർത്തിക്കുന്നുണ്ട്.

Fridge, Washing mechine, Mixi, Griender, Pump set, Tape recorder, തുടങ്ങിയ ആധുനിക സൗകര്യങ്ങളും ഈ പഞ്ചായത്തിൽ വർദ്ധിച്ചു വരുന്നുണ്ട്.

ഒരു ജനതയുടെ പുരോഗമനത്തിന് കലാസാംസ്കാരിക പ്രവർത്തനങ്ങളും വലിയ പങ്കു വഹിക്കുന്നതിനാൽ അതിനുവേണ്ട പ്രോത്സാഹനം നൽകുന്നതിന് സാംസ്കാരിക സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടണം. ഇതിനായി പല ആസൂത്രണങ്ങളും പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ടിയിരിക്കുന്നു. 1) ഇവിടെയുള്ള സാംസ്കാരിക നിലയത്തോടനുബന്ധിച്ച് ഒരു കലാസമിതി രൂപീകരിക്കുക, ഇതിന്റെ കീഴിൽ നാടകം, നൃത്തം തുടങ്ങിയ കലാരൂപങ്ങൾക്ക് പ്രോത്സാഹനം നൽകുക. 2) എല്ലാത്തരത്തിലും ഉള്ള വാദ്യോപകരണങ്ങളും അഭ്യസിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക. 3)ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ വാർഡുകളേയും ഏകോപിപ്പിച്ച് വർഷത്തിൽ ഒരിക്കൽ "പഞ്ചായത്ത് കലാമേള" നടത്തുക. 4) നിലവിലുള്ള സാംസ്കാരിക നിലയത്തോടനുബന്ധിച്ച് പ്രവർത്തന രഹിതമായിരിക്കുന്ന ഗ്രന്ഥശാല പുനർജീവിപ്പിക്കുക. കൂടുതൽ പുസ്തകങ്ങളും ആനുകാലിക പ്രസദ്ധീകരണങ്ങളും ലഭ്യമാക്കുക 5) എല്ലാ വാർഡുകളിലും ഗ്രന്ഥശാലകൾ സ്ഥാപിക്കുക. അവയുടെ പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിനായി വർഷത്തിൽ ഒരിക്കലെങ്കിലും പഞ്ചായത്തു തല അവലോകനം നടത്തുകയും ആവശ്യമായ ഗ്രാൻറുകളും നൽകുകയും ചെയ്യുക. 6) ആനുകാലിക സംഭവ വികാസങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനു വേണ്ടി ബോധവത്ക്കരണ ക്ലാസ്സുകളും ചർച്ചകളും നടത്തുക. 7) ഈ പഞ്ചായത്തിലെ ജനങ്ങളുടെ കായികമായ കഴിവുകളും വികസിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു സ്പോർട്സ് കൗൺസിൽ രൂപീകരിക്കുക. 8) പഞ്ചായത്തു തലത്തിൽ ഒരു സ്റ്റേഡിയവും, നീന്തൽക്കുളവും ഉണ്ടാക്കുക. 9) വളർന്നുവരുന്ന തലമുയ്ക്ക് Sports-ൽ വിജയം കണ്ടെത്തുന്നതിന് നല്ല പരിശീലകരെ നിയമിക്കുകയും പ്രോത്സാഹനങ്ങളും നൽകുകയും ചെയ്യുക 10) പഞ്ചായത്തു തലത്തിൽ ഒരു ജിംനേഷ്യത്തിനു രൂപം കൊടുക്കുക. 11) പഞ്ചായത്തു തലത്തിൽ വർഷത്തിൽ ഒരിക്കൽ കായികമത്സരം നടത്തുക. 12) 50-വയസ്സിനു മുകളിലുള്ളവർക്ക് മത്സരത്തിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. (Veterners meet) 13) പഞ്ചായത്തു തലത്തിൽ സാഹിത്യ മത്സരങ്ങളും നടത്തുക.

ചരിത്രത്തിന്റെ ഏടുകളിൽ തങ്ങിനിൽക്കത്തക്ക രീതിയിൽ തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ സംസ്കാരം വളർത്തിയെടുക്കുന്നതിന് ഈ പഞ്ചായത്തിലെ ഭരണസമിതിയംഗങ്ങളും, ജീവനക്കാരും ജനങ്ങളും ഒരുപോലെ യത്നിക്കേണ്ടിയിരിക്കുന്നു.

അനുബന്ധം-

തീക്കോയി ടൗൺ, വെള്ളികുളം, മാവടി, മംഗളഗിരി എന്നിവിടങ്ങളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം.

വേലത്തുശ്ശേരി ഒറയിട്ടി, എവറസ്റ്റ്, പുതുക്കാട് എന്നീ സ്ഥലങ്ങളിൽ വായനശാലയും. ഗ്രന്ഥശാലയും രൂപീകരിക്കുക.

വഴിക്കടവിൽ നിലവിലുള്ള വായനശാലയും ക്ലബ്ബും കൂടുതൽ പ്രവർത്തനക്ഷമമാക്കുക.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന കലാവാസനയുള്ള ആളുകൾക്ക് വേണ്ട പ്രോത്സാഹനം കൊടുക്കണം.

പരമ്പരാഗത കളികൾക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കണം.

വനിത

ഈ പഞ്ചായത്തിൽ 10272 വരുന്ന. ജനസംഖ്യയിൽ 5145 പേർ സ്ത്രീകളാണ്. സ്ത്രീ പുരുഷ അനുപാതം നോക്കുമ്പോഴും പുരുഷന്മാരെക്കാളും കൂടുതൽ സ്ത്രീകളാണെങ്കിലും സംസ്ഥാന ശരാശരിയുടെ അടുത്ത് എത്തുന്നില്ല. ഈ പഞ്ചായത്തിലെ സ്ത്രീ പുരുഷ അനുപാതം ആയിരത്തിന് ആയിരത്തി മൂന്ന് എന്നാൽ 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ കാര്യത്തിൽ സ്ഥിതി കുറെക്കൂടി മെച്ചമാണ്. ഇവിടെ ആൺപെൺ അനുപാതം ആയിരത്തിന് ആയിരത്തിതൊണ്ണൂറാറ് (1096) എന്നാണ് കണക്കുകൾ കാണിക്കുന്നത്. ബഹുഭൂരിപക്ഷം ജനങ്ങളും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. ഈ പഞ്ചായത്തിൽ രണ്ട് ദശാബ്ദങ്ങൾക്കു മുമ്പുവരെയും പുരുഷന്മാരോടൊപ്പം സ്ത്രീകളും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്നതായി കാണാൻകഴിയും. എന്നാൽ ഹ്രസ്വ കാല വിളകളിൽ നിന്നും റബ്ബർ എന്ന ഏകവിള കൃഷിയുടെ മാറ്റത്തോടെ സ്ത്രീകളുടെ കാർഷിക മേഖലയിലെ പങ്കാളിത്തം കുറഞ്ഞിരിക്കുകയാണ്. മറ്റു പ്രദേശങ്ങൾ എന്നതുപോലെ ഇവിടേയും പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്വം കുറവാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ സാക്ഷരതാ നിലവാരം കുറവാണ്. ആകെ സ്ത്രീകളിൽ 8% പേർ ഇന്നും നിരക്ഷരരായി തുടരുന്നു. എന്നാൽ നിലവിലുള്ള സ്ഥിതി വിദ്യാഭ്യാസ രംഗത്തെ കണക്കുകൾ കാണിക്കുന്നത് വിദ്യാഭ്യാസ രംഗത്തുള്ള വിവേചനം നീങ്ങിയിരിക്കുന്നുവെന്നതാണ്. തൊഴിലില്ലായ്മയുടെ കാര്യത്തിൽ പുരുഷന്മാരെപ്പോലെ തന്നെ സ്ത്രീകളും തൊഴിൽ രഹിതരായി തുടരുന്നു. പൊതുവേ റബ്ബർ വെട്ട്, കള നീക്കം ചെയ്യൽ, തേയില മേഖല, മൃഗപരിപാലനം തുടങ്ങിയ മേഖലകളിലാണ് സ്ത്രീകൾ തൊഴിലെടുക്കുന്നത്. കൂടാതെ അദ്ധ്യാപനം തുടങ്ങിയ സേവനമേഖലകളിലും. സ്ത്രീപങ്കാളിത്തം കാണാൻ കഴിയും ഇതിൽ കാർഷികമേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ കൂലി നിലവാരത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് വ്യക്തമായ അന്തരം പ്രകടമാണ്. കള നീക്കം ചെയ്യുന്ന തൊഴിലിൽ പുരുഷന്മാർക്ക് 100 മുതൽ 125 രൂപ വരെ കൂലി ലഭിക്കുമ്പോൾ സ്ത്രീകൾക്ക് ലഭിക്കുന്നത് 50 രൂപ മാത്രമാണ്. ഏതാണ്ട് 20 തോളം സ്ത്രീകൾ പഞ്ചായത്തിലെ മൂന്നു പാറമടകളിൽ തൊഴിലെടുക്കുന്നു. ഇവർ ഇന്നുവരെ യാതൊരു സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയുടെയും കീഴിൽ പെട്ടിട്ടില്ല. ഈ മേഖലയിൽ പുരുഷന്മാർക്ക് ലഭിക്കുന്ന കൂലിയിൽ നിന്നും വളരെ കുറഞ്ഞ കൂലി മാത്രമേ ലഭിക്കുന്നുള്ളൂ. വ്യക്തമായ തൊഴിൽ മേഖലയായി നിർവ്വചിക്കപ്പെട്ടിട്ടില്ല. എങ്കിലും ബഹുഭൂരിപക്ഷം സ്ത്രീകളും പശുപരിപാലനം, കോഴി, പന്നി വളർത്തൽ, പച്ചക്കറി, കുറ്റിപ്പുല്ല് കൃഷി തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവരാണ്.

ഉന്നത വിദ്യാഭ്യാസം നേടുന്നവർ ആൺകുട്ടികളേക്കാളും കൂടുതൽ പെൺകുട്ടികളാണ്. തയ്യൽ പരിശീലനം മുതൽ കംമ്പ്യൂട്ടർ പരിശീലനം വരെ നേടിയിട്ടുള്ള പെൺകുട്ടികളും ധാരാളം പേരുണ്ട്. എന്നാൽ കൂടുതൽ കായികാദ്ധ്വാനം ആവശ്യമുള്ള സാങ്കേതിക വിദ്യ നേടുന്നതിൽ പെൺകുട്ടികളും താല്പരരല്ല എന്നാണ് തീക്കോയി ടെക്നിക്കൽ ഹൈസ്ക്കൂളിലെ കണക്കുകളും കാണിക്കുന്നത്. ആകെ 107 കുട്ടികളും ഈ സ്ഥാപനത്തിൽ പഠിക്കുമ്പോൾ അവിടെ ഒരു പെൺകുട്ടി മാത്രമെ പഠിക്കുന്നൊള്ളൂ.

കണക്കുകൾ ലഭ്യമല്ലെങ്കിലും സ്ത്രീകൾ കുടുംബനാഥയായുള്ള കുറെയേറെ കുടുംബങ്ങളും ഈ പഞ്ചായത്തിൽ നിലവിലുണ്ട്. വരുമാന മാർഗം കാർഷികവൃത്തി ആയതിനാൽ കർഷക കുടുംബങ്ങളിൽ കാണുന്നതിനുപരിയായുള്ള പ്രശ്നങ്ങളും ഈ കുടുംബങ്ങളിൽ വിരളമാണ്. ഈ പഞ്ചാ

യത്തിൽ 22 ആളുകൾക്കുമാത്രമാണ് വിധവാ പെൻഷൻ അനുവദിച്ചിട്ടുള്ളത്. അർഹരായ മുഴുവൻ ആളുകൾക്കും ഈ ക്ഷേമപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുവെന്നു ഉറപ്പുവരുത്തേണ്ടതാണ്. സ്ത്രീകളുടെ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്ന അംഗനവാടികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഒരു D. W. C. R. A. യൂണിറ്റ് മാത്രമാണ് ഇവിടെയുള്ളത്. നാല് മഹിളാസമാജങ്ങളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. വളരെചുരുങ്ങിയ ശതമാനം സ്ത്രീകളാണ് ഇവയിൽ അംഗങ്ങളായിട്ടുള്ളത്. കന്യാസ്ത്രീ മഠങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ മാത്രമല്ല സമൂഹത്തിന്റെ ആകെ ഉന്നമനത്തിനായി ഈ മഠങ്ങളിലെ കന്യാസ്ത്രീകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഇവരുടെ നേതൃത്വത്തിൽ മഹിളാസമാജങ്ങൾ, നേഴ്സറിസ്കൂൾ, തയ്യൽ പരിശീലന കേന്ദ്രം, മന്ദബുദ്ധി പരിശീലന കേന്ദ്രം തുടങ്ങിയവ നടത്തിവരുന്നു.

സമൂഹത്തിൽ ആകെ നിലനില്ക്കുന്ന സ്ത്രീധന സമ്പ്രദായത്തിൽ നിന്ന് ഈ പഞ്ചായത്തും വിമുക്തമല്ല. സ്ത്രീധന പീഡനകേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. എങ്കിലും ഇതിന്റെ പേരിൽ പീഡനങ്ങൾ അനുഭവിക്കേണ്ടി വരുന്നവർ കുറവല്ല. ഇതിനെതിരെ വ്യപകമായ ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയും സ്ത്രീക്കുള്ള കുടുംബസ്വത്തിന്റെ ഭാഗം സ്ത്രീക്കുതന്നെ അവകാശമായി നൽകുന്ന സംവിധാനം ഉണ്ടാവുകയും ചെയ്യേണ്ടതാണ്.

ടെലിവിഷൻ തുടങ്ങിയ വാർത്താ മാധ്യമങ്ങളുടെ അതിപ്രസരം സാംസ്കാരിക രംഗത്ത് സ്ത്രീകളോടുള്ള മനോഭാവത്തിനും മാറ്റങ്ങൾ വരുത്തിതുടങ്ങിയിരിക്കുന്നു. കുട്ടികളും യുവതലമുറയും വരെ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന കലാരൂപങ്ങളുടെ സ്വാധീനത്തിൽപെട്ടുപോകുന്നു. പൊതുരംഗത്ത് എത്തപ്പെടുന്നസ്ത്രീകൾപൊതുവെ കുറവാണ്. സംവരണ ആനുകൂല്യങ്ങൾകൊണ്ടുമാത്രം പഞ്ചായത്ത്, ബാങ്ക് ഭരണസമിതികളിൽ എത്തപ്പെടുന്നവർ പോലും കാലാവധി കഴിയുന്നതോടെ പൊതു പ്രവർത്തന രംഗത്തുനിന്നും വിരമിക്കുന്നതായാണ് കാണാൻ കഴിയുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി ചേർന്ന് ഗ്രാമസഭകളിൽപ്പോലും സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായില്ല എന്നകാര്യം ശ്രദ്ധേയമാണ്. സ്ത്രീകളുടെ സാമ്പത്തിക നില ഉയർത്തികൊണ്ടുവരുന്നതിലൂടെ മാത്രമെ ഇന്നു നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തുന്നതിനു കഴിയുകയുള്ളൂ.

പ്രശ്നങ്ങൾ

തൊഴിൽ പരിശീലനം നേടിയവർ ഉൾപ്പെടെയുള്ള സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നില്ല. അസംഘടിത തൊഴിൽ മേഖലകളിൽ കൂലിയിൽ വ്യത്യാസം നില നിൽക്കുന്നു. ക്ഷേമ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേക പരിഗണനനൽകപ്പെടുന്നില്ല. പൊതു പ്രവർത്തന രംഗത്തേയ്ക്ക് കടന്നുവരുന്ന സ്ത്രീകൾ അംഗീകരിക്കപ്പെടുന്നില്ല. സമൂഹമനസ്ഥതയിൽ ബഹുഭൂരിപക്ഷം ഇന്നും പുരുഷന്മാർക്കാണ്.

സാധ്യതകൾ

1 സ്ത്രീകളെ സാമ്പത്തികമായും, സാമൂഹികമായും, രാഷ്ട്രീയമായും, ആരോഗ്യപരമായും, സാംസ്കാരികമായും ഉയർത്തികൊണ്ടുവരുന്നതിന് ആവശ്യമായ ബോധവത്കരണക്ലാസ്സുകളും സെമിനാറുകളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുക.

2 കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാലി, ആട്, പന്നി, കോഴി, മുയൽ എന്നിവയെ വളർത്തുന്നതിന് ആവശ്യമായ പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുക. കൂടിൽ വ്യവസായങ്ങൾ, തേനീച്ച വളർത്തൽ, കൂൺ കൃഷി എന്നിവയ്ക്ക് പ്രോത്സാഹനങ്ങൾ നൽകുക.

3 സ്ത്രീകൾക്ക് ചെയ്യാവുന്ന കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം.

4 സ്ത്രീകൾക്ക് ശുചിത്വം, ശിശുപരിപാലനം, ഗർഭകാല സംരക്ഷണം, ആരോഗ്യം മുതലായ വയിൽ പഞ്ചായത്തുവഴി കാലാനുസൃതമായ അറിവു പകർന്നു കൊടുക്കണം.

5 നമ്മുടെ നാട്ടിൽ ചിലയിടങ്ങളിൽ Dairy unit കൾ സ്ഥാപിച്ചാൽ പാലും പാൽഉൽപ്പന്നങ്ങളും മറ്റുമായി ധാരാളം തൊഴിലവസരങ്ങൾ സ്ത്രീകൾക്കു ലഭിക്കും.

6 Sex ഉം Violence ഉം മാറ്റി കലാമൂല്യങ്ങളുള്ള സിനിമകളും നിർമ്മിക്കുവാൻ സിനിമ നിർമ്മാണ വ്യവസായത്തെ നിയന്ത്രിക്കാനുള്ള നിയമം കൊണ്ടുവരുവാൻ എല്ലാവരും ഒറ്റക്കെട്ടായി യത്നിക്കണം.

7 സ്ത്രീകൾക്കായി സാംസ്കാരിക നിലയങ്ങളും ഉണ്ടാക്കി കൊടുക്കണം. സ്ത്രീകൾക്കു തൊഴിൽ നൽകുവനായി Shopping Coplex, തയ്യൽ പരിശീലന കേന്ദ്രങ്ങളും മുതലായവ തുടങ്ങണം.

8 വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ ഇവ അർഹതയുള്ളവർക്കൊക്കെ കൊടുക്കുവാൻ സത്വര നടപടിയെടുക്കുക.

9 ഇപ്പോൾ പള്ളികളോടനുബന്ധിച്ചുള്ള മാതൃജ്യോതികളും, സ്വാശ്രയസംഘങ്ങളും ശക്തിപ്പെടുത്തുവാൻ ശ്രദ്ധിക്കുക.

10 നമ്മുടെ സ്ത്രീകൾക്കു തന്നെ വീടുകളിൽ ചെയ്യാവുന്ന ജൈവവള നിർമ്മാണ പരിശീലനം എത്രയും വേഗം നൽകുക.

11 മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ദൂഷ്യങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുകയും അവയ്ക്ക് നിരോധനം ഏർപ്പെടുത്തുകയും ചെയ്യുക.

12 സ്ത്രീകൾക്കായി ഒരു ലൈബ്രറി സ്ഥാപിക്കുക.

13 പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 10000/രൂപയിൽ കുറയാത്ത തുക വിവാഹ ആശ്യത്തിനായി നൽകുക.

14 മാതൃ ശിശു ക്ഷേമ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തുറക്കുക.

15 സഹകരണ സംഘങ്ങളിൽ (റ്റീഫാക്ടറി, ബാങ്ക്, പാൽ സൊസൈറ്റി) എന്നിവടങ്ങളിൽ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യവും ജോലിയും ഉറപ്പുവരുത്തുക.

16 പെൺകുട്ടികൾ പുരുഷന്മാരുടെ വലയിൽ വീണു നശിക്കാതിരിക്കാൻ ബോധവത്കരണം നടത്തുക.

17 "എന്റെ വീടിന്റെയും പഞ്ചായത്തിന്റെയും പുരോഗതി" എന്ന ലക്ഷ്യം എല്ലാവരിലും ശ്രദ്ധമൂലമാക്കണം.

18 മനുഷ്യ ശരീരത്തിന്റെ പ്രതിരോധ ശക്തി വർദ്ധിക്കുന്നതും ചിലവു കുറഞ്ഞതുമായ ഹോമിയോ ചികിത്സയ്ക്ക് പഞ്ചായത്ത് ഉടനീളം പ്രചരണം നൽകുകയും ഗവ: ഹോമിയോ ക്ലിനിക്ക് തുടങ്ങുകയും വേണം.

19 സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഗവ: അവർക്കു നൽകുന്ന ആനുകൂല്യങ്ങളും പ്രയോജനപ്പെടുത്തുന്നതിനും പൊടി മില്ലുകൾ, പ്രസ്സ്, ഡയറി ഫാം. കോൾഡ് സ്റ്റോറേജ്, പലഹാര നിർമ്മാണം, കുട നിർമ്മാണം എന്നിവയ്ക്ക് കെട്ടിടങ്ങളും നിർമ്മിച്ചുകൊടുക്കുക, മഹിളാ സമാജങ്ങളെ ശക്തമാക്കുക.

20 എല്ലാ വാർഡിലും വനിതാ അസോസിയേഷനുകളും രൂപീകരിച്ച് പൊതുകാര്യങ്ങളിൽ പങ്കെടുക്കുന്നതിന് സ്ത്രീകൾക്ക് പരിശീലനം നൽകുക.

അനുബന്ധം -

പ്രായപൂർത്തിയായ ആൺമക്കളുള്ളതിന്റെ പേരിൽ മാത്രം വിധവാ പെൻഷൻ നിഷേധിക്കരുത്.

വിധവകളുടെ മക്കൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം നൽകണം.

വനിതാ സഹകരണസംഘം രൂപീകരിച്ച് തയ്യൽ പരിശീലനം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം തുടങ്ങിയവ ആരംഭിക്കുക.

സഹകരണമേഖല

1951 ലാണ് സഹകരണ പ്രസ്ഥാനം തീക്കോയിൽ ആരംഭിക്കുന്നത്. ഇവിടത്തെ കർഷകർക്ക് കൃഷിക്കായി വനഭൂമി ഗവണ്മെന്റിൽ നിന്നും ലഭിക്കുന്നതിനുവേണ്ടിയാണ് സംഘത്തിനു രൂപം കൊടുത്തത്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങളും എല്ലാം സംഘടിപ്പിച്ചത്. പുളിക്കക്കുന്നേൽ കൊച്ച് എന്നു വിളിക്കപ്പെടുന്ന ശ്രീ എം. വി. വർക്കി മഴുവഞ്ചേരിയാണ്. ആദ്യകമ്മറ്റിയുടെ പ്രസിഡൻറ് ശ്രീ പി. ജെ. ജോസഫ് പുറപ്പന്താനം ആയിരുന്നു. സംഘം രൂപീകരിച്ചു കഴിഞ്ഞ് ആദ്യപൊതുയോഗം കൂടി. തെരഞ്ഞെടുപ്പ് നടത്തിയപ്പോൾ പ്രസിഡൻറ് ഒഴികെ സംഘാടക സെക്രട്ടറിയായ എം. വി. വക്കി ഉൾപ്പെടെ എല്ലാ കമ്മറ്റിക്കാരും പരാജയപ്പെട്ടു. ഇതിൽ മനംനൊന്ത സെക്രട്ടറി വർക്കിയും മറ്റും തങ്ങൾ ചേർന്ന കുറെ അംഗങ്ങളെക്കൊണ്ട് ഓഹരി തിരികെ വാങ്ങിപ്പിക്കുകയും ചെയ്തു. പിന്നീട് 4 വർഷക്കാലത്തേയ്ക്ക് കാര്യമായ പ്രവർത്തനങ്ങളൊന്നും നടന്നില്ല. 1955–ൽ സംഘത്തിന്റെ ബൈലെ ഭേദഗതി ചെയ്ത് ഒരു സഹകരണ ബാങ്ക് ആക്കി മാറ്റി.

ഇപ്പോൾ തീക്കോയി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സഹകരണ സംഘങ്ങൾ ഇവയാണ്.

		പ്രവർത്തനമാരംഭിച്ച വർഷം	അംഗസംഖ്യ	ജീവനക്കാർ
1	തീക്കോയി സർവ്വീസ് സഹകരണ ബാങ്ക് ക്യുപ്തം നം. 3143	1951	5212 ഷെയർ ക്യാപ്പിറൽ 1535975	12
2	തീക്കോയി കോ–ഓപ്പറേറ്റീവ് റബ്ബർ ഫാക്ടറി LTD No. K. 143 തീക്കോയി	1966	634 വ്യക്തികളും 56 സംഘങ്ങളും ഷെയർ ക്യാപ്പിറൽ 1416080	5
3	തീക്കോയി ക്ഷീരോല്പാദക സഹകരണസംഘം ക്യുപ്തം No. K 54 (D) തീക്കോയി പി. ഒ.	1979	399 ഷെയർ ക്യാപ്പിറൽ 6530	2

തീക്കോയി ബാങ്കിന്റെ പ്രവർത്തന പരിധി തീക്കോയി പഞ്ചായത്തും തലനാട് പഞ്ചായത്തിന്റെ ചില ഭാഗങ്ങളുമാണ്. പി. എം. ജോസഫ് പുളിക്കലിന്റെ നേതൃത്വത്തിൽ ബാങ്കിന്റെ പ്രവർത്തനം പുരോഗമിച്ചു. എന്നാൽ പാലാ സെൻട്രൽ ബാങ്ക്, ഓറിയൻറ് സെൻട്രൽബാങ്ക്, തുടങ്ങി ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചിരുന്ന പ്രധാനപ്പെട്ട ബാങ്കുകളുടെ തകർച്ച ബാങ്കിംഗ് പ്രവർത്തനത്തിൽ ജനങ്ങളുടെ വിശ്വാസം ക്ഷയിപ്പിച്ചു. എല്ലാ സ്ഥലത്തുമുള്ള നിക്ഷേപകർ തങ്ങളുടെ നിക്ഷേപങ്ങളും ബാങ്കുകളിൽനിന്നും പിൻവലിക്കുന്ന ഒരു കാലഘട്ടമായി അതുമാറി. ബാങ്ക് പ്രസിഡൻറ് ശ്രീ പി. എം. ജോസഫിന്റെ നേതൃത്വത്തിൽ ഭരണസമിതി അംഗങ്ങളും

പൊതുജനങ്ങളും അംഗങ്ങളുമായി ബന്ധപ്പെടുകയും അവർക്ക് മേണസമിതിയിലുള്ള വിശ്വാസവും കൊണ്ട് ആ പ്രതിസന്ധിയെ വിജയകരമായി തരണം ചെയ്തു. നാട്ടിൽ ഭക്ഷ്യക്ഷാമവും നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധനയും ഉണ്ടായ 1960 കളിൽ ബാങ്കിന്റെ ആഭിമുഖ്യത്തിൽ 3 റേഷൻ കടകളും വിജയകരമായ രീതിയിൽ ഒരു കൺസ്യൂമർ സ്റ്റോറും നടത്തി വിലക്കയറ്റത്തെ ഒരു പരിധിവരെ തടഞ്ഞുനിർത്തുന്നതിന് സാധിച്ചു. റേഷൻ കടകളും നിറുത്തിയെങ്കിലും കൺസ്യൂമർ സ്റ്റോറും വളം ഡിപ്പോയും നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. ബാങ്കിന്റെ ഒരു ശാഖ കിഴക്കൻ മേഖലയായ വെള്ളികുളത്തും പ്രവർത്തിക്കുന്നു. അംഗങ്ങളുടെയും മറ്റുള്ളവരുടെയും സമ്പാദ്യം സ്വരൂപിക്കുന്നതിനായി വിവിധയിനം നിക്ഷേപപദ്ധതികളും നടപ്പിലാക്കിയിട്ടുള്ളതിനുപുറമേ പ്രതിമാസ ലേലച്ചിട്ടികളും നടത്തിവരുന്നു. ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ബാങ്ക് കഴിഞ്ഞ ഏതാനും വർഷങ്ങളായി നഷ്ടത്തിലാണ് പോകുന്നത്. വർദ്ധിച്ച പ്രവർത്തന ചെലവുകളും ജോലിക്കാരുടെ ശമ്പളവർദ്ധനയും നേരിടാനുള്ള വരുമാനം ഇപ്പോഴത്തെ പ്രവർത്തനങ്ങളിൽനിന്നുണ്ടാകുന്നില്ല. ഇപ്പോൾ പ്രതിമാസം കാൽലക്ഷം രൂപാ പ്രവർത്തനച്ചിലവായും മുക്കാൽലക്ഷം രൂപാ ശമ്പളച്ചിലവായും വേണ്ടി വരുന്നു. ബാങ്കിന്റെ അംഗീകൃത മൂലധനം 25,05,000 രൂപയാണ്. അംഗങ്ങൾക്ക് ഓഹരിത്തുകയുടെ 20 ഇരട്ടി നിരക്കിൽ പരമാവധി 50,000 രൂപാ വരെ വായ്പ കൊടുക്കുന്നു. ബാങ്കിൽ സ്ഥിരനിക്ഷേപമായി 1,72,77,800 രൂപ സ്ഥിരനിക്ഷേപവും, 2,78,900 രൂപ ഹ്രസ്വകാല നിക്ഷേപവും നിലവിലുണ്ട്. കാർഷികേതര വായ്പ 93,88,000 ഉം ST ലോൺ 20,20,459 ഉം സ്വർണ്ണപ്പണയം 23,95,000 ഉം, IRDP വായ്പകളും 1,15,000 രൂപയുമാണ്.

ഫാക്ടറി ഉടമകളുടെ ചൂഷണത്തിൽ എന്നും വിധേയരായിരുന്ന ചെറുകിട തേയില കർഷകർക്ക് തങ്ങളുടെ തേയിലകൊളുന്തിന് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി സഹകരണ മേഖലയിൽ കേരളത്തിൽ ആദ്യമായി സ്ഥാപിച്ച സംഘമാണ് തീക്കോയി കോ ഓപ്പറേറ്റീവ് ടീ ഫാക്ടറി No. K. 143-1960ൽ രജിസ്റ്റർ ചെയ്ത റ്റീ ബോർഡിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സഹകരണത്തോടെ സ്ഥാപിച്ച ഈ ഫാക്ടറി 1966 ലാണ് പ്രവർത്തനം ആരംഭിച്ചത്. ശ്രീ പി.എം. ജോസഫ് പുളിക്കൽ ആയിരുന്ന ഈ സ്ഥാപനത്തിന്റെ ആദ്യത്തെ ചെയർമാൻ. സഹകരണഫാക്ടറിയുടെ രൂപീകരണത്തോടെ കൊളുന്തുവില വർദ്ധിക്കുകയും കർഷകർക്ക് വിലകൂടുതൽ ലഭിക്കുകയും ചെയ്തു. കോട്ടയംജില്ലയും ഇടുക്കിജില്ലയുടെ ഏതാനുംപ്രദേശങ്ങളും ഫാക്ടറിയുടെപ്രവർത്തനപരിധിയിൽ വരുന്നു. ആദ്യവർഷങ്ങളിൽ ലാഭകരമായി പ്രവർത്തിച്ചിരുന്ന ഫാക്ടറി കുറെ കാലങ്ങളായി നഷ്ടത്തിലാണ്പ്രവർത്തിക്കുക. സംസ്ഥാന ഗവ.ൽ നിന്നുംഓഹരി മൂലധനമായും ജില്ലാ സഹകരണബാങ്ക് NCDC എന്നിവിടങ്ങളിൽ നിന്ന് പ്രവർത്തനം മൂലധനമായും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഫാക്ടറിയുടെ പ്രവർത്തനം നഷ്ടത്തിലായതോടെ വാങ്ങിയിട്ടുള്ള കടങ്ങളുടെ തിരിച്ചടവ് കൃത്യമായി നടക്കുന്നില്ല.

റബർ കൃഷിയിലേയ്ക്ക് ആളുകൾ മാറിയതോടെ തേയില കൃഷി കുറയുകയും ഫാക്ടറിയുടെ പ്രവർത്തനത്തിന് ആവശ്യമായ തേയില കൊളുന്ത് സമീപ പ്രദേശങ്ങളിൽ നിന്നും ലഭിക്കാതായി. അതിനാൽ വിദൂര സ്ഥലങ്ങളിൽ നിന്നും കൊളുന്തുവാങ്ങി വാഹനങ്ങളിൽ ഇവിടെ എത്തിക്കേണ്ടി വരുന്നു. ഇത് പലവിധ ഭാരിച്ച ചിലവുകൾക്കും ഇടവരുത്തുന്നതിനു പുറമേ കൊളുന്തിന്റെ ഗുണമേന്മയും കുറയുന്നു. ഫാക്ടറിയുടെ പ്രവർത്തനത്തിനാവശ്യമായ കൊളുന്ത് സമീപപ്രദേശങ്ങളിലുണ്ടാവുന്നില്ലെങ്കിൽ ലാഭകരമായി പ്രവർത്തിക്കാൻ ബുദ്ധിമുട്ടുണ്ടാവും. പക്ഷേ സമുദ്രനിരപ്പിൽ നിന്നും 1500 അടിയിൽ കൂടുതൽ ഉയരമുള്ള പ്രദേശങ്ങളിൽ നിന്നാണ് നല്ല കൊളുന്ത് ലഭിക്കുക. ഫാക്ടറിയുടേതായി ഹൈറേഞ്ചിൽ നല്ല മേൽനോട്ടത്തിൽ കൃഷി ചെയ്താൽ ഉയർന്ന ഗ്രേഡിലുള്ള പൊടി ഉല്പാദിപ്പിക്കുവാൻ കഴിയും. സ്വകാര്യ ഫാക്ടറികളെപ്പോലെ നികുതി വെട്ടിപ്പുകൾ നടത്താൻ കഴിയാത്തതും നഷ്ടത്തിൽ ഒരു കാരണമാണ്. ഗവ. ൽ നിന്നും 11,50,000 രൂപയുടെ ഓഹരി ഉൾപ്പെടെ 14,16,080 രൂപയാണ് ഓഹരി മൂലധനം. വ്യക്തിയംഗങ്ങൾ തിരഞ്ഞെടുക്കുന്ന 5 പേരും പ്രാഥമിക സംഘങ്ങളുടെ പ്രതിനിധികളും തെരഞ്ഞെടുക്കുന്ന ഒരാളും ഡിപ്പാർട്ടുമെന്റ് നിയമിക്കുന്ന മാനേജിംഗ് ഡയറക്ടറും ഉൾപ്പെടുന്ന 7 പേർ ഉൾപ്പെട്ടതാണ് ഭരണസമിതി.

ടി ഫാക്ടറിയുടെ അംഗീകൃത മൂലധനം 30 ലക്ഷം രൂപയും ഓഹരിവില 50 രൂപയുമാണ്. 1,75,519 രൂപ ജീവനക്കാർക്ക് ശമ്പളമായി ചിലവാകുന്നു. ഫാക്ടറി ജോലിക്കാരുടെ വേതനം പുറമേയും. ഈ ഫാക്ടറിയുടെ ആരംഭകാലത്ത് സമീപപ്രദേശങ്ങളിൽ 30 ടീ ഫാക്ടറികളും ഉണ്ടായിരുന്നത് എല്ലാം പ്രവർത്തനം നിലച്ചുപോയിട്ട് നാളുകളായി. തേയില വ്യവസായം ലാഭകരമല്ല എന്നതിനു തെളിവാണിത്.

മറ്റൊരു സഹകരണസംഘം തീക്കോയി ക്ഷീരോല്പാദക സഹകരസംഘം ക്ലിപ്തം No.K.54 (D) എന്നതാണ്. 1978 ൽ രജിസ്റ്റർ ചെയ്ത് 1979 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ പ്രവർത്തന പരിധി തീക്കോയി പഞ്ചായത്തിലെ രണ്ടു വാർഡുകളും തലനാട് പഞ്ചായത്തിലെ ഒരു വാർഡുമാണ്. ഈ സംഘത്തിൽ 399 അംഗങ്ങളും 6530 രൂപ ഓഹരി മൂലധനവും ഉണ്ട്. 8,96,639 രൂപ വിറ്റുവരവും ഉണ്ട്. ഇവിടെ രണ്ടു ജീവനക്കാരാണുള്ളത്, ശമ്പളച്ചിലവ് 56,847 രൂപയും സ്വന്തമായി ആഫീസുകെട്ടിടവും, പാൽസംഭരണത്തിനുള്ള ഒരു കെട്ടിടവും ഉണ്ട്. അംഗങ്ങളിൽ നിന്നും അല്ലാത്തവരിൽ നിന്നും ലഭിക്കുന്ന പാൽവിറ്റഴിക്കുകയും, അംഗങ്ങൾക്ക് കാലിവളർത്തലിനാവശ്യമായ കാലിത്തീറ്റ സൗജന്യനിരക്കിൽ ലഭ്യമാക്കുകയും, ഡിപ്പാർട്ടുമെന്റിൽ നിന്നും കാലിവളർത്തൽ കൃഷിക്കാരായ സംഘാംഗങ്ങൾക്കു നൽകുന്ന ആനുകൂല്യങ്ങൾ അവർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുന്നു. സംഘാംഗങ്ങളുടെ പാൽമുഴുവനുംതന്നെ എല്ലാ സീസണിലും വിറ്റഴിക്കാൻ അവരെ സഹായിക്കുന്നു. ഈ സംഘവും ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

തീക്കോയി പഞ്ചായത്തിന്റെ പ്രവർത്തന പരിധികളിലുള്ള തീക്കോയി സെൻറ് മേരീസ് ഹൈസ്കൂളിലും, വെള്ളികുളം സെൻറ് ആൻറണീസ് ഹൈസ്കൂളിലും സ്കൂൾ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. സ്കൂൾകെട്ടിടങ്ങൾക്കാവശ്യമായ പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും ഈ സംഘം വഴി വിതരണം ചെയ്യുന്നു ഇവയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തേണ്ടതുണ്ട്.

മീനച്ചിൽ ഈസ്റ്റ് ബാങ്ക്, പാലാ കാർഷിക വികസന ബാങ്ക്, പാലാ മാർക്കറ്റിംഗ് സൊസൈറ്റി എന്നിവയുടെ പ്രവർത്തന മേഖലയിൽപ്പെട്ടതാണ് തീക്കോയി പഞ്ചായത്ത്. ഈ പഞ്ചായത്തിലും തൊട്ടടുത്തുമായി രണ്ടു ദേശസാൽകൃത ബാങ്കുകളും പ്രവർത്തിക്കുന്നത് സഹകരണ ബാങ്കിന്റെ ഡെപ്പോസിറ്റിനെ ബാധിക്കുന്നുണ്ട്.

സഹകരണ പ്രസ്ഥാനമല്ലെങ്കിലും ചാരിറ്റി സൊസൈറ്റീസ് അനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട് റബർ കർഷകരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും കുറഞ്ഞ വിലയ്ക്ക് കാർഷികോപാധികളും വിതരണം ചെയ്യുകയും ചെയ്യുന്ന 5 റബർ ഉല്പാദകസംഘങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

സാദ്ധ്യതകൾ

സർവ്വീസ് സഹകരണബാങ്ക്

ബാങ്കിൽ ലഭിക്കുന്ന നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം തരളധനമായി ബാങ്കിൽ സൂക്ഷിച്ചിരിക്കണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്ത് തരളധനം കുറയ്ക്കുകയും ആവശ്യം നേരിടുന്ന സന്ദർഭങ്ങളിൽ ജില്ലാ ബാങ്കിൽ നിന്ന് പണം ലഭിക്കുന്നതിനു വ്യവസ്ഥ ഉണ്ടാക്കുകയും ചെയ്യുക.

ബാങ്കിന്റെ മിച്ചമുള്ള ധനം നിക്ഷേപിക്കേണ്ട ജില്ലാ ബാങ്കിൽ അതിനു നൽകുന്ന കുറഞ്ഞ പലിശനിരക്ക് വർദ്ധിപ്പിക്കുക. ജില്ലാ ബാങ്കുവഴി വിതരണം ചെയ്യുന്ന കാർഷിക വായ്പകൾക്ക് ബാങ്കിനു നൽകുന്ന മാർജിൻ വർദ്ധിപ്പിക്കുക.

സഹകര ബാങ്ക് നടത്തുന്ന ചിട്ടിയുടെ രജിസ്ട്രേഷൻ പരിശോധന ആഡിറ്റ് എന്നിവ ഡിപ്പാർട്ടുമെന്റു വഴി മാത്രമാക്കുക. അവയ്ക്കുള്ള ഫീസ് ഒഴിവാക്കുക.

പഞ്ചായത്തിന്റെ ഡെപ്പോസിറ്റും, പഞ്ചായത്തു കടമെടുക്കലും സഹകരണ ബാങ്കുവഴി നടത്തത്തക്കവിധം സഹകരണബാങ്കിനെ പഞ്ചായത്തു ബാങ്കായി പ്രഖ്യാപിക്കുക. അംഗങ്ങളെ

കൂട്ടതലായി സഹകരിപ്പിച്ചും, അവരിൽ വിശ്വാസം ജനിപ്പിച്ചും പ്രവർത്തനങ്ങളിൽ ജീവനക്കാരും സഹകാരികളും ഒത്തൊരുമയോടെ നീങ്ങുകയും ഉപഭോക്താക്കളുടെ ആവശ്യങ്ങളും തൃപ്തിപ്പെടുത്തും വിധമുള്ള മേഖലകളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്താൽ സംഘം നേരിടുന്ന പ്രതിസന്ധി മറികടക്കാവുന്നതേയുള്ളു.

ടീ-ഫാക്ടറി

തേയില ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന തേയിലപ്പൊടിയിൽ നല്ല ഭാഗവും കൊച്ചിയിൽ അയച്ച് ലേലം ചെയ്ത് വിൽപന നടത്തുകയാണ്. എന്നാൽ ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ന്യായമായ വിലനൽകി എടുക്കുന്നതിന് വ്യവസ്ഥയുണ്ടാക്കുക

കുറഞ്ഞ പലിശനിരക്കിൽ പ്രവർത്തന മൂലധനം ലഭ്യമാക്കുക. ഡിപ്പാർട്ടുമെൻറ് വെയ്ക്കുന്ന ഉദ്യോഗസ്ഥന്റെ ശമ്പളം ഗവൺമെൻറ് നൽകുക. നികുതി ഇളവ് അനുവദിക്കുക.

ഫാക്ടറിയുടെ പ്രവർത്തനങ്ങളിൽ വേണ്ട പരിശോധനകൾ ഉണ്ടാവുക. തേയില ഇടവിളയായി കൃഷി ചെയ്യുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുക.

ക്ഷീരോൽപ്പാദകസംഘം

പാൽവില വർദ്ധിപ്പിക്കുകയും, കുറഞ്ഞനിരക്കിൽ കാലിത്തീറ്റ നൽകുകയും ചെയ്യുക. പുൽകൃഷിക്കുള്ള സൗജന്യങ്ങൾ വർദ്ധിപ്പിക്കുകയും, കറവമാടുകളെ വാങ്ങാൻ പലിശയില്ലാതെ പണം നൽകുകയും ചെയ്യുക. ബീജസങ്കലനം സൗജന്യമാക്കുക, വെള്ളിക്കുളത്ത് ഒരു ICDA സെൻറർ തുടങ്ങുക. തീക്കോയി വെറ്റിനറി ആശുപത്രി വികസിപ്പിക്കുക. ഒരു ഡോക്ടറെക്കൂടി നിയമിക്കുക.



പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

തീക്കോയി പഞ്ചായത്തിലെ 6 ശതമാനത്തോളം വരുന്ന അടിസ്ഥാനവർഗ്ഗങ്ങളായ പട്ടികജാതി പട്ടികവർഗ്ഗ ജനങ്ങളാണ് 753 പേർ ആണ്. ഇതിൽ പട്ടികജാതിയിൽപ്പെട്ട 362 ആളുകളും, പട്ടികവർഗ്ഗത്തിൽപ്പെട്ട 391 ആളുകളുമുണ്ട്. സാമൂഹികമായും സാംസ്കാരികമായും ഈ പ്രദേശത്തു നിറഞ്ഞുനിന്നിരുന്ന ജനത കാലഘട്ടത്തിന്റെ ഒഴുക്കിനെത്തുടർന്ന് പിൻതള്ളപ്പെട്ടുപോയി. ഈ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശമായ വെള്ളികുളത്തിന് ആ പേര് വന്നത് ആദിമ നിവാസികളായ ഉള്ളാടർ, മലയരയർ തുടങ്ങിയ ജനവിഭാഗം ബലിനൽകുന്നതിനായി ഒരു കുളം നിർമ്മിച്ചു. ആ ബലിക്കുളമാണ് കാലാന്തരത്തിൽ വെള്ളികുളമായി മാറിയത്. ആ കുളം ഇപ്പോഴും ഉണ്ടെങ്കിലും അത് മറ്റ് ആളുകളുടെ കൈവശമാണ്. ഈ വിഭാഗത്തിന്റെ സാംസ്കാരിക പ്രതീകമായി രണ്ടാം വാർഡിലെ മലമേൽ ഒരു ക്ഷേത്രം ഇപ്പോഴുമുണ്ട്. 8-ാം വാർഡിൽ പ്രശസ്തമായ രീതിയിൽ ഒരു ട്രൈബൽ സ്കൂൾ പ്രവർത്തിച്ചിരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറെ ആളുകൾ ദരിദ്ര ചെറുകിടകർഷകരാണ് പട്ടികജാതിയിൽപ്പെട്ട മുഴുവനാളുകളും തന്നെ കർഷകതൊഴിലാളികളാണ്.

വിദ്യാഭ്യാസപരമായും സാമൂഹ്യമായും സാമ്പത്തികമായും പിൻതള്ളപ്പെട്ടുപോയ ജനവിഭാഗങ്ങളുടെ പുരോഗതിയ്ക്കുവേണ്ടി പല പദ്ധതികളും ഗവൺമെന്റ് നടപ്പാക്കിയെങ്കിലും ഉദ്യോഗസ്ഥന്മാരുടെയും ഇടത്തട്ടുകാരുടെയും ചൂഷണം കാരണം 90% പദ്ധതികളും ഈവിഭാഗത്തിന് പ്രയോജനം ലഭിക്കാതെ പോയി.

ഗുണനിലവാരമില്ലാത്ത തൊഴിലുപകരണങ്ങൾ, കർഷിക ഉപകരണങ്ങൾ എന്നിവ നൽകിയും വ്യാജ ജാതിസർട്ടിഫിക്കറ്റിലൂടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളും, ഉദ്യോഗങ്ങൾ മറ്റ് ആനുകൂല്യങ്ങൾ എന്നിവയും വാങ്ങിയെടുത്ത് ചൂഷണം തുടരുന്നു. സാമൂഹ്യ സാംസ്കാരിക വേദികളിൽ അവസരം ലഭിക്കാതിരുന്നതിനാലും കാർഷിക മേഖലയിൽ കൃഷിഭൂമി ഇല്ലാത്തതിനാലും, ഗവൺമെന്റിന്റെ പരിപാടികളെപ്പറ്റിയുള്ള അജ്ഞതമൂലവും ഈ വിഭാഗത്തിനു ലഭിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടുപോകുന്നു. ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഉയർത്താതിരിക്കുക, സഹകരണപ്രസ്ഥാനങ്ങളിൽ വ്യക്തമായ പങ്കാളിത്തം ലഭിക്കാതിരിക്കുക, സാങ്കേതിക പരിശീലന രംഗത്തും സ്വയംതൊഴിൽ മേഖലകളിലും പരിശീലനംലഭിക്കാതിരിക്കുക, വ്യവസായം കച്ചവടം എന്നീരംഗങ്ങളിൽപങ്കാളിത്തം ഇല്ലാതിരിക്കുക, അപ്രഖ്യാപിത ഉച്ചനീചത്വം, സാമൂഹ്യവും മാനസികവുമായ അടിമത്വം, അവഹേളിക്കൽ തുടങ്ങിയ പീഡനങ്ങൾക്ക് വിധേയരായ ജനവിഭാഗങ്ങളാണ് ഇവിടുത്തെ പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെട്ടവർ. ഇന്നും ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന നിരവധി കുടുംബങ്ങളുടെ പുരോഗതിക്കായി 19-ാം പദ്ധതിയിൽ വിപുലമായ പ്രവർത്തനങ്ങൾ ആവശ്യമാണ്.

വിദ്യാഭ്യാസം

ഭൂരിപക്ഷം ആളുകളും സാക്ഷരരാണെങ്കിലും നിരക്ഷരരുടെ എണ്ണം കുറവല്ല. S.S.L.C. യോ ഉപരിവിദ്യാഭ്യാസമോ നേടിയിട്ടുള്ളവരുടെ എണ്ണം അംഗുലീപരിമിതമാണ്. കുടുംബനാഥന്മാരുടെ അജ്ഞതയും ജീവിത പ്രാരാബ്ദങ്ങളും പഠനം ഇടയ്ക്കുവച്ചു നിർത്താൻ ഈ വിഭാഗങ്ങളെ പ്രേരിപ്പിക്കുന്നു. പഞ്ചായത്തിന്റെ മലയോര മേഖലകളായ വഴിക്കടവ്, കട്ടുപ്പാറ, മലമേൽ, മുപ്പത്തേക്കർ മുതലായ

പ്രദേശങ്ങളിലെ യാത്രാസൗകര്യത്തിന്റെ അപര്യാപ്തതയും വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നു.

പ്രതികൂല സാഹചര്യങ്ങളും നിലനിൽക്കുമ്പോഴും പരീക്ഷയിൽ ഉന്നതവിജയം നേടുന്ന കുട്ടികളുമുണ്ട്. ഈവിഭാഗത്തിന്റെവിദ്യാഭ്യാസപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും പഠനം നിർത്തിയ കുട്ടികളെ കണ്ടെത്തി അവർക്ക് വീണ്ടും പഠിയ്ക്കുവാനുള്ള ഭൗതികസാഹചര്യം സൃഷ്ടിക്കേണ്ടതാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് സൗജന്യമായി ട്യൂഷനും, പഠനോപകരണങ്ങളും നൽകുകയും മാതാപിതാക്കൾക്ക് സാക്ഷരതയും ബോധവൽക്കരണവും നൽകുകയും വേണം. ഉന്നത വിദ്യാഭ്യാസത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനും വേണ്ട ഉപദേശ നിർദ്ദേശ സഹായങ്ങൾ ചെയ്യുന്നതിന് ഒരുസമിതി ഉണ്ടാകണം. തീക്കോയി പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 10 ക്ലാസ്സുകളിലുംകൂടി 166 വിദ്യാർത്ഥികൾ പഠിക്കുന്നു. ഈ പഞ്ചായത്തിലെ കുറെ കുട്ടികൾ തൊട്ടടുത്ത പഞ്ചായത്തിലെ സ്കൂളുകളിലും യാത്രാസൗകര്യത്തിന്റെഅഭാവത്താൽ മറ്റുസ്ഥലങ്ങളിലും പോയി പഠിക്കുന്നുണ്ട്. കോളേജുകളിലും സാങ്കേതിക സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികളുണ്ടെങ്കിലും അവരുടെ കണക്ക് ലഭ്യമല്ല.

തൊഴിൽ

കാർഷിക പ്രധാനമായ ഈപഞ്ചായത്തിലെ പട്ടികവർഗ്ഗക്കാരിൽ കുറച്ചു പേർ ചെറുകിടകർഷകരും ദരിദ്ര കർഷകരുമാണ്. പട്ടികജാതിക്കാർമുഴുവൻതന്നെ കർഷകതൊഴിലാളികളാണ് ഭൂരിപക്ഷത്തിനും റബർവെട്ടാണ് തൊഴിൽ. കുറച്ചു പേർ പരമ്പരാഗത തൊഴിലായ തെങ്ങുകയറ്റത്തിനു പോകുന്നു.

വ്യവസായ മേഖലയായ തീക്കോയി എസ്റ്റേറ്റിൽ താമസിക്കുന്ന 15 ഓളം കുടുംബങ്ങൾ ആ മേഖലയിൽ ജോലിചെയ്യുന്നു. പഞ്ചായത്തിലെ കിഴക്കൻ മേഖലയായ വഴിക്കടവ്, മലമേൽ, വെള്ളികുളം തുടങ്ങിയ പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ കുറച്ചുപേർ ഈറ്റവെട്ട് തൊഴിലാക്കിയവരാണ്. ഈ മേഖലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചാൽ ഈറ്റകൊണ്ടുള്ള ഉൽപ്പന്നങ്ങൾഉണ്ടാക്കി വിപണനംനടത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്. പുരുഷന്മാരെപ്പോലെതന്നെ ഭൂരിപക്ഷം സ്ത്രീകളും കാർഷിക മേഖലയിൽ ജോലിചെയ്യുന്ന കർഷക തൊഴിലാളികളാണ്. ചുരുക്കം ചില സ്ത്രീകൾ അലക്കുജോലി ചെയ്യുന്നുണ്ട്. കള്ളു ചെത്ത് തൊഴിലാക്കിയവരുണ്ട്. Class III, IV തസ്തികയിൽ സർക്കാർ ജോലിചെയ്യുന്ന 10ൽ താഴെ ആളുകളുണ്ട്. Class I,II തസ്തികയിൽ ജോലിചെയ്യുന്ന ആരുമില്ല. ട്രൈസംട്രെയിനിംഗ് കിട്ടിയ 3 കുട്ടികൾ ഉണ്ടെങ്കിലും സ്വന്തമായി ജോലിചെയ്യുന്ന ആരുമില്ല. ബാങ്കുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും നിർദ്ദേശങ്ങൾ (ജാമ്യം ഉൾപ്പെടെ) പാലിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇത്. ഈ സ്ഥിതിക്ക് മാറ്റം വരുത്തണം. ബാങ്കുകൾ ടി വിഭാഗം ജനങ്ങൾക്ക് ആവശ്യമായ മുഴുവൻ തുകയും പലിശരഹിതമായി സ്വന്തം ജാമ്യത്തിൽ കൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

പാർപ്പിടം

ഭൂരിപക്ഷം പട്ടികജാതി വിഭാഗവും ലക്ഷം വീടുകളും 4 സെന്റ് കോളനിയിലുമാണ് താമസിക്കുന്നത്. 4 സെന്റ് കോളനിയിൽ താമസിക്കുന്നവരുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിച്ചുവരുന്നു. പട്ടികവർഗ്ഗ കോളനിയായി സർക്കാർ പ്രഖ്യാപിച്ച മലമേൽ, മുപ്പതേക്കർ കോളനികളിലെ വീട് നിർമ്മാണം പുരോഗമിച്ചുവരുന്നു. എന്നാൽഇന്നത്തെ വിലനിലവാരമനുസരിച്ച് സർക്കാർസഹായം അപര്യാപ്തമാണ്. അതിനാൽ വീടിന്റെ നിർമ്മാണം പലർക്കും പൂർത്തിയാക്കാൻ കഴിയുന്നില്ല. ഇതിന് ഇന്നത്തെ വിലനിലവാരമനുസരിച്ച് സഹായങ്ങൾ വർദ്ധിപ്പിക്കണം. ചിതറിതാമസിക്കുന്ന പട്ടികജാതിക്കാർക്ക് സർക്കാർസഹായത്തോടെ വീട് വയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പലവീടുകളും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഇവ പൂർത്തീകരിക്കുതിനാവശ്യമായ സാമ്പത്തിക സഹായവും ഉണ്ടാക്കണം.

വീടില്ലാത്തവർ

	I	II	III	IV	V	VI	VII	VIII	Total
S. C.	2	1	1	3	—	1	1	1	10
S. T.	1	6	1	8	—	—	—	—	16

കക്കൂസില്ലാത്തവർ

S. C.	2	—	1	—	1	5	4	3	16
S. T.	6	12	2	3	—	—	—	—	23

4_ാം വാർഡിലെ ആറുപുറംപോക്കിൽ താമസിക്കുന്നവർക്ക് പട്ടയമില്ലാത്തതിനാൽ വീടിന് സർക്കാർ സഹായം ലഭിക്കുന്നില്ല. ഇതു പരിഗണിച്ച് കുത്തക പാട്ടവ്യവസ്ഥയിൽ ഇവർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം ഉണ്ടാവണം.

പട്ടികവർഗ്ഗ കോളനികൾ

മുപ്പത്തേക്കർ
മലമേൽ
പട്ടികജാതി കോളനികളും ഇല്ല.
വെള്ളികുളം പട്ടികജാതികോളനിയായി പ്രഖ്യാപിക്കണം.
കട്ടുപ്പാറ പട്ടികജാതി കോളനിയായി പ്രഖ്യാപിക്കണം.

പ്രശ്നങ്ങൾ-സാദ്ധ്യതകൾ

1 ലക്ഷം വീട് കോളനികളിലും 4 സെൻറ് കോളനിയിലും പൊതുശ്മശാനം വേണം.

2 പട്ടികവിഭാഗങ്ങൾക്ക് ഇന്നത്തെ നിലവാരമനുസരിച്ചുള്ള സാമ്പത്തിക സഹായം വീട് വയ്ക്കുന്നതിന് നൽകേണ്ടതാണ്.

3 ലക്ഷംവീട് കോളനിയിൽ താമസിക്കുന്നവർക്ക് ഒറ്റവീട് ലഭ്യമാക്കുക.

4 ആറുപുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് ഭൂമിപതിച്ചു നൽകി വീട് വയ്ക്കുന്നതിനാവശ്യമായ സാമ്പത്തികസഹായം നൽകുക.

5 പട്ടികജാതിവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇടത്തട്ടുകാരുടെ ഇടപെടൽ കൂടാതെ അവരുടെ കൈകളിലെത്താൻവേണ്ട നടപടികളെടുക്കുക.

6 പട്ടികവിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസമുള്ളവർക്ക് തൊഴിൽ പരിശീലനം കൊടുത്ത് തൊഴിൽ ചെയ്യുന്നതിനുള്ള സാമ്പത്തികസഹായം ലഭ്യമാക്കുക.

7 പട്ടികവിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും കൊഴിഞ്ഞുപോയവരെ സ്കൂളിൽ വീണ്ടും എത്തിക്കുന്നതിനും നടപടികളും സ്വീകരിക്കുക. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ റെയ്യൂഷൻ ഏർപ്പെടുത്തുക. പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങളും നൽകുക.

8 പട്ടികവിഭാഗം ജനങ്ങളുടെ സാമ്പത്തികവും സഹകരണ മനോഭാവവും വളർത്താൻ

പഞ്ചായത്തുതല പട്ടികജാതിവർഗ്ഗ സഹകരണസംഘങ്ങൾ ആരംഭിക്കുക.

9 ടി വിഭാഗത്തിൽപ്പെട്ട അഭ്യസ്ഥവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ ലഭിക്കുന്നതിന് തൊഴിൽപരിശീലനകേന്ദ്രം (ട്രൈസം സെൻറർ) ആരംഭിക്കുക. ഇങ്ങനെ തൊഴിൽ പരിശീലനം ലഭിച്ച പട്ടിക വിഭാഗം ആളുകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ മുഴുവൻ തുകയും ധനകാര്യസ്ഥാപനങ്ങളിൽനിന്നും സ്വന്തം ജാമ്യത്തിൽ വായ്പ പലിശരഹിതമായി ലഭ്യമാക്കുക.

10 പട്ടികവർഗ്ഗക്കാരായ ഉള്ളാടർ സമുദായത്തിന്റെ സാംസ്കാരിക കേന്ദ്രമായ പുരാതന മലമേൽക്ഷേത്രം പുനഃരുദ്ധരിക്കുക.

11 പട്ടികജാതി വർഗ്ഗ വിഭാഗങ്ങൾക്ക് കറൻറ് കണക്ഷൻ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കൺസൻറ് നിയമം എടുത്തുകളയുക.

12 മംഗളഗിരി, മുപ്പതേക്കർ, കട്ടുപ്പാറ റോഡ് മുപ്പതേക്കർ-കട്ടുപ്പാറ പട്ടികവർഗ്ഗ കോളനിയിലൂടെ മാത്രം വെട്ടുകയും നിർദ്ദിഷ്ട റോഡ് എത്രയും പെട്ടന്ന് പൂർത്തിയാക്കി ടാർ ചെയ്യുകയും വേണം.

13 മുഴുവൻ പട്ടികജാതിവർഗ്ഗ കുടുംബങ്ങളും വൈദ്യുതീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

14 ഈറ, പനമ്പ് എന്നിവ ഉപയോഗിച്ച് ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനും അതിന്റെ വിപണനത്തിനും വേണ്ട സൗകര്യം ഉണ്ടാക്കണം.

15 റെഡിമെയ്ഡ് ഗാർമൻറ്സ്, ബലൂൺ, പപ്പട നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

16 പട്ടികവിഭാഗങ്ങൾക്ക് നിലവിലുള്ള ആനുകൂല്യങ്ങളെപ്പറ്റിയും അവരുടെ അവകാശങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിന് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

17 പട്ടികജാതിവർഗ്ഗ കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിനും, യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും മറ്റും വേണ്ട അടിയന്തിരനടപടികൾ സ്വീകരിക്കുക.

18 വെള്ളിക്കുളം 4 സെൻറ് കോളനി പട്ടികജാതി കോളനിയായി പ്രഖ്യാപിച്ച് വേണ്ട നടപടികൾ സ്വീകരിക്കുക.

19 ഗവ: പ്രഖ്യാപിച്ചിരിക്കുന്ന വ്യാവസായിക പദ്ധതികൾ ഈ വിഭാഗത്തിന് ഇതുവരെ കാര്യമായ പുരോഗതി ലഭിച്ചിട്ടില്ല. പഞ്ചായത്തുതലത്തിൽ വ്യാവസായിക പരിശീലനം ആരംഭിക്കുക. വ്യവസായത്തിന് വരുമാനപരിധി എടുത്തുകളയുകയും പലിശ രഹിതമായ വായ്പാ സംവിധാനം ഏർപ്പെടുത്തുക. വ്യവസായം തുടങ്ങാൻ സ്ഥലം. വൈദ്യുതി, വെള്ളം എന്നിവ പഞ്ചായത്തുതലത്തിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക. വ്യവസായം തുടങ്ങുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുക.

20 മാരകരോഗങ്ങൾക്ക് വരുന്ന ചികിൽസാ ചെലവ് സർക്കാർ വഹിക്കുക.

21 കോളനികളിലും ആളുകൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിലും പരിസരശുചീകരണത്തിനായി പദ്ധതികൾ നടപ്പാക്കണം.

22 വനിതാ പഞ്ചായത്ത് സംവരണ സീറ്റിൽ ഒരെണ്ണം പട്ടികജാതി സ്ത്രീക്കായി സംവരണം ചെയ്യുക.

23 പട്ടികജാതി-വർഗ്ഗ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് പരിശീലനവും അതിന് വേണ്ട സ്ഥലവും പലിശ രഹിത വായ്പയും ലഭ്യമാക്കുക.

24 സാംസ്കാരിക രംഗങ്ങളിൽ പിൻതള്ളപ്പെട്ടുപോയ ഈ വിഭാഗത്തെ മറ്റു ജനവിഭാഗങ്ങളുടെ ഒപ്പമെത്തിക്കാൻ സാംസ്കാരിക സമ്മേളനങ്ങൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുക, സാമൂഹ്യ പ്രവർത്തനത്തിലും, സാമൂഹ്യ സംഘടനകളിലും പങ്കാളിത്തം ഉറപ്പാക്കുക, സാംസ്കാരികസമിതികളിൽ അംഗങ്ങളാക്കുക.

25 എൻട്രൻസ് പരീക്ഷയിൽ നിന്നും ഈ വിഭാഗത്തെ ഒഴിവാക്കി മാർക്കിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് അഡ്മിഷൻ കൊടുക്കുക.

26 സ്വകാര്യ - പൊതുമേഖലാ സ്ഥാപനങ്ങളിൽ സംവരണം ഉറപ്പാക്കുക.

27 വിദ്യഭ്യാസമുള്ള മുഴുവൻ ആളുകൾക്കും തൊഴിൽ നൽകുക.

28 സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള സംവരണം ഇരട്ടിയാക്കുക.

29 കൃഷിഭൂമി, ഇല്ലാത്ത കോളനികളിലും മറ്റും താമസിക്കുന്ന പട്ടികവിഭാഗങ്ങൾക്ക് കൃഷിഭൂമി ലഭ്യമാക്കുക.

30 കൃഷിക്കായി കുളം, കിണർ കുഴിയ്ക്കുന്നതിന് നിലവിലുള്ള ഭൂപരിധി മാറ്റി 10 സെന്റ് ആയി കുറയ്ക്കുക.

31 മിച്ചഭൂമികണ്ടെത്തി കൃഷിക്കായി നൽകുക.

32 പഞ്ചായത്തു വക ഷോപ്പിംഗ് കോംപ്ലക്സുകൾ മാറുകെട്ടിടങ്ങൾ എന്നിവ വാടകയ്ക്കു നൽകുമ്പോൾ സംവരണ തത്വം കൃത്യമായി പാലിക്കുകയും അവ ലഭിച്ച ആൾ തന്നെയാണ് നടത്തുന്നതെന്ന് ഉറപ്പു വരുത്തുക.

33 കോളനികളിലെ ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് എല്ലാ വീടുകൾക്കും പരിഷ്കൃത അടുപ്പുകൾ (പുകയില്ലാത്ത) സൗജന്യമായി വച്ചുകൊടുക്കുക. കാലിവളർത്തൽ ഉള്ള എല്ലാ പട്ടികവിഭാഗങ്ങൾക്കും ബയോഗ്യാസ് പ്ലാന്റുകൾ സൗജന്യമായി നിർമ്മിച്ചുകൊടുക്കുക.

34 പട്ടികവിഭാഗങ്ങൾക്ക് L.P.G. ഗ്യാസ് കണക്ഷൻ (പെട്രോളിയം ഗ്യാസ്) അടുപ്പുകൾ ലഭ്യമാക്കി ഊർജ്ജ പ്രതിസന്ധി പരിഹരിക്കുക.

35 കട്ടുപ്പാറ, വഴിക്കടവ് എന്നിവ പട്ടികജാതി കോളനിയായി പ്രഖ്യാപിക്കുക.

36 ദാരിദ്ര്യരേഖയ്ക്കുതാഴെ വരുന്ന പട്ടികവിഭാഗം ജനങ്ങളെ സാമ്പത്തികമായും സാമൂഹ്യമായും ഉന്നമനത്തിലെത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

37 I.R.D.P. ലോണെടുത്ത് കടക്കെണിയിൽ കുടുങ്ങിയ പട്ടികവിഭാഗം ജനങ്ങളുടെ കടങ്ങൾ എഴുതി തള്ളുക.

38 മലമേൽ പട്ടികവർഗ്ഗ കോളനിയിൽ അടിയന്തിരമായി ഗതാഗതസൗകര്യം ഏർപ്പെടുത്തുക.

39 പട്ടികവിഭാഗം ജനങ്ങളുടെ സാമ്പത്തിക ഉയർച്ചയ്ക്കുവേണ്ടി ഈ വിഭാഗത്തിന് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആരംഭിക്കുക.

40 പട്ടികജാതിവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനം (ട്രൈസം സെന്റർ) ആരംഭിക്കുന്നതിനും സാമൂഹ്യ സാംസ്കാരിക ഉന്നമനത്തിനും വേണ്ട പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും വേണ്ടി ആസ്ഥാനം ആവശ്യമാണ്. 8-ാം വാർഡിലെ ഞണ്ടുകല്ലിൽ ഉണ്ടായിരുന്ന ട്രൈബൽ സ്കൂൾ വകസ്ഥലം ടി ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ലഭ്യമാക്കുക.

41 പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക രംഗത്തെക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യം കാണുന്നതിനും ഇടത്തട്ടുകാരുടെയും ഉദ്യോഗസ്ഥരുടെയും ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിനും വേണ്ടി പഞ്ചായത്തു തലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സെൽ രൂപീകരിക്കുക. ടി സെല്ലിൽ പഞ്ചായത്ത് പ്രസിഡന്റ് പട്ടികജാതി-വർഗ്ഗ മെമ്പർ, സഹകരണസംഘങ്ങളിലെ പട്ടിക വിഭാഗം പ്രതിനിധികൾ പട്ടികവിഭാഗം സാമുദായിക സംഘടനാ പ്രതിനിധികൾ ടി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ-സാംസ്കാരിക പ്രവർത്തകർ എന്നിവർ ഈ സെല്ലിൽ ഉണ്ടാവണം. ടി വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ വയ്ക്കുന്നതിനും പദ്ധതികൾ ആസൂത്രണംചെയ്യുന്നതിനും ഈ സെല്ലിന് അധികാരം ലഭ്യമാക്കണം. ഈ കമ്മറ്റി ബ്ലോക്ക്, ജില്ലാ, സംസ്ഥാനതലത്തിലും രൂപീകരിക്കുക.

പാർപ്പിടവും സാമൂഹ്യക്ഷേമവും

തീക്കോയി പഞ്ചായത്തിൽ നാല് ലക്ഷം വീട് കോളനികൾ ഉണ്ടെങ്കിലും ഈ നാല് കോളനികളിലും അടിസ്ഥാന സൗകര്യങ്ങൾ തീരെ ഇല്ല. വീട്, കക്കൂസ്, കുടിവെള്ളം എന്നീ അത്യാവശ്യ സൗകര്യങ്ങൾ ഈ കോളനികളിൽ അടിയന്തിരമായി ഏർപ്പെടുത്തേണ്ടതാണ്

അനുബന്ധം-

വെള്ളികുളം 4 സെൻറു കോളനിയിലേയ്ക്ക് നടപ്പാത ഉണ്ടാക്കി കുടിവെള്ളം എത്തിക്കുന്നതിന് കിണർ കുഴിക്കുകയും ചെയ്യുക.

വഴിക്കടവിൽ കല്ലില്ലാകവലയിൽ കുളംകുഴിച്ച് ടാങ്കു നിർമ്മിച്ച് കാരികാട്,വെള്ളികുളം, കട്ടപ്പാറ, എന്നീ പട്ടികജാതി-പട്ടികവർഗ്ഗമേഖലകളിൽ എത്തിക്കുക.

രണ്ടാം വാർഡിലെ ഊരാളി വിഭാഗത്തിന് സംഭാവനയായി കിട്ടിയ ശ്മശാന ഭൂമി ഒഴിപ്പിച്ചെടുത്ത് ഊരാളി വിഭാഗത്തിന് നൽകുക.

പട്ടിക വിഭാഗങ്ങളുടെ വീടുകൾ പുനരുദ്ധീകരിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.

വിഭവസമാഹരണം

കാർഷികമേഖലയ്ക്ക് മുൻതൂക്കമുള്ള തീക്കോയി ഗ്രാമപഞ്ചായത്തിന്റെ ഇതുവരെയുള്ള പുരോഗതി ആശാവഹമാണ്. ലഭ്യമായ പരിമിതങ്ങളായ വിഭവങ്ങൾക്കൊണ്ട് ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ നിറവേറ്റാൻ ഒരു പരിധി വരെ തീക്കോയി ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട് എങ്കിലും പല മേഖലകളിലും ചില പോരായ്മകൾ ദൃശ്യമാണ്. മലകളും താഴ്വാരങ്ങളും ധാരാളമായിട്ടുള്ള ഇവിടെ ഉരുൾ പൊട്ടൽ പോലുള്ള പ്രകൃതി ക്ഷോഭങ്ങൾ അടിയ്ക്കടി ഉണ്ടാകാറുണ്ട്. ഇത്തരം പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ട് റോഡുകളും, കൃഷിയിടങ്ങളും നശിക്കുമ്പോഴും പ്രവർത്തനഫണ്ടിന്റെ അപര്യാപ്തത മൂലം അടിയന്തര സഹായമെത്തിക്കാൻ ഗ്രാമപഞ്ചായത്തിനു കഴിയാതെ വരുന്നു. ഭരണഘടനാപരമായ പരിമിതികൾ മൂലം പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുവാൻ നികുതിഘടനയിലും മറ്റും കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണ്.

പഞ്ചായത്തിന്റെ തനതു ധനാഗമ മാർഗ്ഗങ്ങൾ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, ഘനനം, ലേലം തുടങ്ങിയവയാണ്. കൂടാതെ ഉപാധിരഹിതനീതി എസ്. ഇ. പി., ജെ. ആർ. വൈ. പോലുള്ള ഗ്രാന്റുകൾ, സംഭാവനകൾ എന്നിവയും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുള്ള വിഭവങ്ങളാണ്. ഇതിൽത്തന്നെ പഞ്ചായത്ത് നേരിട്ട് വസൂലാക്കുന്ന തനത് ധനാഗമ മാർഗ്ഗങ്ങളിൽ ഇപ്പോഴത്തെ വസൂലാക്കൽ രീതി മാറ്റി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ അവ പരിഷ്കരിക്കേണ്ടതുണ്ട്.

കെട്ടിടനികുതി

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനമാർഗ്ഗങ്ങളിലൊന്നായ കെട്ടിടനികുതി ഇപ്പോൾ കണക്കാക്കിക്കൊണ്ടിരിക്കുന്നത് ശാസ്ത്രീയമായല്ല. 343 കോൺക്രീറ്റ് വീടുകളും 1664 ഓടിട്ടവീടുകളും 1051 കുടിലുകളുമുള്ള ഈ പഞ്ചായത്തിന് കെട്ടിടനികുതിയിനത്തിൽ 1995-96 സാമ്പത്തിക വർഷത്തിൽ ലഭിച്ചത് ഏകദേശം 100,000 രൂപ മാത്രമാണ്. 40 ഉം 50 ഉം ലക്ഷം രൂപാ മുടക്കി രമ്യഹർമ്മങ്ങൾ വരെ ധാരാളമായിട്ട് ഉയരുന്ന ഈ പഞ്ചായത്തിന് എത്ര ചുരുങ്ങിയാലും ഇപ്പോഴത്തേതിന്റെ ഇരട്ടിയിലധികം രൂപയെങ്കിലും ലഭിക്കേണ്ടതാണ്. ആയതുകൊണ്ട് ഇപ്പോഴത്തെ കെട്ടിടനികുതി, പരിഷ്കരിക്കുന്ന മാനദണ്ഡം മാറ്റി പകരം കൂടുതൽ ശാസ്ത്രീയമായ രീതിയിൽ അത് പണിയാൻ ഉപയോഗിച്ചിരിക്കുന്ന സാധനസാമഗ്രികളുടെ മൂല്യം, ആഡംബരത്വം ഇവ മാനദണ്ഡമായിട്ട് എടുത്ത് ചതുരശ്രമീറ്ററിന് കെട്ടിടനികുതി വസൂലാക്കേണ്ടതാണ്. അതുപോലെതന്നെ വാടകയ്ക്കു കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വാടക മാനദണ്ഡമായിട്ട് എടുത്ത് അവയ്ക്കും നികുതി ഏർപ്പെടുത്തണം.

തൊഴിൽ നികുതി

നിശ്ചിത വരുമാനക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും വരുമാനത്തെ അടിസ്ഥാനമാക്കി 20 രൂപാ മുതൽ 2500 രൂപാവരെ നികുതിയിനത്തിൽ പിരിച്ചെടുക്കാമെന്നിരിക്കെ നമ്മുടെ പഞ്ചായത്തിന് 1995-96 സാമ്പത്തികവർഷത്തിൽ ഈയിനത്തിൽ ലഭിച്ച 91685 രൂപാ വളരെ കുറവാണ്. ഒരു വർഷത്തിൽ ഒരു ദിവസത്തെ ശമ്പളമെങ്കിലും തൊഴിൽ നികുതിയിനത്തിൽ സ്വരൂപിക്കുവാൻ പഞ്ചായത്തിന് കഴിയണം. അതുപോലെതന്നെ 50-100 കിലോ റബർ പ്രതിദിനം ലഭിക്കുന്ന കർഷകരിൽ നിന്നും ഇന്ന് പിരിക്കുന്ന തൊഴിൽ നികുതി 10 രൂപാ മാത്രമാണ്. അവർ അടയ്ക്കുന്ന ഭൂനികുതി ഏക്കറിന് 20 രൂപാ കൂടി കൂട്ടിയാലും ഒരേക്കറുള്ള കർഷകൻ മൊത്തം നൽകുന്ന നികുതി 30 രൂപാ മാത്രമാണ്. ഇതു വളരെ താഴ്ന്ന നികുതി നിരക്കാണ്. അതിനാൽ കർഷികത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ നികുതി നിരക്കും കാലോചിതമായി പരിഷ്ക്കരിക്കേണ്ടതാണ്.

വിനോദ നികുതി

നമ്മുടെ ഗ്രാമപഞ്ചായത്തിനു് വിനോദനികുതിയിനത്തിൽ ഒരു പൈസാപോലും ലഭിക്കുന്നില്ല. ഇവിടെയുള്ള ആളുകൾ വിനോദത്തിനായി സിനിമയും മറ്റും കാണുവാൻ അടുത്ത പഞ്ചായത്തിലാണു് പോകുക. അതു് ഒഴിവാക്കുവാൻ ഒരു സിനിമാതീയേറ്റർ പണിയുവാൻ പഞ്ചായത്തു് മുൻകൈ എടുക്കേണ്ടതുണ്ടു്. അതു് പഞ്ചായത്തിനു് ദിവസേനയുള്ള ഒരു വരുമാനമാർഗ്ഗമാകും. അതുപോലെതന്നെ TV യ്ക്കു് നികുതി ഏർപ്പെടുത്തുന്ന കാര്യവും പരിഗണിക്കാവുന്നതാണു്.

മറ്റു തനതു ധനാഗമ മാർഗ്ഗങ്ങൾ

ലേലം

പഞ്ചായത്തു പുറംപോക്കിലും, മറ്റും നിൽക്കുന്ന തെങ്ങു്, പ്ലാവു്, കശുമാവു്, കവുങ്ങു്, തുടങ്ങിയവയുടെ ആദായം പറിച്ചെടുക്കുവാൻ ലേലം ചെയ്തുകൊടുക്കുന്നതു് പഞ്ചായത്തിന്റെ മറ്റൊരു വരുമാനമാർഗ്ഗമാണു്. ഇങ്ങനെ ലേലം കൊള്ളാൻ ധാരാളം ആളുകളുണ്ടു്. പുറംപോക്കിലും മറ്റും നിൽക്കുന്ന ഇത്തരം മരങ്ങളും അന്യാധീനപ്പെട്ടു പോകാതെയുള്ള സംരക്ഷണം പഞ്ചായത്തിനൊരു വരുമാനമാർഗ്ഗമായിത്തീരുന്നു അതുപോലെതന്നെ പഞ്ചായത്തുവക പുറംപോക്കു ഭൂമിയിൽ സാമൂഹ്യവനവത്ക്കരണത്തിന്റെഭാഗമായി ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ചു് ലേലം ചെയ്തു് വരുമാനമാർഗ്ഗം വർദ്ധിപ്പിക്കാവുന്നതാണു്. അതല്ലെങ്കിൽ അത്തരം ഭൂമികളും വിവിധതരം തന്നാണ്ടു കൃഷികൾക്കായി ലേലം ചെയ്തു നൽകാവുന്നതാണു്.

പഞ്ചായത്തിൽ ഉപാധിരഹിത ഫണ്ടു് ആയി ലഭിക്കുന്ന തുകകൊണ്ടു് റോഡുകളും മറ്റും നിർമ്മിക്കുമ്പോൾ അവിടെനിന്നും ലഭിച്ചേക്കാവുന്ന കരിങ്കല്ലും, മട്ടിക്കല്ലും ലേലം ചെയ്തു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം. നമ്മുടെ പഞ്ചായത്തിൽ ഈ വിധത്തിൽ 6800 രൂപാ കഴിഞ്ഞ സാമ്പത്തികവർഷം ലഭിക്കുകയുണ്ടായിട്ടുണ്ടു്.

പഞ്ചായത്തിനു ലഭിക്കുന്ന മറ്റൊരു വരുമാനം മാർക്കറ്റും മറ്റും ലേലം ചെയ്യുമ്പോൾ ലഭിക്കുന്ന ലേലത്തുകയാണു്. തീക്കോയിലെ മാർക്കറ്റു് അല്പംകൂടി വിപുലപ്പെടുത്തി ഇറച്ചി, മീൻ, പച്ചക്കറികൾ മുതലായ എല്ലാവിധ സാധനങ്ങളും ലഭിക്കുന്ന ഒരു മാർക്കറ്റായി ഉയർത്തേണ്ടതുണ്ടു്. ഇതിനായി പല സ്റ്റാളുകൾ നിർമ്മിക്കുകയും ഓരോ സ്റ്റാളുകളും വേറെ, വേറെ ലേലം ചെയ്തു കൊടുക്കേണ്ടതുമാണു്. കഴിഞ്ഞവർഷം നമ്മുടെ മാർക്കറ്റിനു് 25300 രൂപാ ലേലത്തുകയായി ഇറച്ചിക്കടയ്ക്കു മാത്രം ലഭിച്ചിട്ടുണ്ടു്.

ഖനനം

നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന ആറ്റിൽ നിന്നും മണൽവാരാനുള്ള അവകാശം വർഷാവർഷങ്ങളിൽ ലേലം ചെയ്തു വിൽക്കുകയാണു് പതിവു്. ഇങ്ങനെ മൊത്തത്തിൽ ഒരു വർഷത്തേയ്ക്കു് ലേലം ചെയ്തുകൊടുക്കുന്നതുമൂലം ലേലം കൊള്ളുന്ന സ്വകാര്യവ്യക്തികൾ ലാഭം കൊയ്യാൻ തത്പരീക്ഷയില്ലാതെ കിട്ടാവുന്നടത്തോളം മണൽ വാരിയെടുക്കുന്നു. ഇതു് പാലങ്ങളും, കലുങ്കുകളും തകർക്കുക മാത്രമല്ല പരിസ്ഥിതിക്കുതന്നെ ദോഷകരമായിട്ടുഭവിക്കുന്നു. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഉരുൾപൊട്ടൽ അടിക്കടി ഉണ്ടാകുന്നതുകൊണ്ടു് നമ്മുടെ ആറ്റിൽ ധാരാളം മണൽ വന്നു് അടിയുന്നുണ്ടു്. ഈ മണൽ നേരത്തെ മൊത്തത്തിൽ ലേലം ചെയ്തു് സ്വകാര്യവ്യക്തികൾക്കു് നൽകുന്നതിനുപകരം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ മണൽ വാരുന്ന തൊഴിലാളികളുടെ ഒരു സഹകരണസംഘം രൂപീകരിച്ചു് വാരിയെടുക്കുന്ന മണലിന്റെ അളവനുസരിച്ചു് തുക ഈടാക്കിയാൽ തത്പരീക്ഷയില്ലാതെ മണൽ വാരുന്നതുമൂലം ഉളവാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും ഒഴിവാക്കുവാൻ സാധിക്കും. അതുമൂലം ഇപ്പോൾ ലേലംവഴി പഞ്ചായത്തിനു് ലഭിച്ചുകൊണ്ടിരിക്കുന്നതിനേക്കാളും കൂടിയ തുക നമ്മുടെ പഞ്ചായത്തിനു് ലഭിക്കുകയും ചെയ്യുന്നു.

അതുപോലെതന്നെ തീക്കോയി പഞ്ചായത്തിന്റെ കിഴക്കൻപ്രദേശത്തു് ഗ്രാനൈറ്റു് നിക്ഷേപമടങ്ങിയ പാറക്കൂട്ടങ്ങളും കണ്ടുവരുന്നുണ്ടു്. ഇതു് ചില സ്വകാര്യവ്യക്തികൾ അനധികൃതമായി ഖനനം ചെയ്തു തുടങ്ങിയിട്ടുണ്ടു്. ഈ ഗ്രാനൈറ്റു് നിക്ഷേപത്തെ സംബന്ധിച്ചു് ശാസ്ത്രീയമായ പഠനം നടത്തി പഞ്ചായത്തിന്റെയും, ഗവൺമെന്റിന്റെയും വരുമാനം വർദ്ധിപ്പിക്കുന്ന കാര്യവും പരിശോധിക്കേണ്ടതാണു്.

ഭൂനികുതി

ഇപ്പോഴും വില്ലേജ് വഴി അടച്ചുകൊണ്ടിരിക്കുന്ന ഭൂനികുതി മുഴുവനും പഞ്ചായത്തിൽ പിരിച്ചെടുക്കേണ്ടതാണ്. ഇപ്പോഴും അടച്ചുകൊണ്ടിരിക്കുന്ന ഏക്കറിന് 20 രൂപാ എന്ന നിരക്ക് ഉയർത്തുകയോ, ഭൂമിയിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിന്റെ തോതിൽ ഭൂനികുതി ഈടാക്കുകയോ ചെയ്യാവുന്നതാണ്.

ഷോപ്പിംഗ് കോംപ്ലക്സ്

തീക്കോയി ഗ്രാമപഞ്ചായത്തിന്റെ നാലു വാർഡുകളിലെ സംഗമസ്ഥലമായ പഞ്ചായത്ത് ജംഗ്ഷനിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് വേണമെന്ന ആവശ്യം കഴിഞ്ഞ ഗ്രാമസഭകളിൽ മുഴങ്ങിക്കേട്ട പ്രധാന ഒരാവശ്യമാണ്. കച്ചവടസ്ഥാപനങ്ങളും യാതൊന്നും തന്നെയില്ലാത്ത പഞ്ചായത്തു ജംഗ്ഷനിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുക എന്നത് ആവശ്യമാണ്. ഇതിനായി ഇപ്പോൾ സാംസ്ക്കാരിക നിലയം സ്ഥിതിചെയ്യുന്ന പഞ്ചായത്തുവക സ്ഥലം ഉപയോഗപ്പെടുത്തുകയും ചെയ്യാം. അവിടെ ഒരു ബഹുനിലക്കെട്ടിടം നിർമ്മിച്ചാൽ ജനങ്ങളുടെ അഭിലാഷങ്ങളായ വായനശാല, ലൈബ്രറി, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവയും പഞ്ചായത്തിന് നല്ലൊരു കൗൺസിൽ ഹാളും ഉണ്ടാകും. ഇത് ഇപ്പോഴത്തെ പഞ്ചായത്തിന്റെ സൗകര്യം വർദ്ധിപ്പിക്കും എന്നുമാത്രമല്ല ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് നല്ലൊരു വരുമാനം പഞ്ചായത്തിന് ലഭിക്കുകയും ചെയ്യും. കെട്ടിടനിർമ്മാണത്തിനാവശ്യമായ ഫണ്ട് സെക്യൂരിറ്റിയായി ഷട്ടർ ആവശ്യക്കാരിൽ നിന്നും കുറെ ഈടാക്കുവാൻ സാധിക്കും.

പഞ്ചായത്തിന്റെ മറ്റു വരുമാനമാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടത് വ്യാപാരവ്യവസായ സ്ഥാപനങ്ങളും നൽകുന്ന ലൈസൻസ് ഫീസാണ്. അതുപോലെ തന്നെ പാറമടകളും ക്വാറും നൽകുന്ന ലൈസൻസ് ഫീസ് എന്നിവയാണ്. ഈ ഫീസുകളും വർഷംതോറും പുതുക്കി കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്.

നാഷണൽ സേവിംഗ്സ് സ്കീം

നമ്മുടെ പഞ്ചായത്തിൽനിന്നും നാഷണൽ സേവിംഗ്സ് സ്കീമിലൂടെ പിരിച്ചെടുക്കാൻ കഴിയുന്ന തുകയുടെ 15% മുതൽ 25% വരെ നമ്മുടെ പഞ്ചായത്തിന് ധനസഹായമായി ഗവൺമെൻറിൽ നിന്നും ലഭിക്കുന്നു. ഈ തുക ഉപയോഗിച്ച് നമ്മുടെ നാടിന്റെ അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്തുവാനും കൂടാതെ റോഡ്, പാലം, ചെറുകിടവ്യവസായങ്ങളും തുടങ്ങിയവ ആരംഭിക്കുവാനും കഴിയുന്നു. ആയതിനാൽ നമ്മുടെ പഞ്ചായത്തിൽ സേവിംഗ്സ് ഉള്ള ആളുകളിൽ നിന്നും അവരുടെ മിച്ചം നാഷണൽ സേവിംഗ്സ് സ്കീമിലൂടെ പിരിച്ചെടുക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയേണ്ടിയിരിക്കുന്നു.

ടൂറിസം

പഞ്ചായത്തിൽ നിലവിലുള്ള ടൂറിസ്റ്റു കേന്ദ്രങ്ങളായ വഴിക്കടവ്, മാർമല പ്രദേശങ്ങളിലെ ടൂറിസം സൗകര്യങ്ങളും വർദ്ധിപ്പിച്ചും ടൂറിസ്റ്റുകളെ ആകർഷിച്ചും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

മനുഷ്യാദ്ധ്വാനം

പണത്തിന്റെ രൂപത്തിലല്ലാതെ എളുപ്പം സമാഹരിക്കാൻ കഴിയുന്ന ഒരു വിഭവമാണ് മനുഷ്യാദ്ധ്വാനം പഞ്ചായത്തിലെ ഏകദേശം 10272 വരുന്ന മനുഷ്യശക്തി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടേണ്ടതാണ്. അവയുടെ വിവേകപൂർണ്ണമായ ഉപയോഗം നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളെ ദ്രുതഗതിയിൽ പൂർത്തീകരിക്കാൻ സാധിക്കും. തീക്കോയി, പള്ളിപ്പാലം, പഞ്ചായത്താഫീസ്, പഞ്ചായത്തുകിണർ, ആയുർവേദ ആശുപത്രി, റോഡുകളും തുടങ്ങിയവയുടെ നിർമ്മാണപ്രവർത്തനങ്ങളിലുണ്ടായ ജനങ്ങളുടെ കൂട്ടായ അദ്ധ്വാന പ്രവർത്തനം പഞ്ചായത്തിന്റെ ഭാവിപ്രവർത്തനങ്ങൾക്ക് മാതൃകയാവേണ്ടതാണ്. പഞ്ചായത്തിന്റെ ഭാവിപ്രവർത്തനങ്ങളിൽ മനുഷ്യാദ്ധ്വാനവും, സംഭാവനയും ഒരു പ്രധാനഘടകമായിത്തന്നെ മാറേണ്ടതുണ്ട്. വരും കാലങ്ങളിൽ പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുമ്പോൾ ധനാഗമ മാർഗങ്ങളുടെ കൂട്ടത്തിൽ മനുഷ്യാദ്ധ്വാനം കണക്കാക്കേണ്ടതും, വികസന പ്രവർത്തനങ്ങൾക്കായി വാർഡുതലത്തിൽ സന്നദ്ധ പ്രവർത്തകരുടെ ഒരു നിരതന്നെ വളർത്തിയെടുക്കുകയും ചെയ്യേണ്ടതാണ്.

അങ്ങനെ തനതു ധനാഗമമാർഗ്ഗങ്ങളിലൂടെ ഉപാധിരഹിത നികുതിയിലൂടെയും മറ്റും സംഭരിക്കാൻ കഴിയുന്ന വിഭവങ്ങൾകൊണ്ട് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കളെ ചെറുകിട, വൻകിട വ്യവസായ സ്ഥാപനങ്ങളും സ്ഥാപിച്ച് ഇവിടെ തന്നെ സംസ്ക്കരിച്ച് ഉൽപ്പന്നങ്ങളാക്കി മാർക്കറ്റിലെത്തിക്കാൻ കഴിയണം. ഇതുമൂലം അത്തരം വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസും, കൂടാതെ അവിടെ ജോലിചെയ്യുന്ന സ്ഥിരവരുമാനക്കാരായ ആളുകളിൽ നിന്നും തൊഴിൽ നികുതിയും പഞ്ചായത്തിന് സ്വരൂപിക്കാൻ കഴിയുന്നു. തീക്കോയി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങളിലെ നിക്ഷേപങ്ങളും പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്. അങ്ങനെ നമ്മുടെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുകയും ജനങ്ങളുടെ അഭിലാഷത്തിനനുസൃതമായതരത്തിൽ നമ്മുടെ വികസനപ്രവർത്തനങ്ങളും നടത്തുവാൻ ഗ്രാമപഞ്ചായത്തിന് കഴിയുകയും ചെയ്യും.

അനുബന്ധം

റോഡുസൈഡിൽ കല്ലുകളും തടികളും കയറ്റിയിറക്കുന്നതിന് പഞ്ചായത്ത് ഒരു നിശ്ചിത തുക ഫീസ് ഈടാക്കണം. പഞ്ചായത്തിൽ ഒരു ടാക്സി സ്റ്റാൻഡു നിർമ്മിച്ച് അതിൽ നിന്നും വരുമാനം ഉണ്ടാക്കാവുന്നതാണ്.

പട്ടിക ചിലവ്

തീക്കോയി ഗ്രാമപഞ്ചായത്ത്

ഇനം	വർഷം 1992_93	ശതമാനം	93_94	ശതമാനം	94_95	ശതമാനം	95_96	ശതമാനം
പ്രസിഡൻറിൻെറയും മറ്റു മെമ്പർമാരുടെയും ശമ്പളം	25600		26200		23600		44604	
യാത്രപ്പടി	12078		11979		12996		11287	
		14%		12%		10%		13.37%
	37678		38179		36596		55891	
സെക്രട്ടറിയുടെ ശമ്പളം	23570		63689		59957		50428	
പെൻഷൻ	1832		1904		2744		2934	
യാത്രപ്പടി	714		1726		1465		2120	
		11%		20%		17%		13 25%
	26116		67319		64166		55482	
ബാക്കി ഉദ്യോഗസ്ഥരുടെ ശമ്പളം	176472		212852		251563		284970	
പെൻഷൻ	13258		13923		12259		16293	
യാത്രപ്പടി	3896		4227		4895		5886	
		75%		68%		73%		73.38%
	193626		231002		268717		307149	
മൊത്തം ഭരണചിലവ്	257420		336500		369479		418521	

പട്ടിക വരവ്

ഇനം	1992—93	93—94	94—95	95—96
കെട്ടിടനികുതി	93677 85	95508 85	98401	107440 80
തൊഴിൽ നികുതി	71728	74286	82322	91685
അൺ എയിഡഡ് ഫണ്ട്	131000	125300	190100	170840
എസ് ഇ പി	35000	40380	49000	49000
ജെ. ആർ. വൈ.	145400	150000	102200	122100
ഗ്രാൻറുകൾ, സംഭാവനകൾ				
വി. ആർ. എം.	17066	16370	16695	17112
വി. ററി. സി.	—	—	23000	145804
ബി. ററി. ജി.	43624	43090	51638	53166
ഡ്യൂട്ടി ഓൺ ട്രാൻസ്ഫർ				
ഓഫ് പ്രോപ്പർട്ടി 75%	60574	130782	48677	26944
25%				100000
എസ്റ്റാബ്ളീഷ്മെൻറ് ഗ്രാൻറ്	113046	95971	126441	122377
ലേലം മണൽ			17820	68531 50
മാർക്കറ്	9750	17071	14945	25800
തടി		2500	2750	18389
മറ്റു ലേലങ്ങൾ	2740			6800
മറ്റു വരവുകൾ	12109 75	16958 15	16823 10	26521 77
ഇന്ദിരവികാസ്പത്ര	22400	180000	102200	122100
ആകെ വരവ്	758115 60	9582216 50	943012 10	1274611 07

V

ടൂറിസം

കോട്ടയം ജില്ലയുടെ കിഴക്കൻമേഖലയിൽ ഇടുക്കിജില്ലയോട് ചേർന്നുകിടക്കുന്ന ഈ പഞ്ചായത്ത് മലനിരകളാൽ ചുറ്റപ്പെട്ടുകിടക്കുന്നു. കോട്ടയംജില്ലയുടെ ജലവാഹിനിയായ മീനച്ചിലാറിന്റെ ആരംഭം ഈ പഞ്ചായത്തിന്റെ കിഴക്കൻ മലനിരകളിലെ വഴിക്കടവു ഭാഗത്തുനിന്നുമാണ് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ഉത്ഭവിച്ച് തീക്കോയിപ്പുഴയിൽ ചെന്നു ചേരുന്ന അനേകം തോടുകളും തീക്കോയിപഞ്ചായത്തിന് ചാരുതയേകുന്നു.

വർഷകാലത്ത് ചാറ്റൽമഴയും ഡിസംബർ ജനുവരി മാസങ്ങളിൽ ചൂളമടിച്ചുവീശുന്ന ശീതക്കാറ്റും, വേനൽക്കാലമാസങ്ങളിലെ കുളിർക്കാറ്റും, പഞ്ചായത്തിലെ വെള്ളികളും മുതൽ കിഴക്കോട്ടുള്ള പ്രദേശത്തെ, സഞ്ചാരികളുടെ പറുദീസയാക്കിമാറ്റുന്നു. വേനൽക്കാലത്തെ മിത ശീതോഷ്ണ കാലാവസ്ഥയും ഇതിനുസഹായകമായ ഘടകമാണ്. എ. ജെ. ജോൺ മുഖ്യമന്ത്രിയായിരുന്നകാലത്ത് നിർമ്മിച്ച ഈരാറ്റുപേട്ട കുട്ടിക്കാനം ഹൈവേയുടെ, വെള്ളികുളം മുതൽ വഴിക്കടവുവരെയുള്ള 6 കിലോമീറ്റർ ദൂരം, കുത്തനെയുള്ള വൻ പാറക്കൂട്ടങ്ങൾ അരിഞ്ഞുമാറ്റി നിർമ്മിച്ചിരിക്കുന്നത് സഞ്ചാരികളുടെ വിസ്മയമാണ്. പാറയരിഞ്ഞ് നിർമ്മിച്ചിരിക്കുന്ന, ഇത്രയും ദൈർഘ്യമുള്ള റോഡ് കേരളത്തിൽത്തന്നെ മറ്റൊരിടത്തും ഉണ്ടെന്നു തോന്നുന്നില്ല, ഒരുവശം അഗാധമായ ഗർത്തങ്ങളും, മറുവശം മേഘങ്ങളെ ഉരുമ്മി നിൽക്കുന്ന വൻ പാറകളും, സഞ്ചാരികളുടെ ഹൃദയത്തിൽ മായാത്ത സ്മരണകളും ഉണർത്തുന്നവയാണ്. നവംബർ ഡിസംബർ മാസങ്ങളിൽ, റോഡിനിരുവശവും, പാറക്കൂട്ടങ്ങൾക്കിടയിലും, കാട്ടുപൊന്തകളിൽ വിടർന്നു വിലസുന്ന, സൂര്യകാന്തിയും , കാട്ടുപൂക്കളും, കാട്ടുഓർക്കിടുകളും, ഈ ദേശത്തിന് അപൂർവ്വഭംഗി പ്രദാനം ചെയ്യുന്നുണ്ട്.

വഴിക്കടവിലെ തേയിലത്തോട്ടങ്ങളും, മൊട്ടക്കുന്നുകളും, ആതുമാവിൽ കുളിർമഴ പെയ്യിക്കുന്നു. കുരിശുമല ആശ്രമത്തിന്റെ പ്രശാന്തതയും, ശീതക്കാറ്റിൽ സംഗീതമാലപിക്കുന്ന ചൂളമരങ്ങളും, കൊടുംവേനലിലും ജലസമൃദ്ധിയുമായി നിലനിൽക്കുന്ന ചെറു ജലസംഭരണികളും നിറഞ്ഞ വഴിക്കടവും, വഴിക്കടവിനോട് ചേർന്നുകിടക്കുന്ന ഇടുക്കി ജില്ലയിലെ വാഗമൺ, പുള്ളിക്കാനം, കോലാഹലമേട് പ്രദേശങ്ങളും, കേരളത്തിന്റെ പ്രകൃതി ലാവണ്യം വിളിച്ചോതുന്ന പ്രദേശങ്ങളാണ്. കോലാഹലമേട്ടിലെ 'അള്ളാപ്പാറ' തീർത്ഥാടന കേന്ദ്രവും, വഴിക്കടവിലെ കുരിശുമലയും നൂറുകണക്കിന് തീർത്ഥാടകർ സന്ദർശനം നടത്തുന്ന കേന്ദ്രങ്ങളാണ്.

കോലാഹലമേട്ടിലെ ഇൻഡോസ്വിസ് പ്രൊജക്ടുപക കന്നുകാലി പരിപാലന കേന്ദ്രവും, കുരിശുമല ആശ്രമത്തിലെ പശുവളർത്തൽ കേന്ദ്രവും, മെച്ചപ്പെട്ടയിനം ജനുസ്സിലുള്ള പശുക്കളെ ശാസ്ത്രീയമായി വളർത്തുന്ന കേന്ദ്രങ്ങളാണ്.

ഒക്ടോബർ മുതൽ മെയ് വരെയുള്ള "സീസണിൽ" മൂവായിരത്തോളം സന്ദർശകർ പ്രതിമാസം ഈ പ്രദേശം സന്ദർശിക്കുന്നുണ്ട്. കോട്ടയംജില്ലയുടെ എല്ലാഭാഗങ്ങളിലുമുള്ള കോളജ് സ്റ്റുഡന്റ്സ് വിദ്യാർത്ഥികളുടെ ഏകദിന വിനോദസഞ്ചാരകേന്ദ്രമായി ഇവിടം മാറിയിട്ടുണ്ടെന്നുപറയാം.

കോട്ടത്താവളംഭാഗത്ത് സർക്കാർ മിച്ചഭൂമിയായി നിലവിലുള്ള 200 ഏക്കറോളം സ്ഥലവും വഴിക്കടവിൽ ലേലത്തിൽ വച്ചിരിക്കുന്ന 55 ഏക്കർ തേയിലത്തോട്ടവും പഞ്ചായത്തിനു വിട്ടുകിട്ടുകയും, അവിടെ ദീർഘവീക്ഷണത്തോടെയുള്ള വികസനപരിപാടികൾ–പാർക്ക്, കുതിരസവാരി മത്സ്യവളർത്തൽ കേന്ദ്രം, മാൻവളർത്തൽ കേന്ദ്രം താമസത്തിനും ഭക്ഷണത്തിനും ചെറുകോട്ടേജുകൾ ഉൾപ്പെടെയുള്ളവ ആവിഷ്കരിച്ചു നടപ്പാക്കുകയും ആവശ്യമായ പ്രചരണം നൽകുകയുംചെയ്താൽ സംസ്ഥാനതലത്തിൽ തന്നെ ശ്രദ്ധേയമായ വിനോദകേന്ദ്രമായി വഴിക്കടവിനെ മാറ്റുവാൻ കഴിയും. പഞ്ചായത്താഭിമുഖ്യത്തിൽ യോഗാ–തിരുമ്മ്, പിഴിച്ചൽ ഉൾപ്പെടെയുള്ള ആയുർവ്വേദ ചികിത്സ ലഭ്യമാക്കുന്ന ഹെൽത്ത്ടൂറിസം വളർത്തുന്നകാര്യവും പരിഗണിക്കാവുന്നതാണ്.

യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തതയും, താമസ–ഭക്ഷണ സൗകര്യങ്ങളില്ലാത്തതുമാണ് ഇന്ന് ഈ പ്രദേശത്തിന്റെ വികസനത്തിന് തടസമായി നിൽക്കുന്നത്. ഈ പ്രദേശത്തിന്റെ വികസനം. നല്ല തൊഴിൽലഭ്യത ഉറപ്പാക്കുമെന്നു മാത്രമല്ല പ്രവേശനനികുതിയുൾപ്പെടെയുള്ള വൻനികുതികളിലൂടെ പഞ്ചായത്തിന് വൻ വരുമാനവും പ്രദാനം ചെയ്യുന്നതാണ്.

കൂടാതെ തലനാട് തീക്കോയി പഞ്ചായത്തുകളുടെ അതിർത്തിയായ മാറുമലയിൽ തീക്കോയി ടൗണിൽ നിന്നും ഏകദേശം 6 കിലോമീറ്റർ അകലെ തീക്കോയിപ്പുഴയിൽ ഉദ്ദേശം 150 അടി ഉയരമുള്ള പാറക്കെട്ടിനു മുകളിൽ നിന്നും, മഞ്ഞുപോലെയുള്ള ചെറുജലകണികകൾ പ്രദേശമാകെ പരത്തി താഴേയ്ക്കു പതിക്കുന്ന വെള്ളച്ചാട്ടവും അതിനു താഴെയുള്ള തെളിനീർ തടാകവും വേനൽക്കാല വിനോദ സഞ്ചാരികളുടെ ആകർഷണകേന്ദ്രമാണ്. ഇവിടെ എത്തിച്ചേരുവാൻ ആവശ്യമായ യാത്രായോഗ്യമായ റോഡുകളുടെ അഭാവമാണ് ഈ വിനോദകേന്ദ്രത്തിന് തടസ്സം നിൽക്കുന്ന ഘടകം. മംഗളഗിരി, മാറുമല റോഡ് ടാർ ചെയ്യുകയും ആവശ്യമായ പ്രചരണം അന്തർദേശീയതലത്തിൽ നൽകുകയും ചെയ്താൽ വൻസാദ്ധ്യതകളുള്ള വിനോദസഞ്ചാര കേന്ദ്രമായി ഇവിടം മാറ്റുവാൻ കഴിയും.

മേലുകാവ് പഞ്ചായത്തിലെ ഇലവീഴാപ്പൂഞ്ചിറ, മൂന്നിലവ് പഞ്ചായത്തിലെ പഴുക്കാക്കാനം, തലനാട് മൂന്നിലവ് പഞ്ചായത്തുകളിലെ ഇല്ലിക്കൽ കല്ല്, അച്ചംപാറ, ഇടുക്കി ജില്ലയിലെ, പുള്ളിക്കാനം, വാഗമൺ, കോലാഹലമേട് പ്രദേശങ്ങളെ ചേർത്ത് ഒരു ടൂറിസം കോംപ്ലക്സ് വികസിപ്പിക്കുന്ന കാര്യവും പരിഗണിക്കേണ്ടുന്നതാണ്. ഈ ടൂറിസ്റ്റുകേന്ദ്രങ്ങളെ തേക്കടിയുമായി ബന്ധിപ്പിക്കുന്ന ഒരു വൻ ടൂറിസവികസന പദ്ധതിയുടെ സാദ്ധ്യതകളും പരിശോധിക്കപ്പെടേണ്ടതാണ്.

അനുബന്ധം- [redacted]

വഴിക്കടവ്, വാഗമൺ പ്രദേശങ്ങൾ ടൂറിസ്റ്റ് മാപ്പിൽ ഉൾപ്പെടുത്തണം.

വഴിക്കടവിൽ ആധുനിക രീതിയിലുള്ള ഹോട്ടൽ, റെസ്റ്റ് ഹൗസ് കോട്ടേജുകൾ ഇവ നിർമ്മിക്കണം.

വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് തേക്കടിയിൽ നിന്നും ഏലപ്പാറ, വാഗമൺ, വഴിക്കടവ്, അരുവിത്തുറ, ഭരണങ്ങാനം വഴി കുമരകം, മലമ്പുഴ, എറണാകുളം പ്രദേശങ്ങളിലേയ്ക്ക് ബസ് സർവ്വീസ് ആരംഭിക്കണം.

K.T.D.C. യുടെ കണക്കേഡ് ടൂർ വഴിക്കടവ്, വാഗമൺ–തേക്കടിയായി വ്യാപിപ്പിക്കുകയും വേണം.

ഉപസംഹാരം

വികസന റിപ്പോർട്ടിനോടൊപ്പം ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനം കൂടി ചേർക്കുന്നത് ഉചിതമായിരിക്കും എന്നു കരുതുന്നു. പഞ്ചായത്തുകളുടെ ഭരണനിർവ്വഹണത്തിൽ കാതലായ മാറ്റം വരുത്തിക്കൊണ്ടാണ് 1994 ലെ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നത്. 30 ശതമാനം വനിതാ പ്രാതിനിത്യം ഉറപ്പാക്കിക്കൊണ്ടാണ് പഞ്ചായത്ത് രാജ് നിയമം ഉണ്ടായത്. വളരെയധികം വനിതകൾ ഇന്ന് വിവിധ തലങ്ങളിലുള്ള പഞ്ചായത്തിന്റെ ഭരണത്തിൽ പങ്കാളികളാവുന്നു.

1995 ഒക്ടോബർ 4 ാം തീയതി പ്രസിഡൻറ്, വൈസ് പ്രസിഡൻറ് എന്നിവരുടെ തെരഞ്ഞെടുപ്പ് നടന്നു. പ്രസിഡൻറായി ശ്രീമതി അമ്മിണി തോമസും, വൈസ് പ്രസിഡൻറായി അഡ്വ. അബ്രാഹം കുരുവിളയും തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്ത് ഭരണ സംവിധാനത്തിൽ ആദ്യമായിട്ടാണ് സ്റ്റാൻറിംഗ് കമ്മറ്റി രൂപീകൃതമായത്. ശ്രീമതി തെയ്യാമ്മ ആഗസ്തിയാണ് സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺ.

1995_96 സാമ്പത്തിക വർഷത്തിന്റെ പകുതിക്ക് വച്ച് ഭരണമേറ്റ പുതിയ ഭരണസമിതിയ്ക്ക് മുൻഭരണസമിതി നടപ്പിലാക്കുന്നതിനു തീരുമാനിച്ചിരുന്ന വികസന പ്രവർത്തനങ്ങൾ മുഴുവൻ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനായി ജെ. ആർ. വൈ. അൺടൈഡ്ഫണ്ട് വി. ആർ. എം. ഗ്രാൻറ് മുതലായ ഇനങ്ങളിലാണ് തുക ലഭിച്ചത്.

അൺടൈഡ്ഫണ്ട് ആയി ലഭിച്ച തുക ഉപയോഗിച്ച് പല വികസന പ്രവർത്തനങ്ങളും നടത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. തീക്കോയി-കല്ലേക്കുളം റോഡ് 400 മീ. നീളത്തിലും,വേലത്തുശേരി-മുപ്പതേക്കർ റോഡ് 200 മീ. നീളത്തിലും ടാറിംഗ് നടത്തുവാൻ കഴിഞ്ഞു. ഇതിനായി ആകെ 337174 രൂപ ചെലവ് വരുകയും ചെയ്തു. ഇതിനുപുറമെ ഒരു വീടുനിർമ്മിക്കുന്നതിന് 12000 രൂപ ചെലവ് ചെയ്യുകയും ചെയ്തു.

ജവഹർ റോസ്ഗാർ യോജനപദ്ധതിയിൽ ലഭിച്ച തുക ഉപയോഗിച്ചും വികസന പ്രവർത്തനം നടത്തുന്നതിനും പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. തീക്കോയി ചേരിപ്പാടു റോഡ് ടാറിംഗ്, 2 വീടുകൾ, 10 കക്കൂസുകൾ എന്നിവ ഈ പദ്ധതിയിൻ കീഴിൽ പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതിനെല്ലാം കൂടി 146200/-രൂപ ചെലവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഗ്രാമീണ റോഡ് മെയിൻറനൻസിനായി ലഭിച്ച തുക ഉപയോഗിച്ച് പഞ്ചായത്ത് റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുവാനും കഴിഞ്ഞു. എന്നാൽ പണത്തിന്റെ അപര്യാപ്തത റോഡുകളുടെ മുഴുവൻ അറ്റകുറ്റപ്പണികളും നടത്തുവാൻ കഴിഞ്ഞിട്ടില്ല. ജനകീയ പങ്കാളിത്തത്തോടു കൂടി വരും വർഷങ്ങളിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്തുവാൻ കഴിയുമെന്നും വിശ്വാസമുണ്ട്,

ഈരാറ്റുപേട്ട വികസന ബ്ലോക്കുവഴി ലക്ഷംവീട് കോളനികളിൽ വീട്, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനും കഴിഞ്ഞു.

കേരളാ വാട്ടർ അതോറിട്ടിയുടെ ചുമതലയിൽ പ്ലാക്കഴി കോളനിയിലും, മലമേൽ കോളനിയിലും കുടിവെള്ളം എത്തിക്കുന്നതിന് പൈപ്പ് ലൈനുകൾ ഇടുന്നതിന് കഴിഞ്ഞിട്ടുണ്ട്. കുടിവെള്ളം ലഭ്യമാക്കുന്നതിന് മറ്റുചില പദ്ധതികളും കൂടി നടപ്പിലാക്കുന്നതിന് ശ്രമിച്ചുവരുകയും ആണ്.

യുവജനങ്ങളുടെ കലാകായിക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചതാണ് കേരളോത്സവം. 95, 96 വർഷങ്ങളിൽ പഞ്ചായത്ത് തലത്തിൽ കേരളോത്സവം നടത്തപ്പെടുകയുണ്ടായി.

വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനായി പ്രത്യേക ഗ്രാൻറായി ലഭിച്ചിരിക്കുന്ന ഒരു ലക്ഷം രൂപ ഉപയോഗിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തിയായി വരുന്നു. പഞ്ചായത്തിന് നികുതി ഇനത്തിൽ ലഭിക്കുവാനുള്ള തുക മുഴുവനായി 30_3_96 നകമായി പിരിച്ചെടുക്കുകയും ചെയ്തു. പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക മുഴുവൻ പിരിച്ചെടുത്തുവെങ്കിലും വികസന പ്രവർത്തനങ്ങൾ ഏറെറടുക്കുന്നതിന് പണത്തിൻെറ ദൗർലഭ്യം വളരെയേറെയാണ്. ഇതിന് പരിഹാരമായി വരും നാളുകളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കി കൂടുതൽ കാര്യക്ഷമതയോടെ വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഭരണസമിതിക്ക് കഴിയുമെന്ന് തീർച്ചയുണ്ട്. ഇതുവഴി ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കാൻ കഴിയുമെന്നും പ്രത്യാശിക്കുന്നു.

പ്രസിഡൻറ്
അമ്മിണി തോമസ്

വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

K.T ജോസഫ് കുന്നത്ത് (ജനറൽ കൺവീനർ)

K.J. മാത്യു (റിസോഴ്സ് പേഴ്സൺ)

Adv. ജോർജ്കുട്ടി (,,)

ജോയ്സി (,,)

കൃഷി ജലസേചനം

1 ശ്രീ വർഗീസ് സാമുവൽ
2 ശ്രീ ജോർജ് അഗസ്റ്റിൻ
3 ശ്രീ മാത്യു ജോസഫ്
4 ശ്രീ എ.ഐ. ജോസഫ്
5 ശ്രീ T.M. ജോസഫ്
6 ശ്രീ സണ്ണി എബ്രാഹം
7 ശ്രീ എം. ഐ. ഇട്ടിയവിര

മൃഗസംരക്ഷണം. മത്സ്യോൽപ്പാദനം

1 Dr: സണ്ണി
2 ജോയി മുണ്ടനാട്ട്
3 K.V. വർക്കി
4 O.J. ദേവസ്യ
5 K.V. സെബാസ്റ്റ്യൻ
6 മേരി ദേവസ്യ

വിദ്യാഭ്യാസം

1 P.J. മാത്യു
2 A.K. തോമസ്
3 M.D. ജോർജ്
4 ആലീസ് ഇമ്മാനുവൽ
5 തെയ്യാമ്മ അഗസ്തി

കുടിവെള്ളവും പൊതുജനാരോഗ്യവും

1 M.T. ജോസഫ്
2 ആനിമ്മ മാണി
3 N.A. കുട്ടിച്ചൻ
4 K.K. മോഹൻ
5 V.J. തോമസ്

വ്യവസായം

1 ജോയി പ്ലാക്കൂട്ടത്തിൽ
2 ബേബി ഇടയാടിയിൽ
3 P.S. ആൻറണി
4 T.D. രഘുനാഥൻ

ഗതാഗതം ഊർജ്ജം

1 P.T. ദേവസ്യ
2 K.G. രവീന്ദ്രൻ
3 M.M. മാത്യു
4 E.C. വർക്കി
5 K.T. ജോസഫ്

പാർപ്പിടവും സാമൂഹ്യക്ഷേമവും

1 ജോയി മടിയ്ക്കാങ്കൽ
2 P.J. സെബാസ്റ്റ്യൻ
3 ബേബിച്ചൻ മൂലയിൽ
4 ബീനാ ജോൺ
5 സണ്ണി എബ്രാഹം

സംസ്കാരം

1 ചാണ്ടി K.M.
2 ജോസഫ് ജോസഫ്
3 കരുണാകരൻ ഉണ്ണി
4 അമ്മിണി തോമസ്

വനിത

1 എൽസി മാണി
2 മേരിക്കുട്ടി മാത്യു
3 മിനി V.R.
4 രാജി
5 T.D. രഘുനാഥൻ

സഹകരണം

1 M.D. അബ്രാഹം
2 M.K. അയ്യപ്പൻ
3 N.V. ജോസഫ്
4 K.T. ജോസഫ്

പട്ടികജാതി പട്ടികവർഗ ക്ഷേമം

1 ബാലചന്ദ്രൻ K.S.
2 സോമൻ മുതിരക്കാലായിൽ
3 ഗോപാലൻ C.G.
4 രാജിവ് വെള്ളായിക്കാട്ട്
5 K.K. മോഹനൻ

വിദ്യാഭ്യാസ സമാഹരണം

1 ജോയി ജോസഫ്
2 പി.റ്റി. തോമസ്
3 K.C. പയസ്
4 അമ്മിണി തോമസ്

ആമുഖവും ചരിത്രവും

1 K.J. മാത്യു
2 V.M. സേവ്യർ
3 A.T. കുര്യാക്കോസ്

COMING UP...

KERALA'S FIRST RUBBER PARTS MANUFACTURING UNIT WITH COMPLETE INFRASTRUCTURE FACILITIES AND AUTOMATION.

NEO-CLASSIC RUBBER PROFILES PRIVATE LIMITED, TEEKOY

PROJECTED TO BECOME KERALA'S PREMIER COMPANY IN AUTOMOBILE, INDUSTRIAL AND CONSUMER RUBBER PRODUCTS.

OFFICE:

Marymatha Shopping Complex
Pallinada, Palarivattom, Cochin
Tel: 0484-780151

FACTORY:

TP VI/70 B TEEKOY
Kottayam Dist. Pin-686 580
Tel: 0482-281199, Resi: 281079